# 14-ാം കേരള നിയമസഭാ തെരഞ്ഞെടുപ്പ്
# 2016 മെയ് 16

## ഇടതുപക്ഷ ജനാധിപത്യമുന്നണി

## തെരഞ്ഞെടുപ്പ് പ്രകടനപത്രിക

# ഉള്ളടക്കം


I. ആമുഖം 3
II. 35 ഇന പരിപാടി 7
III. കൃഷി 11
തോട്ടവിള 14
മൃഗപരിപാലനം 15
മത്സ്യമേഖല 16
പരിസ്ഥിതി 18
പരമ്പരാഗത വ്യവസായങ്ങൾ 20
ആധുനിക വ്യവസായങ്ങൾ 23
നിർമ്മാണമേഖല 25
വാണിജ്യമേഖല 25
പൊതുമേഖലാ വ്യവസായം 26
വിവര വിനിമയ സാങ്കേതികവിദ്യാ വ്യവസായങ്ങൾ 27
ജൈവ സാങ്കേതിക വ്യവസായം 29
നാനോ സാങ്കേതികവിദ്യ 30
ടൂറിസം 30
വൻകിട നഗരവികസനം 32
മലബാറിന്റെ വികസനം 32
വൈദ്യുതി 33
ഗതാഗതം 34
ജലസേചനം 35
കുടിവെള്ളം 37
മാലിന്യനിർമ്മാർജ്ജനം 37
ആരോഗ്യം 38
പൊതുവിദ്യാഭ്യാസം 42
ഉന്നതവിദ്യാഭ്യാസം 45
സാമൂഹ്യസുരക്ഷ 47
ശിശുസംരക്ഷണം 48
പാർപ്പിടം 48
പൊതുവിതരണം 49
ഇതരസംസ്ഥാന തൊഴിലാളികൾ 50
വയോജനങ്ങൾ 50
ട്രാൻസ്ജെൻഡർ വിഭാഗം 50
ഭിന്നശേഷിക്കാർ 50
പട്ടികജാതിക്ഷേമം 51
പട്ടികവർഗ്ഗക്ഷേമം 52
ദളിത് ക്രൈസ്തവർ 54
പിന്നോക്ക സമുദായ ക്ഷേമം 54
ന്യൂനപക്ഷക്ഷേമം 55
മുന്നോക്ക വികസന കോർപ്പറേഷൻ 55
സ്ത്രീപദവിയും വികസനവും 55
കുടുംബശ്രീ 56
സഹകരണമേഖല 57
യുവജനക്ഷേമം 58
ജനാധിപത്യ അധികാര വികേന്ദ്രീകരണം 58
പ്രവാസി ക്ഷേമം 59
കല, സംസ്കാരം, മാദ്ധ്യമം 61
മലയാളവും ഭാഷാ സാങ്കേതികവിദ്യയും 63
കായികരംഗം 64
അഴിമതി വിമുക്ത കേരളം 65
ക്രമസമാധാനപാലനവും പോലീസും 66
മദ്യനയം 67
ധനകാര്യം 67
തൊഴിൽ നയം 70
സംവരണ നയം 70
ഭരണപരിഷ്കാരം 70
ഉപസംഹാരം 72

# വേണം നമുക്കൊരു പുതു കേരളം
# മതനിരപേക്ഷ, അഴിമതിരഹിത, വികസിത കേരളം
# I

**ആമുഖം**

വേണം നമുക്കൊരു പുതുകേരളം. അഭ്യസ്തവിദ്യരായ യുവ തലമുറയുടെ പ്രതീക്ഷകൾക്ക് അനുസരിച്ചുള്ള തൊഴിലവസരങ്ങൾ ഉറപ്പ് നൽകുന്ന സംസ്ഥാനമാവണം കേരളം. അതിനായി പുതിയ വ്യവസായങ്ങളും ആധുനിക കൃഷിയും അതിവേഗത്തിൽ വളരണം. പക്ഷെ അതോടൊപ്പം ഇന്ന് നമ്മുടെ പരമ്പരാഗത മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് സമ്പൂർണ്ണ-സാമൂഹ്യ-സുരക്ഷിതത്വം ഉറപ്പുവരുത്തണം. കേരളത്തിലെ മതനിരപേക്ഷ, ജനാധിപത്യ പൗര ബോധത്തിന്റെ അടിത്തറയായ പൊതുവിദ്യാഭ്യാസാദി പൊതുസംവിധാനങ്ങൾ സംരക്ഷിക്കുകയും ഗുണനിലവാരം ഉയർത്തുകയും വേണം. അഴിമതിയും കെടുകാര്യസ്ഥതയും ഇല്ലാതാകണം. മത നിരപേക്ഷ കേരളം, അഴിമതിരഹിത കേരളം, വികസിത കേരളം ഇവയാണ് നമ്മുടെ മുദ്രാവാക്യ ങ്ങൾ.

ഈ മുദ്രാവാക്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് ഇന്ത്യയിൽ നടപ്പാക്കി കൊണ്ടിരിക്കുന്ന സാമ്പ ത്തിക നയങ്ങൾ തടസമാണ്. ഇവ ഫെഡറൽ സംവിധാനത്തിനുള്ളിൽ നമുക്കുണ്ടായിരുന്ന പരിമി തമായ സ്വാതന്ത്ര്യങ്ങൾ പോലും വെട്ടിക്കുറക്കുന്നു. എല്ലാറ്റിലും ഉപരി അഴിമതിയിൽ കുളിച്ച യു. ഡി.എഫ് സർക്കാർ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയേയും വികസന പ്രക്രിയേയും തകർത്തിരിക്കുകയാണ്. 14-ാം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുപ്പ് നടക്കുമ്പോൾ മേൽ സൂചി പ്പിച്ച പ്രതിബന്ധങ്ങളെ നീക്കം ചെയ്യേണ്ടതിന്റെ പ്രാധാന്യം മനസിലാക്കി കൊണ്ട് വോട്ടവകാശം വിനിയോഗിക്കേണ്ടതുണ്ട്.

രാജ്യത്ത് നിലനിൽക്കുന്ന മതനിരപേക്ഷതയുടെ കാഴ്ചപ്പാടുകളെ അക്രമോത്സുകമായ വർഗീയ നിലപാടുകൾ മുന്നോട്ടുവച്ചുകൊണ്ട് കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി സർക്കാർ തകർക്കുന്ന സ്ഥിതിയാണുള്ളത്. രാജ്യത്തിന്റെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെയെല്ലാം തങ്ങളുടെ കൈപ്പി ടിയിലൊതുക്കാനുള്ള ബോധപൂർവ്വമായ പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. എല്ലാ മേഖ ലയേയും കാവിവൽക്കരിക്കുന്നതിനുള്ള നീക്കങ്ങൾ സജീവമായിരിക്കുകയാണ്.

കോർപ്പറേറ്റ് കമ്പനികൾക്ക് സഹായകരമായ നിലയിൽ ആഗോളവൽക്കരണ നയങ്ങൾ നട പ്പാക്കുന്നു. ഇതിന്റെ കെടുതി അനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങൾ വമ്പിച്ച പ്രക്ഷോഭത്തിലേക്ക് വന്നുകഴിഞ്ഞിട്ടുണ്ട്. അഖിലേന്ത്യാതലത്തിൽ നടന്ന ട്രേഡ് യൂണിയൻ പണിമുടക്ക്, മോട്ടോർ മേഖ ലയിലെ പണിമുടക്ക്, കടലോരമേഖലയിലെ ബന്ദ്, കോർപ്പറേറ്റുകൾക്കായി ഭൂമി ഏറ്റെടുക്കുന്നതി നെതിരായി രാജ്യവ്യാപകമായി നടന്ന ചെറുത്തുനിൽപ്പുകൾ, വനാവകാശം സംരക്ഷിക്കാൻ ആദി വാസികൾ നടത്തിയ പോരാട്ടങ്ങൾ തുടങ്ങിയവയെല്ലാം കേന്ദ്രസർക്കാരിന്റെ നയങ്ങൾക്കെതിരാ യുള്ള ചെറുത്തുനിൽപ്പുകളാണ്.

ബി.ജെ.പി സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾ തന്നെയാണ് ഇക്കഴിഞ്ഞ കേന്ദ്ര ബഡ്ജ റ്റിലും പ്രതിഫലിച്ചിട്ടുള്ളത്. കണക്കുകളിൽ മറിമായം സൃഷ്ടിച്ചുകൊണ്ട് ഇത് മറച്ചുവയ്ക്കാനുള്ള ശ്രമങ്ങളാണ് നടത്തിയത്. മുൻകാലത്ത് ധനവകുപ്പിൽ വകയിരുത്തിയിരുന്ന ചെലവുകൾ കൃഷി

# വേണം നമുക്കൊരു പുതു കേരളം
# മതനിരപേക്ഷ, അഴിമതിരഹിത, വികസിത കേരളം
# I

**ആമുഖം**

വേണം നമുക്കൊരു പുതുകേരളം. അഭ്യസ്തവിദ്യരായ യുവ തലമുറയുടെ പ്രതീക്ഷകൾക്ക് അനുസരിച്ചുള്ള തൊഴിലവസരങ്ങൾ ഉറപ്പ് നൽകുന്ന സംസ്ഥാനമാവണം കേരളം. അതിനായി പുതിയ വ്യവസായങ്ങളും ആധുനിക കൃഷിയും അതിവേഗത്തിൽ വളരണം. പക്ഷെ അതോടൊപ്പം ഇന്ന് നമ്മുടെ പരമ്പരാഗത മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് സമ്പൂർണ്ണ– സാമൂഹ്യ–സുരക്ഷിതത്വം ഉറപ്പുവരുത്തണം. കേരളത്തിലെ മതനിരപേക്ഷ, ജനാധിപത്യ പൗരബോധത്തിന്റെ അടിത്തറയായ പൊതുവിദ്യാഭ്യാസാദി പൊതുസംവിധാനങ്ങൾ സംരക്ഷിക്കുകയും ഗുണനിലവാരം ഉയർത്തുകയും വേണം. അഴിമതിയും കെടുകാര്യസ്ഥതയും ഇല്ലാതാകണം. മതനിരപേക്ഷ കേരളം, അഴിമതിരഹിത കേരളം, വികസിത കേരളം ഇവയാണ് നമ്മുടെ മുദ്രാവാക്യങ്ങൾ.

ഈ മുദ്രാവാക്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് ഇന്ത്യയിൽ നടപ്പാക്കി കൊണ്ടിരിക്കുന്ന സാമ്പത്തിക നയങ്ങൾ തടസമാണ്. ഇവ ഫെഡറൽ സംവിധാനത്തിനുള്ളിൽ നമുക്കുണ്ടായിരുന്ന പരിമിതമായ സ്വാതന്ത്ര്യങ്ങൾ പോലും വെട്ടിക്കുറക്കുന്നു. എല്ലാറ്റിലും ഉപരി അഴിമതിയിൽ കുളിച്ച യു.ഡി.എഫ് സർക്കാർ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയേയും വികസന പ്രക്രിയേയും തകർത്തിരിക്കുകയാണ്. 14–ാം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുപ്പ് നടക്കുമ്പോൾ മേൽ സൂചിപ്പിച്ച പ്രതിബന്ധങ്ങളെ നീക്കം ചെയ്യേണ്ടതിന്റെ പ്രാധാന്യം മനസിലാക്കി കൊണ്ട് വോട്ടവകാശം വിനിയോഗിക്കേണ്ടതുണ്ട്.

രാജ്യത്ത് നിലനിൽക്കുന്ന മതനിരപേക്ഷതയുടെ കാഴ്ചപ്പാടുകളെ അക്രമോത്സുകമായ വർഗീയ നിലപാടുകൾ മുന്നോട്ടുവച്ചുകൊണ്ട് കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി സർക്കാർ തകർക്കുന്ന സ്ഥിതിയാണുള്ളത്. രാജ്യത്തിന്റെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെയെല്ലാം തങ്ങളുടെ കൈപ്പിടിയിലൊതുക്കാനുള്ള ബോധപൂർവ്വമായ പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. എല്ലാ മേഖലയേയും കാവിവൽക്കരിക്കുന്നതിനുള്ള നീക്കങ്ങൾ സജീവമായിരിക്കുകയാണ്.

കോർപ്പറേറ്റ് കമ്പനികൾക്ക് സഹായകരമായ നിലയിൽ ആഗോളവൽക്കരണ നയങ്ങൾ നടപ്പാക്കുന്നു. ഇതിന്റെ കെടുതി അനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങൾ വമ്പിച്ച പ്രക്ഷോഭത്തിലേക്ക് വന്നുകഴിഞ്ഞിട്ടുണ്ട്. അഖിലേന്ത്യാതലത്തിൽ നടന്ന ട്രേഡ് യൂണിയൻ പണിമുടക്ക്, മോട്ടോർ മേഖലയിലെ പണിമുടക്ക്, കടലോരമേഖലയിലെ ബന്ദ്, കോർപ്പറേറ്റുകൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനെതിരായി രാജ്യവ്യാപകമായി നടന്ന ചെറുത്തുനിൽപ്പുകൾ, വനാവകാശം സംരക്ഷിക്കാൻ ആദിവാസികൾ നടത്തിയ പോരാട്ടങ്ങൾ തുടങ്ങിയവയെല്ലാം കേന്ദ്രസർക്കാരിന്റെ നയങ്ങൾക്കെതിരായുള്ള ചെറുത്തുനിൽപ്പുകളാണ്.

ബി.ജെ.പി സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾ തന്നെയാണ് ഇക്കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിലും പ്രതിഫലിച്ചിട്ടുള്ളത്. കണക്കുകളിൽ മറിമായം സൃഷ്ടിച്ചുകൊണ്ട് ഇത് മറച്ചുവയ്ക്കാനുള്ള ശ്രമങ്ങളാണ് നടത്തിയത്. മുൻകാലത്ത് ധനവകുപ്പിൽ വകയിരുത്തിയിരുന്ന ചെലവുകൾ കൃഷി വകുപ്പിന്റെ അക്കൗണ്ടിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് കാർഷികമേഖലയ്ക്ക് ഊന്നിനിൽക്കുന്ന ബഡ്ജറ്റ് എന്ന പ്രചാരവേല സംഘടിപ്പിച്ചത്. തൊഴിലുറപ്പുപദ്ധതിക്കായി 65,000 കോടി രൂപയോളം ആവശ്യമാണെന്നിരിക്കെ 38,500 കോടി രൂപ മാത്രമാണ് നീക്കിവച്ചിട്ടുള്ളത്. പൊതുനിക്ഷേപത്തിലും വലിയ കുറവ് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കുന്നതിലൂടെ 56,500 കോടി രൂപ നേടിയെടുക്കാനാണ് ബഡ്ജറ്റിലെ നിർദ്ദേശം. വൻകിടക്കാർക്ക് 5 ലക്ഷം കോടി രൂപയുടെ നികുതി ഇളവ് നൽകിയ സർക്കാർ സാധാരണക്കാർക്കു മുകളിൽ 20,670 കോടി രൂപയുടെ ഭാരം കയറ്റിവയ്ക്കുകയാണ് ചെയ്തത്. ആരോഗ്യ–വിദ്യാഭ്യാസ മേഖലയ്ക്ക് ആവശ്യമായ പണം പോലും നീക്കിവയ്ക്കാൻ തയ്യാറായില്ല. ഇത്തരത്തിൽ, കോർപ്പറേറ്റുകൾക്കായുള്ള ബഡ്ജറ്റിനെ ജനപക്ഷ ബഡ്ജറ്റ് എന്ന മുഖംമൂടി ഇട്ട് അവതരിപ്പിക്കാനാണ് ശ്രമിച്ചത്.

കേരളത്തിന്റെ പ്രശ്നങ്ങളോട് പുറംതിരിഞ്ഞുനിൽക്കുന്ന സമീപനം തന്നെയാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട നാണ്യവിളയായ റബ്ബറിന്റെ വിലയിടിവ് തടയുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചില്ല. റബ്ബർ ബോർഡിന് 29 കോടി രൂപയുടെയും കോഫി ബോർഡിന് 15 കോടി രൂപയുടെയും സ്പൈസസ് ബോർഡിന് 25 കോടി രൂപയുടെയും കുറവാണ് ബഡ്ജറ്റിൽ വരുത്തിയത്. റെയിൽവേ ബഡ്ജറ്റിലും സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ പരിഗണിക്കുന്നതിന് തയ്യാറായില്ല. പാലക്കാട് കോച്ച് ഫാക്ടറി, ആലപ്പുഴയിലെ വാഗൺ ഫാക്ടറി, റെയിൽവേ മെഡിക്കൽ കോളേജ് തുടങ്ങിയ നേരത്തെ നൽകിയ വാഗ്ദാനങ്ങൾ പോലും നടപ്പിലാക്കിയില്ല. ആരോഗ്യമേഖലയിൽ എയിംസ് പോലുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും കേന്ദ്രസർക്കാർ തയ്യാറായില്ല.

ജനാധിപത്യപരമായ എല്ലാവിധ അവകാശങ്ങളെ കവർന്നെടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ആസൂത്രണക്കമ്മീഷനെപ്പോലും പിരിച്ചുവിട്ടത് ഇതിന്റെ ഭാഗമാണ്. വ്യാപം അഴിമതി ഉൾപ്പെടെയുള്ള നിര

വധി അഴിമതികളും ഈ കാലഘട്ടത്തിൽ ഉയർന്നുവരികയുണ്ടായി. തങ്ങൾ അധികാരത്തിലെത്തിയാൽ വിദേശത്തുള്ള കള്ളപ്പണം രാജ്യത്തേക്ക് കൊണ്ടുവരുമെന്നുള്ള ബി.ജെ.പിയുടെ വാഗ്ദാനം നടപ്പിലാക്കിയില്ലെന്നു മാത്രമല്ല, അത് വെളുപ്പിക്കുന്നതിനുള്ള സംവിധാനമൊരുക്കുകയാണ് കേന്ദ്രസർക്കാർ ചെയ്തത്.

അഖിലേന്ത്യാതലത്തിൽ ബി.ജെ.പി നടത്തുന്ന ഇത്തരം നയങ്ങൾക്കെതിരായി ശക്തമായ നിലപാട് സ്വീകരിക്കാൻ കോൺഗ്രസ്സിന് കഴിയുന്നില്ല. മാട്ടിറച്ചിയുടെ വിഷയത്തിൽ പോലും വ്യക്തമായ നിലപാടില്ലാതെ ഇരുട്ടിൽ തപ്പുക യാണ് കോൺഗ്രസ്. കോൺഗ്രസ് നടപ്പിലാക്കിയ അതേ സാമ്പത്തിക നയങ്ങളാണ് ഇപ്പോൾ ബി.ജെ.പിയും തുടരുന്ന ത്. അതുകൊണ്ടുതന്നെ, ബി.ജെ.പിയുടെ ജനദ്രോഹ നയങ്ങൾക്കെതിരായി നിലപാട് സ്വീകരിക്കാൻ കഴിയുന്നില്ല. യു. പി.എ സർക്കാരിന്റെ കാലത്ത് ഒപ്പുവച്ച ആസിയാൻ കരാറാണ് നാണ്യവിളകളുടെ വിലത്തകർച്ചയ്ക്ക് കാരണമായി ത്തീർന്നത്. ബി.ജെ.പി മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയവും സംഘടനാപരവും പ്രത്യയശാസ്ത്രപരവുമായ സമീപന ങ്ങൾക്ക് കോൺഗ്രസ്സിന് ബദലില്ല. മാത്രമല്ല, പലപ്പോഴും ബി.ജെ.പിയുടെ നയസമീപനത്തെ പിൻപറ്റുന്ന സമീപനമാണ് കോൺഗ്രസ് സ്വീകരിക്കുന്നത്.

ബി.ജെ.പിയുടെയും കോൺഗ്രസ്സിന്റെയും ജനവിരുദ്ധ സാമ്പത്തിക നയങ്ങൾക്കെതിരായി ബദൽ സമീപനമുള്ളത് ഇടതുപക്ഷ ജനാധിപത്യ ശക്തികൾക്കാണ്. ബി.ജെ.പി മുന്നോട്ടുവയ്ക്കുന്ന വർഗീയ അജണ്ടയെ ശക്തമായി പ്രതിരോധി ക്കുന്നതും ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. അതുകൊണ്ടുതന്നെ, രാജ്യത്തിന്റെ മതേതരത്വവും ഫെഡറലി സവും ഉൾപ്പെടെയുള്ള അടിസ്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ് മുന്നിട്ട് പ്രവർത്തിക്കുന്നത്.

## വികസനരംഗത്ത് കിതപ്പ്; അഴിമതിയിൽ കുതിപ്പ്

കേരളം വമ്പിച്ച സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു എന്ന യാഥാർത്ഥ്യത്തിലേക്കാണ് 2016–17 ലെ ബഡ്ജറ്റ് രേഖകൾ ഉൾപ്പെടെ വിരൽ ചൂണ്ടുന്നത്. ആസിയാൻ കരാർ നടപ്പിലാക്കപ്പെട്ടതോടെ കേരളത്തിന്റെ നാണ്യവിളകൾ വമ്പിച്ച പ്രതിസന്ധിയെ നേരിടുകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ താങ്ങിനിർത്തുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന ഗൾഫ് വരുമാനത്തിൽ വലിയ ഇടിവ് വരാൻ പോവുകയാണ്. ഇത്തരമൊരു അവസ്ഥ നമ്മുടെ വാർഷിക സാമ്പത്തിക വളർച്ചയെ 3–4 ശതമാനമായി ഇടിക്കാമെന്നാണ് എക്കണോമിക് റവ്യൂ തന്നെ വ്യക്തമാക്കുന്നത്. ഇത്തര മൊരു സ്ഥിതിവിശേഷം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് നാടിനെ എത്തിക്കും. ഇത് മനസ്സിലാക്കി ദീർഘവീ ക്ഷണത്തോടെ ഇടപെടുക എന്ന സമീപനമല്ല യു.ഡി.എഫ് സർക്കാർ സ്വീകരിക്കുന്നത്. ഈ സ്ഥിതിവിശേഷം മറികട ക്കുന്നതിനുള്ള പരിപാടിയാണ് എൽ.ഡി.എഫ് മുന്നോട്ടുവയ്ക്കുന്നത്.

യു.ഡി.എഫ് സർക്കാർ വികസന നേട്ടങ്ങളെക്കുറിച്ച് കൊട്ടിഘോഷിക്കുന്നുണ്ടെങ്കിലും കേരളത്തിന്റെ സമ്പദ്ഘ ടന അതീവ ഗുരുതരാവസ്ഥയിൽ എത്തിക്കുകയാണ് യു.ഡി.എഫ് ചെയ്തിട്ടുള്ളത് എന്ന് അവരുടെ തന്നെ കണക്കു കൾ വ്യക്തമാക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് 7.6 ശതമാനം നിരക്കിലാണ് സമ്പദ്ഘടന വളർന്നതെങ്കിൽ 6.1 ശതമാനം എന്ന നിലയിലാണ് ഇപ്പോഴത്തെ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് വളർന്നിട്ടുള്ളത്. എൺപതുകളുടെ അവസാനം മുതൽ കേരളത്തിലെ സാമ്പത്തിക വളർച്ച ദേശീയ ശരാശരിയെക്കാൾ മികച്ചതായി രുന്നു. എന്നാൽ, ഇപ്പോൾ ദേശീയ ശരാശരിയേക്കാൾ താഴെയാണ് കേരളത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക്.

ഉൽപ്പാദനമേഖലകളിലെ ദുർബലാവസ്ഥ പരിഹരിക്കുക എന്നതാണ് കേരള വികസനത്തെ മുന്നോട്ടുകൊണ്ടു പോകുന്നതിന് അനിവാര്യമായിട്ടുള്ളത്. എന്നാൽ, ഈ മേഖലകൾ തകർന്നുകൊണ്ടിരിക്കുന്നു എന്നതാണ് വസ്തുത. കഴിഞ്ഞ സാമ്പത്തിക വർഷം കാർഷിക വളർച്ച –4.67 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. വ്യവസായമേഖലയും തകർച്ചയിലാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലേക്ക് മുതലക്കൂപ്പ് നടത്തിയിരിക്കുകയാണ്. പുതിയ വൻകിട വ്യവസായങ്ങളൊന്നും വരുന്നില്ല. കെട്ടിട നിർമ്മാണ മേഖലയുടെ വളർച്ചയും മന്ദീഭവിച്ചിരിക്കുന്നു. ഗൾഫ് മേഖല യിലെ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സേവനമേഖലയുടെ വളർച്ചയും മുരടിപ്പിനെ അഭിമുഖീകരിച്ചുതുടങ്ങിയി രിക്കുന്നു.

ഈ ഗുരുതരമായ സാഹചര്യത്തെ മറികടക്കുന്നതിന് ഉതകുന്ന വിധമുള്ള എന്തെങ്കിലും പദ്ധതികൾ യു.ഡി. എഫ് സർക്കാരിനില്ല. 28,000 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുമെന്നാണ് പ്രഖ്യാപനം. എന്നാൽ, അതിന്റെ പകുതി പോലും എത്തില്ല എന്നതാണ് യാഥാർത്ഥ്യം. ഇത് ഇക്കൊല്ലത്തെ മാത്രം പ്രത്യേകതയല്ല. കഴിഞ്ഞ വർഷം പദ്ധതി അടങ്കൽ 22,762 കോടി രൂപയായിരുന്നു. സി.എ.ജിയുടെ കണക്ക് പ്രകാരം 61 ശതമാനം മാത്രമേ ചെലവഴിക്കപ്പെട്ടിട്ടു ള്ളൂ. കഴിഞ്ഞ വർഷം ചെലവാക്കാതെ ലാപ്സാക്കിയത് ഏതാണ്ട് 10,000 കോടി രൂപ. നടപ്പുവർഷത്തിൽ ചെലവാക്കാതെ പാഴാക്കാൻ പോകുന്നത് 14,000 കോടി രൂപയാണ്. ഇത് കാണിക്കുന്നത് എന്താണ്? കഴിഞ്ഞ രണ്ടു വർഷം മാത്രമെടു ത്താൽ ഏതാണ്ട് 26,000 കോടി രൂപയുടെ പദ്ധതികളാണ് പണമില്ലാത്തതുകൊണ്ട് നടപ്പാക്കാൻ കഴിയാതെ പോയത്.

### ക്ഷേമ കേരളം

കേരളത്തിന്റെ സാമൂഹ്യക്ഷേമ വികസനത്തിന് അടിസ്ഥാനമായി നിൽക്കുന്ന എല്ലാ ഘടകങ്ങളേയും സംഭാവന ചെയ്തത് ഇടതുപക്ഷമാണ്. ഇടതുപക്ഷത്തിന്റെ ഇടപെടലിന്റെ ഭാഗമായിട്ടാണ് ഭൂപരിഷ്കരണം, മെച്ചപ്പെട്ട കൂലി, വിദ്യാഭ്യാസ ആരോഗ്യ സൗകര്യങ്ങൾ, റേഷൻ, ക്ഷേമ സൗകര്യങ്ങൾ, അധികാരവികേന്ദ്രീകരണം എന്നു തുടങ്ങിയവയെല്ലാം ഉണ്ടായിട്ടുള്ളത്. മാത്രമല്ല, ജനാധിപത്യബോധം വികസിപ്പിക്കുന്നതിലും മതസൗഹാർദ്ദം ഊട്ടിയു

റപ്പിക്കുന്നതിലും ഇടതുപക്ഷ പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്.

എന്നാൽ, അടിസ്ഥാന മേഖലകളിൽ വികാസം ഉണ്ടാക്കുന്നതിൽ ഇനിയും നാം ഏറെ മുന്നോട്ടുപോകേണ്ടതുണ്ട്. ഉൽപാദനമേഖലകളുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിലും വിദ്യാസമ്പന്നരായ പുതിയ തലമുറയ്ക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും അനുയോജ്യമായ പുതിയ വ്യവസായത്തുറകളിലേക്ക് നമുക്കു തിരിയേണ്ടതുണ്ട്. ഐടി പോലുള്ള വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ, ടൂറിസം പോലുള്ള സേവന പ്രധാനമായ വ്യവസായങ്ങൾ, ലൈറ്റ് എഞ്ചിനീയറിംഗ് പോലെ വൈദഗ്ധ്യം ആവശ്യമായ വ്യവസായങ്ങൾ, കേരളത്തിൽ ലഭ്യമായ വിഭവങ്ങളുടെ മൂല്യവർദ്ധിത വ്യവസായങ്ങൾ തുടങ്ങിയവയാണ് നാം ഊന്നേണ്ടുന്ന പുതിയ വളർച്ചാമേഖലകൾ. ഇത്തരമൊരു കാഴ്ചപ്പാടോടെ ഇടപെടുന്നതിന് നമുക്ക് കഴിയേണ്ടതുണ്ട്.

ഇന്ത്യയിലെ ആദ്യത്തെ ഐ.ടി പാർക്ക് കേരളത്തിലാണ് തുടങ്ങിയത് എങ്കിലും സോഫ്ട്‌വെയർ കയറ്റുമതിയിൽ നമ്മുടെ പങ്ക് തുലോം തുച്ഛമാണ്. ആദ്യത്തെ ഇലക്ട്രോണിക് സംരംഭങ്ങളിലൊന്നാണ് കെൽട്രോൺ. പക്ഷെ, ഇലക്ട്രോണിക് വ്യവസായത്തിൽ നാം ഇന്നും പുറകിലാണ്. രാജ്യത്താകെ കഴിഞ്ഞ പതിനഞ്ചു വർഷക്കാലത്തിനിടയിൽ 26,500 കോടി രൂപയുടെ വിദേശ നിക്ഷേപം വന്നപ്പോൾ കേരളത്തിന്റെ വിഹിതം 102 കോടി മാത്രമാണ്. നമ്മുടെ വിദേശ കയറ്റുമതി വരുമാനവും മുരടിച്ചു നിൽക്കുകയാണ്.

പുതിയ വ്യവസായമേഖലകളിലേയ്ക്ക് സ്വകാര്യനിക്ഷേപകരെ ആകർഷിക്കാനാവുന്നില്ല. അതിനു മുഖ്യകാരണം, റോഡുകളും പാർക്കുകളും പോലുള്ള ഭൗതികപശ്ചാത്തല സൗകര്യങ്ങളുടെ അഭാവമാണ്. ഉന്നത വിദ്യാഭ്യാസം പോലുള്ള സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങളും അപര്യാപ്തമാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടേ മുന്നോട്ടുപോകാൻ നമുക്ക് കഴിയൂ.

കേരളത്തിന്റെ വികസനത്തെ സംബന്ധിച്ച് ശരിയായ നിലയിൽ കാണുന്നതിനു പകരം, നാട്ടിലെല്ലായിടത്തും തറക്കല്ല് നാട്ടി വൻ പദ്ധതികൾ ഉണ്ടാക്കുന്നു എന്ന തോന്നൽ സൃഷ്ടിച്ച് ജനങ്ങളുടെ കണ്ണിൽ പൊടിയിടാനാണ് യു.ഡി.എഫ് ശ്രമിക്കുന്നത്. കേരളത്തിൽ വന്നിട്ടുള്ള എല്ലാ വൻകിട പദ്ധതികളും പരിശോധിച്ചാൽ ഇടതുപക്ഷത്തിന്റെ ഇടപെടൽ അവയിൽ സജീവമായിരുന്നു. കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് നെടുംതൂണായി നിൽക്കുന്ന ഇടുക്കി ജലവൈദ്യുതപദ്ധതി കൊണ്ടുവന്നത് 1967 ലെ സർക്കാരിന്റെ കാലത്താണ്. ഇപ്പോൾ കൊട്ടിഘോഷിക്കപ്പെടുന്ന കണ്ണൂർ വിമാനത്താവളം, കൊച്ചി മെട്രോ, സ്മാർട്ട് സിറ്റി, വല്ലാർപാടം ടെർമിനൽ തുടങ്ങിയവയുടെയെല്ലാം തുടക്കത്തിൽ തന്നെ ഇടതുപക്ഷത്തിന്റെ കാഴ്ചപ്പാടുകളും ഇടപെടലും ഉണ്ടായിരുന്നു. ഉദ്ഘാടന മാമാങ്കങ്ങൾ നടന്നെങ്കിലും ഈ പ്രോജക്ടുകളൊന്നും പൂർത്തീകരിക്കുന്നതിന് യു.ഡി.എഫിന് കഴിഞ്ഞിട്ടില്ല.

വൻകിട നിക്ഷേപമെല്ലാം യു.ഡി.എഫിന്റെ ക്രെഡിറ്റിലാണല്ലോ ഉമ്മൻചാണ്ടി വരവുവയ്ക്കുന്നത്. കേരളത്തിലെ ഉത്പാദനമേഖലയിൽ കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ ഒരു വൻകിട നിക്ഷേപം പോലും കൊണ്ടുവരാൻ യു.ഡി.എഫിനു കഴിഞ്ഞിട്ടില്ല. ഇത്തരത്തിൽ സർവ്വരംഗത്തും പരാജയമായുള്ള ഒരു സർക്കാരാണ് കേരളത്തിലുള്ളത്.

നാടിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായിട്ടുള്ളതാണ് സമാധാനപരമായ അന്തരീക്ഷം. യു.ഡി.എഫ് അധികാരമേറ്റശേഷം ക്രമസമാധാനരംഗത്ത് കേരളം പുറകോട്ടുപോയി. മതസൗഹാർദ്ദത്തിന് പേരുകേട്ട കേരളത്തിൽ അവ തകർക്കപ്പെടുന്ന ഗൂഢമായ പദ്ധതികൾ അരങ്ങേറിക്കൊണ്ടിരിക്കുകയാണ്. അവയെ ഉന്മൂലനം ചെയ്യുന്നതിനു പകരം പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് യു.ഡി.എഫ് സർക്കാർ സ്വീകരിക്കുന്നത്. സംഘപരിവാറുമായി ഉണ്ടാക്കുന്ന ധാരണയുടെ ഭാഗമായാണ് പ്രവീൺ തൊഗാഡിയയുടെ പേരിലുള്ള രാജ്യദ്രോഹ കേസ് പോലും പിൻവലിച്ചത്. ഭൂരിപക്ഷ –ന്യൂനപക്ഷ വർഗീയതകൾ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് ശക്തിപ്പെട്ടു. ഇതിനു കാരണം, ഭരണതലത്തിൽ ഇടപെടാൻ ഇത്തരം ശക്തികൾക്ക് കഴിയുന്നു എന്നതാണ്. കേരളത്തിന്റെ സമാധാനപരമായ ജീവിതം തിരിച്ചുകൊണ്ടുവരിക എന്നത് വികസനത്തിനും സ്വൈരജീവിതത്തിനും പ്രധാനമാണെന്നു കാണണം.

ഗുജറാത്താണ് കേരളത്തിന് മാതൃക എന്ന് ബി.ജെ.പി പ്രചരിപ്പിക്കുന്നുണ്ട്. എന്നാൽ, ജനങ്ങളുടെ ജീവിതനിലവാരം പരിശോധിച്ചാൽ ഗുജറാത്തിനേക്കാൾ ഏറെ മുകളിലാണ് കേരളം എന്ന് കാണാം. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, മതസൗഹാർദ്ദം, ജനാധിപത്യബോധം തുടങ്ങിയവയിലെല്ലാം കേരളം ഏറെ മുന്നിലാണ്. ഗുജറാത്ത് കേരളത്തേക്കാൾ വളരുന്നു എന്ന പ്രചരണമുണ്ട്. എന്നാൽ, അടുത്തകാലം വരെ കേരളത്തിന്റെ വളർച്ചയും നല്ല നിലയിലായിരുന്നു. വേണമെങ്കിൽ കേരളത്തിന് സാമ്പത്തിക വളർച്ചയിലും ഗുജറാത്തിനെ പിന്തള്ളാം. സാമൂഹ്യക്ഷേമ നേട്ടങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ടുതന്നെ ഇത് കൈവരിക്കാനാകും. അത്തരമൊരു വികസന കുതിപ്പിനുതകുന്ന കർമ്മപദ്ധതിയാണ് എൽ.ഡി.എഫ് മുന്നോട്ടുവയ്ക്കുന്നത്.

## എന്തുകൊണ്ട് മാറ്റം മന്ദഗതിയിലാകുന്നു?

എന്നാൽ, കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ നിയോലിബറൽ നയങ്ങൾ ഈയൊരു ലക്ഷ്യത്തിന് വിലങ്ങുതടിയാണ്. ഇതിന് പുറമെയാണ് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പാപ്പരത്തം. വായ്പയെടുക്കുന്ന പണത്തിന്റെ 70 –80 ശതമാനവും സർക്കാരിന്റെ നിത്യനിദാന ചെലവിനാണ് യു.ഡി.എഫ് ചെലവഴിച്ചത്. ദീർഘകാല മുതൽമുടക്കിന് പണം കണ്ടെത്താൻ ഇങ്ങനെയുള്ള ഒരു സർക്കാരിന് കഴിയില്ല. നിത്യനിദാന ചെലവിനുപോലും ഗതിയില്ലാത്ത ഒരു സർക്കാരിന് ബജറ്റിനു പുറത്ത് പദ്ധതികൾക്കുവേണ്ടി വായ്പ സമാഹരിക്കുന്നതിന് കഴിയാത്ത സ്ഥിതിയുണ്ടാകും.

വലിയ പ്രോജക്ടുകൾ നടപ്പിലാക്കപ്പെടണമെങ്കിൽ സർക്കാർ ഭരണസംവിധാനത്തിന് അതിനുള്ള ശേഷിയുണ്ടാവണം. സർക്കാർ യന്ത്രം കാര്യക്ഷമമാകണമെങ്കിൽ അഴിമതി ഇല്ലാതാകണം. നിലവിലുള്ള യുഡിഎഫ് സർക്കാരിന്റെ കാലം പോലെ അഴിമതി കൊടികുത്തി വാണ കാലം ഉണ്ടായിട്ടില്ല. മാത്രമല്ല, ആസിയാൻ കരാർ പ്രാബല്യത്തിലായതോടെ കേരളത്തിന്റെ നാണ്യവിളകൾ തകർന്നടിഞ്ഞിരിക്കുകയാണ്. ആസിയാൻ കരാറിനനുകൂലമായി വാദിച്ച യു.ഡി.എഫിന് ഇക്കാര്യത്തിൽ ഒരു ന്യായവാദവും ഇപ്പോൾ പറയാനില്ല.

കേരളത്തിന്റെ വികസനത്തിന് അടിത്തറയിട്ട ഇടതുപക്ഷം പുതിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിന് ഉതകുന്ന കാര്യക്ഷമമായ ബദൽ നയങ്ങളുമായാണ് ഈ തെരഞ്ഞെടുപ്പിൽ ജനങ്ങളെ സമീപിക്കുന്നത്. ആഗോളവൽക്കരണ നയങ്ങൾ സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് ഒരുപാട് വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. ഫെഡറൽ ഘടനയെ തകർക്കുന്ന ബി.ജെ.പി സർക്കാരിന്റെ നയങ്ങളും ഗൗരവമായ സ്ഥിതിവിശേഷം സൃഷ്ടിക്കുന്നുണ്ട്. ഈ പരിമിതികൾക്കകത്തുനിന്നുകൊണ്ട് ബദൽ ഉയർത്തുന്നതിനുള്ള കർമ്മപരിപാടികളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി മുന്നോട്ടുവയ്ക്കുന്നത്. അതിനായി, 600 നിർദ്ദേശങ്ങൾ ഈ പ്രകടനപത്രിയിലുണ്ട്. ഇവയിൽ ഏറ്റവും സുപ്രധാനമായ 35 ഇനങ്ങളെ മുഖ്യ മുദ്രാവാക്യങ്ങളായി എൽ.ഡി.എഫ് മുന്നോട്ടുവയ്ക്കുന്നു.

# I

# 35 ഇന പരിപാടി

1. **25 ലക്ഷം പേർക്ക് തൊഴിൽ**: ഐ.റ്റി, ടൂറിസം മേഖലകളിലും ഇലക്ട്രോണിക്സ് തുടങ്ങി ആധുനിക വ്യവസായ മേഖലകളിലായി അഭ്യസ്തവിദ്യരായ യുവതി–യുവാക്കൾക്ക് അഞ്ച് വർഷം കൊണ്ട് 10 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കും. കൃഷി, കെട്ടിടനിർമ്മാണം, വാണിജ്യം, ചെറുകിട വ്യവസായം തുടങ്ങിയ മേഖലകളിലായി 15 ലക്ഷം തൊഴിലവസരങ്ങളാണ് ലക്ഷ്യമിടുന്നത്. ആധുനിക തുറകളിലെ ജോലികൾക്ക് യുവതീ–യുവാക്കളെ തയ്യാറാക്കുന്നതിന് 10 ലക്ഷം പേർക്ക് സ്കിൽ ഡെവലപ്മെന്റ്, കരിയർ ഗൈഡൻസ് വഴി പരിശീലനം നൽകും.
2. **1500 സ്റ്റാർട്ട് അപ്പുകൾ**: വർഷംതോറും 1000 നൂതന ആശയങ്ങൾക്ക് 2 ലക്ഷം രൂപ വീതം പ്രോത്സാഹനം. ഇതിൽ 250 എണ്ണത്തിന് 1 കോടി രൂപ വീതം ഈടില്ലാത്ത വായ്പ. ഇതിന് 20 ശതമാനം ഗവൺമെന്റ് ഏഞ്ചൽ, 20 ശതമാനം സെബി അംഗീകാരമുള്ള സ്വകാര്യ നിക്ഷേപകർ, 60 ശതമാനം ബാങ്ക് എന്നിങ്ങനെ പണം കണ്ടെത്തും. എസ്.സി–എസ്.ടി വിഭാഗങ്ങൾ ആരംഭിക്കുന്ന സ്റ്റാർട്ട് അപ്പുകൾക്ക് പ്രത്യേക സാമ്പത്തിക പാക്കേജ് കൊണ്ടുവരും.
3. **ഒരുകോടി അധിക ചതുരശ്ര അടി ഐ.ടി പാർക്ക്**: കേരളത്തിലെ ഐ.ടി പാർക്ക് വിസ്തൃതി 1.3 കോടി ചതുരശ്ര അടിയിൽ നിന്നും 2.3 കോടി ചതുരശ്ര അടിയായി വർദ്ധിപ്പിക്കും. ഇതുവഴി 2.5 ലക്ഷം പേർക്ക് പ്രത്യക്ഷ തൊഴിൽ ലഭിക്കും.
4. **വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കും:** കേരളത്തിൽ വരുന്ന വിദേശ ടൂറിസ്റ്റുകളുടെ എണ്ണം 12 ലക്ഷത്തിൽ നിന്നും അഞ്ച് വർഷം കൊണ്ട് 24 ലക്ഷമായി ഉയർത്തും. ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 25 ശതമാനം വർദ്ധിപ്പിക്കും. ഇതിൽ നിന്ന് 4 ലക്ഷം പേർക്ക് തൊഴിൽ ലഭിക്കും.
5. **പൊതുമേഖല ലാഭത്തിൽ:** പൊതുമേഖലയെ വീണ്ടും പുനരുദ്ധരിക്കും. വീണ്ടും ലാഭകരമാക്കും. ഉൽപ്പാദനശേഷിയിൽ 50 ശതമാനം വർദ്ധനവ് സൃഷ്ടിക്കും. കേരളത്തിന്റെ അമൂല്യധാതുസമ്പത്തായ കരിമണൽ ടൈറ്റാനിയം മെറ്റൽ വരെയുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിന് ചവറയിലെ കേരള മെറ്റൽ & മിനറൽ കമ്പനിയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ബൃഹത്തായ വ്യവസായ സമുച്ചയം സ്ഥാപിക്കും.
6. **പ്രകൃതിവാതക പൈപ്പ്ലൈൻ പൂർത്തീകരിക്കൽ:** വാതക പൈപ്പ് ലൈൻ പൂർത്തീകരിച്ചുകൊണ്ട് കൊച്ചി പ്രകൃതിവാതക ടെർമിനലിനെ ദേശീയ വാതക ഗ്രിഡുമായി ബന്ധിപ്പിക്കും. അതുവഴി താപോർജ്ജാധിഷ്ഠിത വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടും. ഗാർഹിക പാചകവാതക ലഭ്യത വർദ്ധിപ്പിക്കും.
7. **ഇലക്ട്രോണിക് ഹാർഡ്‌വെയർ വ്യവസായ വികസനം:** കെൽട്രോൺ പുനരുദ്ധരിക്കും. ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് പൂർത്തീകരിക്കും. ഈ മേഖലയിൽ ഒരു ദേശീയ ഹബ്ബായി കേരളത്തിനെ മാറ്റും.
8. **മൂല്യവർദ്ധിത വ്യവസായങ്ങൾ:** കൃഷിക്കാരുടെ പ്രൊഡ്യൂസർ കമ്പനികളുടെ ആഭിമുഖ്യത്തിൽ നാളികേരം, റബർ, സുഗന്ധദ്രവ്യങ്ങൾ തുടങ്ങിയ കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ ശ്രംഖലയ്ക്ക് രൂപംനൽകും. ഇവയുടെ_ഗുണനിലവാരം ഉറപ്പുവരുത്തും. ഇതിനായി 50 വ്യവസായ പാർക്കുകൾ സ്ഥാപിക്കും.
9. **കാർഷിക വരുമാന ഉറപ്പ് പദ്ധതി:** കർഷകർക്ക് മിനിമം വരുമാനം ഉറപ്പുവരുത്തുന്ന പദ്ധതി ആരംഭിക്കും. ഇത് കേന്ദ്ര–സംസ്ഥാന സംയുക്തസ്കീമായിട്ടായിരിക്കും നടപ്പിലാക്കുക. ക്ഷേമപദ്ധതികൾ കൂടുതൽ വിപുലീകരിക്കും. എല്ലാ പഞ്ചായത്തുകളിലും ലേബർ ബാങ്ക് പോലുള്ള സംവിധാനങ്ങൾ സൃഷ്ടിക്കും. കർഷക തൊഴിലാളികൾക്ക് ആധുനിക കൃഷി സങ്കേതങ്ങളിൽ പരിശീലനവും സുരക്ഷിതത്വവും ഉറപ്പുവരുത്തും. നെൽവയലുകൾക്ക് റോയൽറ്റി നൽകും. കൃഷിക്കായി കൂടുതൽ തുക നീക്കിവെക്കും.

10. **മറ്റു വൻകിട പ്രോജക്ടുകൾ:** വിഴിഞ്ഞം ഹാർബർ, അഴീക്കൽ, ബേപ്പൂർ, പൊന്നാനി, തങ്കശ്ശേരി തുടങ്ങിയ ചെറുകിട തുറമുഖങ്ങൾ, ലൈറ്റ് മെട്രോ, കണ്ണൂർ വിമാനത്താവളം, കൊച്ചി മെട്രോ, സ്മാർട്ട് സിറ്റി തുടങ്ങിയ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കും.

11. **വൈദ്യുതി ഉൽപാദനം:** 1200 മെഗാവാട്ട് ശേഷിയുള്ള തെർമ്മൽ നിലയം, 300 മെഗാവാട്ട് ജലവൈദ്യുതി, 1000 മെഗാവാട്ട് സോളാർ വൈദ്യുതി എന്നീ നിലകളിൽ ഉൽപാദനശേഷി കൈവരിക്കും. സംസ്ഥാനത്തെ ബൾബുകളെല്ലാം എൽ.ഇ.ഡിയിലേയ്ക്ക് മാറ്റുന്നതിനും വൈദ്യുതി ക്ഷമത വർദ്ധിപ്പിക്കുന്നതിനും ജനകീയ കാമ്പയിൻ ആരംഭിക്കും.

12. **ജലസുരക്ഷാ ക്യാമ്പയിൻ:** ജലസുരക്ഷയ്ക്ക് വേണ്ടി ഒരു ബൃഹത് ക്യാമ്പയിൻ ആരംഭിക്കും. മൈക്രോ നീർത്തടം മുതൽ നദീതടം വരെ സമഗ്രമായ മണ്ണ്–ജല സംരക്ഷണ നടപടികൾ ആവിഷ്കരിക്കും. അന്തർസംസ്ഥാന നദീജല കരാറുകൾ സമയബന്ധിതമായും കാലോചിതമായും പുനരവലോകനം ചെയ്യുന്നതിനുവേണ്ടി ഒരു സ്ഥിരം കർമ്മസേന ഉണ്ടാക്കും.

13. **ഭക്ഷ്യസുരക്ഷ:** പച്ചക്കറി, മുട്ട, പാൽ എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കും. 'അരിശ്രീ' പദ്ധതി വഴി നെൽകൃഷി മൂന്നുലക്ഷം ഹെക്ടറിലേയ്ക്ക് വ്യാപിപ്പിക്കും. ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ തടയാനും ഗുണനിലവാരം ഉറപ്പുവരുത്താനും കർശനമായ വ്യവസ്ഥകൾ ഏർപ്പെടുത്തും.

14. **തീരദേശ പാക്കേജ്:** 5000 കോടിയുടെ തീരദേശ പാക്കേജിൽ പ്രഥമമായത് തീരദേശ പശ്ചാത്തല സൗകര്യങ്ങളുടെ വികസനമാണ്. അതോടൊപ്പം തന്നെ സാമൂഹ്യക്ഷേമ സൂചകങ്ങളിൽ സംസ്ഥാന നിലവാരത്തിനൊപ്പം എത്തുന്നതിന് 'മാതൃകാ മത്സ്യഗ്രാമം' പദ്ധതി നടപ്പിലാക്കും.

15. **പരമ്പരാഗത വ്യവസായ സംരക്ഷണം:** കയർ, കൈത്തറി, പനമ്പ്, ഖാദി, കശുവണ്ടി, ചെത്ത് തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകളെ തൊഴിൽ സംരക്ഷിച്ചുകൊണ്ട് നവീകരിക്കും. തുണി, കയർ, കരകൗശലം തുടങ്ങിയ മേഖലകളിലെ കൈവേലക്കാരുടെ ഉൽപാദനം മിനിമം കൂലി ഉറപ്പുവരുത്തി സർക്കാർ വാങ്ങി സംഭരിക്കും. പരമ്പരാഗത വ്യവസായങ്ങൾക്കായി പ്രത്യേക വകുപ്പ് ആരംഭിക്കും.

16. **റോഡ് വികസനം:** ദേശീയപാത നാലുവരിയാക്കും. സംസ്ഥാന പാതകളും ജില്ലാ റോഡുകളും ബി.എം & ബി.സിയിൽ പുതുക്കി പണിയും. ഗ്രാമീണ റോഡുകൾ ഒറ്റതവണ പുനരുദ്ധരിക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തും. എല്ലാ ബൈപ്പാസുകളും പൂർത്തീകരിക്കും. കേരളത്തിൽ ഘട്ടം ഘട്ടമായി സ്മാർട്ട് റോഡ് പദ്ധതി നടപ്പാക്കും.

17. **ജലപാതകൾ:** ദേശീയ ജലപാതകൾ പൂർത്തീകരിക്കും. ജലപാത നിർമ്മാണം പൂർത്തീകരിക്കും. കേരളത്തിലെ തുറമുഖങ്ങളുമായി ബന്ധിപ്പിച്ച് ജലമാർഗമുള്ള ചരക്ക് ഗതാഗതം ആരംഭിക്കും. തിരുവനന്തപുരത്തുനിന്ന് കാസർഗോഡ് വരെ അതിവേഗ ഫെറി സർവ്വീസ് ആരംഭിക്കാൻ പഠനം നടത്തും.

18. **റെയിൽവേ:** നിർദ്ദിഷ്ട പുതിയ റെയിൽവേ ലൈനുകൾ പൂർത്തീകരിക്കാൻ സമ്മർദ്ദം ചെലുത്തും. സംസ്ഥാനത്ത് നിലവിലുള്ള രണ്ടുവരി റെയിൽവേ പാത നാലുവരി പാതയാക്കുന്നതിന് ഇന്ത്യൻ റെയിൽവേയുമായി ചേർന്ന് സംയുക്ത കമ്പനി ഉണ്ടാക്കും. ഇരട്ടിപ്പിക്കുന്ന പാത അതിവേഗ ട്രെയിൻ ഓടിക്കാൻ സജ്ജമാക്കാൻ ശ്രമിക്കും.

19. **ശുചിത്വകേരളം:** കേരളത്തെ ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള സംസ്ഥാനമാക്കി മാറ്റും. ഇതിനായി ഉറവിടമാലിന്യ സംസ്കരണത്തിനായിരിക്കും മുൻഗണന. ജലമലിനീകരണത്തിനെതിരെ നടപടിയെടുക്കും. ഇതിനായി ഒരു ജനകീയ ക്യാമ്പയിന് രൂപംനൽകും.

20. **പാർപ്പിടം:** ഭൂരഹിതർക്കെല്ലാം കിടപ്പാടമെങ്കിലും ലഭ്യമാക്കും. ഇ.എം.എസ് പാർപ്പിട പദ്ധതി, എം.എൻ ലക്ഷം വീട് പദ്ധതി എന്നിവ പുനരുജ്ജീവിപ്പിച്ച് അഞ്ചുവർഷം കൊണ്ട് എല്ലാവർക്കും വീടും കക്കൂസും ഉറപ്പുവരുത്തും. ആദിവാസികൾക്ക് ഒരു ഏക്കർ കൃഷിഭൂമി ലഭ്യമാക്കും. ഭൂപരിഷ്കരണ നിയമം സംരക്ഷിക്കും.

21. **ആരോഗ്യമേഖല:** നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പുനഃപരിശോധിക്കുകയും ഡോക്ടർമാരുടെയും നേഴ്സുമാരുടെയും എണ്ണം ഇരട്ടിയായി ഉയർത്തുകയും ചെയ്യും. പൊതുആരോഗ്യ സംവിധാനവുമായി ബന്ധപ്പെടുത്തി സമഗ്രവും സാർവ്വത്രികവുമായ ഇൻഷുറൻസ് നടപ്പിലാക്കും. മൂന്ന് മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിൽ ഉയർത്തും. ഹൃദയശസ്ത്രക്രിയയ്ക്കുള്ള സൗകര്യവും കാത്ത്ലാബും താലൂക്ക് ആശുപത്രികൾ വരെ സ്ഥാപിക്കും. താലൂക്ക് ആശുപത്രികളിൽ അർബുദരോഗ പരിശോധനാ സംവിധാനമുണ്ടാക്കും.

22. **ആയുർവേദം:** ആയുർവേദ സർവകലാശാല സ്ഥാപിക്കും. 500 കോടി രൂപ മുതൽമുടക്കി ഏറ്റവും ആധുനികമായ ലബോറട്ടറിയും ഗവേഷണകേന്ദ്രവും സ്ഥാപിക്കും. ആയൂർവ്വേദ മേഖലയിൽ ആരോഗ്യപരിപാലനവും ടൂറിസവും ബന്ധിപ്പിച്ച് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തും.

23. **സ്കൂൾ വിദ്യാഭ്യാസം അന്തർദേശീയ നിലവാരത്തിലേയ്ക്ക്:** 8 മുതൽ 12 വരെയുള്ള ക്ലാസുകൾ ഹൈടെക് ആക്കും. പൂർവ്വവിദ്യാർത്ഥികളുടെയും അഭ്യുദയകാംക്ഷികളുടെയും സഹകരണത്തോടെ 1000 പൊതുവിദ്യാലയങ്ങൾ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തും.

24. **മികവിന്റെ കേന്ദ്രങ്ങൾ:** സർവകലാശാല കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റും. സഹകരണ സ്ഥാപനങ്ങൾ, ട്രസ്റ്റുകൾ തുടങ്ങിയ സാമൂഹ്യ സംരംഭങ്ങൾ സർക്കാരുമായി സഹകരിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ മേഖലയെ വിപുലീകരിക്കും.

25. **പട്ടികജാതി–പട്ടികവർഗ ക്ഷേമം:** ഊരുകൂട്ടങ്ങൾക്ക് പദ്ധതി ആസൂത്രണത്തിൽ പൂർണ്ണാധികാരം ഉറപ്പുവരുത്തും.

മേൽനോട്ടാധികാരവും നൽകും. പട്ടികജാതി വികസനഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് എല്ലാതലങ്ങളിലും മേൽനോട്ട സമിതികൾക്ക് രൂപംനൽകും. ഗ്രാമസഭ/ വികസന സെമിനാർ/കർമ്മസമിതി എന്നീതലങ്ങളിൽ പട്ടിക ജാതിക്കാരിൽ നിന്നും ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾച്ചേർക്കുന്നത് നിർബന്ധിത മാക്കും.

26. **സ്ത്രീശാക്തീകരണം:** സ്ത്രീകൾക്ക് വേണ്ടിയുള്ള പ്രത്യേക വകുപ്പ് ആരംഭിക്കും. ജന്റർ ബഡ്ജറ്റിംഗ് പുനസ്ഥാപിക്കും. കുടുംബശ്രീയെ ഗ്രാമസഭകളുടെ ഉപഘടകങ്ങളാക്കി മാറ്റും. കുടുംബശ്രീക്ക് നാല് ശതമാനം പലിശയ്ക്ക് വായ്പ ഉറപ്പുവരുത്തും.

27. **ജനകീയാസൂത്രണം:** ജനകീയാസൂത്രണത്തിന്റെ രണ്ടാംപതിപ്പ് ആവിഷ്കരിക്കും. നീർത്തട ആസൂത്രണം, മാലിന്യസംസ്കരണം, ജൈവപച്ചക്കറി എന്നിവയെ തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയുമായി സംയോജിപ്പിച്ചു കൊണ്ടുള്ള ഒരു ജനകീയ പ്രസ്ഥാനമായിരിക്കും ഇത്.

28. **സാംസ്കാരിക നവോത്ഥാനം:** സാംസ്കാരിക മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതം ഗണ്യമായി ഉയർത്തും. വിദ്യാഭ്യാസ ബഡ്ജറ്റിന്റെ ഒരു ശതമാനം ലൈബ്രറികൾക്ക് ഗ്രാന്റായി നൽകും എന്ന് ഉറപ്പുവരുത്തും. ലൈബ്രറികളെ ഡിജിറ്റലൈസ് ചെയ്യും. ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾക്ക് ധനസഹായം നൽകും. സ്കൂൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ എല്ലാ കലകളിലും കുട്ടികൾക്ക് പരിശീലിക്കാൻ സൗകര്യം സൃഷ്ടിക്കും.

29. **പരിസ്ഥിതി സൗഹൃദ കേരളം:** മണ്ണും ജലവും ജൈവവൈവിധ്യവും സംരക്ഷിക്കുന്നതിന് ജനപങ്കാളിത്തത്തോടെ നീർത്തടാടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കും. തണ്ണീർത്തട നിയമം കർശനമായി നടപ്പിലാക്കും. ജലാശയങ്ങളെ ശുദ്ധീകരിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കും.

30. **പ്രവാസികൾ:** പ്രവാസി വികസന നിധി ആരംഭിക്കും. ഈ നിധിയിൽ നടത്തുന്ന നിക്ഷേപം ഉപയോഗിച്ച് ആരംഭിക്കുന്ന വ്യവസായശാലകളിൽ പ്രവാസി തിരിച്ചുവരുമ്പോൾ യോഗ്യതകളുണ്ടെങ്കിൽ ജോലിക്ക് അർഹതയുണ്ടാകും. തിരിച്ചുവരുന്നവർക്ക് വിപുലമായ പുനരധിവാസ പദ്ധതി ആവിഷ്കരിക്കും.

31. **പൊതുവിതരണം:** പൊതുവിതരണം ശക്തിപ്പെടുത്തും. അടച്ചുപൂട്ടിയ ന്യായവില കടകൾ തുറക്കും. സിവിൽ സപ്ലൈസ്, കൺസ്യൂമർ ഫെഡ് കടകളിൽ അടുത്ത അഞ്ചുവർഷത്തേക്ക് വില വർദ്ധിപ്പിക്കില്ല.

32. **വിശപ്പില്ലാ കേരളം:** ഒരു നേരമെങ്കിലും ഭക്ഷണം കഴിക്കാത്ത ഒരാളുപോലും കേരളത്തിലുണ്ടാവില്ല. തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ സന്നദ്ധസംഘടനകളും മറ്റുമായി സഹകരിച്ചുകൊണ്ട് ആവശ്യമുള്ളവർക്ക് മുഴുവൻ ഉച്ചഭക്ഷണം സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി ആരംഭിക്കും. ഇത് കേരളം മുഴുവൻ വ്യാപിപ്പിക്കും. ന്യായവിലയ്ക്ക് നല്ല ഭക്ഷണം നൽകുന്ന ഹോട്ടലുകളുടെ ശൃംഖല സൃഷ്ടിക്കും.

33. **സാമൂഹ്യസുരക്ഷാ പെൻഷൻ:** ജൂൺ 1 മുതൽ എല്ലാ പെൻഷനുകളും 1000 രൂപയായി ഉയർത്തും. അർഹരായ 60 വയസ്സുകഴിഞ്ഞ മുഴുവൻപേർക്കും പെൻഷൻ നൽകും. എല്ലാ വർഷവും കാലോചിതമായി വർദ്ധിപ്പിക്കും. കുടിശ്ശികയില്ലാതെ മാസംതോറും പെൻഷൻ വീട്ടിൽ എത്തിക്കും. സമ്പൂർണ്ണ ആരോഗ്യ ഇൻഷുറൻസ് എല്ലാവർക്കും ലഭ്യമാക്കും.

34. **കേരളത്തിന്റെ ബാങ്ക്:** ജില്ലാ–സംസ്ഥാന സഹകരണ ബാങ്കുകളെ സംയോജിപ്പിച്ചുകൊണ്ട് കേരളത്തിന്റേതായ ഒരു വൻകിട ബാങ്കിന് രൂപം നൽകും. സഹകരണ മേഖലയിൽ ദ്വിതല സമ്പ്രദായമായിരിക്കും.

35. **അഴിമതിക്ക് അന്ത്യം കുറിക്കും; സദ്ഭരണം ഉറപ്പാക്കും:** രണ്ടാം ഭരണപരിഷ്കാര കമ്മീഷൻ നിർദ്ദേശങ്ങൾ നടപ്പിലാക്കും. ഇ–ഗവേണൻസ് ഫലപ്രദമാക്കും. എല്ലാ പരാതികളിലും പ്രശ്നങ്ങളിലും 30 ദിവസത്തിനകം സർക്കാർതലത്തിൽ തീർപ്പുണ്ടാക്കും. പരാതികളോ ആവശ്യങ്ങളോ തള്ളപ്പെട്ടാൽ അവ പുനഃപരിശോധിച്ച് വ്യക്തത ഉണ്ടാക്കുന്നതിന് ജനപങ്കാളിത്തത്തോടെയുള്ള സംവിധാനമൊരുക്കും. സെക്രട്ടേറിയറ്റ് അടിസ്ഥാനമായ സംവിധാനം മാറ്റി കേന്ദ്രസർക്കാരിനെപ്പോലെ ഡയറക്ട്രേറ്റ് രീതിയിൽ വികേന്ദ്രീകൃതവും ഫലപ്രദവുമായ സംവിധാനം കൊണ്ടുവരും. ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടായിരിക്കും ഇത് നടപ്പാക്കുക. എല്ലാ സർക്കാർ സേവനങ്ങളും ഏകജാലകത്തിലൂടെ ലഭ്യമാക്കുന്ന സേവന കേന്ദ്രങ്ങൾ ഏർപ്പെടുത്തും. വിവരാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കും.

എല്ലാവർക്കും കുടിവെള്ളം, ഭക്ഷണം, വൈദ്യുതി, പാർപ്പിടം, സാമൂഹ്യസുരക്ഷ എന്നിവ ഉറപ്പുവരുത്തുക എന്ന ലക്ഷ്യം പൂർത്തീകരിക്കാനാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി പരിശ്രമിക്കുന്നത്. ആരോഗ്യ–വിദ്യാഭ്യാസമേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നതും പ്രധാനപ്പെട്ട ലക്ഷ്യമാണ്. വിദ്യാസമ്പന്നരായ യുവാക്കൾക്ക് അവരുടെ യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇത്തരം വികസനത്തിന് അടിത്തറ ഒരുക്കുന്നവിധം കാർഷിക–വ്യാവസായിക മേഖലയെ ശക്തിപ്പെടുത്തുന്നതിനും പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിനുമുള്ള കാര്യക്ഷമമായ ഇടപെടലും ഇടതുപക്ഷ ജനാധിപത്യമുന്നണി വിഭാവനം ചെയ്യുന്നു. ഇത്തരത്തിൽ നമ്മുടെ നേട്ടങ്ങൾ നിലനിർത്തിയും പുതിയ കാലത്തിന്റെ ആവശ്യങ്ങളെ അഭിമുഖീകരിച്ചുകൊണ്ടുമുള്ള പ്രവർത്തനപദ്ധതികളാണ് എൽ.ഡി.എഫ് മുന്നോട്ടുവച്ചിട്ടുള്ളത്.

# III

## കൃഷി

1. പച്ചക്കറിയിൽ സ്വയം പര്യാപ്തത കൈവരിക്കും. ഇതിനായി ജൈവപച്ചക്കറിയിൽ ഊന്നിക്കൊണ്ടുള്ള ജനകീയ കാമ്പയിൻ ആരംഭിക്കും. 50,000 ഹെക്ടറിൽ ജൈവ പച്ചക്കറി കൃഷി ആരംഭിക്കും. കൃഷിക്കാരുടെ പ്രൊഡ്യൂസർ കമ്പനികൾ, ഹോർട്ടി കൾച്ചർ കോർപ്പറേഷൻ എന്നിവ വഴി പച്ചക്കറിക്ക് തറവില നൽകും. പച്ചക്കറി ഉൽപ്പാദന കേന്ദ്രങ്ങളിൽ സംഭരണത്തിന് ചില്ലർ സ്റ്റോറേജുകൾ ഏർപ്പെടുത്തും.

2. സംയോജിത ബഹുവിള പുരയിടകൃഷി വികസനത്തിന് വീട്ടുവളപ്പ് അയൽക്കൂട്ടങ്ങളുടെ ക്ലസ്റ്റർ രൂപീകരിച്ച് ഉൽപാദനോപാധികളുടെ വിതരണം, ചെറുകിട യന്ത്രവൽക്കരണം, സസ്യസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമാക്കും. നഗര കൃഷിക്ക് പ്രോത്സാഹനം നൽകും.

3. നെൽകൃഷി ഭൂമിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കും. ഉൽപ്പാദനം 10 ലക്ഷം ടണ്ണാക്കും. റിയൽ എസ്റ്റേറ്റുകാർ വാങ്ങി തരിശ്ശിടുന്ന പാടശേഖരങ്ങൾ ഏറ്റെടുത്ത് കർഷക ഗ്രൂപ്പുകൾ വഴി കൃഷി ചെയ്യാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകും. ഗ്രൂപ്പ് ഫാമിംഗിനെ പ്രോത്സാഹിപ്പിക്കും. നെൽകൃഷിയിൽ മൾട്ടി ലെവൽ പാർട്ടിസിപ്പേറ്ററി ഫാമിംഗ് സമ്പ്രദായം ഏർപ്പെടുത്തും. റൈസ് ബയോ പാർക്ക് സ്ഥാപിക്കും.

4. എല്ലാ കാർഷികോൽപ്പന്നങ്ങൾക്കും ആദായകരമായ വില ഉറപ്പാക്കും. ഉൽപാദന ചെലവിനനുസൃതമായി നെല്ലിന്റെ സംഭരണവില ഉയർത്തും. കാർഷിക സഹകരണ സംഘങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഒരാഴ്ചയ്ക്കകം കൃഷിക്കാർക്ക് പണം ലഭ്യമാക്കും.

5. പ്രകൃതിദത്തമായ ജലസംഭരണിയായ നെൽവയലുകൾ സംരക്ഷിക്കുന്നത് പ്രകൃതി ആവാസവ്യവസ്ഥ സംരക്ഷണമായി കണ്ട് വിസ്തൃതിക്കനുസരിച്ച് നിലം ഉടമസ്ഥർക്ക് റോയൽറ്റി നൽകും. ഉടമസ്ഥരുടെ അവകാശം സംരക്ഷിച്ചുകൊണ്ട് നെൽവയലുകളെ സംസ്ഥാനത്തെ സംരക്ഷിത നെൽപ്രദേശങ്ങളായി പ്രഖ്യാപിക്കും. കേരളത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതകൾമൂലം നീർത്തടാധിഷ്ഠിത ആസൂത്രണം കാർഷിക അഭിവൃദ്ധിക്ക് അത്യന്താപേക്ഷിതമാണ്. ഇതിനാവശ്യമായ ജലസംഭരണികളും ജലനിർഗമന ചാലുകളും മണ്ണ് സംരക്ഷണ നിർമ്മിതികളും സൃഷ്ടിക്കുകയും പരിപാലിക്കുകയും വേണം. ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ വിപുലമായ തോതിൽ ഉപയോഗപ്പെടുത്തും. അതുവഴി 100 ദിവസത്തെ തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തും.

6. കാർഷികമേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കും. കാർഷിക മേഖലയ്ക്കുള്ള സർക്കാർ ചെലവ് കഴിഞ്ഞ രണ്ടു ദശാബ്ദമായി സംസ്ഥാനവരുമാനത്തിന്റെ 3–5 ശതമാനമാണ്. അഖിലേന്ത്യാടിസ്ഥാനത്തിൽ ഇത് 6–10 ശതമാനമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ മുൻകാലത്തുണ്ടായിരുന്ന മിനിമം ഉൽപാദനമേഖലയ്ക്കുള്ള വകയിരുത്തൽ നിബന്ധന പുനഃസ്ഥാപിക്കും. പൊതുനിക്ഷേപം പത്ത് ശതമാനമായി ഉയർത്തും. ഫാമുകളിൽ സമഗ്രമായ വൈവിധ്യവൽക്കരണവും ആവശ്യമുള്ളിടങ്ങളിൽ യന്ത്രവൽക്കരണവും നടപ്പിലാക്കും.

7. സംസ്ഥാനത്തെ വിളകളെ സംരക്ഷിക്കാനും കർഷകരെ രക്ഷിക്കാനും വാല്യൂ ആഡഡ് പ്രോഡക്ട് ഓഫ് കേരള (പാർക്കുകൾ) സ്ഥാപിക്കും. സാധ്യമായ എല്ലാ മേഖലകളിലും മൂല്യവർദ്ധിത വസ്തുക്കളുടെ നിർമ്മാണം നടത്തുന്ന കമ്പനികൾ സ്ഥാപിക്കും. കൃഷിരംഗത്തേക്ക് വരുന്ന യുവാക്കളെ പരിശീലിപ്പിച്ച് അവരുടെ കഴിവിനനുസൃതമായി പ്രോത്സാഹിപ്പിക്കും.

8. കർഷക ക്ഷേമ ബോർഡിന്റെ പ്രവർത്തനം യാഥാർത്ഥ്യമാക്കും. കർഷക പ്രോവിഡന്റ്സ് ഫണ്ട് ആശയം പ്രാവർത്തികമാക്കി അതിൽ അംഗങ്ങളാകുന്ന കർഷകർക്ക് ഇ.എസ്.ഐ മോഡൽ ചികിത്സ നൽകും. ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബത്തെ സംരക്ഷിക്കാൻ പ്രത്യേക സ്കീം കൊണ്ടുവരും.

9. കർഷകത്തൊഴിലാളി മേഖല കൂടുതൽ ആകർഷണീയമാക്കേണ്ടതിന് നിശ്ചിത ദിവസം തൊഴിലുറപ്പും വരുമാനവും, ആരോഗ്യ സംരക്ഷണവും, കുട്ടികളുടെ വിദ്യാഭ്യാസവും തുടങ്ങിയവയ്ക്കുവേണ്ട സഹായങ്ങൾ ഉറപ്പുവരുത്തും. ആധുനിക കൃഷി സങ്കേതങ്ങളിൽ തൊഴിലാളികൾക്ക് പരിശീലനം നൽകുകയും വേണം. മെച്ചപ്പെട്ട സേവനം കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനും ആവശ്യമെങ്കൽ നേരിട്ട് കൃഷി ചെയ്യുന്നതിനും വേണ്ടിയുള്ള ഹരിതസേന, ലേബർ ബാങ്ക് പോലുള്ള ഏജൻസികൾ എല്ലാ പഞ്ചായത്തിലും രൂപീകരിക്കും. തെങ്ങുകയറ്റ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

10. പ്രായാധിക്യം കൊണ്ടും രോഗ–കീടബാധമൂലവും ഉൽപാദനക്ഷമത തീരെ കുറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റി മെച്ചപ്പെട്ട ഇനങ്ങളുടെ തൈകൾ നടുന്നതിനായുള്ള പുനരുദ്ധാരണ പദ്ധതികൾ നാളികേര വികസന ബോർഡുമായി സഹകരിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ പ്രധാന ജില്ലകളിലും നടപ്പിലാക്കും.

11. കേരകർഷക കൂട്ടായ്മകളുടെ നേതൃത്വത്തിൽ കേരോൽപ്പന്ന മൂല്യവർദ്ധന വൈവിദ്ധ്യവൽക്കരണ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും നാളികേര പാർക്കുകൾ, നാളികേര ഉൽപാദക ഫെഡറേഷനുകളുടെയും പ്രൊഡ്യൂസർ കമ്പനികളുടെയും ആഭിമുഖ്യത്തിൽ ആരംഭിക്കും. നീരയും വെളിച്ചെണ്ണയും മാത്രമല്ല, അവയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളും ഈ പാർക്കുകളിൽ ഉൽപാദിപ്പിക്കും. ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെടുത്തി സംഭരണ വില കാലോചിതമായി പരിഷ്കരിക്കും.

12. നെൽകൃഷി മേഖലയിലാണ് പരിമിതമായ യന്ത്രവൽക്കരണം നടപ്പായിട്ടുള്ളത്. മറ്റ് വിളകൾക്ക് ആവശ്യമായ യന്ത്രങ്ങൾ ഇനിയും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. പൊക്കാളി പാടങ്ങൾക്ക് അനുയോജ്യമായ ഉഴവ്, കൊയ്ത്ത് യന്ത്ര

ങ്ങൾ ലഭ്യമല്ല. യുദ്ധകാലാടിസ്ഥനത്തിൽ കാർഷികമേഖലയിലെ യന്ത്രവൽക്കരണം തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്തുകൊണ്ട് നടപ്പിലാക്കും. ബ്ലോക്ക് അടിസ്ഥാനത്തിൽ അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കും.

13. കാർഷിക സർവകലാശാലയിലെ സാമ്പത്തിക പ്രതിസന്ധി ഗവേഷണത്തെയും എക്സ്റ്റൻഷൻ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കുന്നു. സർവകലാശാല സമഗ്രമായി പുനഃസംവിധാനം ചെയ്യും.

14. മത്സ്യകൃഷി/താറാവ് തുടങ്ങിയവ ഉൾപ്പെടുന്ന സംയോജിത കൃഷിരീതി പ്രോത്സാഹിപ്പിക്കും.

15. നിലവിലുള്ള മണ്ണ് പരിശോധനാ–ജലപരിശോധനാ ലാബുകൾ ശക്തിപ്പെടുത്തുകയും എല്ലാ ജില്ലകളിലും സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെ പരിശോധിക്കാൻ കഴിയുന്ന തരത്തിലുള്ള ലാബുകൾ വ്യാപിപ്പിക്കുകയും ചെയ്യും. തനത് ഫലവൃക്ഷങ്ങളുടെ ഉൽപ്പാദന വർദ്ധനവിനായി അതിസാന്ദ്രതാ കൃഷി പ്രോത്സാഹിപ്പിക്കും.

16. സാധ്യമായ മിച്ചഭൂമിയും പാട്ടക്കരാർ ലംഘിക്കുന്ന തോട്ടം ഭൂമിയും ഏറ്റെടുത്ത് അടിയന്തരമായി ഭൂരഹിതർക്ക് വിതരണം ചെയ്യും. ആദിവാസികൾക്ക് കൃഷിഭൂമി ഉറപ്പുവരുത്തുന്നതിന് വനാവകാശ നിയമം ഊർജിതമായി നടപ്പാക്കും.

17. തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിച്ച് കർഷകരുടെ ആദായം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തേൻ ഗ്രാമങ്ങൾ സ്ഥാപിക്കും. ഇത് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുക മാത്രമല്ല, തേനീച്ച വഴി പരാഗണം നടത്തുന്ന വിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കും. കൂൺ കൃഷി, പുഷ്പകൃഷി എന്നിവ പ്രോത്സാഹിപ്പിക്കും.

18. കാർഷികമേഖലയ്ക്കുള്ള വായ്പാ സൗകര്യങ്ങൾ വർദ്ധിപ്പിക്കും. നെൽകൃഷിക്കാർക്കും പച്ചക്കറി കൃഷിക്കാർക്കും പലിശരഹിത വായ്പ ലഭ്യമാക്കും.

19. കാർഷികമേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പും കൃത്യമായ മേൽനോട്ടവും ഉറപ്പുവരുത്തും. മാനേജ്മെന്റ് സംവിധാനം പ്രൊഫഷണൽ രീതിയിലാക്കി കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

20. കൃഷി സ്കൂൾ സിലബസിന്റെ ഭാഗമാക്കും. കൃഷിവകുപ്പുമായും മൃഗ–മണ്ണ് സംരക്ഷണ വകുപ്പുമായി ചേർന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കും.

21. പച്ചക്കറികളുടെ വിഷാംശം ശാസ്ത്രീയമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം സൃഷ്ടിക്കും. ഏതെങ്കിലും കാരണവശാൽ വിഷാംശമുള്ള പച്ചക്കറികൾ കണ്ടെത്തിയാൽ കർശന നടപടി സ്വീകരിക്കും.

22. മൂല്യവർദ്ധിത ഫാക്ടറികൾക്ക് 'മെയ്ഡ് ഇൻ ഗോഡ്സ് ഓൺ കൺട്രി കേരള' എന്ന ബ്രാന്റ് നെയിം നൽകി ഉപയോഗിക്കാൻ അനുമതി നൽകും. അമുൽ മോഡലിൽ റബ്ബർ മേഖലയിൽ ഇടപെടുന്നതിന് പരിശ്രമിക്കും.

23. വന്യമൃഗങ്ങളെ സംരക്ഷിക്കുന്നതോടൊപ്പംതന്നെ, ഇവയുടെ ആക്രമണത്തിൽനിന്ന് കൃഷിയെ സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും. കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകും.

## തോട്ടവിള

24. റബറിന്റെ റീപ്ലാന്റിംഗ് സബ്സിഡി ഹെക്ടറിന് ഒരു ലക്ഷം രൂപയായി ഉയർത്തും. വിലയോട് ബന്ധപ്പെടുത്തി റബർ കൃഷിക്കാർക്ക് വരുമാനം ഉറപ്പുവരുത്താൻ ഏക്കർ അടിസ്ഥാനത്തിൽ സബ്സിഡി നൽകും. ഇതിനായി കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തും. ആവശ്യമെങ്കിൽ വമ്പിച്ച ജനകീയ പ്രക്ഷോഭത്തിന് സംസ്ഥാന സർക്കാർ തന്നെ മുൻകൈയെടുക്കും. സംസ്ഥാന സർക്കാരും ഈ സബ്സിഡിയുടെ ഭാരത്തിൽ ഒരു ഭാഗം വഹിക്കും.

25. റബ്ബർ ലാറ്റക്സും റബ്ബർ ഷീറ്റും കാർഷികോൽപ്പന്നമായി പ്രഖ്യാപിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും. റബ്ബർ ഇറക്കുമതി നിയന്ത്രിക്കുന്നതിനുള്ള ഇടപെടൽ നടത്തും. മൂല്യവർദ്ധിത ഉൽപ്പന്നത്തിന്റെ അന്തിമ വിലയുടെ ഒരംശം കർഷകന് ലഭിക്കത്തക്ക വിധത്തിൽ ആവശ്യമായ നിയമപരിരക്ഷ ഉറപ്പുവരുത്താൻ ഇടപെടും. തോട്ടവിള കൃഷിക്കാരുടെ പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിക്കുകയും അവയുടെ ആഭിമുഖ്യത്തിൽ മൂല്യവർദ്ധിത ഉൽപ്പാദനം നടത്തും. ഇതിനാവശ്യമായ ഉദാരമായ ധനസഹായം നൽകുന്നതിന് സർക്കാർ നൽകും. ഇതിനായി പ്രത്യേകം വ്യവസായ പാർക്കുകൾ സ്ഥാപിക്കും. റബ്ബർ മരങ്ങളെ വിൽപ്പന നികുതിയിൽനിന്ന് മൂന്നു വർഷത്തേക്ക് ഒഴിവാക്കും.

26. തോട്ടവിള ഉൽപന്നങ്ങളുടെ പ്രചാരവും ഡിമാന്റും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാവണം. റോഡ് നിർമ്മാണത്തിലും ഇതര നിർമ്മാണ പ്രവർത്തനങ്ങളിലുമുള്ള റബ്ബറിന്റെ ഉപയോഗം വർദ്ധിപ്പിക്കും. വൻകിട റബ്ബർ വ്യവസായം കേരളത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും.

27. പ്ലാന്റേഷൻ മേഖലയിലെ മുഖ്യപ്രശ്നം പഴക്കമേറിയ മരങ്ങളാണ്. ഇവ അടിയന്തരമായി റീപ്ലാന്റ് ചെയ്യേണ്ടതുണ്ട്. ഇതിനൊരു ഫലപ്രദമായ മാർഗം തൊഴിലുറപ്പുപദ്ധതിയെ ഇതിനായി ഉപയോഗപ്പെടുത്തുകയാണ്. എന്നാൽ, ഇതൊരു ആവർത്തന കൃഷി പ്രവർത്തനമായി കണ്ടുകൊണ്ട് അനുമതി നിഷേധിച്ചിരിക്കുകയാണ്. ഇത് തിരുത്തിക്കുന്നതിന് സർക്കാർ മുൻകൈയെടുക്കും.

28. തോട്ടം മേഖലയിൽ മണ്ണ്–ജല സംരക്ഷണത്തിനും ജൈവവൈവിധ്യം നിലനിർത്തുന്നതിനും ആസൂത്രിതമായ പരിശ്രമം വേണം. ജൈവവൈവിധ്യം സംരക്ഷിക്കപ്പെടണം. ഇതിനായുള്ള സമഗ്ര പരിപാടി പ്രാദേശികതലത്തിൽ തയ്യാറാക്കും.

29. മരവൽക്കരണത്തിനുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം. മരത്തിന്റെ ഈടിന്മേൽ പ്രതിമാസം ദീർഘകാല വായ്പയായി ഓരോ ഇനം മരത്തിനും നിശ്ചിത തുക സഹകരണ ബാങ്കുകളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സ്കീം ആവിഷ്കരിക്കും. ബാങ്കിന്റെ വായ്പയും പലിശയും മരം വെട്ടുമ്പോൾ നൽകിയാൽ മതിയാകും.

30. വിലയിടിവിന്റെ പേരുപറഞ്ഞ് വൻകിട തോട്ടമുടമകൾ തൊഴിലാളികളുടെ കൂലിയും മറ്റ് ആനുകൂല്യങ്ങളും വെട്ടിക്കുറയ്ക്കുന്നത് അനുവദിക്കാനാവില്ല. കൂലിയും ആനുകൂല്യങ്ങളും വെട്ടിക്കുറയ്ക്കുന്നത് പ്രതിസന്ധിയുടെ പരിഹാരമല്ല. ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തുകയേ നിവൃത്തിയുള്ളൂ. തോട്ടം തൊഴിലാളികൾക്ക് മിനിമം ജീവിത സൗകര്യങ്ങൾ ഉറപ്പുവരുത്തും. പ്രത്യേക പാർപ്പിട പദ്ധതി നടപ്പാക്കും. ഇതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി പ്രത്യേക സ്കീമുകൾ ആവിഷ്കരിക്കും. മുഴുവൻ തോട്ടം തൊഴിലാളികളേയും ബി.പി.എൽ ആയി കണക്കാക്കി റേഷനും മറ്റ് ആനുകൂല്യങ്ങളും നൽകും.

31. നിയമവിരുദ്ധമായി ഭൂമി കൈവശം വയ്ക്കുകയും സർക്കാർ ഭൂമി കൈയ്യേറുകയും ചെയ്തിട്ടുള്ള വൻകിട തോട്ടമുടമകൾക്കെതിരെ കർശന നടപടി സ്വീകരിക്കും. അവരുടെ കൈവശമുള്ള അത്തരം ഭൂമി പൊതു ആവശ്യങ്ങൾക്കും ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനും ഉപയോഗപ്പെടുത്തും.

32. 01.01.1977 ന് മുമ്പുള്ള മുഴുവൻ കുടിയേറ്റ കർഷകർക്കും റവന്യൂ–വനം വകുപ്പുകളുടെ സംയുക്ത വെരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുള്ള ഭൂമിയിൽ നാല് ഏക്കർ വരെ ഉപാധിരഹിതമായി പട്ടയം നൽകും. പട്ടയം ലഭിക്കാനുള്ള ഒരു ലക്ഷത്തോളം കുടുംബങ്ങൾക്ക് പട്ടയം നൽകുവാനുള്ള നടപടി സമയബന്ധിതമായി സ്വീകരിക്കും. ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമിയും അനുബന്ധ രേഖകളും നൽകും.

33. കസ്തൂരി രംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് പരിസ്ഥിതി ദുർബലപ്രദേശമായി (ഇ.എസ്.എ) നോട്ടിഫൈ ചെയ്യുന്ന പ്രദേശങ്ങളിൽ ജനവാസ കേന്ദ്രങ്ങൾ, കൃഷിഭൂമികൾ, തോട്ടങ്ങൾ എന്നിവ ഒഴിവാക്കും. യു.ഡി.എഫ് സർക്കാർ കേന്ദ്ര വനം–പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയിട്ടുള്ള രേഖകളിൽ ഇതിനാവശ്യമായ മാറ്റം വരുത്തും.

## മൃഗപരിപാലനം

34. പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കും. ഇതിനായി മിൽമയുടെ പ്രവർത്തനങ്ങളെ യഥാർത്ഥ ആനന്ദ് മാതൃകയിൽ പുനഃസംഘടിപ്പിക്കും. ക്ഷീരക്ഷേമസംഘങ്ങൾക്ക് സ്കീമുകളുടെ അടിസ്ഥാനത്തിൽ കൂടുതൽ ധനസഹായം നൽകും.

35. കന്നുകുട്ടി പരിപാലനം സ്കീം സാർവ്വത്രികമാക്കും. കുടുംബശ്രീ പശു, ആട് ഗ്രാമം പദ്ധതികൾ ശക്തിപ്പെടുത്തും.

36. കറവക്കാരുടെ ദൗർലഭ്യമാണ് ഒരു പ്രധാനപ്പെട്ട പ്രശ്നം. ചെറുകിട യൂണിറ്റുകളിൽ പാൽ കറക്കുന്നതിന് സഹായകരമായ രീതിയിൽ കറവു യന്ത്രങ്ങളെ മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്. ക്ഷീരസംഘങ്ങളുടെ കീഴിൽ മൊബൈൽ കറവ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കും.

37. കന്നുകാലി മേഖല നേരിടുന്ന ഏറ്റവും വലിയ പ്രശ്നം കാലിത്തീറ്റയുടെ ദൗർലഭ്യവും വിലയുമാണ്. പൊതുമേഖലയിൽ കാലിത്തീറ്റ ഉൽപ്പാദനശേഷി ഇരട്ടിയാക്കുകയും ന്യായവിലയ്ക്ക് കൃഷിക്കാർക്ക് ലഭ്യമാക്കുകയും ചെയ്യും. തീറ്റപ്പുല്ല് കൃഷിക്കായി തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തും. തൊഴിലുറപ്പ് പദ്ധതിയിൽ കന്നുകാലി വളർത്തൽകൂടി ഉൾപ്പെടുത്താൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും.

38. വിവിധ വലുപ്പത്തിലുള്ള ആധുനിക അറവുശാലകൾക്ക് ശാസ്ത്രീയമായ മോഡലുകൾ തയ്യാറാക്കുകയും സമയബന്ധിതമായി അനുയോജ്യമായവ എല്ലാ മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും സ്ഥാപിക്കും.

39. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ വൈവിധ്യവൽക്കരണം നടപ്പിലാക്കുന്നതു വഴി കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കാനാവും.

40. വാക്സിനുകൾ, വിര മരുന്നുകൾ, രോഗനിർണയ കിറ്റുകൾ തുടങ്ങിയവ പാലോട് വെറ്റിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ആവശ്യാധിഷ്ഠിതമായി ഉൽപാദിപ്പിക്കുകയും മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ ഗുണനിലവാരമുള്ള മരുന്നുകൾ വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുകയും ചെയ്യും.

41. അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പാൽ അടക്കമുള്ള ഉൽപ്പന്നങ്ങളുടെ ഗുണനിലവാര പരിശോധന കർശനമായി നടപ്പാക്കും. കേരളത്തിൽ മിൽമയെ കൂടാതെ മാതൃകാ ക്ഷീര സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പ്രൊഡ്യൂസർ കമ്പനികൾ ആരംഭിക്കും. അവ തീർത്തും പാലിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതായിരിക്കും.

42. കോഴിവളർത്തൽ മേഖലയിൽ അന്യസംസ്ഥാന ഹാച്ചറി ഉടമസ്ഥന്മാരുടെ നീരാളിപ്പിടുത്തം കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പുറത്തുള്ള കച്ചവടക്കാർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിലാണ് കേരളത്തിലെ നല്ല പങ്ക് കൃഷിക്കാരും പ്രവർത്തിക്കുന്നത്. പോൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഈ മേഖലയിലെ ഇടപെ

ടൽ കൂടുതൽ ശക്തിപ്പെടുത്തും.

43. കേരളത്തിൽ ഒരു വൻകിട കോഴിത്തീറ്റ ഫാക്ടറി സ്ഥാപിക്കും. നമ്മുടെ നഗരങ്ങളിലെ ഇറച്ചി മാലിന്യവും മീൻ അവശിഷ്ടങ്ങളും അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കാം. മലിനീകരണമില്ലാതെ ഇത്തരമൊരു ഫാക്ടറി പ്രവർത്തിപ്പിക്കാൻ കഴിയും എന്നാണ് വിദേശരാജ്യങ്ങളുടെ അനുഭവങ്ങൾ കാണിക്കുന്നത്.

44. ഓമനപക്ഷി വളർത്തൽ, വ്യാവസായികാടിസ്ഥാനത്തിൽ നായ്ക്കളുടെ ബ്രീഡിംഗ്, പരിശീലനം, ഫാം ടൂറിസം, തുടങ്ങിയ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കും. ഓമനപക്ഷികളുടെയും നായ്ക്കളുടെയും മറ്റും വാണിജ്യാടി സ്ഥാനത്തിലുള്ള ബ്രീഡിംഗ് വികേന്ദ്രീകൃതമായി വലിയ തോതിൽ നടക്കുമ്പോൾ വിപണി ഉറപ്പുവരുത്തണം. ഇതിനായി ഓൺലൈൻ വിപണന സൈറ്റുകൾ ആരംഭിക്കും.

45. സംസ്ഥാനത്തെ സ്കൂളുകൾ കേന്ദ്രീകരിച്ച് പഠനത്തോടൊപ്പം വരുമാനവും എന്ന പദ്ധതിയിലൂടെ കോഴി വളർത്തൽ സ്കീം വിപുലപ്പെടുത്തും. റബ്ബർ തോട്ടങ്ങളിൽ സുരക്ഷിത വലയം ഒരുക്കി തുറസ്സായ സ്ഥലത്ത് വലിയതോതിൽ നാടൻ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കും. കോഴി ഗ്രാമം പദ്ധതി വ്യാപകമാക്കും.

46. മൃഗസംരക്ഷണ മേഖലയ്ക്കുള്ള വായ്പകൾ കാർഷിക വായ്പകളായി കണക്കാക്കുന്നതിന് ബാങ്കുകൾക്ക് നിർദ്ദേശം നൽകുന്നതിനുള്ള നടപടി കൈക്കൊള്ളും. മൃഗസംരക്ഷണ മേഖലയ്ക്കുള്ള സർക്കാർ ചെലവ് സംസ്ഥാന വരുമാനത്തിന്റെ ഒരു ശതമാനമായി ഉയർത്തും.

47. കന്നുകാലികൾക്ക് സമഗ്ര ഇൻഷ്വറൻസ് ഉറപ്പാക്കും. തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയ കന്നുകാലികൾ ചത്തുപോയതിന്റെയും കറവ ശുഷ്ക്കമായതിന്റെയും ഫലമായി കടക്കെണിയിലാവുകയും ജപ്തി നടപടികൾ അഭിമുഖീകരിക്കുകയും ചെയ്ത കൃഷിക്കാരുണ്ട്. ഇവരെ സഹായിക്കാൻ ഒരു പദ്ധതി ആവിഷ്കരിക്കും. ഇന്ത്യയിലെ തനത് ജനുസ്സുകൾക്ക് പ്രാധാന്യം നൽകി സംരക്ഷിക്കുന്ന തരത്തിൽ ഇടപെടും. എല്ലാ കന്നുകാലികൾക്കും ഹെൽത്ത് കാർഡ് പദ്ധതി നടപ്പിലാക്കും.

## മത്സ്യമേഖല

48. കാർഷികമേഖലയിൽ ഭൂപരിഷ്കരണം കൊണ്ടുവന്ന് കൃഷിഭൂമി കൃഷിക്കാർക്ക് വിതരണം ചെയ്തതുപോലെ മത്സ്യമേഖലയിൽ കടലിന്റെ അവകാശം കടലിൽ മീൻ പിടിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്ന സമഗ്രമായ ജലപരിഷ്കരണ നിയമം ആവിഷ്കരിച്ച് നടപ്പിലാക്കും. അതുവഴി മത്സ്യബന്ധനോപകരണങ്ങളുടെ ഉടമാവകാശം, കടലിലെ മത്സ്യവിഭവങ്ങളുടെ ഉടമാവകാശം, കടലിലേയ്ക്കുള്ള പ്രവേശന അധികാരം എന്നിവ മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്നതിനും പിടിച്ചുകൊണ്ടുവരുന്ന പച്ചമത്സ്യത്തിന്റെ ആദ്യ വിൽപനാവകാശം മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി നിജപ്പെടുത്തുന്നതിനും അക്വേറിയൻ റിഫോംസിൽ വ്യവസ്ഥ ചെയ്യും.

49. ഫിഷറീസുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമങ്ങളും നിയന്ത്രണങ്ങളും മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പാക്കാൻ പര്യാപ്തമാകുന്നില്ല. 1995 ലെ ഉത്തരവാദിത്വപര മത്സ്യബന്ധന പെരുമാറ്റച്ചട്ടത്തിന്റെ (സി.സി.ആർ.എഫ്) അടിസ്ഥാനത്തിൽ കേരളത്തിന്റെ തീരക്കടൽ മത്സ്യസമ്പത്ത് സുസ്ഥിരമായ തോതിൽ പരിപാലിക്കുന്നതിന് 1980 ലെ കെ.എം.എഫ്.ആർ ആക്ടിൽ പങ്കാളിത്ത വിഭവ പരിപാലനത്തിലും നിയന്ത്രണത്തിലും ഊന്നിയുള്ള കാലോചിതമായ ഭേദഗതികൾ വരുത്തും. വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്ന രീതി ഇല്ലാതാക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും.

50. മത്സ്യത്തൊഴിലാളികൾ, അനുബന്ധതൊഴിലാളികൾ, ബോട്ടുടമകൾ, ഉദ്യോഗസ്ഥർ, ശാസ്ത്രജ്ഞന്മാർ, സന്നദ്ധ സംഘടനകൾ തുടങ്ങി മത്സ്യമേഖലയുമായി ബന്ധപ്പെട്ട എല്ലാവരുടെയും പങ്കാളിത്തത്തോടുകൂടി പങ്കാളിത്ത വിഭവ മാനേജ്മെന്റ് നയങ്ങളും കർമപരിപാടികളും ആവിഷ്കരിക്കും. പ്രാദേശിക ജില്ലാ സംസ്ഥാനതലങ്ങളിൽ മത്സ്യവിഭവ മാനേജ്മെന്റ് കൗൺസിലുകൾക്ക് രൂപം നൽകും.

51. മൺസൂൺകാല മത്സ്യബന്ധന നിരോധനം തുടർന്നും നടപ്പിലാക്കും.

52. മുരാരി കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കാൻ സമ്മർദ്ദം ചെലുത്തും. വംശനാശ ഭീഷണി നേരിടുന്ന തദ്ദേശീയ മത്സ്യങ്ങളുടെ സംരക്ഷണത്തിനായി സംയോജിത പദ്ധതികൾ നടപ്പിലാക്കും. പൊതുജലാശയങ്ങളിൽ വിപുലമായ തോതിൽ മത്സ്യവിത്ത് നിക്ഷേപിക്കും. മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന ആവാസകേന്ദ്രങ്ങൾ സംരക്ഷിക്കും.

53. ആഴക്കടൽ മത്സ്യബന്ധന മേഖലയിൽ എൽ.ഒ.പി. സ്കീമിൽ വിദേശ കപ്പലുകളുടെ കടന്നുകയറ്റം ചെറുക്കുന്നതിന് ബദൽ നടപടിയായി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന തദ്ദേശീയ യാനങ്ങളെ ആധുനികവൽക്കരിക്കുന്നതിനും പുതിയ യാനങ്ങൾ സ്വായത്തമാക്കുന്നതിനും സബ്സിഡികളും ഉദാരമായ വായ്പാനയങ്ങളും ആവിഷ്ക്കരിച്ച് നടപ്പിലാക്കും.

54. കടൽഭിത്തി നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ വിപുലപ്പെടുത്തും. കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക്, അവർക്ക് താല്പര്യമുണ്ടെങ്കിൽ, നിലവിലുള്ള ഭൂമിയുടെ അവകാശം നിലനിർത്തിക്കൊണ്ടുതന്നെ അനുയോജ്യമായ സുരക്ഷിത മേഖലയിലേയ്ക്ക് മാറിത്താമസിക്കുന്നതിന് പത്ത് ലക്ഷം രൂപ വീതം ധനസഹായം നൽകും. കടലോരത്തുള്ള ഭൂമിയിൽ വച്ചുപിടിപ്പിക്കുന്ന കാറ്റാടിമര

ങ്ങളുടെയും മറ്റും വരുമാനവും മത്സ്യത്തൊഴിലാളിക്കായിരിക്കും. മത്സ്യത്തൊഴിലാളി ഭവനങ്ങൾക്ക് സി.ആർ.ഇസെഡിൽനിന്ന് ഇളവ് നൽകി താൽക്കാലിക നമ്പർ നൽകും.

55. മത്സ്യമേഖലയിൽ വരുമാനവർദ്ധനവിന് പുത്തൻ സാങ്കേതികവിദ്യകളുടെ സഹായത്താൽ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനും വൈവിധ്യവൽക്കരണം കൊണ്ടുവരുന്നതിനും അടിസ്ഥാനസൗകര്യമൊരുക്കുകയും വൈദഗ്ധ്യ പോഷണത്തിലൂടെ മത്സ്യത്തൊഴിലാളി വനിതകൾക്ക് ആ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

56. ഫിഷിംഗ് ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവയും അവയെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന തീരദേശ റോഡുകളും വികസിപ്പിക്കുകയും ഗുണനിലവാരത്തോടുകൂടി സംരക്ഷിക്കുകയും ചെയ്യും. സമഗ്രമായ കോസ്റ്റൽ മാനേജ്മെന്റ് പ്ലാനിന്റെ ഭാഗമായിട്ടുവേണം പുതിയ ഹാർബറുകൾക്ക് അംഗീകാരം നൽകേണ്ടത്. ആധുനികവൽക്കരണം ശക്തിപ്പെടുത്തും.

57. മീൻപിടിത്ത ഹാർബറുകളുടെ പരിപാലനത്തിന് മത്സ്യത്തൊഴിലാളികൾക്ക്കൂടി പങ്കാളിത്തമുള്ള ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾക്ക് രൂപം നൽകും. ഫിഷിംഗ് ഹാർബറുകളിൽ ശീതികരിച്ച സ്റ്റോറേജ് സൗകര്യങ്ങൾ ഒരുക്കും. മത്സ്യബന്ധന തുറമുഖങ്ങൾ നവീകരിക്കുകയും അവിടെയെല്ലാം പശ്ചാത്തല സൗകര്യം ഏർപ്പെടുത്തുകയും ചെയ്യും.

58. അപകടം നിറഞ്ഞ സാഹചര്യങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്ക് കടൽ സുരക്ഷ ഉറപ്പാക്കുന്നതിന് മത്സ്യബന്ധന മേഖലയിൽ ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി സമഗ്രമായ കടൽസുരക്ഷാ പാക്കേജിന് രൂപം നൽകും.

59. മത്സ്യക്ഷേമ സംഘങ്ങളുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കും.

60. മത്സ്യത്തൊഴിലാളികൾക്കുള്ള പട്ടയവിതരണം സമയബന്ധിതമായി പൂർത്തീകരിക്കും.

61. എ.പി.എൽ–ബി.പി.എൽ പരിഗണന കൂടാതെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും സാമൂഹ്യസുരക്ഷാ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കും.

62. കയറ്റുമതിക്കാരിൽ നിന്ന് ക്ഷേമനിധിയിലേയ്ക്ക് വിഹിതം പിരിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ നീക്കം ചെയ്ത് ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കും.

63. സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം 3600 രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ എടുത്ത തീരുമാനം അടിയന്തരമായി നടപ്പിലാക്കും.

64. മത്സ്യമേഖലയിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് എല്ലാവർക്കും വീട്, സാനിട്ടറി–കക്കൂസ് സൗകര്യങ്ങൾ, കുടിവെള്ളം, വൈദ്യുതി, ആരോഗ്യകരമായ പരിസരം എന്നിവ ഉറപ്പു വരുത്തുന്നതിന് സമഗ്രമായ തീരദേശ പാർപ്പിട പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കും. മാതൃകാ മത്സ്യഗ്രാമം പദ്ധതി പുനരാവിഷ്കരിക്കും. മത്സ്യഗ്രാമത്തിൽ ഉണ്ടാകേണ്ട മിനിമം സൗകര്യങ്ങളുടെ മുൻഗണനാപട്ടിക തയ്യാറാക്കുകയും അവ ഉറപ്പുവരുത്തുകയും ചെയ്യും. മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിന് നിർമ്മാണ ചെലവിന്റെ കാലാനുസൃതമായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിക്കും. മത്സ്യത്തൊഴിലാളികളുടെ പാർപ്പിട നിർമ്മാണത്തിന് നിയമപരമായി നിലനിൽക്കുന്ന തടസ്സങ്ങൾ ഇല്ലാതാക്കാൻ ഇടപെടും.

65. ആരോഗ്യ–വിദ്യാഭ്യാസ രംഗങ്ങളിൽ മത്സ്യമേഖല നേരിടുന്ന പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് തീരദേശ മേഖലയ്ക്ക് പ്രത്യേക പാക്കേജ് ആവിഷ്കരിച്ച് നടപ്പാക്കും. തീരദേശ സ്ക്കൂളുകളിലെ സൗകര്യങ്ങൾ വിപുലീകരിക്കും. ലൈബ്രറികൾ പഠനവീടുകളാക്കി മാറ്റുന്നതിന് ഒരു പദ്ധതി തയ്യാറാക്കും. സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളി കുട്ടികളുടെ പഠന ചെലവ് സർക്കാർ പൂർണമായും വഹിക്കും. പട്ടികവിഭാഗങ്ങൾക്കുള്ള എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളി കുട്ടികൾക്കും ലഭ്യമാക്കും. മത്സ്യ തൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ബി.പി.എൽ മാനദണ്ഡം അനുവദിക്കുന്നതിനുവേണ്ടി ഇടപെടും.

66. മത്സ്യത്തൊഴിലാളികളെ കടബാധ്യതയിൽ നിന്ന് മോചിപ്പിക്കുന്നതിന് എൽ.ഡി.എഫ് സർക്കാർ കൊണ്ടുവന്ന കടാശ്വാസ നടപടികൾ പൂർത്തീകരിക്കും.

67. തൊഴിൽ ഉപകരണങ്ങൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തും. ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കും.

68. വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിലൂടെ തൊഴിലും ഉപജീവന സൗകര്യങ്ങളും ആവാസവ്യവസ്ഥയും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അനുയോജ്യമായ പുനരധിവാസവും മതിയായ നഷ്ടപരിഹാരവും ഉറപ്പാക്കും. തുറമുഖ നവീകരണവുമായി ബന്ധപ്പെട്ട് ഇത്തരം പ്രശ്നങ്ങൾ ഉയർന്നുവരുന്ന പ്രദേശങ്ങളിൽ ഇതേ നടപടി സ്വീകരിക്കും.

69. മത്സ്യവിപണന മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് മാർക്കറ്റുകളിൽ കുടിവെള്ളം, ശൗചാലയം, വിശ്രമ സൗകര്യങ്ങൾ, ശീതസംഭരണ സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തും. മത്സ്യവിപണന സംസ്കരണ മേഖലകളിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കും. മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും.

70. മത്സ്യകേരളം പദ്ധതി പുനരാവിഷ്കരിക്കും. ഉൾനാടൻ മത്സ്യലഭ്യത അഞ്ചുവർഷംകൊണ്ട് ഇരട്ടിയാക്കാനാണ് ലക്ഷ്യമിടുന്നത്. കുളങ്ങളും ഡാമുകളും മാത്രമല്ല, വയലുകളിൽ സംയോജിത മത്സ്യകൃഷിയും പ്രോത്സാഹിപ്പിക്കും. കായലുകളിലും നദികളിലും മത്സ്യ വംശവർദ്ധന ലക്ഷ്യമിട്ടുകൊണ്ട് വലിയതോതിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കും.

## പരിസ്ഥിതി

71. സർക്കാർ അധികാരമേറ്റ് ആറുമാസത്തിനകം പരിസ്ഥിതിയുടെ ഇന്നത്തെ അവസ്ഥയെപ്പറ്റി ഒരു ധവളപത്രം ഇറക്കും. മുൻ സർക്കാരിന്റെ പരിസ്ഥിതി വിരുദ്ധവും ജനവിരുദ്ധവുമായ എല്ലാ ഉത്തരവുകളും പുനഃപരിശോധിക്കും.

72. സംസ്ഥാന നെൽവയൽ–നീർത്തട സംരക്ഷണ നിയമം അനുശാസിക്കുന്ന പ്രകാരം ഉപഗ്രഹ ഭൂടത്തിന്റെ സഹായത്തോടെ ഡേറ്റാ ബാങ്കുകൾ ആറുമാസത്തിനകം പ്രസിദ്ധീകരിക്കുകയും ജനകീയ പരിശോധനയ്ക്കുശേഷം ഒരു വർഷത്തിനുള്ളിൽ അന്തിമരൂപം നൽകുകയും ചെയ്യും. ഇതിനാവശ്യമായ അധിക ഉദ്യോഗസ്ഥരെ നിയമിക്കും.

73. നെൽവയൽ സംരക്ഷണനിയമം, കേരള ഭൂവിനിയോഗ ഓർഡർ എന്നിവയിൽ വെള്ളം ചേർക്കാനുള്ള യു.ഡി.എഫിന്റെ നടപടികൾ ഉപേക്ഷിക്കും. നിയമവിരുദ്ധ നിലം നികത്തലുകൾക്ക് നേരെ കർശന നടപടിയെടുക്കും. ഭൂപരിധി നിയമം ബിനാമി ഇടപാടുകളിലൂടെ ലംഘിക്കുന്നതിന് തടയിടും.

74. കേരളത്തിന്റെ പരിസ്ഥിതി സംരക്ഷണത്തിൽ പശ്ചിമഘട്ടത്തിന്റെ പ്രാധാന്യവും ഉൾക്കൊണ്ടുകൊണ്ട് പ്രാദേശിക ജനവിഭാഗങ്ങളുടെയും കർഷകരുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് പശ്ചിമഘട്ട സംരക്ഷണ പദ്ധതിക്ക് രൂപം നൽകും.

75. ശാസ്ത്ര സാങ്കേതികവിദ്യകൾ മലിനീകരണം ഒഴിവാക്കുന്നതിന് ഉപയോഗപ്പെടുത്തുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കും. വ്യവസായ സ്ഥാപനങ്ങളിൽ മലിനീകരണ നിയന്ത്രണം ഉറപ്പുവരുത്തും.

76. ശാസ്ത്രീയമായ പഠനത്തിന്റെയും സാമൂഹ്യനിയന്ത്രത്തിന്റെയും അടിസ്ഥാനത്തിലേ പാറ, മണൽ ഖനനം നടത്താൻ അനുമതി നൽകുകയുള്ളൂ. നദീതട മണലിന്റെ അമിതമായ ചൂഷണം ഒഴിവാക്കുന്നതിനായി ശേഷി പഠനവും നിയന്ത്രണവും കൊണ്ടുവരും.

77. കേരളത്തിന്റെ ഖനിജങ്ങൾ പൊതുഉടമസ്ഥതയിലാക്കുകയും ഖനനത്തിന് ശക്തമായ സാമൂഹ്യ നിയന്ത്രണ സംവിധാനം കൊണ്ടുവരികയും ചെയ്യും. ആവശ്യമായ പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തി, പൊതുമേഖലയുടെ മുൻകൈയിൽ മൂല്യവർദ്ധിത ഉൽപാദനത്തിനുവേണ്ടി കരിമണൽ ഖനനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

78. കേരളം നേരിടുന്ന ഒരു പ്രധാന പ്രശ്നമായ ജല മലിനീകരണം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഇതിന്റെ ഭാഗമായി നിശ്ചിത ഇടവേളകളിൽ ജലഗുണനിലവാര പരിശോധനയും അതിനനുസരിച്ചുള്ള ജലസ്രോതസ് പരിപാലനവും ഉറപ്പാക്കാനാവശ്യമായ സംവിധാനം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും കീഴിൽ ഉണ്ടാക്കും. എല്ലാ തരത്തിലുമുള്ള നീർത്തടങ്ങളും പൗരാണിക കെട്ടിടങ്ങളും സംരക്ഷിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിക്കും.

79. ചെറു നീർത്തടങ്ങളെ അടിസ്ഥാനമാക്കിയുള്ള ജലസംരക്ഷണ ജലവിനിയോഗ വികസന പരിപാലന കർമ്മപരിപാടികൾ തയ്യാറാകുകയും അവ സംയോജിപ്പിച്ച് കൊണ്ട് നദീതടതല ജലപരിപാലന പദ്ധതിയും സംസ്ഥാനതല ജലപരിപാലന പദ്ധതിയും നടപ്പിലാക്കും. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തിൽ ഇത്തരം നീർത്തട തല പരിപാടികൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. ഗാർഹിക–സ്ഥാപനതല വ്യാവസായിക സംരംഭ തലങ്ങളിലെല്ലാം മഴവെള്ളകൊയ്ത്ത്, ജല പുനരുപയോഗം തുടങ്ങിയ നടപടികൾ അടങ്ങുന്ന കർമ്മപരിപാടി നടപ്പിലാക്കും.

80. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നീർത്തടങ്ങളുടെ (കുളങ്ങൾ, ടാങ്ക്, കനാൽ, അരുവി, പുഴ) പട്ടിക തയ്യാറാക്കും. ഇതിന്റെ വ്യാപ്തി, ആഴം, ജൈവവൈവിധ്യം എന്നിവ പ്രതിപാദിക്കും. ഇങ്ങനെ സൂക്ഷിക്കുന്ന തണ്ണീർത്തട പട്ടിക അതാത് പഞ്ചായത്തിൽ സൂക്ഷിക്കുകയും അവയുടെ പരിപാലന ഉത്തരവാദിത്വം പഞ്ചായത്തുകളിൽ നിക്ഷിപ്തമായിരിക്കും.

81. ഉൽപ്പാദന വർദ്ധന ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു സമഗ്ര തീരദേശ മത്സ്യബന്ധന നയം കൊണ്ടുവരും. കായൽ, അഴിമുഖം, പൊഴി, കണ്ടൽ എന്നിവയുടെ സംരക്ഷണവും ഈ ആവാസവ്യവസ്ഥകളിലേക്കുള്ള പുഴയുടെ നീരൊഴുക്ക് നിലനിർത്തിക്കൊണ്ട് മലിനീകരണം ഒഴിവാക്കിക്കൊണ്ടുമുള്ള ഒരു നയം സ്വീകരിക്കും.

82. ഒരു വിധത്തിലുള്ള വനം കയ്യേറ്റവും അനുവദിക്കുന്നതല്ല. വനമേഖലകളിലെ കാമ്പ് മേഖലകൾ അസ്പർശിത ഉൾവനങ്ങളായി നിലനിർത്തും. നിലവിലുള്ള വനമേഖലങ്ങളെ സംരക്ഷിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും പ്രാദേശിക സമൂഹത്തേയും പങ്കാളികളാക്കും.

83. തടി ആവശ്യം നിറവേറ്റാൻ കാടിനു പുറത്ത് കാർഷിക വനവൽക്കരണം നടപ്പിലാക്കും. വനാവകാശ നിയമം കർശനമായി നടപ്പിലാക്കുകയും തടിയേതര വനവിഭവങ്ങൾ ശേഖരിക്കാനും വിൽക്കാനുമുള്ള അവകാശം ആദിവാസികൾക്ക് ഉറപ്പാക്കും.

84. വനങ്ങൾക്ക് പുറമെ കണ്ടൽകാടുകൾ, കാവുകൾ, നദീതീരസ്വാഭാവിക സസ്യജാലങ്ങൾ, ജലാശയങ്ങളുടെ വാഹകപ്രദേശങ്ങൾ തുടങ്ങിയവയുമൊക്കെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. പൊതു ഉടമസ്ഥതയിൽ ലഭ്യമായ മറ്റ് എല്ലാ ഉചിതമായ പ്രദേശങ്ങളിലും വനവത്ക്കരണത്തിനും ഹരിതവത്ക്കരണത്തിനും തദ്ദേശ ഭരണ സ്ഥാപന തലത്തിൽ പരിപാടി ആവിഷ്കരിക്കും.

85. സംസ്ഥാനത്തെ എല്ലാ നിർമ്മാണ വസ്തുക്കളുടെയും ആവശ്യവും ലഭ്യതയും കണക്കിലെടുക്കുന്ന ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കും. നിർമ്മാണ വസ്തുക്കൾ കഴിയുന്നിടത്തോളം പുനരുപയോഗിക്കുന്ന രീതിയും പ്രോത്സാഹിപ്പിക്കും.

86. തീരനിയന്ത്രണനിയമം മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ കൂടി കണക്കിലെടുത്ത് പുതുക്കും. തീരദേശ അതോറിറ്റിയുടെ പ്രവർത്തനം വികേന്ദ്രീകരിക്കും. അവയുടെ പ്രവർത്തനം സുതാര്യമാകുമെന്ന് ഉറപ്പുവരുത്തും.

87. പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനത്തെ പ്രോത്സാഹിപ്പിക്കും. സുസ്ഥിര ഗതാഗത സംവിധാനങ്ങൾക്ക് മുൻഗണന നൽകും.

88. ശബ്ദ മലിനീകരണത്തിനെതിരെ സമഗ്രമായ നിയന്ത്രണങ്ങൾ കൊണ്ടുവരും.

89. എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കും. നിലവിലുള്ളവ ശാസ്ത്രീയമായി പുതുക്കി സമ്പൂർണ്ണമാക്കും. ഇതിന്റെ അടിസ്ഥാനത്തിൽ ജൈവവൈവിധ്യം വർദ്ധിപ്പിക്കുന്നതിന് സമയബന്ധിത പരിപാടി തയ്യാറാക്കും.

90. എൻഡോസൾഫാൻ ദുരിതബാധിതരെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

91. പ്ലാച്ചിമടയിലെ ജലചൂഷണവുമായി ബന്ധപ്പെട്ട് സംസ്ഥാന നിയമസഭ അംഗീകരിച്ച നിയമം നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും.

## പരമ്പരാഗത വ്യവസായങ്ങൾ

### കയർ

92. രണ്ടാം കയർ പുനഃസംഘടന സ്കീമിന് രൂപം നൽകും. കയർ സംഘങ്ങളുടെയും നാളികേര ഉൽപാദന പ്രൊഡ്യൂസർ കമ്പനികളുടെയും ആഭിമുഖ്യത്തിൽ കേരളത്തിലെ 30 ശതമാനം തൊണ്ടെങ്കിലും സംഭരിച്ച് ചകിരി ഉൽപ്പാദിപ്പിക്കും. ഇതിന് ആവശ്യമായ സബ്സിഡി നൽകും.

93. സമൂലമായ മാറ്റം വരേണ്ടുന്ന മേഖല കയർപിരി സംഘങ്ങളുടെ പ്രവർത്തനമാണ്. നിലവിലുള്ള സംഘങ്ങളെ പരിശോധിച്ച് പുനരുജ്ജീവിപ്പിക്കാൻ സാധ്യമല്ലാത്തവ അവസാനിപ്പിക്കും. ദുർബലമായ സംഘങ്ങളെ സംയോജിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. അവരുടെ വായ്പകൾ ഷെയറാക്കും. പലിശ എഴുതിത്തള്ളും. വിനിയോഗിക്കപ്പെടാത്ത ആസ്തികൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകും.

94. കയർ മേഖലയിൽ യന്ത്രവൽക്കരണം നടപ്പാക്കും. ആധുനിക ഡിഫൈബറി യന്ത്രങ്ങൾ, ഓട്ടോമാറ്റിക് സ്പിന്നിംഗ് യന്ത്രങ്ങൾ, ടഫ്റ്റിംങ് തുടങ്ങിയ യന്ത്രസംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കും. നിലവിലുള്ള തൊഴിലാളികൾക്ക് സർക്കാർ സമ്പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തും.

95. മിനിമം കൂലി ഉറപ്പുവരുത്തി സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന കയർ കയർഫെഡും കയർ ഉൽപന്നങ്ങൾ കയർ കോർപ്പറേഷനും വാങ്ങും. ഈ കയർ കയറ്റുമതിക്കാർക്കും ആഭ്യന്തര വ്യാപാരികൾക്കും വ്യവസായികൾക്കും വിൽക്കുമ്പോഴുണ്ടാകുന്ന നഷ്ടം സർക്കാർ വഹിക്കും. ഇതുവഴി കൈതൊഴിലുകാരുടെ വരുമാനം ഉറപ്പു വരുത്താനാകും.

96. കയർഫെഡിന്റെ തകർച്ചയാണ് വ്യവസായത്തിന്റെ സ്ഥിതി ഇതുപോലെ പരിതാപകരമാക്കുന്നതിന് വഴിയൊരുക്കിയത്. കയർഫെഡിന്റെ കടബാധ്യതകൾ എഴുതിത്തള്ളി പുതിയ ധർമ്മങ്ങൾ നിർവഹിക്കാൻ പര്യാപ്തമാക്കും.

97. വിദേശ വിപണിയോടൊപ്പം ഇന്ന് ആഭ്യന്തര വിപണിയും പ്രധാനമാണ്. എൽഡിഎഫ് സർക്കാർ ആവിഷ്കരിച്ച "ഒരു വീട്ടിൽ ഒരു കയറുൽപ്പന്നം" ക്യാമ്പയിന് വലിയ പ്രോത്സാഹനമാണ് ലഭിച്ചത്. കയർ ജിയോടെക്സ്റ്റൈലിനെ ഒരു നിർമാണസാമഗ്രിയായി പൊതുമരാമത്ത് മാന്വലിൽ അംഗീകരിച്ചത് പ്രായോഗികമായി നടപ്പാക്കും. കയർ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ക്വാളിറ്റി കൺട്രോൾ പുനഃസ്ഥാപിക്കുന്നതിന് കയർ ബോർഡും കേന്ദ്രസർക്കാരും തയ്യാറാകണം. അതിനാവശ്യമായ സമ്മർദ്ദം ചെലുത്തും.

### കശുവണ്ടി

98. കശുവണ്ടി തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള ഇടപെടൽ നടത്തും. അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളും.

99. കേരളത്തിലെ തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കാതെ വ്യവസായത്തെ നിലനിർത്താനാവില്ല. ഇതിന് ഉൽപാദനക്ഷമത കൂടിയതും പന്തലിച്ചു വളരാത്തതുമായ കശുമാവ് ഇനങ്ങൾ പ്രോത്സാഹിപ്പിക്കും.

100. ഇറക്കുമതിയിലുണ്ടായിട്ടുള്ള അനാരോഗ്യ പ്രവണതകൾ ഒഴിവാക്കും. പൊതുമേഖലയിലെ തോട്ടണ്ടി

ഇറക്കുമതിയിലെ നടപടിക്രമങ്ങൾ സമഗ്രമായി പരിശോധിച്ച് അവ കൂടുതൽ സുതാര്യവും അഴിമതിരഹിതവുമാക്കണം. അഴിമതിക്കെതിരെ കർശന നടപടി സ്വീകരിക്കും. തോട്ടണ്ടി ഇറക്കുമതി ചെയ്ത് കച്ചവടം മാത്രം നടത്തുന്ന ട്രേഡേഴ്സിനെ വ്യവസായത്തിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കും.

101. ലൈസൻസ് പുതുക്കി നൽകുമ്പോൾ തൊഴിലാളികൾക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങളും, സേവന വേതന വ്യവസ്ഥകളും നടപ്പാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തും. പി.എഫ് കാർഡുകളും ഇ.എസ്.ഐ സ്മാർട്ട് കാർഡുകളും എല്ലാ തൊഴിലാളിക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പരിശോധന ഊർജ്ജിതപ്പെടുത്തും. അനധികൃത സംസ്ക്കരണ യൂണിറ്റുകൾ, കുടിവറുപ്പ് എന്നിവ ഇല്ലാതാക്കുന്നതിനുള്ള കർശനനടപടികൾ സ്വീകരിക്കും.

102. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനവും വിപണനവും പരമാവധി പ്രോത്സാഹിപ്പിക്കും.

103. നിലവിലുള്ള മുഴുവൻ തൊഴിലാളികൾക്കും തൊഴിൽ നൽകുമെന്ന ഉറപ്പ് രേഖാമൂലം നൽകുന്ന തൊഴിലുടമയ്ക്ക് ഷെല്ലിംഗ് മേഖലയിൽ പരിമിതമായ രൂപത്തിൽ യന്ത്രവൽക്കരണം ഏർപ്പെടുത്തുന്നതിന് അംഗീകാരം നൽകും.

## കൈത്തറി

104. ഉൽപ്പാദന രീതികളുടെ നവീകരണവും ഉൽപന്ന വൈവിധ്യവൽക്കരണവും ഉറപ്പുവരുത്തും.

105. നൂലിന്റെ അമിതമായ വിലക്കയറ്റമാണ് കൈത്തറി മേഖല നേരിടുന്ന മറ്റൊരു മുഖ്യപ്രശ്നം. അസംസ്കൃത വസ്തുവായ കഴിനൂലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് കേരളത്തിലെ സഹകരണ സ്പിന്നിങ് മില്ലുകളോടനുബന്ധിച്ച് കഴിനൂൽ നിർമാണകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ ധനസഹായം നൽകും. ഒരു നൂല് സംസ്കരണശാല സ്ഥാപിക്കും. സ്പിന്നിംഗ് മില്ലുകളിൽ ഹാങ്കിയാൺ (കഴിനൂൽ) ഒരു നിശ്ചിത ശതമാനം ഉൽപാദിപ്പിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തും.

106. സഹകരണസംഘങ്ങളുടെ പുനഃസംഘടനയ്ക്കു കൂടുതൽ പണം ലഭ്യമാക്കുന്നതിനോടൊപ്പം ബിനാമി സംഘങ്ങളെ നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കും. ഹാൻടെക്സിന്റെയും ഹാൻവീവിന്റെയും പുനഃസംഘടന പൂർത്തിയാക്കും. റിബേറ്റ് പുനഃസ്ഥാപിക്കും.

107. വരുമാന ഉറപ്പു പദ്ധതിയുടെ ഭാഗമായി 100 ദിവസത്തെയെങ്കിലും ഉൽപാദനം മിനിമം കൂലി ഉറപ്പുവരുത്തുന്ന നിലയ്ക്ക് സർക്കാർ വാങ്ങി സംഭരിക്കും. സർക്കാർ വകുപ്പുകൾക്ക് ആവശ്യമായിട്ടുള്ള പുതപ്പുകളും വിരികളും തൊഴിലുറപ്പുകാർക്കുള്ള ഓണസമ്മാനമായ സാരികളും കുട്ടികൾക്കുള്ള സ്ക്കൂൾ യൂണിഫോമുകളുമെല്ലാം ഇത്തരത്തിൽ ഉൽപാദിപ്പിക്കാനാവും. സ്കൂൾ യൂണിഫോമുകൾക്കെല്ലാം കഴിയാവുന്നിടത്തോളം കൈത്തറി തുണികൾ ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകും.

## ഖാദി ഗ്രാമീണ വ്യവസായം

108. സിൽക്ക് തുണി നെയ്ത്ത്, റെഡിമെയ്ഡ് വാർപ്പിങ് യൂണിറ്റുകൾ, റെഡിമെയ്ഡ് വസ്ത്രനിർമാണ യൂണിറ്റുകൾ, നെയ്ത്തുപകരണങ്ങളുടെ നവീകരണം, ഖാദി ക്ലസ്റ്റർ പരിപാടി തുടങ്ങിയ സ്ക്കീമുകൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. കൈത്തറിയിലെന്നപോലെ ഖാദിയുടെ വിപണനത്തിനും സ്വീകരിച്ചിരിക്കുന്ന പ്രത്യേക പ്രചാരണ പരിപാടികൾ ശക്തിപ്പെടുത്തും. വരുമാന ഉറപ്പുപദ്ധതി നടപ്പാക്കും.

109. ഖാദി ഗ്രാമീണ വ്യവസായ സംരംഭകർക്ക് ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കടാശ്വാസം നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. സംഘങ്ങളെ പുനഃസംഘടിപ്പിക്കും.

110. പട്ടുനൂൽ സംസ്കരണ കേന്ദ്രങ്ങൾ മൾബറി കൃഷിപ്രദേശങ്ങളിൽ സ്ഥാപിക്കും.

## മറ്റ് പരമ്പരാഗത വ്യവസായങ്ങൾ

111. സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം സമഗ്രമായി അവലോകനം ചെയ്ത് പുനഃസംഘടിപ്പിക്കും. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മുള വ്യാപകമായി വച്ചുപിടിപ്പിക്കും.

112. സംസ്ഥാനത്ത് മുളവ്യാവസായിക ഉൽപന്നമായി വിപണനം ചെയ്യുന്ന സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകണം. പരമ്പരാഗത തൊഴിലാളികളുടെ സംരക്ഷണത്തിന് കോട്ടം തട്ടാതെ കോർപ്പറേഷന്റെ കീഴിലുള്ള നല്ലളം ഹൈടെക് ഫ്ളോറിംഗ് ടൈൽ ഫാക്ടറി വിപുലീകരിക്കും. മരത്തിനു പകരം മുള എന്ന സമീപനത്തെ പ്രോത്സാഹിപ്പിക്കും.

113. തെങ്ങിൻതടി വീട് നിർമ്മാണത്തിനും വീട്ടുപകരണ നിർമ്മാണത്തിനുമായി ഉപയോഗിക്കാൻ സഹായിക്കുന്ന വ്യവസായ ശാലകൾ സ്ഥാപിക്കാൻ സംരംഭകരെ പ്രോത്സാഹിപ്പിക്കും.

114. കുട്ട, പായ, പനമ്പ് നെയ്ത്ത് തുടങ്ങിയ കൈത്തൊഴിലുകളെ സംരക്ഷിക്കുന്ന നടപടി സ്വീകരിക്കും.

115. കളിമൺ വ്യവസായത്തിനാവശ്യമായ ചെളി ഡാമുകളിൽനിന്നും മറ്റും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും. മേൽമണ്ണ് നഷ്ടപ്പെടാത്ത രീതിയിലും വയലുകളിൽ വെള്ളക്കെട്ട് ഒഴിവാക്കിയും ചെളി ലഭ്യമാക്കും. മൺപാത്രങ്ങളും മറ്റു കളിമൺ ഉൽപന്നങ്ങളും ആധുനിക ഡിസൈനിൽ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ

സ്വീകരിക്കും. ടൂറിസവുമായി ബന്ധപ്പെടുത്തി കരകൗശല മേഖലയിലെ ആസൂത്രിതമായ വികസനത്തിന് പരിപാടികൾ ആവിഷ്കരിക്കും. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻസിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തും.

116. കക്ക വ്യവസായത്തിൽ നിന്ന് സർക്കാരിന് ലഭിക്കുന്ന വരുമാനം ഈ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായിത്തന്നെ ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

117. ബീഡി, ചുരുട്ട് തൊഴിലാളികൾക്കുള്ള പ്രത്യേക സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതി വിപുലപ്പെടുത്തും. പുതുതായി ഏർപ്പെടുത്തിയ അധികനികുതി ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കും.

118. ചെത്തു വ്യവസായത്തിന് അനുയോജ്യമായ പൊക്കം കുറഞ്ഞ സങ്കരയിനം തെങ്ങുകൾ നടുന്നതിന് പ്രത്യേക പ്രോത്സാഹനം നൽകും. കള്ളുഷാപ്പുകൾ നവീകരിക്കുന്നതിനും ആധുനീകരിക്കുന്നതിനും പ്രോട്ടോക്കോളിന് രൂപം നൽകുകയും സംരംഭകർക്ക് ആവശ്യമായ വായ്പകൾ ലഭ്യമാക്കുകയും ചെയ്യും. വ്യാജമദ്യത്തിനെതിരെയുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും. ചെത്ത് സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കും.

119. കേരളത്തിൽ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ക്രാഫ്റ്റ് വില്ലേജുകൾ ആരംഭിക്കും. കൈവേലക്കാർക്ക് അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനും ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിനും ഇതുവഴി കഴിയും.

120. സംസ്ഥാനത്തിന്റെ തനത് പാരമ്പര്യ ഉൽപ്പന്നങ്ങൾക്ക് വിപണി ഉറപ്പാക്കാൻ 'മാർക്കറ്റ് കേരള' എന്ന പദ്ധതി കൊണ്ടുവരും. കേരളത്തിൽനിന്നുള്ള ഉൽപ്പന്നങ്ങൾ വിദേശത്തും സ്വദേശത്തും വിറ്റഴിക്കാനുള്ള സജ്ജീകരണങ്ങൾ ചെയ്യും. ഇതിലൂടെ കേരളത്തിന്റെ ഉൽപ്പന്നങ്ങൾക്ക് ആഗോളതലത്തിലും ആഭ്യന്തരമായും വിപണി കണ്ടെത്തും.

121. പുതിയ സാഹചര്യങ്ങളുടെ വെല്ലുവിളി അതിജീവിക്കാനും സാധ്യതകൾ ഉപയുക്തമാക്കാനും ഫെയർ ട്രേഡ് കമ്മ്യൂണിറ്റി ട്രേഡ് പരിധിയിൽ പരമ്പരാഗത വ്യവസായത്തേയും ഉൾപ്പെടുത്തും. പ്രധാന പരമ്പരാഗത വ്യവസായങ്ങളെ ഹെറിറ്റേജ് സ്കിൽ ആയി പ്രഖ്യാപിച്ച് സംരക്ഷിക്കും.

122. ആർട്ടിസാൻസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. സർക്കാരിന്റെ സഹായങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. കരകൗശല തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് പഠിച്ച ശങ്കരൻ കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ച് ബന്ധപ്പെട്ട സംഘടനകളുമായി ചർച്ച ചെയ്ത് ആവശ്യമായ തീരുമാനങ്ങളെടുക്കും. കരകൗശല തൊഴിലാളികളെ പരമ്പരാഗത തൊഴിൽ സമൂഹം എന്ന നിലയിൽ കണ്ടുകൊണ്ടുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഇടപെടൽ നടത്തും.

123. വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട് ആനുകൂല്യങ്ങളും ഇളവുകളും നേടുന്ന ഹെറിറ്റേജ് ഹോട്ടലുകളിൽ പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾ മിനിമം തോതിലെങ്കിലും നിർബന്ധമാക്കും.

## ആധുനിക വ്യവസായങ്ങൾ

124. എഫ്.എ.സി.ടി, എച്ച്.എം.ടി, എച്ച്.ഒ.സി, കൊച്ചിൻ ഷിപ്പ് യാർഡ് തുടങ്ങിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനും വിപുലീകരണത്തിനും വേണ്ടി ശക്തമായ സമ്മർദ്ദം ചെലുത്തും. പെട്രോ കെമിക്കൽ കോംപ്ലക്സ് എത്രയും വേഗം പൂർത്തിയാക്കുവാൻ സമ്മർദ്ദം ചെലുത്തും. 1970–ൽ കേന്ദ്ര നിക്ഷേപത്തിന്റെ 3.1 ശതമാനമാണ് കേരളത്തിൽ ഉണ്ടായിരുന്നതെങ്കിൽ ഇന്ന് അത് 2.6 ശതമാനമായിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ നിക്ഷേപം നിലവിലുള്ള ഫാക്ടറികളുടെ നവീകരണത്തിനും കോച്ച് ഫാക്ടറി പോലുള്ള പുതിയവയുടെ സ്ഥാപനത്തിനും വേണ്ടി ശക്തമായ സമ്മർദ്ദം ഉയർത്തും.

125. കൊച്ചിയിലെ പ്രകൃതിവാതക ടെർമിനലിൽ നിന്നും കുറഞ്ഞ ചിലവിൽ ധാരളമായി ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ ഒരു മെത്തനോൾ പ്ലാന്റ്, ക്ലോറിൻ സംയുക്തങ്ങൾ, പെട്രോ കെമിക്കൽ ഉൽപ്പന്നങ്ങൾ, വാതകാധിഷ്ഠിത വൈദ്യുതി നിലയങ്ങൾ, സിറ്റി ഗ്യാസ് പദ്ധതികൾ എന്നിവ നടപ്പിലാക്കും. നിർദ്ദിഷ്ട പൈപ്പ് ലൈൻ പദ്ധതി അതിവേഗം പൂർത്തീകരിച്ച് ദേശീയ വാതക ഗ്രിഡുമായി കൊച്ചി പ്രകൃതി വാതക ടെർമിനലിനെ ബന്ധിപ്പിക്കും.

126. കേരളത്തിന്റെ അമൂല്യമായ ധാതുസമ്പത്താണ് തീരപ്രദേശത്തെ ധാതുമണൽ. ഒരു കാരണവശാലും അസംസ്കൃത വസ്തുവായി കയറ്റുമതി ചെയ്യാൻ പാടില്ല. മൂല്യവർദ്ധന ടൈറ്റാനിയത്തിൽ ഒതുക്കാതെ ടൈറ്റാനിയം മെറ്റലിലേക്ക് നീങ്ങുന്നതിനാവശ്യമായ വൻകിട പ്ലാന്റ് കൂടിയേ തീരൂ. ഇതിനാവശ്യമായ സാങ്കേതികവിദ്യ ഈ രംഗത്തെ പ്രമുഖരുമായിട്ടുള്ള കൂട്ട് സംരംഭങ്ങളിലൂടെ കണ്ടെത്താനാവുന്നതാണ്. പരിസ്ഥിതിക്കനുയോജ്യമായ രീതിയിൽ ബ്രഹത്തായ ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ അതീവ ലോലമായ കടൽത്തീരത്തെ ലോഹമണൽ ഖനനം ഏകോപിപ്പിക്കുകയും വേണം.

127. 5–6 വർഷങ്ങൾക്ക് മുൻപ് വിഭാവനം ചെയ്ത ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കിനാവശ്യമായ സ്ഥലമെടുപ്പ് പോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. സോഫ്റ്റ്വെയർ രംഗത്തെ നമ്മുടെ വികസനത്തിന് അനുരൂപമായി ഇലക്ട്രോണിക് ഹാർഡ്‌വേയർ നിർമ്മാണത്തിന് ആവശ്യമായ പദ്ധതികൾ അടിയന്തിരമായി ആവിഷ്ക്കരിക്കും.

128. സ്കിൽ ഡെവലപ്മെന്റ്, കരിയർ ഗൈഡൻസ് എന്നിവ വഴി 10 ലക്ഷം പുതിയ തൊഴിലവസരങ്ങൾ നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കും. ഇലക്ട്രോണിക്സ് സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സംവിധാനമുണ്ടാക്കി ഉയർന്ന സാങ്കേതിക വൈദഗ്ദ്ധ്യമുള്ള രണ്ടുലക്ഷം പേർക്കും സാങ്കേതിക വൈദഗ്ദ്ധ്യം കുറഞ്ഞ രണ്ടുലക്ഷം പേർക്കും

തൊഴിലവസരം ഉണ്ടാക്കും. വർഷത്തിൽ ഒരുലക്ഷത്തോളം പുതിയ എഞ്ചിനീയർമാർ പുറത്തുവരുന്നുണ്ട്. ഇവർക്ക് തൊഴിലവസരം ഉറപ്പുവരുത്തുന്നതിന് വിവിധ തുറകളിലെ സാധ്യതകൾ സംയോജിപ്പിച്ച് സംവിധാനമുണ്ടാക്കും.

129. സംസ്ഥാനത്ത് സുലഭമായിട്ടുള്ള പൂക്കൾ, പഴങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവ ഉപയോഗിച്ച് നാനാതരം ഉൽപന്നങ്ങൾ ഉണ്ടാക്കാൻ കഴിയും. ഇത്തരത്തിൽ പ്രകൃതിജന്യമായ റസിനുകൾ, ചായങ്ങൾ, പോഷകങ്ങൾ, ലേപനങ്ങൾ എന്നിവ നിർമ്മിക്കുന്നതിനെ പ്രോത്സാഹിപ്പിക്കും.

130. സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വായ്പയോടൊപ്പം സാങ്കേതികവിദ്യ, പരിശീലനം, വിപണി തുടങ്ങിയവയെല്ലാം ഒരു പാക്കേജായി നൽകാൻ കഴിയണം. ബന്ധപ്പെട്ട വ്യവസായങ്ങൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സ്ഥാപിച്ച് ഉൽപ്പന്നങ്ങൾക്ക് ഗുണനിലവാരം ഉറപ്പാക്കി ബ്രാൻഡ് നാമത്തിൽ കേന്ദ്രീകൃതമായി വിപണനം ചെയ്യാനുള്ള പദ്ധതികളാണ് അഭികാമ്യം.

131. എല്ലാ ജില്ലകളിലും അനുയോജ്യമായ വ്യവസായ മേഖലകളിൽ ചെറുകിട–ഇടത്തരം വ്യവസായശാലകളുടെ ക്ലസ്റ്ററുകൾ സ്ഥാപിക്കും. ഇപ്പോൾ ഇത്തരത്തിൽ ക്ലസ്റ്ററുകളായി പ്രവർത്തിക്കുന്ന റബ്ബർ, പ്ലൈവുഡ്, നെല്ലുകുത്ത്, നാടൻ ഭക്ഷണം, സ്വർണാഭരണം, വജ്രം പോളിഷിങ്, പ്ലാസ്റ്റിക് വസ്തുക്കൾ, ടൈലുകൾ, കുപ്പായങ്ങൾ, തോൽ, മുള, സിൽക്ക്, ഭക്ഷ്യസംസ്ക്കരണം, പെയിന്റ്, ജനറൽ എഞ്ചിനീയറിങ് തുടങ്ങിയ വ്യവസായങ്ങളുടെ പ്രവർത്തനം പരിശോധിക്കുകയും പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യും.

132. ചെറുകിട വ്യവസായങ്ങൾക്കുള്ള വായ്പകൾ സഹായപലിശയ്ക്കു ലഭ്യമാക്കും. ഇതിനുള്ള ഏജൻസിയായി കേരള ഫിനാൻഷ്യൽ കോർപറേഷനെ രൂപാന്തരപ്പെടുത്തും.

133. കേരളത്തിലെ മറ്റൊരു സമ്പത്തായ കരിമണൽ മൂല്യവർദ്ധിത വസ്തുക്കളായി മാത്രമേ കേരളത്തിന് പുറത്തുപോകാവൂ എന്ന നിയമം കൊണ്ടുവരും. ഇതിനായി തൊഴിൽ സാധ്യതകളുള്ള മൂല്യവർദ്ധിത പദ്ധതി തുടങ്ങും. നാചറൽ റിസോഴ്സ് കോർപ്പറേഷന്റെ വരുമാനം ആശുപത്രികൾക്കും വിദ്യാഭ്യാസത്തിനും മാത്രമായി ഉപയോഗിക്കും.

134. സംരംഭക പ്രോത്സാഹനത്തിന് പ്രത്യേക പരിപാടി ആവിഷ്കരിക്കും. സ്റ്റാർട്ട് അപ്പ് കമ്പനികൾക്കുള്ള ധനസഹായവും പ്രോത്സാഹനവും വർദ്ധിപ്പിക്കും. സംസ്ഥാന ഇന്നവേഷൻ പോളിസിക്ക് രൂപം നൽകും. പട്ടികജാതി–പട്ടികവർഗ സ്റ്റാർട്ട് അപ്പ് സംരംഭകർക്ക് പ്രത്യേക ധനസഹായവും പ്രോത്സാഹനവും നൽകുന്നതാണ്.

135. സ്പെഷ്യൽ എക്കണോമിക് സോൺ (സെസ്) പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്താൻ മുൻകൈ എടുക്കും.

## നിർമ്മാണമേഖല

136. മണൽ, കല്ല് തുടങ്ങിയ അവശ്യവസ്തുക്കൾ നാടിന്റെ സമ്പത്താണ്. കേരളത്തിലെ മണൽ, ക്വാറി തുടങ്ങിയ മേഖല സർക്കാർ ഇടപെടലിലൂടെ പൊതുജനങ്ങൾക്ക് സഹായ വിലയ്ക്കും വൻകിട നിർമ്മാണത്തിന് മാർക്കറ്റ് വിലയ്ക്കും നീതിപൂർവ്വം ലഭ്യമാക്കും. നാചറൽ റിസോഴ്സസ് കോർപ്പറേഷനെ ഇതിനായി ഇടപെടുന്നതിന് സജ്ജമാക്കും.

137. നിർമ്മാണരംഗത്തെ പ്രതിസന്ധി പരിഹരിക്കാൻ അയൽ സംസ്ഥാനങ്ങളിൽ നിന്നും മണൽ ഇറക്കുമതി, റിസർവോയറിലെ മണൽ വാരൽ, പരിസ്ഥിതി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള ക്വാറികളുടെ പ്രവർത്തനം, ബദൽ സാമഗ്രികളുടെ ഉൽപാദനം തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതാണ്. ഊർജ ഉപഭോഗം പരമാവധി കുറയ്ക്കുന്ന ഗ്രീൻനിർമ്മാണ സാങ്കേതിക വിദ്യകൾക്കു പ്രോത്സാഹനം നൽകും.

138. സർവോപരി സിമന്റ്, കമ്പി, പെയിന്റുകൾ തുടങ്ങിയവയുടെ വിലകൾ ഉൽപാദന ചെലവുമായി ബന്ധപ്പെടുത്താതെ ഏകപക്ഷീയമായി ഉയർത്തുന്ന കുത്തക നയങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കും.

## വാണിജ്യമേഖല

139. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീട്ടെയിൽ മാനേജ്മെന്റ് സ്ഥാപിക്കും. വ്യാപാര മേഖലയിൽ സംരംഭകത്വത്തിനും ആധുനിക മാനേജ്മെന്റ് വിദഗ്ധന്മാരെയും പരിശീലിപ്പിച്ചെടുക്കുന്നതിനു വേണ്ടിയാണ് ഇതു സ്ഥാപിക്കും.

140. വാണിജ്യമിഷൻ രൂപീകരിക്കും. ഈ മേഖലയിലെ സർക്കാരിന്റെ നോഡൽ ഏജൻസിയായിട്ടായിരിക്കും വാണിജ്യമിഷൻ പ്രവർത്തിക്കുക. 2025നകം കൈവരിക്കേണ്ട കൃത്യമായ ലക്ഷ്യങ്ങളും ഒരു റീട്ടെയിൽ നയവും പ്രഖ്യാപിക്കും. വാണിജ്യവുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും പ്രവർത്തനങ്ങളെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്ക് അനുസൃതമായി ഏകോപിപ്പിക്കുക വാണിജ്യമിഷനായിരിക്കും.

141. കേരള റീട്ടെയിൽ എന്നൊരു പുതിയ ബ്രാൻഡ് സൃഷ്ടിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പ്രചാരണം ടൂറിസവുമായി ബന്ധപ്പെടുത്തി വേണം നടത്താൻ. കേരളത്തിലെ വാണിജ്യമേഖലയെക്കുറിച്ച് ആകർഷകമായ പ്രതിഛായ സൃഷ്ടിക്കുകയാണ് ഈ ബ്രാൻഡ് പ്രചാരണത്തിന്റെ ലക്ഷ്യം.

142. കേരളത്തിലെ റീട്ടെയിൽ മേഖല നേരിടുന്ന ഏറ്റവും പ്രധാന വെല്ലുവിളി ദേശീയ–വൈദേശിക ആഗോളക്കുത്തകകളുടെ റീട്ടെയിൽ ശൃംഖലകളിൽ നിന്നാണ്. ഈ വിപത്തിനെതിരെയുള്ള പ്രക്ഷോഭം മുന്നോട്ടു കൊണ്ടുപോകുന്നതോടൊപ്പം നമ്മുടെ ചെറുകിട സ്ഥാപനങ്ങളുടെ മത്സരശേഷി ഉയർത്താനുള്ള നടപടി സ്വീകരിക്കുകയും

വേണം. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് നാട്ടിൻപുറങ്ങളിലെയും നഗരങ്ങളിലെയും കമ്പോളങ്ങളിലെ സൗകര്യങ്ങൾ വികസിപ്പിക്കുകയും നാടൻ ചന്തയെ/ബസാറിനെ ഷോപ്പിംഗ് മാളുകൾക്കു ബദലായി ഉയർത്തുകയുമാണ്. ഷോപ്പിംഗ് മോളിലെന്നപോലെ തന്നെ നിയന്ത്രിത ഗുണനിലവാരവും വിലയും ആസ്വാദ്യകരമായ അന്തരീക്ഷവും ഓരോ കമ്പോളത്തിലും ഉണ്ടാകണം. ഇത്തരം നവീകരണത്തിന് സർക്കാരിന്റെ സഹായം നൽകും.

143. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് ആരംഭിച്ച വ്യാപാരി ക്ഷേമനിധി ഇപ്പോൾ പ്രവർത്തനക്ഷമമല്ല. വർദ്ധിച്ച നികുതിയുടെ നിശ്ചിതശതമാനം ക്ഷേമനിധിയ്ക്കു വേണ്ടി നീക്കിവെച്ചതിന്റെ ഫലമായിട്ടാണ് പെൻഷൻ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞത്. എന്നാൽ, യു.ഡി.എഫ് സർക്കാർ ആവശ്യമായ ധനസഹായം നൽകാൻ വിസമ്മതിക്കുകയാണുണ്ടായത്.

144. വ്യാപാരി സൗഹൃദ സമീപനമായിരിക്കും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കൈക്കൊള്ളുക. യു.ഡി.എഫ് സർക്കാരിനു കീഴിൽ ഇന്ന് വ്യാപാരികൾക്കുമേൽ നടക്കുന്ന ഉദ്യോഗസ്ഥ പീഡനം അവസാനിപ്പിക്കും. ഇ–ഗവേണൻസിലൂടെ ഈ രംഗത്തെ അഴിമതി കുറയ്ക്കാൻ കഴിയും. ജി.എസ്.ടി.യുവിന്റെ നടത്തിപ്പു സംബന്ധിച്ചു വ്യാപാരികളുമായി വിശദമായി ചർച്ച ചെയ്തേ തീരുമാനങ്ങളെടുക്കൂ.

145. ട്രൈബ്യൂണൽ കേസുകൾക്ക് ത്വരിതഗതിയിൽ തീർപ്പുണ്ടാക്കും.

146. സ്റ്റാർട്ട് അപ്പ് ഇന്ത്യയുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്ക് കേന്ദ്രസർക്കാർ നൽകിയ ഇളവിനു പുറമെ സംസ്ഥാനത്ത് ഒരു വർഷം കൂടി ഇളവ് നൽകും. സത്യസന്ധരായ വ്യാപാരികൾക്ക് ഗ്രീൻ കാർഡ് നൽകും.

## പൊതുമേഖലാ വ്യവസായം

147. പൊതുമേഖല വ്യവസായ സ്ഥാപനങ്ങളെ മുഴുവൻ വീണ്ടും ലാഭത്തിലാക്കും. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്ത് സ്വീകരിച്ച പുനഃസംഘടനാ തന്ത്രം തന്നെയായിരിക്കും ഇതിനായി ഉപയോഗപ്പെടുത്തുക. ധനപരമായ പുനഃസംഘടന, സർക്കാർ വാങ്ങൽ നയത്തിലെ പരിഷ്കാരം, പൊതുമേഖലാ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള സംയോജനം, മാനേജ്മെന്റിലെ പൊളിച്ചെഴുത്ത്, തുടർച്ചയായ മോണിറ്ററിംഗ്, അഴിമതി ഒഴിവാക്കാനുള്ള സുതാര്യ നടപടികൾ തുടങ്ങിയ ഒരു പാക്കേജാണ് കേരളത്തിലെ പൊതുമേഖലയെ പുനരുദ്ധരിച്ചത്.

148. പൊതുമേഖലയെ വിപുലീകരിക്കും. മൂന്ന് വർഷം കൊണ്ട് സ്വന്തം ലാഭത്തിൽനിന്ന് വിപുലീകരണത്തിനുള്ള മൂലധനം സ്വായത്തമാക്കാൻ പൊതുമേഖലയ്ക്ക് കഴിയും എന്നാണ് കരുതുന്നത്.

149. ആഗോളവിപണിയിലേയ്ക്ക് ഇറങ്ങിച്ചെന്ന് മാത്സര്യബുദ്ധിയോടെ പ്രവർത്തിക്കാനുള്ള ശേഷിയും ഈ സ്ഥാപനങ്ങൾ കൈവരിക്കണം. വിപണിയുടെയും അസംസ്കൃതവസ്തുക്കളുടെയും സാമീപ്യവും ചെലവ് കുറഞ്ഞ അനുബന്ധ ഘടകങ്ങളുടെ ലഭ്യതയും കണക്കിലെടുത്ത് പൊതുമേഖലാ വ്യവസായങ്ങൾ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേക്കും വേണമെങ്കിൽ രാജ്യത്തിന് പുറത്തേയ്ക്കും വ്യാപിപ്പിക്കണം.

150. പൊതുമേഖലയിലെ അഴിമതി വാങ്ങലും വിൽക്കലുമായി ബന്ധപ്പെട്ടാണ് ഉണ്ടാകുന്നത്. ഇതു സംബന്ധിച്ച എ.ജിയുടെ റിപ്പോർട്ടുകളുടെയും ദ്രുതാന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ സുതാര്യത ഉറപ്പുവരുത്തുന്ന ഒരു പൊതു നയത്തിന് രൂപം നൽകും.

151. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബാധകമായി ഒരു മാതൃകാ കമ്പനി ഭരണ ചാർട്ടർ വികസിപ്പിച്ചെടുക്കേണ്ടതാണ്. ബോർഡുകൾ എങ്ങനെ തിരഞ്ഞെടുക്കണം. ബോർഡിന്റെ ചുമതലകൾ എന്തായിരിക്കണം, ബോർഡും മാനേജ്മെന്റും തമ്മിലുള്ള ബന്ധം തുടങ്ങിയവ ഈ മാതൃകാ ചാർട്ടറിൽ നിർവചിക്കും. നിശ്ചിത വാണിജ്യ മാനദണ്ഡങ്ങൾ പരിപാലിക്കുന്ന കമ്പനികൾക്കു പൂർണ്ണ സ്വയംഭരണം അനുവദിക്കും.

152. കോർപ്പറേറ്റ് ഭരണത്തിൽ ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ബോർഡിൽ പ്രാതിനിധ്യം അനുവദിക്കും.

153. ഒരു പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പള പരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കും. പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വേണ്ടി ജീവനക്കാർ, മാനേജ്മെന്റ്, ഗവൺമെന്റ് എന്നിവ ചേർന്നുള്ള ഒരു പങ്കാളിത്ത പെൻഷൻ പദ്ധതി (കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീം) രൂപീകരിക്കും. ഇത്തരം പെൻഷൻ ഫണ്ടിലേക്കുള്ള മാനേജ്മെന്റ് വിഹിതം സ്ഥാപനത്തിന്റെ ലാഭവും കൂടി പരിഗണിച്ചിട്ടായിരിക്കും.

154. വ്യവസായ–വാണിജ്യാടിസ്ഥാനത്തിലല്ലാത്ത എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളേയും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കും.

155. കേന്ദ്ര സർക്കാരിനുകീഴിലുള്ള സി.എസ്.ഐ.ആർ, ഡി.എ.ഇ, ഐ.എസ്.ആർ.ഒ മുതലായ ഗവേഷണ സ്ഥാപനങ്ങൾ വികസിപ്പിച്ചതും വ്യാപകമായി പ്രയോഗിക്കപ്പെടാത്തതുമായ നിരവധി സാങ്കേതിക വിദ്യകളുണ്ട്. അവ വാങ്ങി പൊതുമേഖലയിൽ പല ഉപകരണങ്ങളും ഉൽപന്നങ്ങളും സേവനങ്ങളും നിർമ്മിക്കും.

## വിവര വിനിമയ സാങ്കേതികവിദ്യാ വ്യവസായങ്ങൾ

156. രണ്ടരലക്ഷം പേർക്ക് ഈ മേഖലയിൽ തൊഴിൽ നൽകുന്നതിന് വേണ്ടി ഒരു കോടി ചതുരശ്ര അടി ഓഫീസ് സ്പേസ് സൃഷ്ടിക്കും. ഇതിനാവശ്യമായ വ്യവസായ പാർക്കുകൾ നിർമ്മിക്കുന്നതിന് സ്മാർട്ട് സിറ്റി സമയബന്ധിതമായി പൂർത്തീകരിക്കും. ഇതുപോലുള്ള വൻകിട സംരംഭങ്ങളെ ഉപയോഗപ്പെടുത്തുന്നതോടൊപ്പം ഊരാലുങ്കൽ ലേബർ സഹകരണ സംഘം പോലുള്ള സാമൂഹ്യ സ്ഥാപനങ്ങളേയും പബ്ലിക്-പീപ്പിൾ-പാർട്ണർഷിപ്പ് മാതൃകകളെയും ഉപയോഗപ്പെടുത്തും. 15 ഏക്കർ ഭൂപരിധി നിയമത്തിനകത്തു നിന്നുകൊണ്ടുതന്നെ സ്വകാര്യ ഐടി പാർക്കുകളുടെ ആവിർഭാവത്തിന് വഴിയൊരുക്കാനാകും. പ്രവാസിമൂലധനം പാർക്കുകളുടെ നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തും.

157. ടെക്നോപാർക്കുകൾ പുറത്തുള്ള ചെറുകിട സംരംഭങ്ങൾക്ക് വേണ്ടത്ര പിന്തുണ നൽകുന്ന സമീപനം സ്വീകരിക്കും. ടെക്നോപാർക്കിലെ സ്ഥാപനങ്ങൾക്ക് ഇതിനായി ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കും. ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഗുണനിലവാര വർദ്ധനയും അവർക്ക് അന്താരാഷ്ട്ര വിപണിയുമായി പരിചയപ്പെടുന്നതിനും ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള അവസരമൊരുക്കുന്നതിനും ഇതിന് അനിവാര്യമാണ്.

158. നൂതനാശയങ്ങൾ വഴി ഉണ്ടാകുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഒരു പ്രക്രിയ ആണ് ലോകത്തുടനീളം ഇന്ന് കണ്ടു വരുന്നത്. സുസ്ഥിര സംരംഭകത്വം നവ സംരംഭങ്ങളിൽ 10% ആണ് വിജയത്തിൽ എത്തുന്നത് എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ട 1000 നൂതനാശയങ്ങളെ സർക്കാർ ഓരോ വർഷവും പ്രോത്സാഹിപ്പിക്കും. രണ്ടു ലക്ഷം രൂപ ഇവർക്ക് സർക്കാർ ഗ്രാന്റായി നൽകും. ഈ പുതുസംരംഭകർക്ക് മെന്റർമാരെയും ഏർപ്പാടാക്കും. ഉന്നത വിദ്യാപീഠങ്ങളുമായി ഇവരെ ബന്ധപ്പെടുത്തും. ഇതെല്ലാം വഴി ഇപ്പോഴുള്ള വിജയ ശതമാനം 10ൽ നിന്ന് 25 ലേക്ക് ഉയർത്തുക എന്നതാണ് നമ്മുടെ ലക്ഷ്യം. തിരഞ്ഞെടുക്കുന്ന 250 നൂതന ആശയങ്ങൾക്ക് ഒരു കോടി രൂപ ഈടില്ലാത്ത വായ്പ നൽകും. ഇതിനായി സർക്കാരിന്റെയും സെബി അംഗീകൃത സ്വകാര്യ നിക്ഷേപകരുടെയും ബാങ്കുകളുടേയും സഹായത്തോടെ ആവശ്യമായ ഫണ്ട് കണ്ടെത്തും.

159. ഇൻക്യുബേറ്ററുകൾ, വിവിധ കോളേജുകളിലെ ഫാബ് ലാബുകളുമായി ചേർന്ന് ലോകോത്തര ഡിസൈനുകൾ ഉണ്ടാക്കുന്ന ഒരു ഡിസൈൻ സ്റ്റുഡിയോ ആയി കൊല്ലത്ത് നിലവിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിനെ വളർത്തിയെടുക്കും.

160. ഉന്നതനിലവാരമുള്ള വിദ്യാഭാസം ആണ് നൂതനാശയങ്ങളുടെ ആധാരം. ഉന്നത പഠന ഗവേഷണ കേന്ദ്രങ്ങളെയും പ്രായോഗിക വിദ്യാഭ്യാസത്തിനു കൂടുതൽ ഊന്നൽ കൊടുക്കുന്ന പോളിടെക്നികുകളെയും, എഞ്ചിനീയറിംഗ് കോളേജുകളുടെയും സെക്ടർ ഹബ്ബുകളുമായി നേരിട്ട് ബന്ധിപ്പിക്കും.

161. കേരളത്തിലെ ശാസ്ത്ര-സാങ്കേതിക ഗവേഷണ വികസന സ്ഥാപനങ്ങളും സംസ്ഥാന ഐ.റ്റി മിഷനും ടെക്നോപാർക്കുമായി കൈകോർത്തുകൊണ്ട് പ്രവർത്തിക്കുന്ന ഒരു ഐസിടി ഇന്നൊവേഷൻ സംവിധാനത്തിനു രൂപംനൽകും. കേരളത്തിലെ വിവിധ ഉൽപാദന മേഖലകളിൽ ഐ.സി.റ്റി ഉൾച്ചേർക്കുന്നത് ആയിരിക്കും ഈ ഇന്നവേഷൻ കൂട്ടായ്മയുടെ മുഖ്യലക്ഷ്യം.

162. അടുത്ത തലമുറ വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ ക്ലൗഡ് കമ്പ്യൂട്ടിംഗിന്റെയും ഇന്റർനെറ്റ് ഓഫ് തിംഗ്സ്, ബയോ ഇൻഫൊർമാറ്റിക്സ്, കൊഗ്നിറ്റീവ് കമ്പ്യൂട്ടിംഗ്, ഇന്റർനെറ്റ് ഓഫ് തിങ്ങ്സ് എന്നിവയിൽ ഊന്നിക്കൊണ്ടുള്ള ടെക്നോളജി ഹബ്ബുകൾ സ്ഥാപിക്കും. അതാത് സെക്ടർ ഹബ്ബുകളിൽ ഉപയോഗിക്കുന്ന ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉത്പ്പാദനം, അനുബന്ധ ചെറുകിട കേന്ദ്രങ്ങളിൽ നടത്തും.

163. ഗുരുതരമായ മനുഷ്യവിഭവദൗർലഭ്യം ഐടി മേഖല നേരിടുന്നുണ്ട്. ഇത് പരിഹരിക്കുവാൻ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ഇതര സാങ്കേതിക സ്ഥാപനങ്ങൾ എന്നിവ കേന്ദ്രമാക്കി പദ്ധതികൾ ആവിഷ്കരിക്കും. സോഫ്റ്റ്വെയർ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ടെസ്റ്റിംഗ്, ക്വാളിറ്റി എന്നിവയിൽ കഴിവുകൾ വികസിപ്പിക്കുന്നതിനുതകുന്ന സ്കിൽ അക്കാദമികൾ സ്ഥാപിക്കും. ഐ.ഐ.ഐ.റ്റി.എം.കെയെ ഉന്നത ഗവേഷണ സ്ഥാപനമായി പരിവർത്തിപ്പിക്കും.

164. ചിപ്പ് ഉല്പാദനം തുടങ്ങിയ ഐറ്റി ഹാർഡ്‌വെയർ നിർമ്മാണത്തിന് സംവിധാനങ്ങളുണ്ടാക്കണം. അവികസിത ജില്ലകളായ മലപ്പുറം, പാലക്കാട്, കാസർഗോഡ് തുടങ്ങിയ ഇടങ്ങൾ കേന്ദ്രമാക്കി ഇതുചെയ്യാനാകും. ഇന്ത്യയെ ഇലക്ട്രോണിക് സിസ്റ്റംസ്& ഡിസൈൻ മാനുഫാക്ചറിങ് വ്യവസായത്തിന്റെ ആഗോള ഹബ്ബാക്കി മാറ്റാനുള്ള ശ്രമങ്ങളുടെ പശ്ചാത്തലത്തിൽ ഇതിന് പ്രത്യേക കേന്ദ്രഫണ്ടുകൾ കണ്ടെത്താനാകും.

165. സർക്കാർ മുൻകൈയ്യിൽ ബി.ടു.ബി രംഗത്ത് ഇ-കോമേഴ്സ് സംരംഭങ്ങൾ തുടങ്ങി ചെറുകിട ഉല്പാദകരുടെ ചരക്കുകളെ കൂടുതൽ ചലനാത്മകമാക്കും. അവർക്ക് പുതിയ വിപണികൾ തുറന്നുകൊടുക്കുക. ഇതിനായി ബി.ടു.ബി മേളകളെ ഉപയോഗപ്പെടുത്തും.

166. ഊർജ സംരക്ഷണത്തിൽ നിന്നുള്ള ലാഭം ഉപയോഗിച്ച് വരുമാനവും മൂലധനവും കണ്ടെത്തുന്ന എനർജി സർവ്വീസ് കമ്പനികളുടെ മാതൃകയിൽ കാര്യക്ഷമതാ വർദ്ധനവിൽ നിന്നുള്ള മൂല്യസൃഷ്ടി ലക്ഷ്യമിടുന്ന ബിസിനസ് പ്രോസസ് മാനേജ്മെന്റ് കമ്പനികൾ രൂപീകരിക്കും. കെ.എഫ്.സി, കെ.എസ്.ഐ.ഡി.സി തുടങ്ങിയ സ്ഥാപനങ്ങൾ ഈ കമ്പനികൾക്ക് ധനസഹായം നൽകണം.

167. നെറ്റ് ന്യൂട്രാലിറ്റിക്ക് വേണ്ടി നിലപാടെടുക്കും. സൈബർ ക്രൈം തടയും. അക്ഷയകേന്ദ്രങ്ങൾ ശക്തിപ്പെടുത്തും.

ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയറിനെ പൊതുകമ്മ്യൂണിറ്റി ഉടമസ്ഥതയിൽ നിലനിറുത്തിക്കൊണ്ട് പ്രവർത്തനം വിപുലമാക്കാൻ കേരളത്തിലുടനീളം സ്റ്റുഡന്റ് ചാപ്റ്ററുകൾക്ക് രൂപം നൽകും. ഓപ്പൺ സോഴ്സ് ആപ്ലിക്കേഷനുകളുടെ വികസനം, പരിശീലനം എന്നിവയ്ക്ക് സംസ്ഥാനതലത്തിൽ നേതൃത്വം നൽകാൻ ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയറിന് കഴിയുന്നവിധം സജ്ജമാക്കും.

168. ടെക്നോലോഡ്ജിന്റെ പ്രവർത്തനം ഉദ്ദേശിച്ചരീതിയിൽ ഒരിടത്തും എത്തിയിട്ടില്ല. എന്നാൽ ഇത് ഈ ആശയത്തിന്റെ പ്രശ്നമല്ല. അവ നടപ്പിലാക്കിയതിൽ വന്ന പാളിച്ചയാണ്. ഇത് തിരുത്താൻ നടപടി വേണം. ടെക്നോ ലോഡ്ജിൽ മുതൽ മുടക്കാൻ വിദേശ മലയാളികളെ പ്രോത്സാഹിപ്പിക്കും.

169. മൊബൈൽ സ്മാർട്ട് ഫോൺ അധിഷ്ഠിതമായ സേവനങ്ങൾ സാധാരണ ജനങ്ങളെ ലക്ഷ്യമിട്ട് വികസിപ്പിക്കും. ഇതിന് സഹായകരമായ രീതിയിൽ ഒരു വീട്ടിൽ ഒരു സ്ത്രീക്ക് സ്മാർട്ട് ഫോൺ സൗജന്യനിരക്കിൽ നൽകും.

170. സമൂഹത്തിൽ സാർവത്രികമായ ഐടി സാക്ഷരതാ വികസിപ്പിക്കുന്നതിൽ സുപ്രധാനമായ പങ്കുവഹിച്ച അക്ഷയ കേന്ദ്രങ്ങൾക്ക് സർക്കാരിന്റെ ഇ–ഗവേർണൻസ് സംവിധാനത്തിൽ പുതിയ ഉത്തരവാദിത്തങ്ങൾ നൽകും.

171. പൊതുഭരണത്തിൽ സ്വതന്ത്രസോഫ്റ്റ് വെയർ ഉപയോഗിക്കണമെന്ന് 2007 ലെ ഐടി നയം നിർദ്ദേശിച്ചിരുന്നെങ്കിലും അത് പൂർണ്ണമായും നടപ്പിൽ വന്നിട്ടില്ല. ഇത് പരിഹരിക്കാൻ ഭരണ–ഉദ്യോഗസ്ഥ സംവിധാനങ്ങളിൽ ബോധവൽക്കരണം വേണം. ഉദ്യോഗസ്ഥർക്ക് മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് കാലികമായ അറിവും പരിശീലനവും നൽകാൻ പരിപാടിയുണ്ടാകണം. ചെറുകിട–ഇടത്തരം വ്യവസായ മേഖലയിൽ ഐടി ഉപയോഗം വ്യാപിപ്പിക്കുവാൻ ഓപ്പൺ സോഴ്സ് അധിഷ്ഠിതമായ ആപ്ലിക്കേഷനുകൾ പ്രോത്സാഹിപ്പിക്കും.

172. കണക്ടിവിറ്റി ചെലവ് ഇന്ന് ചെറുകിട സ്ഥാപനങ്ങൾക്ക് താങ്ങാനാവാത്തതാണ്. ചുരുങ്ങിയ ചെലവിൽ നെറ്റ് കണക്ടിവിറ്റി ലഭ്യമാക്കാൻ പരിപാടി തയ്യാറാക്കും. തടസ്സമില്ലാത്ത വൈദ്യുതിക്ക് സൗരോർജ്ജ സാദ്ധ്യതകൾ ഉപയോഗപ്പെടുത്താം. അതിനുള്ള വായ്പയോ സർക്കാർ സഹായമോ ലഭ്യമാക്കും.

173. മാനുഷിക വിഭവശേഷിയുടെ വികസനം സ്വതന്ത്ര വിജ്ഞാനാധിഷ്ഠിതമാകണം. പാഠ്യക്രമങ്ങൾ അതിനനുസൃതമായിരിക്കണം. ഐടി@സ്കൂൾ പദ്ധതിക്ക് സമാനമായി സാങ്കേതിക, മെഡിക്കൽ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസരംഗത്തും അക്കാദമിക്തലത്തിലും ഭരണതലത്തിലും ഐസിടി ഉപയോഗം വ്യാപിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കും.

174. സ്റ്റേറ്റ് ഡാറ്റാ സെന്ററിനെ കൂടുതൽ സുരക്ഷിതത്വവും, ശേഷിയുള്ളതുമാക്കി മാറ്റും. എല്ലാ സർക്കാർ സ്ഥാപനങ്ങളുടെയും വിവരശേഖരം ഡാറ്റാ സെന്ററുമായി ബന്ധിപ്പിക്കും.

## ജൈവ സാങ്കേതിക വ്യവസായം

175. കേരളാ ബയോടെക്നോളജി കമ്മീഷൻ പുറത്തിക്കിയ സംസ്ഥാന ബയോടെക്നോളജി നയം ലക്ഷ്യമിടുന്നത് സംസ്ഥാനത്ത് ലഭ്യമായ ജൈവവിഭവങ്ങളും ഉയർന്ന മാനവശേഷിയും ഉപയോഗപ്പെടുത്തി ആഗോളതലത്തിലുള്ള ബയോടെക്നോളജി ഉൽപന്നങ്ങളുടെ ആവശ്യം നിറവേറ്റുന്നതോടൊപ്പം കേരളത്തെ വികസനത്തിന്റെ പാതയിലെത്തിക്കുന്നതിന് ബയോടെക്നോളജി ഉപയോഗപ്പെടുത്തുക എന്നുള്ളതാണ്. ഇതിന്റെയൊപ്പം തന്നെ സംസ്ഥാനത്തിന്റെ ബയോടെക്നയം ലോകോത്തര ബയോടെക്നോളജി ഗവേഷണ വികസനസ്ഥാപനങ്ങൾ തുടങ്ങുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും സ്വകാര്യ പങ്കാളിത്തത്തോടെയുള്ള അടിസ്ഥാന സൗകര്യവികസനത്തിനുമൊക്കെ ലക്ഷ്യമിടുന്നുണ്ട്. ബയോടെക്നോളജി പാർക്കുകൾ രൂപീകരിക്കും.

176. പതിറ്റാണ്ടുകളായി കേരളത്തിൽ നിന്നും കയറും, കശുവണ്ടിയും, സുഗന്ധവ്യഞ്ജനങ്ങളും, മത്സ്യഉൽപന്നങ്ങളും, പഴം, പച്ചക്കറി ഉൽപന്നങ്ങളും കയറ്റി അയയ്ക്കുന്നുണ്ട്. എന്നാൽ ഈ രംഗത്ത് ആഗോളതലത്തിലുള്ള മത്സരം നേരിടുന്നതിന് നമ്മുടെ ഉൽപന്നങ്ങളുടെ ഗുണമേന്മ ബയോടെക്നോളജി ഉൾപ്പെടെയുള്ള നൂതനസാങ്കേതികവിദ്യകളുപയോഗിച്ച് വർധിപ്പിക്കും.

177. കേരളത്തിൽ നിന്നിറങ്ങുന്ന ആയുർവേദ ഔഷധങ്ങൾക്ക് അന്തർദേശീയ കമ്പോളത്തിലേയ്ക്കു കടക്കാൻ കഴിയുന്നില്ല. ഇതിന് പ്രധാന കാരണം ആയുർവേദ ഔഷധക്കൂട്ടുകളുടെ ഗുണനിലവാരത്തെയും ഉള്ളടക്കത്തെയും സംബന്ധിച്ച് വിദേശരാജ്യങ്ങൾക്കുള്ള സംശയങ്ങളാണ്. നിയന്ത്രിത ഫെർമെന്റേഷനും മറ്റ് സങ്കേതങ്ങളും ഉപയോഗപ്പെടുത്തി ഈ രംഗത്ത് ഗുണനിലവാരമുറപ്പ് വരുത്താൻ കഴിയും. ഉൽപന്നങ്ങളെ ശാസ്ത്രീയമായി അപഗ്രഥിച്ച് സജീവമൂലകങ്ങളെ തിരിച്ചറിഞ്ഞ് ഉള്ളടക്കം നിർവചിക്കുന്നതോടെ ആയുർവേദ ഔഷധങ്ങൾക്ക് അന്തർദേശീയ വിപണി നേടാനാകും.

178. ടിഷ്യൂകൾച്ചർ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഗുണമേന്മയുള്ള ഔഷധസസ്യങ്ങളുടെ കൃത്രിമപ്രജനനം സാധ്യമാക്കിക്കൊണ്ട് ഈ രംഗത്ത് വ്യവസായ വികസനത്തിനും ഒപ്പം തന്നെ ജൈവവൈവിധ്യ സംരക്ഷണത്തിനുമുള്ള സാധ്യത തെളിയിക്കാനാകും. അലങ്കാരസസ്യങ്ങളും, നാണ്യവിളകളുമൊക്കെത്തന്നെ ഇത്തരത്തിൽ പ്രജനനം നടത്താമെന്നുള്ളത് കേരളത്തിലെ കർഷകർക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കുന്നതിന് സഹായിക്കും.

179. ജീനോമിക്സ്/പ്രോട്ടിയോമിക്സ് സാങ്കേതികവിദ്യകളിലൂടെ രോഗങ്ങളെ തടയുന്നതിനോ മുൻകൂട്ടി കണ്ടെത്തുന്നതിനോ ഉള്ള ഉൽപന്നങ്ങൾ വികസിപ്പിക്കാൻ കഴിയും. കേരളത്തിലെ ബയോടെക്നോളജി അധിഷ്ഠിത ഔഷധനിർമാണരംഗത്ത് ഇത്തരം സംരംഭങ്ങൾക്കുള്ള ഉയർന്ന സാധ്യതകളെ പ്രയോജനപ്പെടുത്തും.

180. ഐ.ടിയും ബയോടെക്നോളജിയും കൈകോർത്ത് മുന്നേറുന്ന പുത്തൻ സാങ്കേതികവിദ്യയാണ് ബയോഇൻഫർമാറ്റിക്സ്. ഈ രംഗത്ത് ഗവേഷണ സ്ഥാപനങ്ങളും മറ്റും ആരംഭിച്ച് പുറംജോലി കരാർ ഉൾപ്പെടെ കേരളത്തിന് ലഭിക്കാവുന്ന അവസരങ്ങൾ അനവധിയാണ്. അവ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

## നാനോ സാങ്കേതികവിദ്യ

181. സർവകലാശാലകളിൽ നാനോ സാങ്കേതികവിദ്യക്ക് പ്രത്യേക വകുപ്പുകളും ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്ഥാപിക്കുകയും നിലവിലുള്ളവയുടെ പ്രവർത്തനം വിപുലീകരിക്കുകയും ചെയ്യും. വ്യവസായം ഉൾപ്പെടെ വിവിധ മേഖലകളിൽ നാനോ സാങ്കേതികവിദ്യയുപയോഗിച്ച് നവീകരണത്തിനും വിപുലനത്തിനുമുള്ള സാധ്യതകൾ ഒട്ടേറെയുണ്ട്. അവയെ പ്രയോജനപ്പെടുത്തുന്നതാണ്. അതിനായി തൊഴിലധിഷ്ഠിത നാനോ സാങ്കേതികവിദ്യാ കോഴ്സുകൾ ആവശ്യാനുസരണം വർദ്ധിപ്പിക്കുകയും ചെയ്യും.

## ടൂറിസം

182. കേരളത്തിലേയ്ക്കുള്ള ടൂറിസ്റ്റുകളുടെ വരവ് കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഗണ്യമായി മന്ദീഭവിച്ചിട്ടുണ്ട്. ഇതിനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹരിച്ച് അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലേയ്ക്കുള്ള വിദേശടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കും. വിദേശടൂറിസ്റ്റുകളുടെ എണ്ണം 12 ലക്ഷത്തിൽ നിന്ന് (2016) 24 ലക്ഷമായി അഞ്ച് വർഷം കൊണ്ട് (2021) ഉയർത്തും. ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 1.3 കോടിയിൽ നിന്ന് 2 കോടിയായി ഉയർത്തും.

183. ആഗോള വാർഷിക ലിറ്റററി ഫെസ്റ്റിവെൽ, സംഗീതോത്സവം, തിയേറ്റർ ഫെസ്റ്റിവൽ, നാടകോത്സവം എന്നിവ കേരളത്തിൽ സംഘടിപ്പിക്കും.

184. കേരളത്തിലെ പ്രധാനപ്പെട്ട പൂരങ്ങളുടെയും ഉത്സവങ്ങളുടെയും വാർഷിക കലണ്ടർ തയ്യാറാക്കും. ഈ കലണ്ടറിൽ സ്ഥാനം പിടിക്കണമെങ്കിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ രൂപപ്പെടുത്തും. കേരളത്തിലെ അനുഷ്ഠാനകലകളിൽ പ്രാവീണ്യം നേടിയിട്ടുള്ള കലാകാരന്മാർക്ക് അക്രെഡിറ്റേഷൻ നൽകുകയും അവ സംബന്ധിച്ച വിവരങ്ങൾ വെബ്ബിൽ ലഭ്യമാക്കുകയും ചെയ്യും. ക്രാഫ്റ്റ് വില്ലേജുകളിൽ ടൂറിസ്റ്റുകളുടെ ഓർഡർ പ്രകാരം ഉൽപന്നങ്ങൾ ലഭ്യമാക്കുന്ന സംവിധാനമുണ്ടാക്കും.

185. മുസിരിസ്, തലശേരി പൈതൃക പദ്ധതികളുടെ തുടർച്ചയായി കേരളത്തിലെ പുരാതന തുറമുഖ കേന്ദ്രങ്ങളെയും സുഗന്ധദ്രവ്യങ്ങളുടെ കൃഷികേന്ദ്രങ്ങളായ കാലടി, ആനക്കര തുടങ്ങിയ ഉൽപാദനമേഖലകളെയും പശ്ചിമേഷ്യയിലെയും യൂറോപ്പിലെയും തുറമുഖങ്ങളുമായി ബന്ധപ്പെടുത്തി സിൽക്ക് റൂട്ടിന്റെ മാതൃകയിൽ സ്പൈസസ് റൂട്ട് ആവിഷ്കരിക്കും.

186. നവംബർ മുതൽ മാർച്ച് പകുതി വരെ വിദേശ സഞ്ചാരികളിലൂടെ ടൂറിസം സീസൺ വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏപ്രിൽ–ഒക്ടോബർ കാലയളവും സമ്പൂർണ ടൂറിസം സീസൺ എന്ന നിലവാരത്തിലേയ്ക്ക് ഉയർത്തും. ഇതിനായി മൺസൂൺ ടൂറിസത്തിന്റെ സാദ്ധ്യത പ്രയോജനപ്പെടുത്തും.

187. അന്തർദേശീയ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽനിന്ന് കേരളത്തിലേക്ക് നേരിട്ടുള്ള വിമാന സർവ്വീസ് ആരംഭിക്കുന്നതിന് പരിശ്രമിക്കും. ടൂറിസ്റ്റ് കപ്പലുകളേയും ആകർഷിക്കാൻ ശ്രമിക്കും. വിമാനത്താവളങ്ങളിൽനിന്ന് ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് ഗുണനിലവാരമുള്ള യാത്രാസൗകര്യം ഉറപ്പുവരുത്തും.

188. ടൂറിസ്റ്റു കേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങളായ റോഡ്, കുടിവെള്ളം, പൊതു ടോയ്ലറ്റുകൾ, മാലിന്യസംസ്ക്കരണ സൗകര്യങ്ങൾ, കേബിൾ, ഇന്റർനെറ്റ് കണക്ടിവിറ്റി, സുരക്ഷിത വൈദ്യുതി തുടങ്ങിയവ ഉറപ്പുവരുത്തുന്നതിന് ഓരോ കേന്ദ്രത്തിനും പശ്ചാത്തലസൗകര്യ മാസ്റ്റർ പ്ലാൻ ഉണ്ടാക്കും. ഇവ മൂന്നു വർഷം കൊണ്ട് പൂർത്തീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളും ഡിപ്പാർട്ടുമെന്റുകളും ഏജൻസികളും തമ്മിലുള്ള ഏകോപനം ഉറപ്പുവരുത്തും. മൂന്നാർ–ആലപ്പുഴ ടൂറിസം ഹൈവേ പോലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

189. ഹൗസ് ബോട്ടുകൾ, ഗ്രീൻ ഹൗസുകൾ, ആയുർവേദ റിസോർട്ടുകൾ, ഹോംസ്റ്റേകൾ, സ്റ്റാർ ഹോട്ടൽ റൂമുകൾ തുടങ്ങിയവയെല്ലാം ഓരോ ടൂറിസം കേന്ദ്രത്തിലേയ്ക്കുമുള്ള ടൂറിസ്റ്റുകളുടെ വരവ് വിലയിരുത്തി അതിനായുള്ള സൗകര്യം സൃഷ്ടിക്കും.

190. കുറഞ്ഞത് 2000 പേർക്ക് ഒരുമിച്ച് സന്ദർശിക്കാൻ പാകത്തിലുള്ള വാട്ടർ തീം പാർക്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

191. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് പോലീസിനെ വിന്യസിക്കും. നീന്തലറിയാവുന്ന ടൂറിസ്റ്റ് വാർഡന്മാരെ ജല ടൂറിസം കേന്ദ്രങ്ങളിൽ നിയോഗിക്കും.

192. പൊതുവായ പ്രചരണത്തോടൊപ്പം കൃത്യമായ ടാർജറ്റ് ഓഡിയൻസിനെയും ലക്ഷ്യമിട്ട് ബന്ധപ്പെട്ട രാജ്യങ്ങളിൽ

വിശേഷാൽ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അറബു രാജ്യങ്ങളിൽനിന്നുള്ള ടൂറിസം വർദ്ധന അവരുമായി കൂടുതൽ വ്യക്തിബന്ധങ്ങൾ വളർത്തുന്നതിനും കുടിയേറ്റത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായിക്കും.

193. കേരള ടൂറിസം മാർട്ട് ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റു ബിസിനസ് മീറ്റായി വികസിപ്പിക്കുന്നതിനുള്ള ധനസഹായം സർക്കാർ നൽകും.

194. അന്താരാഷ്ട്ര ടൂറിസം മേളകളിൽ നമ്മുടെ സാന്നിധ്യം ഇനിയും ഉയർത്തണം. ഇത്തരം മേളകളിൽ പങ്കെടുക്കുന്നതിന് സ്വകാര്യമേഖലയ്ക്ക് ഉചിതമായ പ്രോത്സാഹനസഹായം നൽകും.

195. ടൂറിസം മേഖലയെ ബാധിക്കുന്ന നികുതികൾ പുനപരിശോധനയ്ക്ക് വിധേയമാക്കും. ചരക്കുസേവന നികുതി വരുന്നതോടെ ലക്ഷ്വറി ടാക്സ് ഇല്ലാതാകും.

196. ടൂറിസത്തിന വേണ്ടിയുള്ള സർക്കാർ ബജറ്റ് വിഹിതം ഗണ്യമായി ഉയർത്തും. ടൂറിസം മേഖലയുടെ തൊഴിൽസാധ്യതകൾ പരിഗണിച്ച് ഈ മേഖലയിൽനിന്നു സമാഹരിക്കുന്ന വിഭവങ്ങളുടെ നിശ്ചിതശതമാനം ഈ മേഖലയുടെ തന്നെ വികസനത്തിനായി മുതൽമുടക്കുന്നതാണ്.

197. കെ.ടി.ഡി.സി സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യക്ഷ വികസന ഏജൻസിയാണ്. കെ.ടി.ഡി.സിയ്ക്ക് ആദ്യം വേണ്ടത് ഒരു പ്രൊഫഷണൽ ബോർഡും മാനേജ്മെന്റുമാണ്. കെ.ടി.ഡി.സിയുടെ പ്രവർത്തനത്തെ സമൂലമായി പരിഷ്കരിക്കും.

198. കേരളത്തിലെ ടൂറിസത്തിന് പ്രതിവർഷം ഒരു ലക്ഷം പേരെങ്കിലും പുതുതായി ടൂറിസവുമായി ബന്ധപ്പെട്ട മേഖലകളിൽ ആവശ്യമുണ്ട്. എന്നാൽ പരിശീലനം ലഭിക്കുന്നത് ഏതാണ്ട് 15000 പേർക്കാണ്. നിലവിലെ വളർച്ച യുടെ തോത് അനുസരിച്ച് ഓരോ വർഷവും അധിക മാനവവിഭവശേഷി ടൂറിസം രംഗത്തു നമുക്ക് ആവശ്യമാണ്. നിലവിലുള്ള KITTS, KIHMS, IHMCT എന്നീ സ്ഥാപനങ്ങളിലെ കുട്ടികളുടെ എണ്ണവും പരിശീലന ശേഷിയും ഉയർത്തും. സ്വാശ്രയ പരിശീലന സ്ഥാപനങ്ങളും ഈ മേഖലയിൽ വരുന്നുണ്ട്. കരിക്കുലത്തെയും പരിശീലന ത്തെയും പരിശോധിക്കുന്നതിനും റേറ്റിംഗ് നടത്തുന്നതിനും പ്രത്യേക സംവിധാനം ഉണ്ടാക്കും. ടൂറിസ്റ്റ് ഗൈഡു കളുടെ പരിശീലനത്തിന് പ്രത്യേക ഊന്നൽ നൽകും. പൊതു ആർട്സ് ആന്റ് സയൻസ് കോളജുകളിലും ടൂറിസവുമായി ബന്ധപ്പെട്ടുള്ള കോഴ്സുകൾ ആരംഭിക്കും.

199. ഉത്തരവാദിത്ത ടൂറിസംനയം തുടരും. കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളുടെ എല്ലാം കാരിയിംഗ് കപ്പാസിറ്റി പഠനം അടിയന്തരമായി നടത്തും. ടൂറിസം മേഖലകളിലെ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ജനപ്രതിനിധികൾക്ക് ടൂറിസം വികസനത്തിന് ഒരു സബ് പ്ലാൻ തയ്യാറാക്കുന്നതിന് കേന്ദ്രീകൃതമായ പരിശീലനം നൽകും.

200. ടൂറിസം കേന്ദ്രങ്ങൾക്ക് ഒരു ഗ്രീൻ പ്രോട്ടോക്കോളുണ്ടാക്കും. ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കും. പ്ലാസ്റ്റിക് നിരോധിക്കും. ഹൗസ് ബോട്ടുകളുടെ മാലിന്യം സംസ്ക്കരിക്കുന്നതിന് ആധുനിക പൊതുസൗകര്യകേന്ദ്രങ്ങൾ സ്ഥാപിക്കും.

201. തീർത്ഥാടന കേന്ദ്രങ്ങളേയും സാംസ്കാരിക പൈതൃക കേന്ദ്രങ്ങളേയും ബന്ധപ്പെടുത്തിയുള്ള പിൽഗ്രിംസ് ടൂറിസം നയം ആവിഷ്കരിക്കും. കരകൗശല വ്യവസായത്തെ ടൂറിസവുമായി ബന്ധപ്പെടുത്തുന്ന ഗ്രാമീണ നഗര കരകൗ ശല മേളകൾ ടൂറിസത്തിന്റെ ഭാഗമായി സംഘടിപ്പിക്കും. ഫാം ടൂറിസം പ്രോത്സാഹിപ്പിക്കും.

202. ആയുർവേദ ടൂറിസത്തിന്റെ വികസനത്തിനായി ഈ മേഖലയിൽ കേരളത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് വിദേശങ്ങളിലെ ട്രാവൽമാർട്ടുകളിലൂടെ ഫലപ്രദമായി പ്രചരിപ്പിക്കും.

## വൻകിട നഗര വികസനം

203. കേരളത്തിലെ പ്രമുഖ നഗരങ്ങളായ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളെ മെട്രോ സിറ്റിയാക്കി വളർത്തിയെടുക്കുന്നതിനുള്ള ഇടപെടൽ നടത്തും. വിമാനത്താവളങ്ങളും മെട്രോ സംവിധാനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. നഗര ഗതാഗതക്കുരുക്കുകൾ അഴി ക്കുന്നതിന് സിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമുകളും ജംഗ്ഷൻ നവീകരണവും ബൈപ്പാസുകളും നടപ്പാക്കും.

204. തലസ്ഥാന വികസനത്തിനായി തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കൽ, നേമം സാറ്റലൈറ്റ് ടെർമി നലായി വികസിപ്പിക്കൽ, ആറ്റുകാൽ ടൗൺഷിപ്പ് വികസനം, വെള്ളക്കെട്ടിന് പരിഹാരം തുടങ്ങിയ നടപടികൾ സ്വീകരിക്കും.

## മലബാറിന്റെ വികസനം

205. ചരിത്രപരമായ കാരണങ്ങളാൽ പുറകോട്ടുപോയിട്ടുള്ള മലബാറിന്റെ വികസനത്തിനായി പ്രത്യേക പാക്കേജ് നട പ്പിലാക്കുന്നതാണ്. കാസർഗോഡ്, വയനാട് പോലെ വികസനപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതുമാണ്.

206. ടൂറിസം സർക്യൂട്ട് മാപ്പിൽ, വടക്കൻ കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടില്ല. അന്തർദേശീയ ടൂർ ഓപ്പറേറ്റർമാർ വടക്കൻ കേരളത്തിലേയ്ക്ക് ടൂറിസ്റ്റുകളെ അയയ്ക്കുന്നില്ല. ഈ പോരായ്മ പരിഹരിക്കും.

## വൈദ്യുതി

207. 2017 ൽ മുഴുവൻ ഭവനങ്ങളിലും വൈദ്യുതി എത്തിക്കും. കെ.എസ്.ഇ.ബി.യുടെ പ്രവർത്തന ചെലവുകളും വൈദ്യുതി വാങ്ങൽ ചെലവുകളും യുക്തിസഹമാക്കുന്നതുവഴി എല്ലാവർക്കും താങ്ങാവുന്ന നിരക്കിൽ വൈദ്യുതി ഉറപ്പാക്കും.

208. പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തി 1200–1320 മെഗാവാട്ട് ശേഷിയുള്ള കൽക്കരി നിലയം സ്ഥാപിക്കുന്നതിനുള്ള ഇടപെടൽ നടത്തും. പദ്ധതിപ്രദേശത്തെ സാമൂഹിക–വ്യവസായ വികസന പരിപാടി സമാന്തരമായി ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്യും. കേരളത്തിൽ കഴിയുന്നില്ലെങ്കിൽ കൽക്കരി ഖനന പ്രദേശത്ത് ഇത് സ്ഥാപിക്കും.

209. ന്യായമായ പ്രകൃതി വാതക കരാറിനായി പരിശ്രമിക്കും. ഇതുവഴി കൊച്ചി എൽ.എൻ.ജി ടെർമിനൽ പ്രവർത്തനക്ഷമമാക്കാനും പ്രകൃതി വാതക പൈപ്പ്‌ലൈനിൽ ബന്ധിപ്പിച്ചിട്ടുള്ള ബ്രഹ്മപുരത്ത് വൈദ്യുതി നിലയം സ്ഥാപിക്കാനും കഴിയും. കായംകുളം നിലയത്തിന് പ്രകൃതിവാതക ലഭ്യത ഉറപ്പുവരുത്തും.

210. പുനരുപയോഗ ഊർജ്ജസ്രോതസ്സുകളായ ചെറുകിട ജലവൈദ്യുത പദ്ധതികൾ കാറ്റ്, സൗരോർജ്ജം എന്നിവയിൽ നിന്നുള്ള വൈദ്യുതി ഉൽപാദനം ത്വരിതഗതിയിൽ വർദ്ധിപ്പിക്കും. 25 ശതമാനം തോതിൽ വാർഷിക വളർച്ച കൈവരിച്ച് 2020 ഓടെ കേരളത്തിന്റെ ആകെ വൈദ്യുതി ആവശ്യകതയും കുറഞ്ഞത് 10 ശതമാനമെങ്കിലും ഇവയിൽ നിന്നെന്ന് ഉറപ്പുവരുത്തും. ഇതിനായി പുനരുപയോഗ വൈദ്യുത ഉൽപാദനശേഷി 2020 ഓടെ 1500 മെഗാവാട്ടായി വർദ്ധിപ്പിക്കും. പുരപ്പുറ സൗരോർജ്ജ വൈദ്യുതിനിലയങ്ങളും തരിശുഭൂമി ഉപയോഗപ്പെടുത്തിയുള്ള സൗരോർജ്ജനിലയങ്ങളും ഡാം റിസർവോയറുകളും കനാലുകളും ഈ പരിപാടിയിലെ മുഖ്യഘടകമായിരിക്കും. പ്രസരണ നഷ്ടം കുറയ്ക്കും.

211. 2021–ഓടെ 500 മെഗാവാട്ട് ജലവൈദ്യുത പദ്ധതികളിൽ നിന്നും അധികമായി ലക്ഷ്യമിടുന്നു. നിലവിലുള്ള പദ്ധതികളുടെ ശേഷി വർദ്ധിപ്പിക്കൽ, പുതിയവ നടപ്പാക്കൽ, നിലവിലുള്ളവയുടെ വൃഷ്ടി പ്രദേശത്തിന്റെ പുനരുദ്ധാരണം, സംഭരണശേഷി വർദ്ധിപ്പിക്കൽ എന്നിവയെല്ലാം ഈ പരിപാടിയുടെ ഭാഗമാക്കും.

212. വൈദ്യുതി വിതരണ ശൃംഖലയുടെ വിശ്വാസ്യത (റിലയബിലിറ്റി) വർദ്ധിപ്പിക്കാനും അസ്ഥിരസ്രോതസ്സുകൾ സ്വാംശീകരിക്കാനും സ്മാർട്ട് ഗ്രിഡ് സംവിധാനം ഘട്ടംഘട്ടമായി നടപ്പാക്കും. പ്രസരണശൃംഖല ശക്തിപ്പെടുത്തും.

213. വൈദ്യുതിയുടെ ഊർജ്ജക്ഷമത വർദ്ധിപ്പിക്കുന്നതിനും അതുവഴി ആവശ്യകതയെ സ്വാധീനിക്കുന്നതിനും ജനകീയ കാമ്പയിൻ സംഘടിപ്പിക്കും. ഊർജക്ഷമതയേറിയ വൈദ്യുതോപകരണങ്ങൾ പ്രോത്സാഹിപ്പിക്കും. ഇവയിൽ പലതും സൗജന്യമായി ജനങ്ങൾക്കു നൽകിയാലും അതിൽനിന്ന് ലാഭിക്കുന്ന വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള സ്ഥാപനശേഷിയ്ക്കു വേണ്ടിയുള്ള മുതൽമുടക്കു കണക്കാക്കുമ്പോൾ ലാഭകരമായിരിക്കും. എല്ലാ സ്ഥാപനങ്ങളിലും ഊർജ ഓഡിറ്റ് നടത്തി ദുർവ്യയം ഒഴിവാക്കും.

214. വ്യാവസായിക സംരംഭങ്ങൾക്ക് ഉദാരമായ വ്യവസ്ഥകളിൽ ക്യാപ്ടീവ് അടിസ്ഥാനത്തിൽ വൈദ്യുതി നിലയങ്ങൾക്ക് അനുമതി നൽകും.

## ഗതാഗതം

215. എൻ.എച്ച്–47 ഉം എൻ.എച്ച്–17 ഉം നാലുവരി പാതയുടെ നിലവാരത്തിൽ ശക്തിപ്പെടുത്തുകയും വീതികൂട്ടുകയും ചെയ്യും. എം.സി റോഡ് നവീകരണം പൂർത്തിയാക്കും.

216. കേരളത്തിലെ എല്ലാ സംസ്ഥാനപാതകളും ജില്ലാ റോഡുകളും ബി.എം & ബി.സി റോഡുകളായി നവീകരിക്കും. അപൂർണ്ണമായ എല്ലാ ബൈപ്പാസുകളും എല്ലാ റെയിൽവേ മേൽപ്പാലങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കും. മെയിന്റനൻസ് കോൺട്രാക്ടോടുകൂടിയായിരിക്കും ഇവ ടെണ്ടർ വിളിക്കുക. റബ്ബറൈസ്ഡ് റോഡുകൾ പ്രോത്സാഹിപ്പിക്കും.

217. കഴിഞ്ഞ ഇടതുമുന്നണി സർക്കാർ സംസ്ഥാനപാതയായി പ്രഖ്യാപിച്ച തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ഹിൽഹൈവേ വികസനം പൂർത്തിയാക്കും. പൊന്നാനി മുതൽ കോഴിക്കോട് വരെയുള്ള തീരദേശ ഹൈവേയും അതിവേഗം പൂർത്തിയാക്കും.

218. ഹൈവേകളുടെയും റോഡുകളുടെയും സംരക്ഷണവും അറ്റകുറ്റപ്പണികളും കാര്യക്ഷമമായി നടപ്പിലാക്കാനുള്ള സംവിധാനങ്ങൾ ആവിഷ്ക്കരിക്കും. സർക്കാർ ഉടമസ്ഥതയിൽ മൊബൈൽ റോഡ് റിപ്പയർ യൂണിറ്റ് എന്ന ആശയം നടപ്പിലാക്കിയാൽ റോഡിലുണ്ടാകുന്ന കുഴികൾ വേഗത്തിൽ നന്നാക്കാനും അതുവഴി അപകടങ്ങൾ കുറയ്ക്കാനും സാധിക്കും. ദീർഘകാല മെയിന്റൻസ് കോൺട്രാക്ട് വ്യവസ്ഥകൾ ഉൾപ്പെടുത്തിയായിരിക്കും പ്രധാന റോഡുകൾ ടെണ്ടർ ചെയ്യുക.

219. സ്ഥലമേറ്റെടുക്കലിന് പൂർണ്ണമായ നഷ്ടപരിഹാരവും പുനരധിവാസ പാക്കേജും നൽകും. ഇതിനുവേണ്ടി പ്രത്യേക കമ്പനി രൂപീകരിക്കുകയും സഹകരണ മേഖലയിൽ നിന്നും വായ്പ ലഭ്യമാക്കുകയും ചെയ്യും.

220. പൊതുഗതാഗത കാര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് സ്വകാര്യ വാഹനങ്ങളുടെ പെരുപ്പം കൊണ്ടുണ്ടാകുന്ന ഗതാഗതക്കുരുക്കുകളും അപകടങ്ങളും പരിസ്ഥിതി മലിനീകരണവും ഗണ്യമായ തോതിൽ കുറയ്ക്കാൻ ഇടപെടും. വൈദ്യുതി/ബാറ്ററി കൊണ്ട് ഓടുന്ന വാഹനങ്ങൾ, സി.എൻ.ജി ബസുകൾ, മെട്രോ/ലൈറ്റ് റെയിൽ സംവിധാനങ്ങൾ, മെമു സർവ്വീസ് തുടങ്ങിയ പരിസ്ഥിതി സൗഹൃദഗതാഗത മാർഗങ്ങൾ ഘട്ടം ഘട്ടമായി അവലംബിക്കും.

221. സൈക്കിൾ യാത്രക്കാർക്കും കാൽനടക്കാർക്കുമുള്ള പ്രത്യേക പാതകൾ, പാർക്കുകളുടെ ശൃംഖല, ഫുട്ഓവർ ബ്രിഡ്ജുകൾ, ഫ്ളൈഓവറുകൾ, സബ്‌വേകൾ എന്നിവയ്ക്ക് ഒരു സമഗ്രപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കും. സംസ്ഥാന സർക്കാർ നിർമ്മിക്കുന്ന ഒരു റോഡും പാലവും ടോൾ അധിഷ്ഠിതമായിരിക്കില്ല. അനധികൃതമായ ടോൾ പിരിവുകൾ നിർത്തലാക്കും.

222. കെ.എസ്.ആർ.ടി.സി.യുടെ കടഭാരം ഏറ്റെടുക്കലടക്കം സമഗ്രമായ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കും. കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് സമയബന്ധിതമായി പെൻഷൻ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. കെ.എസ്.ആർ.ടി.സിയുടെ റൂട്ടുകൾ സംരക്ഷിക്കും.

223. ജലപാതകളും ഉൾനാടൻ ജലഗതാഗത സംവിധാനങ്ങളും പുനരുദ്ധരിക്കും. ദേശീയ ജലപാത–3 (കൊല്ലം–കോട്ടപ്പുറം) പൂർണ്ണമായും പ്രവർത്തനസജ്ജമാക്കും. മൊത്തം ഗതാഗത്തിൽ ജലഗതാഗതത്തിന്റെ തോത് നിലവിലുള്ള ഒരു ശതമാനത്തിൽ നിന്ന് അടുത്ത അഞ്ച് വർഷത്തിനകം അഞ്ച് ശതമാനമായി ഉയർത്താനുള്ള കർമ്മപദ്ധതി രൂപീകരിക്കും.

224. വിഴിഞ്ഞം, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കോട്, ബേക്കൽ തുടങ്ങിയ തുറമുഖങ്ങളെ ബന്ധിപ്പിച്ച് ജലമാർഗമുള്ള ചരക്ക് സംവിധാനം ആരംഭിക്കും. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ അതിവേഗ ഫെറി സർവ്വീസ് ആരംഭിക്കാൻ പഠനം നടത്തും. പ്രായോഗികമാണെന്ന് കണ്ടെത്തിയാൽ സ്വത്വര വേഗത്തിൽ നടപ്പിലാക്കി നിലവിലുള്ള ഗതാഗത പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കും.

225. എൻ.ഡബ്ല്യു–3 വിപുലീകരണം (കൊല്ലം–വിഴിഞ്ഞം, കോട്ടപ്പുറം–കാസർഗോഡ്) നടപ്പിലാക്കാൻ കേന്ദ്രസർക്കാരിന്റെ പ്രഖ്യാപനവും തുടർനടപടികളും ആവശ്യമാണ്. ഇതിനായുള്ള കർമ്മപദ്ധതി ആവിഷ്ക്കരിക്കും.

226. കുടുംബാംഗങ്ങളുമായി യാത്ര ചെയ്യുന്നവരെപ്പോലും പ്രകോപനമില്ലാതെ തടഞ്ഞുനിർത്തി പരിശോധിക്കുന്ന സ്ഥിതിയുണ്ട്. ഇത് ഒഴിവാക്കാൻ ഘട്ടം ഘട്ടമായി സ്മാർട്ട് റോഡ് പദ്ധതി നടപ്പിലാക്കും. ഭിന്നശേഷിക്കാർക്കായി പ്രത്യേക പാർക്കിംഗ് തുടങ്ങിയ സംവിധാനങ്ങൾ റോഡിന്റെ അനുബന്ധമായി ഏർപ്പെടുത്തും.

227. ഡ്രൈവിംഗ് സ്കൂളുകളുടെ നിലവാരം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കും.

228. ചെങ്ങന്നൂർ–പിറവം, ഹരിപ്പാട്–എറണാകുളം, തിരുവനന്തപുരം–നാഗർകോവിൽ പാത ഇരട്ടിപ്പിക്കൽ മുൻഗണനാക്രമത്തിൽ പൂർത്തീകരിക്കാൻ കേന്ദ്ര സർക്കാരിനോട് സമ്മർദ്ദം ചെലുത്തും. ഷൊർണ്ണൂർ–മംഗലാപുരം പാത വൈദ്യുതീകരണം മുൻഗണനാ ക്രമത്തിൽ പൂർത്തീകരിക്കാൻ ഇടപെടും.

229. കഞ്ചിക്കോട് റെയിൽകോച്ച് ഫാക്ടറി പൂർത്തീകരിച്ച് പ്രവർത്തനമാരംഭിക്കാൻ കേന്ദ്ര സർക്കാരിനോട് സമ്മർദ്ദം ചെലുത്തും.

230. ഇന്നുള്ള തിരുവനന്തപുരം–മംഗലാപുരം പാത നാലുവരി പാതയാക്കി മാറ്റുന്നതിന് ഇന്ത്യൻ റെയിൽവേയുമായി ചേർന്ന് സംയുക്ത കമ്പനി രൂപീകരിക്കും. ഇരട്ടിപ്പിക്കുന്ന പാത അതിവേഗ ട്രെയിൻ ഓടിക്കാൻ സജ്ജമാക്കും. ഇതിന് റെയിൽവേയുടെ സഹകരണവും പങ്കാളിത്തവും സാധ്യമാക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും.

231. ഗുരുവായൂർ–തിരുനാവായ പാത, ശബരി പാത, തലശ്ശേരി–മൈസൂർ പാത, എരുമേലിയേയും പുനലൂർ–ചെങ്കോട്ട പാതയേയും തമ്മിൽ ബന്ധിപ്പിക്കുന്ന പാത, നിലമ്പൂർ–നഞ്ചൻകോട് പാത നിർമ്മാണം ആരംഭിക്കൽ മുൻഗണനാ ക്രമത്തിൽ പൂർത്തീകരിക്കാൻ കേന്ദ്ര സർക്കാരിനോട് സമ്മർദ്ദം ചെലുത്തും.

232. കൊച്ചി മെട്രോയുടെയും തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെയും പൂർത്തീകരണവും കാര്യക്ഷമമായ പ്രവർത്തനവും ഉറപ്പാക്കും.

233. കൊച്ചിയിൽ മൾട്ടീ മോഡ് ലോജിസ്റ്റിക് പാർക്ക്, പ്രധാന വ്യാപാര കേന്ദ്രങ്ങളിൽ ഏകീകൃത ചരക്കു ഗതാഗത സൗകര്യം നടപ്പിലാക്കും. പ്രധാന നഗരങ്ങളിൽ ട്രാൻസിറ്റ് ഹബ്ബുകൾ ആരംഭിക്കും.

234. കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിന് സഹകരണ മേഖലയേയും പ്രവാസികളേയും പങ്കെടുപ്പിച്ചുകൊണ്ട് പ്രത്യേക വികസന പാക്കേജ് നടപ്പിലാക്കും.

## ജലസേചനം

235. ജലവിഭവ വകുപ്പിനെ നദീതടാടിസ്ഥാനത്തിൽ പുനസംഘടിപ്പിക്കുകയും ഭൂഗർഭജല വകുപ്പിന്റെ പ്രവർത്തനങ്ങളെ അതുമായി ബന്ധിപ്പിക്കുകയും ചെയ്യും.

236. പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ ചെറുനീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണ – ജലസുരക്ഷാ പദ്ധതികൾ തയ്യാറാക്കുകയും അവ ഉചിതമായി സംയോജിപ്പിച്ച് നദീതട അടിസ്ഥാനത്തിലുള്ള ജലസുരക്ഷാ പദ്ധതിക്ക് രൂപം നൽകുകയും ചെയ്യും. പുഴകളെത്തന്നെ ജലസംഭരണികളാക്കി മാറ്റുന്നതിന്

വേണ്ടി ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ചെക്ക്ഡാമുകളുടെയും റെഗുലേറ്റേഴ്സിന്റെയും ശൃംഖല പണിയും. ഭൂഗർഭജലം റീചാർജ്ജിംഗിന് പദ്ധതികൾ ആവിഷ്കരിക്കും.

237. ജലസ്രോതസുകളുടെ മലിനീകരണത്തിനെതിരെ ശിക്ഷാനടപടികൾ കൂടുതൽ കർശനമാക്കും. വിസർജ്യമാലിന്യം സുരക്ഷിതമായി പരിപാലിക്കാൻ സംവിധാനമുണ്ടാക്കും.

238. ജലഗുണനിലവാര പരിശോധനയ്ക്ക് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അംഗീകൃത കേന്ദ്രങ്ങൾ സ്ഥാപിക്കും. ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സഹായത്തോടെ സ്കൂൾ ലാബുകളിലും ഇതിനുള്ള പൊതുസംവിധാനം ഒരുക്കും.

239. നിലവിലുള്ള വൻകിട ജലസേചന പദ്ധതികൾ കർശനമായ പരിശോധനയുടെ അടിസ്ഥാനത്തിൽ വിലയിരുത്തും. അനിവാര്യമായവ സമയബന്ധിതമായി പൂർത്തീകരിക്കും. നിലവിലുള്ളവ പൂർത്തീകരിച്ചേ പുതിയ പദ്ധതികൾ ഏറ്റെടുക്കുകയുള്ളൂ. കാർഷിക കലണ്ടറിനനുസരിച്ച് ജലസേചനപദ്ധതികളിലെ ജലവിതരണം കാര്യക്ഷമമാക്കും. കൂടുതൽ കൃഷിസ്ഥലങ്ങളിൽ ജലസേചന സൗകര്യം എത്തിക്കും. അതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഒരു കർമ്മപദ്ധതി ആവിഷ്കരിക്കും.

240. കാഡയുടെ പ്രവർത്തനത്തെ സമഗ്രമായി പുനഃസംഘടിപ്പിക്കും. ബ്രാഞ്ച് കനാലുകൾ ഡിസ്ട്രിബ്യൂട്ടറീസ്, ഫീൽഡ് ബൂത്തികൾ, തലക്കുളങ്ങൾ, മഴവെള്ള നിർഗമന തോടുകൾ തുടങ്ങിയവ സംരക്ഷിക്കുന്നതിന് വലിയതോതിൽ തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തുന്നതിന് പ്രാദേശിക മാസ്റ്റർപ്ലാൻ ഉണ്ടാക്കും. ചെറുകിട ജലസേചന പദ്ധതികളും ഡ്രിപ്പ് ഫെർട്ടിഗേഷൻ, മൈക്രോ ഇറിഗേഷൻ, പ്രിസിഷൻ ഫാമിംഗ് പോലുള്ള ജലവിനിയോഗക്ഷമത കൂടിയ നവീന ജലസേചന പദ്ധതികളെ കൂടുതൽ പ്രോത്സാഹിപ്പിക്കും. ജലസേചനത്തിനായി സ്ഥാപിച്ച പല പദ്ധതികളും യന്ത്രത്തകരാർ മൂലവും മറ്റു ചില പിഴവുകൾ മൂലവും നാശോന്മുഖമായ അവസ്ഥയിലാണ്. അവയെ പുനരുജ്ജീവിപ്പിക്കാനും കാര്യക്ഷമമായി നിലനിർത്താനുമുള്ള പദ്ധതികൾ ആവിഷ്കരിക്കും.

241. മഴനിഴൽ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി പ്രത്യേക പദ്ധതികൾക്ക് രൂപം നൽകും. ഏറ്റവും ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ ഉദാഹരണത്തിന് ചിറ്റൂർ താലൂക്കിലെ കൊഴിഞ്ഞാമ്പാറ, വടകരപ്പതി പോലുള്ള പ്രദേശങ്ങളിൽ മുമ്പ് സൂചിപ്പിച്ച ജലവിനിയോഗക്ഷമത കൂടിയ സ്കീമുകൾ പ്രത്യേകം മുൻഗണന നൽകി നടപ്പിലാക്കും.

242. അന്തർസംസ്ഥാന നദീജല കരാറുകൾ സമയബന്ധിതമായും കാലോചിതമായും പുനരലോകനം ചെയ്യുന്നതിന് വേണ്ടി ഒരു സ്ഥിരം കർമ്മസേന രൂപീകരിക്കും. നദീ സംയോജന പദ്ധതിയിൽ പമ്പ–അച്ചൻകോവിൽ ആറുകളെ ഉൾപ്പെടുത്താൻ അനുവദിക്കുന്നതല്ല. മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയാനുള്ള പരിശ്രമം തുടരും.

243. ജലമലിനീകരണം ഇല്ലാതാക്കുന്നതിനും നദികളെ സംരക്ഷിക്കുന്നതിനും പ്രത്യേക ആക്ഷൻ പ്ലാൻ രൂപീകരിക്കും. പമ്പ ആക്ഷൻ പ്ലാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കും. വേമ്പനാട് കായൽ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കും. തോടുകളും ഇടതോടുകളും വൃത്തിയാക്കാനും പരിപാലിക്കാനും തദ്ദേശഭരണാടിസ്ഥാനത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കും.

244. കുട്ടനാട് പാക്കേജ് പൂർത്തീകരിക്കും. കുട്ടനാട്ടിലെ മലിനീകരണം കുറയ്ക്കുന്നതിന് പുതിയൊരു കാർഷിക കലണ്ടർ തയ്യാറാക്കി തണ്ണീർമുക്കം ഷട്ടറുകൾ അടച്ചിടുന്നത് പരമാവധി കുറയ്ക്കും. ഇത്തരമൊരു നടപടി സ്വീകരിക്കുന്നതോടൊപ്പം, കുടിവെള്ളക്ഷാമം ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തുന്നതിന് കുട്ടനാട് കുടിവെള്ള പദ്ധതി പൂർത്തീകരിക്കും.

245. ഉപയോഗിച്ചു കഴിഞ്ഞ വെള്ളം ശുദ്ധീകരിച്ച് പുനരുപയോഗിക്കാൻ സംവിധാനം ഉണ്ടാക്കും.

246. വിദഗ്ദ്ധ പഠനങ്ങൾ കാണിക്കുന്നത് പല വിളകൾക്കും ആവശ്യമായതിന്റെ 2–3 ഇരട്ടി വെള്ളം ജലസേചനം ചെയ്യുന്നു എന്നാണ്. ജല ഉപയോഗം കുറയ്ക്കാനായി ചില വിളകൾക്ക് സ്പ്രിംഗ്ളർ ജലസേചനം ഏർപ്പെടുത്തുന്നതാണ്.

## കുടിവെള്ളം

247. വലിപ്പച്ചെറുപ്പമില്ലാതെ എല്ലാ ജലവിതരണ പദ്ധതികളുടെയും സോഷ്യൽ ഓഡിറ്റിംഗ് നടത്തും. സ്രോതസിന്റെ ശേഷി, ലഭ്യത, യഥാർത്ഥ്യത്തിൽ നിലവിലുള്ള ഗുണഭോക്താക്കളുടെ എണ്ണം, നിലവിലുള്ള ജലവിതരണക്ഷമത, പൈപ്പ്, ടാങ്ക്, ടാപ്പുകൾ തുടങ്ങിയവയുടെ യഥാർത്ഥ സ്ഥിതി, ജലഗുണനിലവാരം, ശുദ്ധീകരണ സംവിധാനത്തിന്റെ കാര്യക്ഷമത, നേരിടുന്ന പ്രശ്നങ്ങൾ തുടങ്ങിയവയൊക്കെ ഇതിലൂടെ വിലയിരുത്തപ്പെടും. പഴയ പദ്ധതികൾ ആവശ്യമെങ്കിൽ പുനരധിവസിപ്പിക്കും.

248. നഗരപ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ബ്രഹത് പദ്ധതികൾ അനിവാര്യമാണ്. കനേഷ്കുമാരി കണക്ക് പ്രകാരം 30 ശതമാനം കുടുംബങ്ങൾക്കാണ് പൈപ്പ് വെള്ളം ലഭിക്കുന്നത്. ഇത് 50 ശതമാനമായി ഉയർത്തും. പഴയ പദ്ധതികൾ പുനരുദ്ധരിക്കും. ശുദ്ധീകരണ സംവിധാനങ്ങൾ കാര്യക്ഷമമാക്കും.

249. കേരള വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കും. ദുർവഹമായ കടബാധ്യത ഒഴിവാക്കും. വിതരണനഷ്ടം ഗണ്യമായി കുറയ്ക്കും. സർക്കാരുമായുള്ള എം.ഒ.യു.വിന്റെ അടിസ്ഥാനത്തിൽ നഷ്ടം സബ്സിഡിയായി നൽകും.

250. ജലനിധി പദ്ധതികളുടെ നിർവ്വഹണവും നടത്തിപ്പും പുനരവലോകനം ചെയ്യും. ഇവ പുനരുദ്ധരിക്കാൻ പ്രത്യേക സ്കീമിന് രൂപം നൽകും.

251. കേരളത്തിലെ 60 ശതമാനത്തിലേറെ ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്ന സ്രോതസെന്ന നിലയ്ക്ക് കിണറുകളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകും. കിണറുകളും കുളങ്ങളും സംരക്ഷിക്കുന്നതിനും മഴക്കാലത്ത് റീചാർജ്ജ് ചെയ്യുന്നതിനും ഗുണനിലവാര പരിശോധന നടത്തുന്നതിനും എല്ലാ തദ്ദേശ ഭരണസ്ഥാപനത്തിലും സംവിധാനമുണ്ടാക്കും.

252. സ്വീവേജിന്റെ പ്രവർത്തനം ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിക്കും.

253. കുപ്പിവെള്ളത്തിന്റെ വില നിയന്ത്രിക്കുന്നതിനുവേണ്ടി കുറഞ്ഞ ചെലവിൽ അവ ലഭ്യമാക്കുന്നതിനുള്ള സർക്കാർ സംവിധാനങ്ങൾ വിപുലപ്പെടുത്തും.

## മാലിന്യ നിർമ്മാർജ്ജനം

254. ഉറവിട മാലിന്യസംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി വികേന്ദ്രീകൃത സംസ്കരണ സാങ്കേതികവിദ്യകൾ വ്യാപകമാക്കും. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനെ പ്രോത്സാഹിപ്പിക്കും. ഇതിനായി കമ്പോസ്റ്റിംഗ്, ബയോഗ്യാസ്, മണ്ണിര കമ്പോസ്റ്റിംഗ് എന്നീ സാങ്കേതികവിദ്യകളും ഉൾപ്പെടുത്തും. വീടുകളിലെ ജൈവമാലിന്യ പരിപാലനവും അടുക്കളത്തോട്ടങ്ങളുമായി ബന്ധിപ്പിച്ച് സുരക്ഷിതഭക്ഷണം ഉറപ്പാക്കും.

255. അജൈവ മാലിന്യങ്ങളുടെ ശേഖരണത്തിനും സുരക്ഷിത നിർമ്മാർജ്ജനത്തിനും കുടുംബശ്രീ സംരംഭങ്ങളായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ലാഭകരമായി പ്രവർത്തിക്കാനാകുന്ന റിസോഴ്സ് റിക്കവറി സംരംഭങ്ങൾ സ്ഥാപിക്കും. ജൈവവള ഉത്പ്പാദനവും വിപണനവും, ഗാർഹിക സ്ഥാപനതലങ്ങളിൽ ഉണ്ടാകുന്ന ഹാനികരമായ മാലിന്യങ്ങളുടെയും ഇലക്ട്രോണിക് മാലിന്യങ്ങളുടെയും സുരക്ഷിത നിർമ്മാർജ്ജനവും കൈകാര്യം ചെയ്യാൻ ഈ സംരംഭങ്ങളെ പ്രാപ്തമാക്കും.

256. ഖരമാലിന്യ സംസ്കരണ പരിപാലന പ്രവർത്തനങ്ങൾക്ക് സാങ്കേതിക പിന്തുണ ഉറപ്പാക്കുന്നതിനായി പരിശീലനം സിദ്ധിച്ച പരിപാലന സംഘങ്ങളെ തയ്യാറാക്കും. ഇത്തരം സംഘങ്ങളുടെ പ്രവർത്തനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമായിരിക്കും. റസിഡന്റ്സ് അസോസിയേഷനുകൾക്ക് നേതൃത്വപരമായ പങ്ക് നൽകും.

257. ഇലക്ട്രോണിക് ബയോ–മെഡിക്കൽ മാലിന്യങ്ങൾ, അപകടകരമായ മാലിന്യങ്ങൾ എന്നിവ സംഭരിച്ച് കേന്ദ്ര സർക്കാർ അംഗീകരിച്ച ഏജൻസികൾക്ക് കൈമാറും.

258. ആവശ്യമുള്ള പൊതു ഇടങ്ങളിൽ ഉപയോഗക്ഷമവും സ്ത്രീസൗഹൃദവുമായ പൊതുശൗചാലയങ്ങൾ ഉറപ്പാക്കും. എല്ലാ 50 കിലോമീറ്ററുകളിലും ഹൈവേ കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കും. നിലവിലുള്ള പെട്രോൾ പമ്പുകൾ, ഹൈവേ ഭക്ഷണശാലകൾ എന്നിവയോട് ബന്ധപ്പെടുത്തിയായിരിക്കും ഈ ശൗചാലയ ശൃംഖല പ്രവർത്തിക്കുക.

259. സുരക്ഷിതമായ മാലിന്യ സംസ്കരണത്തിനും പാരിസ്ഥിതിക ആരോഗ്യ സംരക്ഷണത്തിനും സംസ്ഥാനമൊട്ടാകെ ജനകീയാസൂത്രണ മാതൃകയിൽ ഒരു കാമ്പയിന് രൂപം നൽകും. പ്ലാസ്റ്റിക് പോലുള്ള പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന ഉൽപന്നങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിന് ബദൽ ഉൽപന്നങ്ങളെ പ്രോത്സാഹിപ്പിക്കും.

260. ശുചിത്വാരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളെ ആഗോള താപനത്തിനെതിരായ ദേശീയ അന്തർദേശീയ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കും.

261. വെള്ളം, വായു എന്നിവ മലിനപ്പെടുത്തുന്നവർക്കെതിരെ കടുത്ത നടപടി ഉണ്ടാകുന്ന വിധം നിയമനിർമ്മാണം നടത്തും.

262. നമ്മുടെ ജലസ്രോതസ്സുകളായ നദികളും തടാകങ്ങളും തണ്ണീർത്തടങ്ങളും അടക്കമുള്ള ജലസ്രോതസ്സുകൾ വീണ്ടെടുക്കാനും സംരക്ഷിക്കാനും ബൃഹദ്പദ്ധതികൾ കൊണ്ടുവരും. ഇതിനായി കേരളത്തിൽ ജലസ്രോതസ് സംരക്ഷണ സമിതികൾ ഉണ്ടാക്കും.

263. സംസ്കരിക്കപ്പെട്ട മാലിന്യം കൃഷിക്ക് പ്രയോജനപ്പെടുത്തും.

## ആരോഗ്യം

264. സർക്കാർ ആശുപത്രികളുടെ വിപുലീകരണത്തിനും നവീകരണത്തിനും ആരോഗ്യ നയത്തിൽ ഊന്നൽ നൽകും. സംസ്ഥാന സർക്കാരിന്റെ ആരോഗ്യ ചെലവ് സംസ്ഥാന ഉല്പാദനത്തിന്റെ 0.6 ശതമാനത്തിൽ നിന്നും വർഷം കണ്ട് ഒരു ശതമാനമായി വർധിപ്പിച്ച് അഞ്ച് ശതമാനത്തിൽ എത്തിക്കും.

265. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വൻകിട കോർപ്പറേറ്റ് ആശുപത്രികളെ കഴിവതും ഒഴിവാക്കി സർക്കാർ ഇടത്തരം

സ്വകാര്യ ആശുപത്രികളിലേക്കായി പരിമിതപ്പെടുത്തും. ഇൻഷ്വറൻസ് പദ്ധതി വഴി ലഭിക്കുന്ന വിഹിതം പ്രയോജനപ്പെടുത്തി സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തും. അർബുദം, വൃക്കരോഗങ്ങൾ, കരൾ, തലച്ചോറിലെ ട്യൂമർ തുടങ്ങിയവയ്ക്കും ഇതുവഴി സൗജന്യ ചികിത്സ ഉറപ്പുവരുത്തും.

266. സർക്കാർ ആരോഗ്യസ്ഥാപനങ്ങളുടെ സൗകര്യങ്ങൾ വിപുലീകരിക്കും. പി.എച്ച്.സികളിൽ അടക്കമുള്ള സ്റ്റാഫ് പാറ്റേൺ ഉചിതമായ മാറ്റങ്ങൾ വരുത്തി ആവശ്യാനുസരണം പരിഷ്കരിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് എല്ലാ പി.എച്ച്.സികളിലും രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ സജ്ജമാക്കും. പ്രൈമറി ഹെൽത്ത് സെന്ററുകളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റും.

267. സാന്ത്വനചികിത്സ സംവിധാനം സാർവത്രികമാക്കും. ഇതിനായുള്ള പ്രവർത്തനങ്ങൾ പി.എച്ച്.സി തലത്തിൽ ഏകോപിപ്പിക്കും.

268. പകർച്ചവ്യാധികളുടെ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തും. സമ്പൂർണ്ണ സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പരിപാടി എല്ലാ ജില്ലകളിലും കൃത്യതയോടെ നടപ്പിലാക്കും.

269. ജീവിതരീതി രോഗങ്ങൾ തടയുന്നതിനും പ്രാരംഭ ഘട്ടത്തിൽ കണ്ടെത്തുന്നതിനുമുള്ള ആരോഗ്യ ബോധവൽക്കരണ പരിപാടികൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയും മെഡിക്കൽ കോളേജുകളിലെ സാമൂഹ ആരോഗ്യ വിദഗ്ദ്ധരുടെയും, പ്രൊഫഷണൽ സംഘടനകളുടെയും സഹകരണത്തോടെ നടപ്പിലാക്കും. ഓരോ പൗരന്റേയും ആരോഗ്യനിലയെ മോണിറ്റർ ചെയ്യുന്നതിനും ചികിത്സയും ഉറപ്പുവരുത്തുന്നതിനും ജനകീയസംവിധാനം ഉണ്ടാക്കും.

270. പ്രമേഹത്തിനും രക്തസമ്മർദ്ദത്തിനുമുള്ള മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കും. മൂന്നുമാസം കൂടുമ്പോൾ റവ്യൂ ചെക്കപ്പ് നിർബന്ധമാക്കും. മരുന്ന് കഴിക്കാൻ വിസമ്മതിക്കുന്നവരെ കുടുംബശ്രീയുമായി ചേർന്ന് ബോധവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. കിഡ്നി, കരൾ തുടങ്ങിയവ മാറ്റിവയ്ക്കുന്നതിനുള്ള തുടർചികിത്സ മിതമായ ചെലവിൽ ഉറപ്പുവരുത്താനുള്ള നടപടിയും സ്വീകരിക്കും.

271. സ്കൂൾ, കോളേജ് പാഠ്യപദ്ധതികളിൽ പൊതുജനാരോഗ്യ വിഷയങ്ങൾ ഉൾപ്പെടുത്തും. സ്വകാര്യ ആശുപത്രികളുടെയും രോഗനിർണ്ണയ സെന്ററുകളുടെയും നിരീക്ഷണവും സാമൂഹ്യ നിയന്ത്രണവും ഉറപ്പ് വരുത്തുന്നതിനായി കേന്ദ്ര സർക്കാർ അംഗീകരിച്ച ദ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ & റെഗുലേഷൻ) ഉചിതമായ ഭേദഗതികളോടെ നടപ്പിലാക്കും.

272. ഇ.എസ്.ഐ ആശുപത്രികളുമായി സഹകരിച്ച് തൊഴിൽജന്യ രോഗങ്ങളെ സംബന്ധിച്ച് പഠനം നടത്തി ഉചിതമായ പ്രതിരോധ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തും. പരമ്പരാഗത മേഖലയിലെ തൊഴിൽജന്യ രോഗങ്ങൾ നിർണ്ണയിച്ച് അതിന് ആവശ്യമായ ചികിത്സാ പദ്ധതികൾ നടപ്പിലാക്കാൻ പ്രത്യേക പ്രാധാന്യം നൽകും. കുട്ടികൾക്ക് ഉണ്ടാകുന്ന രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള ഏർളി ഇന്റർവെൻഷൻ സെന്റർ സ്ഥാപിക്കുകയും വികസിപ്പിക്കുകയും ചെയ്യും.

273. കേരള പബ്ലിക് ഹെൽത്ത് ആക്ട്, പാരാമെഡിക്കൽ കൗൺസിൽ ആക്ട്, ഫാർമസി കൗൺസിൽ ആക്ട് എന്നിവ നടപ്പിലാക്കും. കേരള നേഴ്സസ് & മിഡ്വൈഫ് കൗൺസിൽ ആക്ട് ഭേദഗതി ചെയ്ത് കാലോചിതമായി പരിഷ്കരിക്കും.

274. നേഴ്സിംഗ് വിദ്യാഭ്യാസരംഗത്ത് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കും.

275. എല്ലാ അംഗൻവാടികൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്വന്തം കെട്ടിടം ഉറപ്പുവരുത്തും. പൂരക പോഷകാഹാരം ശക്തിപ്പെടുത്തും.

276. മെഡിക്കൽ പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് കാലതാമസം ഒഴിവാക്കി ഡോക്ടർമാർ, നഴ്സുമാർ തുടങ്ങിയവരെ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും നിയമിക്കാൻ പിഎസ്.സിയിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തും. ആവശ്യമെങ്കിൽ മെഡിക്കൽ സർവീസ് റിക്രൂട്ട്മെന്റ് ബോർഡ് ആരംഭിക്കും.

277. ഹെൽത്ത് സർവ്വീസസിലെ സ്പെഷ്യാലിറ്റി കേഡർ, അഡ്മിനിസ്ട്രേറ്റീവ് കേഡർ സംവിധാനങ്ങളുടെ അപാകതകൾ പരിഹരിക്കും.

278. ആരോഗ്യ സ്ഥാപനങ്ങളുടെ ഭരണത്തിൽ ആരോഗ്യ വകുപ്പിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമുള്ള ദ്വിമുഖ നിയന്ത്രണങ്ങളിലെ അപാകതകൾ പരിഹരിക്കും.

279. ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി പ്രാന്തവൽക്കരിക്കപ്പെട്ടവരുടെയും സ്ത്രീകളുടെയും പ്രായാധിക്യമുള്ളവരുടെയും ആരോഗ്യാവശ്യങ്ങൾ നേരിടുന്നതിനായി ഹെൽത്ത് സർവ്വീസിൽ പ്രത്യേക ഭരണ സംവിധാനം ഏർപ്പെടുത്തും. ഭിന്നശേഷിക്കാരുടെ ആരോഗ്യപ്രശ്നങ്ങൾക്കുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തും. പുകയില ഉൽപ്പന്നങ്ങളുടെ ഉപയോഗം കർശനമായി നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഇക്കാര്യത്തിൽ നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കും.

280. എയ്ഡ്സ് രോഗികളുടെ പുനരധിവാസത്തിന് പ്രത്യേക സ്കീം ഉണ്ടാക്കും. അവയവ മാറ്റ ശസ്ത്രക്രിയ നടത്തിയിട്ടുള്ള രോഗികളുടെ പുനരധിവാസത്തിന് പ്രത്യേക സഹായം നൽകും.

281. താലൂക്ക് ആശുപത്രി വരെ സ്പെഷ്യാലിറ്റി ഹോസ്പിറ്റലാക്കും. അവിടങ്ങളിൽ ഹൃദയശസ്ത്രക്രിയയ്ക്കുള്ള സൗകര്യവും കാത്ത് ലാബും സ്ഥാപിക്കും. കാൻസർ ചികിത്സയ്ക്കുള്ള സൗകര്യം ഇരട്ടിയാക്കും. താലൂക്ക് അടിസ്ഥാനത്തിൽ തന്നെ രോഗ പരിശോധന നടത്തുന്നതിനുള്ള സംവിധാനമുണ്ടാക്കും.

282. ഡോക്ടർമാരുടെ ഒഴിവ് നികത്തും. കാലാകാലങ്ങളിൽ മുടങ്ങിയ ജീവനക്കാരുടെ പ്രൊമോഷൻ സമയബന്ധിതമായി നടപ്പാക്കും. ഡോക്ടർമാർക്ക് റിസർച്ചിന് അവസരമുണ്ടാക്കും. ആദിവാസി മേഖലകളിൽ സേവനത്തിന് സന്നദ്ധരാകുന്ന ഡോക്ടർമാർക്ക് പ്രത്യേക പരിഗണനയും ആനുകൂല്യവും നൽകും.

283. സോഷ്യൽ ഹോസ്പിറ്റൽ എന്ന പേരിൽ സഹകരണ മേഖലയും സന്നദ്ധ സംഘടനകളും അടക്കം ഒന്നിച്ച് കുറഞ്ഞ നിരക്കിൽ സേവനം ലക്ഷ്യം വച്ചുള്ള ആശുപത്രികൾ സ്ഥാപിക്കും. എം.ആർ.ഐ സ്കാനിംഗ് സൗകര്യം ചെറിയ നിരക്കിൽ സന്നദ്ധ സംഘടനകളുമായി ചേർന്ന് നടപ്പാക്കും.

284. മെഡിക്കൽ സർവ്വകലാശാല രൂപീകരണ സമിതിയുടെ ശുപാശ അനുസരിച്ചുള്ള ഗവേഷണ കേന്ദ്രങ്ങൾ സർവ്വകലാശാലയുടെ കീഴിൽ ആരംഭിക്കും. ഹെൽത്ത് സർവ്വീസസിലെ ഡോക്ടർമാർ, നഴ്സുമാർ, ഫാർമസിസ്റ്റുകൾ തുടങ്ങിയവർക്ക് തുടർ വിദ്യാഭ്യാസ പരിപാടി നടത്താനും കുഹാസ് മുൻകൈയെടുക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ആരോഗ്യ പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിൽ കുഹാസ് സഹായിക്കും.

285. മെഡിക്കൽ കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആക്കും. മൂന്ന് മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിലുയർത്തും.

286. കെ.എസ്.ഡി.പി നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് ഉല്പാദനം കൂടുതൽ വിപുലീകരിക്കും. പൊതുമേഖലയിൽ ഏതാനും ഔഷധ കമ്പനികൾ കൂടി ആരംഭിക്കും. മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തും. ചികിത്സാ മാനദണ്ഡങ്ങളും നിർദ്ദേശക തത്വങ്ങളും പ്രൊഫഷണൽ സംഘടനകളുടെയും അക്കാദമിക്ക് വിദഗ്ദ്ധരുടെയും സഹായത്തോടെ തയ്യാറാക്കി അഭിപ്രായ സമന്വയത്തോടെ നടപ്പിലാക്കും.

287. കേരളത്തിലെ സ്വകാര്യമേഖലയിൽ പണിയെടുക്കുന്ന എല്ലാ നേഴ്സുമാർക്കും ന്യായമായ മിനിമം വേതനവും മറ്റ് സേവന വ്യവസ്ഥകളും നടപ്പിലാക്കും. തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

288. കേരളത്തിലുള്ള ഗവേഷണ സ്ഥാപനങ്ങളെ ബന്ധപ്പെടുത്തി ഒരു ആധുനിക ഔഷധ ഗവേഷണ കേന്ദ്രം സ്ഥാപിക്കും.

289. രോഗപ്രതിരോധ പ്രവർത്തനത്തിലും ആരോഗ്യ സംരക്ഷണത്തിലും ആയുഷ് സമ്പ്രദായങ്ങളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി രോഗാതുരത കുറയ്ക്കാൻ ശ്രമിക്കും. ആയുർവേദ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ സി.സി.ഐ.എം നിബന്ധനകൾ അനുസരിച്ച് മെച്ചപ്പെടുത്തും.

290. രോഗപ്രതിരോധം, ആരോഗ്യസംരക്ഷണം എന്നീ മേഖലകളിൽ നമ്മുടെ പരമ്പരാഗത വൈദ്യമായ ആയുർവേദമടക്കമുള്ള ആയുഷ് സമ്പ്രദായങ്ങളിൽ പ്രസക്തമായവ പ്രയോജനപ്പെടുത്തും.

291. ജില്ലാ ആശുപത്രികളിൽ എല്ലാ ക്ലിനിക്കൽ സ്പെഷ്യാലിറ്റികളും താലൂക്ക് ആയുർവേദ ആശുപത്രികളിൽ തെരെഞ്ഞെടുത്ത രണ്ടു സ്പെഷ്യാലിറ്റികളും ആരംഭിച്ച് അഷ്ടാംഗ സ്പെഷ്യാലിറ്റി ചികിത്സയുടെ ലഭ്യത ഉറപ്പുവരുത്തും.

292. ആയുർവേദത്തെ തെളിവധിഷ്ഠിതമായി (Evidence based Medicine) ശാസ്ത്രീയമായി വികസിപ്പിക്കുന്നതിനും കേരളത്തിന്റെ പരമ്പരാഗത വൈദ്യമേഖലയിലെ സമഗ്ര ഗവേഷണത്തിനുമായി ഒരു ആയുർവേദ ഗവേഷണ ഇൻസിസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും.

293. ആയുർവേദ ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് പ്രാദേശിക സഹകരണ സംഘങ്ങളിലൂടെ ഔഷധ സസ്യകൃഷി വ്യാപിപ്പിക്കും. ഔഷധ സംഭരണം വിപണനം മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം എന്നിവയിൽ പൊതുജന പങ്കാളിത്തോടെ പദ്ധതികൾ ആവിഷ്കരിക്കും.

294. സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പഠനനിലവാരം ഉറപ്പുവരത്തുന്നതിന് അക്കാഡമിക് ഓഡിറ്റ് യൂണിവേഴ്സിറ്റി തലത്തിൽ നടപ്പാക്കും.

295. ആയുർവേദ ഔഷധനിർമ്മാണ മേഖലയുടെ വികസനത്തിനും അത് കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് പ്രയോജനപ്പെടുത്തുന്നതിനും അസംസ്കൃത ഔഷധങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും അശാസ്ത്രീയ ഔഷധ ഉപയോഗം തടയുന്നതിനും ശാസ്ത്രീയ ഔഷധ ഉപയോഗം പ്രോൽസാഹിപ്പിക്കുതിനുമായി കേരളത്തിന് ഒരു ആയുർവേദ ഔഷധനയം ഉണ്ടാക്കും.

296. പരമ്പരാഗത ഔഷധമേഖലയിൽ പ്രവർത്തിയെടുക്കുന്നവരുടെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും അവരുടെ വൈദഗ്ദ്ധ്യ വികസനത്തിനും ഔഷധനിർമ്മാണ ടെക്നീഷ്യൻ കോഴ്സ്, ഔഷധ സംഭരണ പരിശീലനം, ഫാർമസിസ്റ്റ്, പഞ്ചകർമ്മ ടെക്നീഷ്യൻ, എന്നിവയിൽ സ്ഥിരമായ കോഴ്സുകൾ നടത്തി ഈ മേഖലയിലെ മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കും.

297. ആയുർവേദ ഡ്രഗ് കൺട്രോൾ വിഭാഗം ശക്തിപ്പെടുത്തുന്നതിന് നിർമ്മാണ യൂണിറ്റുകൾക്ക് ആനുപാതികമായി

ഡ്രഗ് ഇൻസ്പെക്ടർ തസ്തികളും . അതിന് ആനുപാതികമായി സീനിയർ ഡ്രഗ് ഇൻസ്പെക്ടർ, അഡീഷണൽ ഡ്രഗ് കൺട്രോളർ എന്നീ തസ്തികകളും അനുവദിക്കും.

298. ഔഷധനിർമ്മാണ ടെക്നീഷ്യൻ കോഴ്സ്, ഔഷധം സംഭരണ പരിശീലനം, ഫാർമസിസ്റ്റ്, പഞ്ചകർമ്മ ടെക്ൾനീഷ്യൻ, എന്നിവയിൽ സ്ഥിരമായ കോഴ്സുകൾ നടത്തി ഈ മേഖലയിലെ മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കും. ഇതിൽ പരമ്പരാഗത വൈദ്യമേഖലയിൽ നിന്നുള്ളവർക്ക് മുൻഗണന നൽകും.

299. എല്ലാ പഞ്ചായത്തുകളിലും സർക്കാർ ആയുർവേദ–ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങാനായിട്ടില്ല. അവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും.

300. ഏകീകൃത കേരള മെഡിക്കൽ പ്രാക്ടീഷണേഴ് ബിൽ നടപ്പിൽവരുത്തും.

301. കേരളത്തിലെ ഉയരുന്ന രോഗാതുരത കുറയ്ക്കുന്നതിന് ആരോഗ്യം നിലനിർത്തുന്നതിന് ഉതകുന്ന ഭക്ഷണം ജീവിതക്രമം, വ്യായാമം, കായിക വിനോദം, സാംസ്കാരിക പരിപാടികൾ എന്നിവ പ്രോൽസാഹിപ്പിക്കുന്നതിന് ഒരു സാമൂഹിക ആരോഗ്യ മിഷൻ ബഹുജന സംഘടനകളുമായി സഹകരിച്ച് നടപ്പാക്കും.

302. സിദ്ധ–യുനാനി സമ്പ്രദായങ്ങൾക്ക് പ്രചാരമുള്ള സ്ഥലങ്ങളിൽ അവയുടെ സേവനം ആയുഷ് മിഷൻ വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും.

303. ഹോമിയോപ്പതിയിലെ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുന്നതിന് ഒരു സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടും ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരേയും പരിശീലിപ്പിക്കുന്നതിന് ഒരു സ്ഥിരം ട്രെയിനിംഗ് സെന്ററും ആരംഭിക്കും. വിവിധ വിഷയങ്ങളിൽ പി.ജി. കോഴ്സുകളും നഴ്സിംഗ്, ഡിഫാം കോഴ്സുകളും തുടങ്ങും.

304. ഹോമിയോപ്പതി ഔഷധനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ഹോംകോയെ സെന്റർ ഓഫ് എക്സലൻസ് ആയി വികസിപ്പിക്കും. ഹോമിയോപ്പതി കോളേജ്, ഫാർമസി കോളേജ്, ഹോംകോ എന്നിവിടങ്ങളിലുള്ള ഭൂമി ഉപയോഗപ്പെടുത്തി ഹോമിയോപ്പതി ഔഷധങ്ങൾക്കാവശ്യമായ ഔഷധസസ്യകൃഷി പ്രോത്സാഹിപ്പിക്കും.

305. തെരുവ് നായ്ക്കളിൽനിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും.

## പൊതുവിദ്യാഭ്യാസം

306. ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട ഭാഷാപരവും ഗണിതപരവുമായ ശേഷി കുട്ടിയുടെ കഴിവിനനുസരിച്ച് പരമാവധി നേടിയെന്ന് ഉറപ്പുവരുത്തും. ഓരോ ഘട്ടത്തിലും നേടേണ്ട പ്രാഥമികശേഷി കുട്ടി കൈവരിച്ചു എന്ന് ഉറപ്പുവരുത്താനുള്ള ഉപാധി എന്നതിന് പകരം നിരന്തര വിലയിരുത്തലെന്നാൽ അന്തിമ പരീക്ഷക്ക്/ പൊതു പരീക്ഷക്ക് 20 ശതമാനം സ്കോർ നൽകുന്ന ഒരു ഏർപ്പാടായി മാറി. ഇതിനൊരു പരിഹാര കർമ്മപരിപാടിക്ക് രൂപം നൽകും.

307. കഴിഞ്ഞ എൽഡിഎഫ് സർക്കാർ ആരംഭിച്ച പാഠ്യപദ്ധതി പരിഷ്കരണം അട്ടിമറിക്കുന്നതിനു നടന്ന നീക്കങ്ങളെ തിരുത്തും. പാഠപുസ്തകങ്ങളിലും പഠനപ്രവർത്തനങ്ങളിലും വരുത്തിയ പരിഷ്കാരങ്ങളെ കർശനമായ പരിശോധനയ്ക്കു വിധേയമാക്കും.

308. പ്രീപ്രൈമറി തലം മുതൽ ഹയർസെക്കൻഡറി തലം വരെ മാതൃഭാഷാ പഠനം നിർബന്ധമാക്കും. ബന്ധഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാപഠനം കൂടുതൽ മെച്ചപ്പെടുത്തേണ്ടത് പൊതുവിദ്യാലയങ്ങളെ ആകർഷകമാക്കുന്നതിനുള്ള പ്രധാനപ്പെട്ട ഉപാധികളിൽ ഒന്നാണിത്. ഭാഷയിൽ പ്രാവീണ്യം നേടത്തക്ക തരത്തിലുള്ള ഇംഗ്ലീഷ് പഠനത്തിന് ഒട്ടേറെ മാതൃകകൾ ഇപ്പോൾതന്നെ കേരളത്തിലുണ്ട്. അവ വ്യാപിക്കും.

309. കുട്ടികളുടെ പഠന സമയം (അധ്യാപക–വിദ്യാർത്ഥി ആശയവിനിമയ സമയം) 200 പ്രവൃത്തി ദിവസം (1000 മണിക്കൂർ) ഉറപ്പുവരുത്തും. അധ്യാപക–വിദ്യാർത്ഥി അനുപാതം പുനഃക്രമീകരിക്കുന്ന കാര്യം പരിശോധിക്കും.

310. നമ്മുടെ നാട്ടിലെയും വിദേശത്തെയും വൻകിടയും ഇടത്തരവുമായ സ്കിൽ (നൈപുണി) സമൂഹത്തിന്റെ ആവശ്യങ്ങൾക്ക് യോജിച്ച തരത്തിൽ ഐടിഐ, പോളിടെക്നിക്, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സംവിധാനങ്ങളുടെ പൊതു ചട്ടക്കൂട് മൊത്തത്തിൽ അഴിച്ചു പണിയും. തൊഴിൽ വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും സാങ്കേതിക വിദ്യാഭ്യാസ വകുപ്പും വെവ്വേറെയായി പരസ്പര ബന്ധമില്ലാത്ത വിവിധ പരിശീലന പദ്ധതികൾ നടപ്പാക്കുന്ന രീതി നിർത്തലാക്കുകയും പകരം ഏറ്റവും നൂതനമായ സാങ്കേതിക നൈപുണ്യ പരിശീലനം ലഭ്യമാക്കാനുള്ള ഏകീകൃതമായ പദ്ധതി തയ്യാറാക്കും. സാങ്കേതിക വിദ്യാഭ്യാസം ദേശീയ മാനദണ്ഡങ്ങൾക്കനുസൃതമായി സംവിധാനം ചെയ്യും.

311. അഡീഷണൽ സ്കിൽസ് അക്വിസിഷൻ പ്രോഗ്രാം നടപ്പാക്കി വരുന്ന വ്യാവസായിക പങ്കാളിത്തത്തോടുകൂടിയ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളെ കൂടുതൽ വിശാലമായ അടിത്തറയുള്ളതും (പൊതു മേഖലയുടെ പങ്കാളിത്തം കൂടിയുള്ള) എന്നാൽ സ്കിൽ ഡെവലപ്മെന്റ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ചാനൽ പാർട്ട്ണർ മാതൃക അതേപടി നിലനിർത്തുന്നതുമായ രീതിയിൽ പുനഃസംഘടിപ്പിക്കും. ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളെ പോളിടെക്നിക്കുകളും ഐടിഐകളും വൊക്കേഷണൽ ഹയർസെക്കണ്ടറി

സ്കൂളുകളുമായി ഹബ്ബ് ആന്റ് സ്പോക് മാതൃകയിൽ ബന്ധിപ്പിക്കും.

312. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളാണ് വൊക്കേഷണൽ കോഴ്സുകൾക്കു പഠിക്കുന്നത് എന്ന് ഉൾക്കൊണ്ടുകൊണ്ടുള്ള സമീപനം സ്വീകരിക്കും. അവരുടെ ക്ഷേമത്തിന് അനുയോജ്യമായ വിധം ഈ സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ കാലോചിതമായി പരിഷ്കരിക്കും.

313. ഇന്ന് വൊക്കേഷണൽ വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന്റെ ധാരയിലേയ്ക്കു കടക്കുന്നതിന് അനേകം പ്രയാസങ്ങൾ നേരിടുന്നുണ്ട്. ഇവയൊഴിവാക്കി വൊക്കേഷണൽ വിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തും. ഉന്നത വിദ്യാഭ്യാസത്തിന് പോകാത്ത മറ്റു കുട്ടികൾക്കായി നാട്ടിലുള്ള വിവിധ തൊഴിലുകൾ ചെയ്യുന്നതിന് ആവശ്യമായ പരിശീലനം നല്ല നിലവാരത്തിൽ നൽകും.

314. പ്രീസ്കൂൾ വിദ്യാഭ്യാസം പ്രാഥമിക വിദ്യാഭ്യാസവുമായി ബന്ധിപ്പിക്കുന്നതിനുള്ള പരിശ്രമം ശക്തിപ്പെടുത്തും. പ്രീസ്ക്കൂൾ അധ്യാപകരുടെ സേവനവേതന നിരക്കുകൾ മെച്ചപ്പെടുത്തുകയും ഇൻസർവീസ് പരിശീലനം ഉറപ്പുവരുത്തുകയും ചെയ്യും. പ്രീസ്കൂൾ വിദ്യാഭ്യാസത്തിനായി ഒരു മോഡൽ കരിക്കുലത്തിന് അടിയന്തരമായി രൂപം നൽകും. പ്രീസ്കൂൾ ക്ലാസു മുറികളിലെ ഭൗതികസൗകര്യങ്ങൾ ആകർഷകവും കൗതുകം ജനിപ്പിക്കുന്ന തരത്തിലുമാക്കും.

315. ഓരോ വിദ്യാർത്ഥിയുടെയും കഴിവുകൾ കണ്ടെത്താനും അഭിരുചിക്കനുസൃതമായി പരമാവധി വികസിപ്പിക്കാനുമുള്ള പൊതു ഇടങ്ങളായി സ്കൂളുകൾ മാറേണ്ടതാണ്. എല്ലാ കുട്ടികൾക്കും കലാ കായിക, പ്രവൃത്തി പരിചയ വിദ്യാഭ്യാസം കിട്ടത്തക്ക രീതിയിൽ പ്രവർത്തന പദ്ധതികൾ തയ്യാറാക്കും. സ്കൂൾ ക്ലസ്റ്ററുകളുടെ അടിസ്ഥാനത്തിൽ ഒഴിവു ദിവസങ്ങളിൽ ഓരോ ഇനത്തിലും വിവിധ കേന്ദ്രങ്ങളിൽ വച്ച് പരിശീലനം നൽകാൻ ഏർപ്പാടുണ്ടാക്കും.

316. അക്കാദമിക്ക് മോണിറ്ററിംഗ് ശക്തിപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകും. പഞ്ചായത്ത്/ എഇഒ/ ഡിഇഒ തലത്തിൽ കഴിവുള്ളവരും സീനിയറുമായിട്ടുള്ള അധ്യാപകരെയുൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സ്ഥിരം മോണിറ്ററിംഗ് സമിതികൾ ഉണ്ടാവുകയും അതിന് കൃത്യമായ പ്രവർത്തന പദ്ധതി വികസിപ്പിക്കുകയും ചെയ്യും. പുതിയ പാഠ്യപദ്ധതി ശരിയായ രീതിയിൽ നടപ്പിലാക്കാൻ പറ്റുന്ന വിധം അധ്യാപകരുടെ പ്രീസർവീസ്, ഇൻസെർവീസ് പരിശീലനങ്ങൾ പുനഃസംവിധാനം ചെയ്യും.

317. അക്കാദമികതലത്തിൽ അധ്യാപകരെ ഗവേഷകരാക്കി മാറ്റാനുള്ള കർമ്മപരിപാടികൾക്ക് രൂപം കൊടുക്കും. കെസിഎഫ് 2007 ന്റെ കാഴ്ചപ്പാടനുസരിച്ച് ഭരണ സംവിധാനം ഏകോപിപ്പിക്കും. ബ്ലോക്ക്, ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ അക്കാദമിക മേൽനോട്ടത്തിന് മുൻതൂക്കം നൽകി പുനഃസംഘടിപ്പിക്കും.

318. അധ്യാപക നിയമനം, തസ്തിക നിർണയം, സ്ഥലംമാറ്റം, പ്രൊമോഷൻ ഉൾപ്പെടെയുള്ള ഭരണപരമായ പ്രവർത്തനങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെയാക്കും. കുട്ടികൾക്കായി ക്ലാസ് (ക്രിയേറ്റീവ്, ലേണിംഗ് അസസ്മെന്റ് സിസ്റ്റം ഫോർ സ്റ്റുഡന്റ്സ്) എന്ന സോഷ്യൽ മീഡിയാ പ്ലാറ്റ്ഫോം ഏർപ്പെടുത്തും.

319. നിലവിലുള്ള പിടിഎ, എസ്എംസി, എസ്എംഡിസി സംവിധാനങ്ങൾ ഏകോപിപ്പിച്ച് നിലവിലെ ആശയക്കുഴപ്പം പരിഹരിക്കും. പൊതുവിദ്യാലയങ്ങൾക്ക് പുറമെ അംഗീകാരമുള്ള എല്ലാ വിദ്യാലയങ്ങൾക്കും ഇത് ബാധകമാക്കും. ഓരോ സ്കൂളും മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിന് ആവശ്യമായ ഹ്രസ്വകാല, ദീർഘകാല പദ്ധതികൾക്ക് രൂപംകൊടുക്കും.

320. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള വിദ്യാഭ്യാസത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും. ഇവിടത്തെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും. ഇതിനായി എസ്എസ്എ പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഐഇഡിസിയും വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഐഇഡി–എസ്എസ് ഉം മറ്റ് സംവിധാനങ്ങളും ഏകോപിപ്പിക്കും. സാമൂഹ്യക്ഷേമവകുപ്പ്, ആരോഗ്യവകുപ്പ്, വികലാംഗക്ഷേമവകുപ്പ് എന്നിവയുടെ പ്രവർത്തനങ്ങളെ ഇതുമായി കൂട്ടിയോജിപ്പിച്ച് സമഗ്രമായ പദ്ധതിക്ക് രൂപം കൊടുക്കും. പാങ്ങപ്പാറയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫാഫ് മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനത്തെ സംസ്ഥാനതല ഗവേഷണ സ്ഥാപനമായി മാറ്റുകയും പ്രവർത്തന പരിപാടികളുടെയെല്ലാം നേതൃത്വം വഹിക്കുന്നതിനാവശ്യമായ ചുമതല നൽകും.

321. കേന്ദ്രസർക്കാരിന്റെ ധനസഹായ പദ്ധതികളായ സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ എന്നിവയുടെ നടത്തിപ്പ് പുനഃസംഘടിപ്പിക്കും. പഞ്ചായത്ത്, ബ്ലോക്കുതല സംവിധാനങ്ങൾ ഉണ്ടാക്കി പദ്ധതികളെ പ്രവർത്തന നിരതമാക്കും.

322. പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉന്നമനത്തിന് സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശഭരണ ഡിപ്പാർട്ട്മെന്റ്, എംപി, എംഎൽഎ എന്നിവരുടെ വിവിധ ഫണ്ടുകൾ ഇതനുസരിച്ച് ലഭ്യമാക്കുന്നതിനുള്ള കൃത്യമായ മാർഗരേഖ ഉണ്ടാക്കും. സംസ്ഥാന വരുമാനത്തിന്റെ നാലു ശതമാനമെങ്കിലും പൊതുവിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കും.

323. സ്കൂളുകളിലെ ഉച്ചഭക്ഷണ സംവിധാനത്തിൽ കൃത്യത ഉറപ്പാക്കുകയും നിശ്ചിത രീതി കൊണ്ടുവരികയും ചെയ്യും.

പോഷക ഗുണമുള്ള ആഹാരം ഇതിന്റെ ഭാഗമാക്കും.

324. ഹയർസെക്കന്ററി വരെ പൂർണമായും സൗജന്യവിദ്യാഭ്യാസം നൽകുന്നതിനുള്ള പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കും. പഠന സാമഗ്രികൾ, യൂണിഫോം, ഭക്ഷണം, യാത്രാസൗകര്യമൊരുക്കൽ എന്നിവ പൂർണമായും സൗജന്യമാക്കും.

325. കുട്ടികൾക്ക് വേണ്ടിയുള്ള സമഗ്ര ആരോഗ്യ പോഷകാഹാര പരിപാടി കാലോചിതമായി പരിഷ്കരിക്കും. ഇതിന്റെ ചുമതയലയിൽ നിന്നും പ്രഥമാധ്യാപകരെ ഒഴിവാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കും. മുഴുവൻ കുട്ടികളുടെയും കായികക്ഷമത ഉറപ്പുവരുത്തുന്ന രീതിയിൽ ആരോഗ്യ–കായിക വിദ്യാഭ്യാസത്തെ മാറ്റും.

326. പഠന സാമഗ്രികൾ, പാഠപുസ്തകം, കൈപ്പുസ്തകം എന്നിവയുടെ അച്ചടി, വിതരണം എന്നിവ സമയബന്ധിതമായി നിർവ്വഹിക്കും.

327. ആധുനിക വിദ്യാഭ്യാസ കാഴ്ചപ്പാടിന് അനുസൃതമായി സ്കൂൾ സംവിധാനത്തെ പുനഃസംഘടിപ്പിക്കും. ക്ലാസ്സ്മുറികൾ സ്മാർട്ട് ക്ലാസ്സ് റൂം ആക്കും. 8,9,10,11,12 എന്നീ ക്ലാസുകളെല്ലാം വെബ് ബേസ്ഡ് ഇന്ററാക്ടീവ് വീഡിയോ കോൺഫറൻസിംഗ് സൗകര്യമുള്ളവയാക്കും.

328. സ്കൂൾ അന്തരീക്ഷം ശിശുസൗഹൃദവും പരിസ്ഥിതി സൗഹൃദവും ആക്കണം. ജൈവപച്ചക്കറികൾ ഉൽപാദിപ്പിക്കൽ, മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കൽ എന്നിവ കുട്ടികളുടെ പങ്കാളിത്തത്തോടെയും സാമൂഹിക പിന്തുണയോടെയും നടപ്പിലാക്കും.

329. പൊതുവിദ്യാഭ്യാസ മേഖലയിലെ അനുബന്ധ സ്ഥാപനങ്ങളായ എസ്സിഇആർടി, സീമാറ്റ്, എസ്ഐഇടി, ഐടി@സ്കൂൾ എന്നിവയുടെ ഘടന, ചുമതല എന്നിവ പുനർനിർണയിക്കേണ്ടതുണ്ട്. എസ്സിഇആർടിയെ അന്തർദേശീയ–ദേശീയ രംഗത്ത് അറിയപ്പെടുന്ന അക്കാദമിക് വിദഗ്ധരുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാക്കി മാറ്റും.

330. ഐടി@സ്കൂളിന്റെ ഇന്നത്തെ അവസ്ഥ അതീവ ശോചനീയവും നിർജ്ജീവവുമാണ്. ഐടി രംഗത്തുള്ള പ്രഗത്ഭരുടെ സേവനം ലഭ്യമാക്കി വിദ്യാഭ്യാസരംഗത്തെ ഭരണപരമായും അക്കാദമികവുമായും നവീകരിക്കാൻ ഉതകുന്ന വിധത്തിൽ ഐടി@സ്കൂളിനെ ശക്തിപ്പെടുത്തും. എസ്ഐഇടിയെ ഐടി@സ്ക്കൂളുമായി സംയോജിപ്പിക്കും.

331. മത്സ്യത്തൊഴിലാളി, പട്ടികജാതി–പട്ടികവർഗ മേഖലകളിലെ കുട്ടികൾ പഠനത്തിൽ ഇപ്പോഴും വളരെ പിന്നാക്കമാണ്. ഇതിനു പ്രധാന കാരണം വീടുകളിൽ പഠന സൗഹൃദ അന്തരീക്ഷമില്ലായ്മയാണ്. ഇതു മറികടക്കാനുള്ള മാർഗം സമീപപ്രദേശത്തുള്ള ലൈബ്രറികളെയോ മറ്റോ പഠനവീടുകളായി രൂപാന്തരപ്പെടുത്തും. ഓരോരുത്തരുടെയും പ്രത്യേക ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള പ്രത്യേക പിന്തുണയും കുട്ടികൾക്കു നൽകും.

332. അൺ എയ്ഡഡ് വിദ്യാഭ്യാസമേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്നവിധം സമഗ്രമായ നിയമനിർമ്മാണം കൊണ്ടുവരും. അധ്യാപകരുടെയും അനധ്യാപകരുടെയും സേവന–വേതന വ്യവസ്ഥകൾ ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും.

333. സർക്കാർ സ്കൂളുകളിലെ പ്രീപ്രൈമറി ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എയ്ഡഡ് മേഖലയിലെ പ്രീപ്രൈമറി ജീവനക്കാർക്കും നൽകും.

## ഉന്നതവിദ്യാഭ്യാസം

334. സ്വാശ്രയ സ്ഥാപനങ്ങളിൽ സാമൂഹ്യ നിയന്ത്രണവും അക്കാദമിക് മികവും ഉറപ്പ് വരുത്തുന്നതിനുള്ള നിയമഭരണ നടപടികൾ സ്വീകരിക്കും.

335. സർവകലാശാലതലത്തിൽ കേന്ദ്രീകൃതസിലബസോ കേന്ദ്രസിലബസോ അപ്രായോഗികമാണ്. സിലബസ് നിർമ്മാണം സർവകലാശാലകൾക്ക് വിടും. പ്രാദേശിക ആവശ്യങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് പഠന ഗവേഷണ പ്രവർത്തനങ്ങൾ രൂപീകരിക്കുന്നതിന് മുൻകൈയെടുക്കും.

336. ജ്ഞാനോൽപ്പാദനത്തിന് ശേഷിയും യോഗ്യതയുമുള്ള വിദ്യാർത്ഥികളെ കണ്ടെത്താനും വളർത്തിയെടുക്കുന്നതിനുമായി വിദ്യാർത്ഥി പ്രോജക്ടുകൾക്ക് ഊന്നൽ കൊടുക്കും. ഗവേഷണത്തിൽ വിദ്യാർത്ഥികൾക്ക് താത്പര്യമുണ്ടാക്കാൻ പഠനകാലയളവിൽ അവരെ ഗവേഷണ സ്ഥാപനങ്ങളിൽ പോസ്റ്റ് ചെയ്യുന്നതാണ്. അതോടൊപ്പം സംയുക്ത ബഹുവൈജ്ഞാനിക അന്തർ വൈജ്ഞാനിക കോഴ്സുകളും ആവിഷ്കരിക്കും. കേരളത്തിന്റെ വികസന ആവശ്യങ്ങൾ പരിഹരിക്കുന്നവിധമുള്ള ഗവേഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കും.

337. കേരളത്തിൽ നിന്ന് എല്ലാ വിഷയങ്ങളിലും റഫറിയിംഗിന് അടിസ്ഥാനത്തിലുള്ള ജേണലുകൾ ആരംഭിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതാണ്. ഇതിന് മുൻകൈ എടുക്കാവുന്നവിധം കോളേജുകളേയും ഡിപ്പാർട്ടുമെന്റുകളേയും മുന്നോട്ടുകൊണ്ടുവരുന്നതിനുള്ള ഇടപെടൽ നടത്തും. ഈ സംരംഭത്തിന് ഉദാരമായ സാമ്പത്തിക പിന്തുണ നൽകുന്നതുമാണ്.

338. അഫിലിയേറ്റു ചെയ്യപ്പെട്ടിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളജുകളുടെ സൗകര്യങ്ങളും വിദ്യാഭ്യാസ നിലവാരവും ഉയർത്തുന്നതിന് ഒരു പ്രത്യേക പദ്ധതി അത്യന്താപേക്ഷിതമാണ്. ആധുനിക സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിന് ഒരു മാച്ചിംഗ് ഗ്രാന്റ് പദ്ധതി തുടങ്ങും. ഉദാരമായ സാമ്പത്തിക പിന്തുണയോടെ വിവിധ മേഖലകളിൽ ഗവേഷണ പ്രോജക്ടുകളെടുക്കാൻ ഈ സ്ഥാപനങ്ങളെ പ്രേരിപ്പിക്കും. ഇത്തരം പ്രോജക്ടുകൾക്കു നൽകുന്ന ധനസഹായത്തിന്റെ നാലിലൊന്ന് എസ്റ്റാബ്ലിഷ്മെന്റ് ചാർജുകളുടെ ഭാഗമായി സ്ഥാപനങ്ങൾക്ക് എടുക്കാം എന്ന സമീപനം സ്വീകരിക്കണം.

339. നിയമനം ലഭിക്കുന്ന അധ്യാപകർക്ക് സർവീസിൽ പ്രവേശിക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട നിയമങ്ങൾ, പഠനസമ്പ്രദായം, പരീക്ഷാ നടത്തിപ്പ്, മൂല്യനിർണയം, വിദ്യാർത്ഥി പ്രവേശനം, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് പരിശീലനം നൽകും. സർവീസിലുള്ള അധ്യാപകർക്ക് ഓരോ രണ്ടുവർഷം കൂടുമ്പോഴും പഠനവിഷയത്തിലും മൂല്യനിർണയത്തിലും ഉയർന്നതലത്തിലുള്ള പരിശീലനം നൽകും. അക്കാദമി, സ്റ്റാഫ് കോളജുകളിലെ പാഠ്യക്രമവും ഇതിന് അനുസൃതമായി നവീകരിക്കും. യൂണിവേഴ്സിറ്റി ജീവനക്കാരുടെ ഒഴിവുകൾ നികത്തും.

340. സർവകലാശാലാകേന്ദ്രങ്ങളെയാണ് ഉന്നതവിദ്യാഭ്യാസത്തിന്റെ സിരാകേന്ദ്രങ്ങളായി മാറ്റേണ്ടത്. സർവകലാശാല കേന്ദ്രങ്ങളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ പൂർണമായും നികത്തുകയും ചെയ്യും. പുതിയ വകുപ്പുകളും അതിന് ആവശ്യമായ പിന്തുണാസംവിധാനങ്ങളും സൃഷ്ടിക്കും. ഡിപ്പാർട്ടുമെന്റ് ലൈബ്രറികൾ, മ്യൂസിയങ്ങൾ, ലബോറട്ടറികൾ തുടങ്ങിയവ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തും. ഓരോ സർവകലാശാല കേന്ദ്രങ്ങളും ഏറ്റവും ഉന്നതമായ മികവിന്റെ കേന്ദ്രങ്ങളായി മാറ്റും.

341. കേരളത്തിൽ കൂടുതൽ ഉന്നതവിദ്യാപീഠങ്ങൾ സ്ഥാപിക്കും. കേന്ദ്രസർക്കാർ ഉന്നതഗവേഷണ സ്ഥാപനങ്ങൾ കേരളത്തിലേയ്ക്കു കൊണ്ടുവരാൻ ശക്തമായ സമ്മർദ്ദം ചെലുത്തും. കേരളത്തിലെ ഉന്നതവിദ്യാപീഠങ്ങൾക്ക് ഏറ്റവും ഉന്നതമായ വിദ്യാഭ്യാസ നിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ലൈബ്രറി, അധ്യാപകർക്കുള്ള സൗകര്യങ്ങൾ, വിദ്യാർത്ഥികൾക്കുള്ള ഉദാരമായ സ്കോളർഷിപ്പുകൾ, ആഗോളപ്രതിഭകളുടെ ഹ്രസ്വകാല സന്ദർശന പരിപാടികൾ, ലബോറട്ടറികൾ എന്നിവ ഉറപ്പുവരുത്തും. ഇവയെല്ലാം സ്റ്റേക്കിന്റെ അനുബന്ധ സ്ഥാപനങ്ങളാക്കുന്ന ഇന്നത്തെ നിലപാടു തിരുത്തും. ഇവർക്ക് പൂർണ ഓട്ടോണമി നൽകുകയും കൗൺസിലിന്റെ ചുമതല ഏകോപനം, അവലോകനം, പൊതുദിശ നിർണയിക്കൽ എന്നിവയിൽ ഒതുക്കുകയും ചെയ്യും.

342. ആയുർവേദത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള അതിവിപുലമായ ഒരു ഉന്നത ബയോടെക്നോളജി ഗവേഷണ സ്ഥാപനം കേരളത്തിൽ അത്യന്താപേക്ഷിതമാണ്. ശാസ്ത്രഗവേഷണത്തിന് കേന്ദ്രീകൃതമായ റിസർച്ച് ലാബറട്ടറികളുടെ സ്ഥാപനം പ്രധാനമാണ്. അത്തരത്തിലുള്ള ഗവേഷണ ലാബ് സർവകലാശാലാ കേന്ദ്രങ്ങളുമായി, പ്രത്യേകിച്ച് കൊച്ചി സർവ്വകലാശാലയുമായി ബന്ധപ്പെട്ട് സ്ഥാപിക്കും.

343. സർവകലാശാല ഗ്രന്ഥാലയങ്ങളെ അന്തർദേശീയ നിലവാരമുള്ള ഗവേഷണ കേന്ദ്രങ്ങളായി മാറ്റും. പഴയ പുസ്തകങ്ങളും രേഖകളുമെല്ലാം ഡിജിറ്റലൈസ് ചെയ്യും. ലൈബ്രറി, പുസ്തകമെടുക്കുന്നതിനു മാത്രമല്ല, കുട്ടികൾക്കുള്ള ഒരു പഠനകേന്ദ്രം കൂടിയാക്കി മാറ്റും. നൂറുകണക്കിന് കുട്ടികൾക്ക് ഒരുമിച്ചിരിക്കുന്നതിന് ആവശ്യമായ വിശാലമായ ഹാളുകൾ, ഇന്റർനെറ്റ് സൗകര്യം എന്നിവ ലൈബ്രറികളിൽ ലഭ്യമാക്കും.

344. സ്കോളർഷിപ്പ് ഫണ്ടിലേയ്ക്ക് സർക്കാർ ഗ്രാന്റിന് പുറമേ സംഭാവനകളും എൻഡോവ്മെന്റുകളും ചേർത്ത് വിപുലീകരിക്കും. ഇന്ന് നൽകുന്ന മെരിറ്റ് സ്കോളർഷിപ്പ് തുക ഇരട്ടിയെങ്കിലും ആക്കി വർദ്ധിപ്പിക്കും.

345. പ്രധാന ഗവേഷണകേന്ദ്രങ്ങളിലും സ്വയംഭരണ ഡിപ്പാർട്ട്മെന്റുകളിലും ഫെല്ലോഷിപ്പുകൾ സ്ഥാപിക്കും. വിദഗ്ദ്ധ പരിശോധനയുടെ അടിസ്ഥാനത്തിൽ അംഗീകരിക്കപ്പെടുന്ന ഗവേഷണ പ്രോജക്ടുകളെ മുൻനിർത്തി ഒരു നിശ്ചിതകാലയളവിലേയ്ക്കാണ് ഫെലോഷിപ്പുകൾ നൽകുക. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന ഫെലോകൾ സ്വന്തം ഗവേഷണം കൂടാതെ അവർ പ്രവർത്തിക്കുന്ന കേന്ദ്രത്തിന്റെ വികസനത്തിൽ പങ്കാളിയാകാനുള്ള ഉത്തരവാദിത്വവും ഏറ്റെടുക്കുന്ന വിധവുമായിരിക്കും ഇത്.

346. കലാ–വൈജ്ഞാനിക മേഖലകളിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും വിവിധ കലാ–വൈജ്ഞാനിക സമ്പത്തുകളെ ബന്ധപ്പെടുത്തുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള മികവിന്റെ കേന്ദ്രം സ്ഥാപിക്കാൻ നടപടി സ്വീകരിക്കും.

347. സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ, സെനറ്റ് തുടങ്ങിയ സർവകലാശാലാ ഭരണസമിതികളുടെ ഘടന, അധികാരപരിധി, അംഗങ്ങളുടെ തിരഞ്ഞെടുപ്പ്, തുടങ്ങിയവ നാളിതുവരെയുള്ള അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കർശനമായ പരിശോധനയ്ക്കു വിധേയമാക്കി അഭിപ്രായസമന്വയത്തോടെ ഉചിതമായ മാറ്റങ്ങൾ വരുത്തും.

348. ജനാധിപത്യപരമായ പ്രവർത്തനങ്ങളും അക്കാദമിക് സ്വയംഭരണവും ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉറപ്പ് വരുത്തും. വിദ്യാർത്ഥികളുടെ ജനാധിപത്യപരമായ അവകാശങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉറപ്പ് വരുത്തും.

349. കോളേജ് ക്ലസ്റ്ററുകൾ എന്ന ആശയം കേരളം മുഴുവൻ വ്യാപിപ്പിക്കുകയും അതിന് ഇന്നുള്ള തടസ്സങ്ങൾ ഒഴിവാക്കുകയും ചെയ്യും. അക്കാദമിക് സംഘാടനത്തിനും പരിശോധനയ്ക്കുമുള്ള സംവിധാനങ്ങളായി ക്ലസ്റ്ററുകളെ വികസിപ്പിക്കുകയും സാമൂഹ്യതലത്തിൽ കോളേജുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന സംവിധാനങ്ങളായി

അവയെ മാറ്റുകയും ചെയ്യും.

350. കേരളത്തിലെ സർവകലാശാലകളിൽ നടക്കുന്ന വിദൂര പഠനസംവിധാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു പൊതുക്രമീകരണം ഏർപ്പെടുത്തും. ആവശ്യമെങ്കിൽ ഒരു ഓപ്പൺ യൂണിവേഴ്സിറ്റി അഭിപ്രായസമന്വയമുണ്ടാക്കി സ്ഥാപിക്കാൻ ശ്രമിക്കും.

351. സ്വാശ്രയസ്ഥാപനങ്ങളിൽ ഉൾപ്പെടെ വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും അനധ്യാപകരുടേയും ജനാധിപത്യ അവകാശങ്ങളും സംഘടനാസ്വാതന്ത്ര്യവും പരിരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കും. സ്വാശ്രയ കോളേജുകളിൽ മിനിമം അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്ന് സർവകലാശാലകൾ പരിശോധിച്ച് ഉറപ്പുവരുത്തും. ഉന്നതവിദ്യാഭ്യാസരംഗത്തെ കേന്ദ്ര ഏജൻസികളും സർവകലാശാലകളും നിർദ്ദേശിക്കുന്ന യോഗ്യതയുള്ളവരെ മാത്രമേ അധ്യാപകരും ജീവനക്കാരുമായി നിയമിക്കാൻ പാടുള്ളൂവെന്ന് വ്യവസ്ഥചെയ്യും. സ്വാശ്രയ സ്ഥാപനങ്ങളിൽ അധ്യാപക–അനധ്യാപക ജീവനക്കാർക്ക് മാന്യമായ നിലയിലുള്ള സേവന–വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന് നിയമനിർമ്മാണം കൊണ്ടുവരും.

352. കേരളത്തിന്റെ വികസനപ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന തരത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കുന്നവിധം കേരളത്തിലെ ഗവേഷണ സ്ഥാപനങ്ങളെ രൂപപ്പെടുത്തും. കേരള ശാസ്ത്ര–സാങ്കേതിക ഗവേഷണ കൗൺസിലിന്റെയും, ഗവേഷണ സ്ഥാപനങ്ങളുടെയും പ്രവർത്തനം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി ആവശ്യമായ തിരുത്തലുകൾ വരുത്തും.

353. കേരളത്തിലെ അഞ്ച് എഞ്ചിനീയറിംഗ് കോളേജുകൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ എക്സലൻസ് ആയി ഉയർത്തും. ഇവിടെ അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തും.

354. വിദ്യാഭ്യാസ വായ്പാ കുടിശ്ശികയും ബാങ്കുകളുടെ നടപടികളും ഗൗരവമായ സാമൂഹ്യപ്രശ്നമായിട്ടുണ്ട്. ജോലി ലഭിക്കുന്നതുവരെ തിരിച്ചടവ് നിർബന്ധിക്കാൻ പാടില്ല. ജോലി ലഭിച്ചാലും വരുമാനത്തിലെ നിശ്ചിത ശതമാനത്തിലധികം തിരിച്ചടവ് വരാൻ പാടില്ല. ഇത്തരമൊരു തീരുമാനത്തിലേക്ക് എത്തുന്നതിനായി പരിശ്രമിക്കും. പലിശയ്ക്ക് സബ്സിഡി നൽകും.

355. കലാലയങ്ങളിൽനിന്നും അല്ലാതെയുമായി നൂതനാശയങ്ങളുമായി എത്തുന്നവർക്ക് സാമ്പത്തിക സഹായം നൽകും. കലാലയങ്ങളിൽനിന്നും സർവ്വകലാശാലാ ഗവേഷണ സ്ഥാപനങ്ങളിൽനിന്നും ഉയർന്നുവരുന്ന നൂതനാശയങ്ങൾ പൊതുമേഖല, സർക്കാർ മേഖല എന്നീ രംഗങ്ങളിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കും.

## സാമൂഹ്യസുരക്ഷ

356. അസംഘടിത മേഖലയിലെ തൊഴിലാളികളെ മുഴുവൻ ക്ഷേമനിധി വലയത്തിൽ കൊണ്ടുവരും. ക്ഷേമനിധി അംഗങ്ങളുടെ എണ്ണം അമ്പതുലക്ഷത്തിൽ നിന്ന് ഒരു കോടിയായി ഉയർത്തും. തൊഴിലുറപ്പ് തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, വിവിധ പരമ്പരാഗത വ്യവസായ തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ കൂലിവേലക്കാരെയെല്ലാം ബി.പി.എൽ ആയി കണക്കാക്കി സാമൂഹ്യസുരക്ഷാ വലയത്തിൽ കൊണ്ടുവരും.

357. മിനിമം ക്ഷേമ പെൻഷൻ ആദ്യവർഷം 1000 രൂപയാക്കുകയും തുടർന്നുള്ള വർഷങ്ങളിൽ വർദ്ധിപ്പിക്കുകയും ചെയ്യും. ഈ മിനിമം പെൻഷനു പുറമെ തൊഴിലാളികൾക്ക്, പ്രത്യേകിച്ച് സ്ഥിരവരുമാനക്കാർക്ക്, ഓരോ മാസവും അധികതുക അടച്ച് അംഗമാകാൻ പറ്റുന്ന കോൺട്രിബ്യൂട്ടറി പെൻഷനുമുണ്ടാക്കാവുന്ന സംവിധാനം ഏർപ്പെടുത്തും. ക്ഷേമ പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തും. ഇവ നേരിട്ട് വീടുകളിൽ എത്തിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കും. സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതി കൂടുതൽ വിപുലമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കും.

358. ക്ഷേമനിധി അംഗങ്ങളുടെ മുഴുവൻ കുടുംബാംഗങ്ങൾക്കും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് നൽകും. പെൻഷന്റെ കാര്യത്തിലെന്നപോലെ ഇതിനും എല്ലാവർക്കും സൗജന്യമായി ലഭിക്കുന്ന മിനിമം ആരോഗ്യപരിരക്ഷയും അധികപ്രീമിയം അടച്ചാൽ ലഭ്യമാകുന്ന അധിക ആരോഗ്യപരിരക്ഷയും ഉണ്ടായിരിക്കും. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വിപുലപ്പെടുത്തുകയും അർഹതയുള്ളവർക്കെല്ലാം അത് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യും. 1000 രൂപയിൽ താഴെ പെൻഷൻ വാങ്ങുന്ന പി.എഫ് പെൻഷൻകാർക്ക് ആരോഗ്യ ഇൻഷ്വറൻസ് നടപ്പിലാക്കാൻ പരിശ്രമിക്കും. പി.എഫ് പെൻഷൻകാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തും.

359. പാചക തൊഴിലാളികൾക്ക് ക്ഷേമനിധി അനുവദിക്കും. ഇവരെ ഇ.എസ്.ഐ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കും. ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കും. ഇ.എസ്.ഐ സ്കീം അർഹതയുള്ള എല്ലാ വിഭാഗത്തിനും ലഭ്യമാക്കുന്നതോടൊപ്പം പരിധി സംസ്ഥാനത്തൊട്ടാകെ ആക്കുകയും ചെയ്യും.

360. വീട്ടുജോലിക്കാർക്ക് വേണ്ടിയുള്ള ക്ഷേമനിധി പ്രവർത്തനക്ഷമമാക്കുകയും ആകർഷകമാക്കുകയും ചെയ്യും.

361. തുച്ഛവരുമാനക്കാരായ സ്വകാര്യ ക്ഷേത്രജീവനക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തും. ക്ഷേത്ര ജീവനക്കാർക്ക് സമയബന്ധിത ഗ്രേഡുകൾ അനുവദിക്കും.

362. തൊഴിൽ നഷ്ടപ്പെട്ട കള്ളുചെത്ത് തൊഴിലാളികൾ, ചാരായ തൊഴിലാളികൾ, ബാർ തൊഴിലാളികൾ എന്നിവർക്ക്

തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ഒരു പാക്കേജ് നടപ്പിലാക്കും.

## ശിശുസംരക്ഷണം

363. കുട്ടികൾക്ക് നേരെയുള്ള ആക്രമണങ്ങളും പീഡനങ്ങളും ലൈംഗികാതിക്രമങ്ങളും ഇല്ലായ്മ ചെയ്യുവാനുള്ള ബോധവൽക്കരണവും നിയമ സംവിധാനങ്ങളും ഉറപ്പുവരുത്തും. കുട്ടികളുടേയും തദ്ദേശസ്വയംഭരണ സർക്കാരുകളുടേയും രക്ഷകർത്ത്യ സമിതികളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തിയുള്ള ജാഗ്രതാസമിതി രൂപീകരിക്കും.

364. സംസ്ഥാനത്ത് കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളായ ആരോഗ്യകിരണം, താലോലം, കാരുണ്യ, അമ്മയും കുഞ്ഞും തുടങ്ങിയവ പുനസംഘടിപ്പിക്കും. അമ്മമാർക്കും കുട്ടികൾക്കും വേണ്ടിയുള്ള ആശുപത്രികളുടെ എണ്ണവും അവർ നൽകുന്ന സേവനങ്ങളും വർദ്ധിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യും.

## പാർപ്പിടം

365. ഇ.എം.എസ് പാർപ്പിട പദ്ധതിയും എം.എൻ ലക്ഷംവീട് പദ്ധതിയും പുനരാവിഷ്കരിക്കും. കേന്ദ്ര ഐ.എ.വൈ വീട് പദ്ധതിയുമായി സംയോജിപ്പിച്ചായിരിക്കും ഇതു നടപ്പാക്കുക. ഇതിനു പ്രാരംഭമായി പണി തീരാത്ത വീടുകളുടെ പൂർണ ലിസ്റ്റ് തയ്യാറാക്കുകയും അവയുടെ പണി പൂർത്തീകരിക്കുന്നതിനുള്ള പ്രത്യേക പദ്ധതിയ്ക്കു രൂപം നൽകുകയും ചെയ്യും. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് തങ്ങൾക്കിഷ്ടമുള്ള സ്ഥലത്ത് ഭൂമി വാങ്ങുന്നതിനുള്ള അനുവാദം നൽകുകയും സർക്കാർ നിശ്ചയിച്ച ഫെയർ വാല്യുവിനെക്കാൾ നിശ്ചിതശതമാനം തുക അധിക സഹായമായി നൽകും. സർക്കാർ തന്നെ ഭൂമി അക്വയർ ചെയ്ത് ഭൂരഹിതർക്ക് പാർപ്പിട നിർമ്മാണത്തിനായി നൽകുന്ന കാര്യവും ആലോചിക്കും. പ്രതിവർഷം ഒരു ലക്ഷം വീടു വീതം നിർമ്മിച്ച് അഞ്ചു വർഷം കൊണ്ട് എല്ലാവർക്കും വീട് ഉറപ്പുവരുത്തും.

366. 1000 ചതുരശ്ര അടി വരെയുള്ള വീടുകൾ 5 സെന്റിൽ കുറഞ്ഞ സ്ഥലത്ത് നിർമ്മിക്കാൻ ഒരു അനുമതിയും വേണ്ടതില്ല. 1500 ചതുരശ്ര അടി വരെയുള്ള സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച വീടുകളുടെ നിർമ്മാണത്തിനും അനുമതികൾ വേണ്ടെന്നു വയ്ക്കും. 1000 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് കെട്ടിട നികുതി ഒഴിവാക്കും.

367. കടലോരത്തും ഇതര തീരങ്ങളിലുമുള്ള 1500 ചതുരശ്ര അടി വരെയുള്ള വീടുകൾക്കും 2010–നു മുമ്പ് നിർമ്മിച്ചിട്ടുള്ളവയ്ക്കും ബിൽഡിംഗ് ലൈനിന്റെ അടിസ്ഥാനത്തിൽ സി.ആർ.ഇസഡ് ഇളവ് നൽകും. കേന്ദ്ര നിയമത്തിന്റെ പരിധിയിൽ വരുന്ന മേഖലയിൽ ഇതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തും.

368. വൻകിട കെട്ടിട സമുച്ചയങ്ങൾക്ക് പ്ലാനിംഗ് സെസ് ഏർപ്പെടുത്തും. ഈ തുക വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചു നൽകാൻ ഉപയോഗിക്കും.

## പൊതുവിതരണം

369. കേരളത്തിലെ ബിപിഎൽ പരിധി ഗണ്യമായ ഒരു വിഭാഗം പാവപ്പെട്ടവരെ പൊതുവിതരണ സമ്പ്രദായത്തിൽനിന്നു പുറത്താക്കുന്ന സ്ഥിതിയാണ് ഉണ്ടായിരിക്കുന്നത്. എ.എ.വൈ–ബി.പി.എൽ കുടുംബങ്ങൾക്ക് സൗജന്യമായി അരി വിതരണം ചെയ്യും. വിവിധ അസംഘടിതമേഖലാ തൊഴിലാളി വിഭാഗങ്ങളെയും തൊഴിലുറപ്പു തൊഴിലാളികളെയും ബിപിഎൽ ആയി പരിഗണിച്ച് അവർക്ക് കൂടി സൗജന്യ റേഷൻ നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കും.

370. 2013ൽ പുതുക്കേണ്ട റേഷൻ കാർഡുകൾ ഇതുവരെ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഒരു വർഷം കൊണ്ട് റേഷൻകാർഡ് വിതരണം പൂർത്തീകരിക്കും. ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പരാതികൾ പരിഹരിക്കും.

371. പൊതു കമ്പോളത്തിലെ വിലനിലവാരം പിടിച്ചുനിർത്താൻ കഴിയുന്ന തരത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനെ മാർക്കറ്റ് ഇന്റർവെൻഷന് പ്രാപ്തമാക്കും. കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങളെ സമഗ്രമായ അന്വേഷണം നടത്തി അഴിമതിയും വെട്ടിപ്പും നടത്തിയവരെ ശിക്ഷിക്കുകയും കൺസ്യൂമർഫെഡിന്റെ ബാധ്യതകൾ ഒറ്റത്തവണ തീർപ്പുണ്ടാക്കുകയും ചെയ്യും. സഹകരണ സംഘങ്ങളുടെ അതിവിപുലമായ ശൃംഖല ഉത്സവകാലത്തെ കമ്പോള ഇടപെടലിന് ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

372. മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തും. അടുത്ത അഞ്ച് വർഷത്തേയ്ക്ക് മാവേലി സ്റ്റോറുകളിലെ ഉൽപന്നങ്ങളുടെ വില ഉയർത്തുന്നതല്ല.

373. ഭക്ഷ്യധാന്യ വിപണിയിലെ തട്ടിപ്പുകൾ, കരിഞ്ചന്ത, പൂഴ്ത്തിവെപ്പ്, അവധി വ്യാപാരം, കൃത്രിമ വിലക്കയറ്റം മുതലായവ തടയുന്നതിന് ജസ്റ്റിസ് വാധ്വ കമ്മിറ്റി റിപ്പോർട്ട് ശുപാർശ ചെയ്യുന്ന വിധത്തിലുള്ള പരാതി പരിഹാര കമ്മീഷൻ രൂപീകരിക്കുന്നതാണ്.

374. കേരളത്തിലെ റേഷൻകട ശൃംഖല ഇന്നത്തെ പരിമിതമായ റേഷൻ വിറ്റുവരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലനിർത്താനാവില്ല. അതുകൊണ്ട് ഇവയെ ഒരു നിയന്ത്രിതവില വിപണന ശൃംഖലയായി

വളർത്തിയെടുക്കുന്നതിനുവേണ്ടി വൈവിദ്ധ്യവത്കരിക്കുകയും ആധുനീകരിക്കുകയും ചെയ്യും. പാചകവാതക വിതരണരംഗത്തെ അപാകതകളും ക്രമക്കേടുകളും പരിഹരിക്കാൻ സംസ്ഥാന സർക്കാർ ഇടപെടും.

375. കേരളത്തെ വിശപ്പില്ലാ സംസ്ഥാനമാക്കി മാറ്റും. ആവശ്യമുള്ളവർക്കെല്ലാം ഒരു നേരത്തെ ഊണു സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കും. ആദ്യം പരീക്ഷണാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ നടപ്പിലാക്കും. സ്വകാര്യമേഖലയെ കൂടി പങ്കെടുപ്പിക്കുന്നതിനുതകുന്ന നടപടികൾ സ്വീകരിക്കും.

376. മിതമായ നിരക്കിൽ മെച്ചപ്പെട്ട ഭക്ഷണം നൽകുന്നതിന് അക്രെഡിറ്റഡ് ഹോട്ടലുകളുടെ ശൃംഖല കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കും.

## ഇതര സംസ്ഥാന തൊഴിലാളികൾ

377. ഇതര സംസ്ഥാന തൊഴിലാളികൾക്കായി 2010 ൽ കേരള സർക്കാർ ക്ഷേമ പദ്ധതി സമൂലമായി പരിഷ്കരിച്ച് ആകർഷ കമാക്കും. കേന്ദ്ര–സംസ്ഥാന നിയമങ്ങളുടെ ചട്ടക്കൂടിനെ അടിസ്ഥാനമാക്കി, ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച് ഒരു സമഗ്ര നിയമനിർമ്മാണം കൊണ്ടുവരും.

378. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ന്യായമായ നിരക്കിൽ വൃത്തിയും വെടിപ്പുമുള്ള പാർപ്പിടം നൽകുന്നതിനാ വശ്യമായ സാമൂഹ്യസുരക്ഷാപദ്ധതി തയ്യാറാക്കും. ആർ.എസ്.ബി.വൈ ദേശവ്യാപകമായി ഉപയോഗിക്കപ്പെടാൻ അവകാശമുള്ള ആരോഗ്യ പരിരക്ഷ ആയതിനാൽ ഇവരെ ആരോഗ്യ ഇൻഷ്വറൻസ് വലയത്തിൽ കൊണ്ടുവരും.

## വയോജനങ്ങൾ

379. സാമൂഹ്യ ആരോഗ്യ ആശുപത്രി മുതൽ മുകളിലേയ്ക്ക് എല്ലാ തട്ടുകളിലും വയോജനങ്ങൾക്കു വേണ്ടിയുള്ള പ്രത്യേക ആരോഗ്യസംവിധാനങ്ങൾ ഉണ്ടാക്കും.

380. സാന്ത്വനപരിപാലന ശൃംഖല സാർവത്രികമാക്കും.

381. വയോജനങ്ങൾക്കായുള്ള പകൽവീടുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും വിനോദത്തിനും കൂട്ടായ പ്രവർത്തനങ്ങൾക്കും ലഘുഭക്ഷണത്തിനും വേണ്ടിയുള്ള സൗകര്യങ്ങൾ ഇത്തരം കേന്ദ്രങ്ങളിൽ ഉറപ്പുവരുത്തും. വയോജനങ്ങളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി പ്രശ്നങ്ങൾ പരിഹരിക്കാൻ ഇടപെടും.

## ട്രാൻസ്ജെൻഡർ വിഭാഗം

382. ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ മേഖലകളിൽ ട്രാൻസ്ജെൻഡറിന് പ്രത്യേക പരിഗണന നൽകാൻ ഉതകുന്ന നിലയിലുള്ള ട്രാൻസ്ജെൻഡർ പോളിസി നടപ്പിലാക്കും.

## ഭിന്നശേഷിക്കാർ

383. ബഡ്സ് സ്ക്കൂളുകൾക്കുള്ള സംസ്ഥാന സർക്കാരിന്റെ ധനസഹായം ഗണ്യമായി ഉയർത്തും. അധ്യാപകർക്കുള്ള വേതനം ഉയർത്തും. ഓട്ടിസം ബാധിച്ച മുഴുവൻ കുട്ടികൾക്കും സാമൂഹ്യമായ പരിചരണം ഉറപ്പുവരുത്തും. അർഹതയുള്ള എല്ലാ സ്പെഷ്യൽ സ്കൂളുകളെയും എയ്ഡഡ് സ്കൂളുകളായി മാറ്റും. മറ്റുള്ള സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായവും സർക്കാർ നൽകും.

384. വികലാംഗ കോർപറേഷൻ പുനഃസംഘടിപ്പിക്കും. ജില്ലാ കേന്ദ്രങ്ങളിൽ ഓഫീസ് അനുവദിക്കും. ഇതുപോലെ തന്നെ സാമൂഹ്യ സുരക്ഷാ മിഷനും സമൂലമായ പുനഃസംഘടനയ്ക്ക് വിധേയമാക്കും. ഓർഫനേജുകൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കും.

385. കെ.എസ്.ആർ.ടി.സി, ജില്ലാ ആശുപത്രി, കളക്ട്രേറ്റ്, താലൂക്ക് ഓഫീസ്, സിവിൽ സ്റ്റേഷൻ തുടങ്ങിയ സ്ഥാപന ങ്ങളിൽ വികലാംഗർക്ക് ബങ്ക് വച്ച് തൊഴിൽ നടത്താൻ അനുമതി നൽകും.

386. സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ വികലാംഗരുടെ സംവരണം പൂർണ്ണമായും നടപ്പിലാക്കും.

## പട്ടികജാതിക്ഷേമം

387. ദളിതരുടെ ഭൂ ഉടമസ്ഥത മെച്ചപ്പെടുത്തുന്നതിന് കഴിയാവുന്ന എല്ലാ നടപടികളും കൈക്കൊള്ളണം. ഇതിനായി ഓരോ പ്രദേശത്തും ലഭ്യമായ പുറമ്പോക്ക് ഭൂമി, മിച്ചഭൂമി എന്നിവ 22000–ത്തോളം വരുന്ന ഭൂരഹിത കുടുംങ്ങൾക്ക് അടിയന്തരമായി വിതരണം ചെയ്യും. എല്ലാവർക്കും കിടപ്പാടമെങ്കിലും ഉറപ്പുവരുത്തും.

388. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി വികസന വകുപ്പ് എന്നിവ ഭൂമിവാങ്ങുന്നതിനായി ധനസഹായം നൽകുന്ന പദ്ധതികളിൽ ദളിത് കുടുംബങ്ങൾക്ക് തങ്ങൾക്കിഷ്ടമുള്ള പ്രദേശത്ത് ഭൂമി കണ്ടുപിടിക്കുന്നതിന് സ്വാതന്ത്ര്യം നൽകും. അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽ കണ്ടുപിടിക്കുന്ന ഭൂമിയുടെ വിപണി വില അവർക്ക് ധനസഹായമായി നൽകും.

389. നിലവിലുള്ള വീടുകളിൽ പഠിക്കുന്ന കുട്ടികൾ ഉണ്ടെങ്കിൽ അവർക്ക് സ്വന്തമായ ഒരു പഠന മുറി വീടിന്റെ ഭാഗ

മായി പുതുതായി നിർമ്മിക്കുന്നതിന് ധനസഹായം നൽകും.

390. ഓരോ ആവാസസങ്കേതത്തിനും മിനിമം വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ നിശ്ചയിക്കും. ഇതിനു പുറമേ ഓരോ പ്രദേശത്തിന്റെയും പ്രത്യേകത കണക്കിലെടുത്ത് വെള്ളക്കെട്ട് ഒഴിവാക്കൽ തുടങ്ങി അധികമായി വേണ്ടുന്ന സൗകര്യങ്ങൾ കൂടി നിർണ്ണയിക്കും. ഇവ ഒരു പാക്കേജായി മുഴുവൻ സങ്കേതങ്ങളിലും അഞ്ചു വർഷം കൊണ്ട് ലഭ്യമാക്കുന്നതിന് ഒരു പ്രത്യേക പരിപാടി തയ്യാറാക്കും.

391. ദളിത് വിദ്യാർത്ഥികൾക്കിടയിൽ തോൽവിയുടേയും, കൊഴിഞ്ഞുപോക്കിന്റെയും നിരക്ക് പഠനത്തിനിടയിൽ കൂടുതലാണെന്ന കാര്യം കണക്കിലെടുത്തുകൊണ്ട് ഇത് പരിഹരിക്കുന്നതിനായി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സ്കൂളുകളിൽ തന്നെ പ്രത്യേക പരിശീലനം തുടർച്ചയായി നൽകുന്നതിന് സൗകര്യം ഉണ്ടാക്കും. ഇതോടൊപ്പം 25 ൽ കൂടുതൽ ദളിത് കുടുംബങ്ങൾ പാർക്കുന്ന സങ്കേതങ്ങൾ കേന്ദ്രീകരിച്ച് ദളിത് വിദ്യാർത്ഥികൾക്ക് ഗൃഹാന്തരീക്ഷത്തിൽ നിന്ന് മാറി പഠിക്കുന്നതിനുള്ള പഠനവീട് പദ്ധതി ആവശ്യമുള്ളിടങ്ങളിൽ ആവിഷ്കരിക്കും.

392. ദളിത് കുട്ടികൾക്കുവേണ്ടിയുള്ള പ്രീമെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളെ ആധുനീകരിക്കും. താമസസൗകര്യവും ഭക്ഷണവും മികച്ചതാക്കുക മാത്രമല്ല, ഹോസ്റ്റലുകളിൽ കമ്പ്യൂട്ടർ ലാബ്, മുറികളിൽ ഇന്റർനെറ്റ് സംവിധാനം എന്നിവ ഉറപ്പുവരുത്തും. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ കാര്യത്തിൽ കുട്ടികളുടെ പഠന സഹായത്തിന് 20 കുട്ടികൾക്ക് ഒന്ന് എന്ന തോതിലെങ്കിലും ട്യൂട്ടർമാരെ നിയമിക്കും. ഇവയുടെ നടത്തിപ്പിന്റെ ഉത്തരവാദിത്വം ജില്ലാ പഞ്ചായത്തുകൾക്കായിരിക്കും. ജില്ലാ പഞ്ചായത്ത് ഒരു സോഷ്യൽ ഓഡിറ്റ് സമിതിയെ നിശ്ചയിച്ച് മൂന്ന് മാസത്തിൽ ഒരിക്കൽ പ്രവർത്തനം വിലയിരുത്തി ആവശ്യമായ തിരുത്തലുകൾ വരുത്തും.

393. ദളിത് വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ മൾട്ടി മീഡിയ സൗകര്യങ്ങളുള്ള സ്കൂൾ ക്ലാസ് റൂമും, കളിസ്ഥലം, പോഷക സമൃദ്ധമായ ഭക്ഷണം എന്നിവ ഉറപ്പുവരുത്തും. ഹൈസ്കൂൾ തലം മുതൽ കുട്ടികൾക്ക് സ്വന്തമായി കമ്പ്യൂട്ടറുകളും ലഭ്യമാക്കും. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പിന് സ്കൂൾ മാനേജ്മെന്റ് സമിതികൾ രൂപീകരിക്കും.

394. ദളിത് വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന ധനസഹായം പ്രൈമറി, അപ്പർപ്രൈമറി, തലങ്ങളിൽ മാസത്തിൽ 750 രൂപയും, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലങ്ങളിൽ 1000 രൂപയും ആക്കി വർദ്ധിപ്പിക്കും. ഓരോ 3 വർഷം കൂടുമ്പോഴും ജീവിത ചെലവുകൾക്കനുസരിച്ച് തുക പുതുക്കി നിശ്ചയിക്കും. ബിരുദ-ബിരുദാന്തരതലത്തിലുള്ള വിദ്യാർത്ഥികൾക്ക് കോളേജ് ഹോസ്റ്റലിൽ താമസിക്കാൻ ചുരുങ്ങിയത് 3000 രൂപ സ്റ്റൈപ്പന്റ് നൽകും. കോളേജ് വിദ്യാർത്ഥികൾക്ക് സ്വന്തമായി കമ്പ്യൂട്ടർ നൽകും.

395. ദളിത് വിദ്യാർത്ഥികളിൽ നല്ലൊരു ഭാഗം തോൽവിമൂലം പഠനം നിർത്തുന്ന പ്രൊഫഷണൽ വിദ്യാർത്ഥികൾക്കു വേണ്ടി പ്രത്യേക ഫിനിഷിഗ് സ്കൂളുകൾ ആരംഭിക്കും.

396. പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന ദളിത്-ആദിവാസി കുട്ടികൾക്ക് സൗജന്യമായി ലാപ്ടോപ്പുകൾ ലഭ്യമാക്കും. മിടുക്കരായ മറ്റ് സർവ്വകലാശാലാ വിദ്യാർത്ഥികൾക്കും ഇതേ ആനുകൂല്യം ലഭിക്കും.

397. സംഘടിത മേഖലയിൽ ജോലിയുള്ളവർ ഒഴികെയുള്ള മുഴുവൻ ദളിത് കുടുംബങ്ങളെയും ബിപിഎൽ ആയി കണക്കാക്കി റേഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കും.

398. പ്രാദേശിക സർക്കാരുകളുടെ ദളിതർക്കായുള്ള പ്രത്യേക പദ്ധതികളെ കഴിഞ്ഞ ഒന്നര പതിറ്റാണ്ടു കാലത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സമഗ്രവിലയിരുത്തിലിന് വിധേയമാക്കി മാർഗ്ഗരേഖകൾ കാലാനുസൃതമായി പരിഷ്കരിക്കും.

399. പ്രാദേശിക സർക്കാരുകൾക്ക് തങ്ങളുടെ പ്രദേശത്തെ ഓരോ ദളിത് കുടുംബത്തിനും പ്രത്യേക പരിഗണന നൽകുന്ന തരത്തിൽ കുടുംബാധിഷ്ഠിത സമീപനം ദളിത് വികസന പദ്ധതികളുടെ ആസൂത്രണത്തിലും, നടത്തിപ്പിലും കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കും. ദളിത് വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് വർഷത്തിൽ ഒരിക്കൽ പഞ്ചായത്ത്/ മുനിസിപ്പൽ തലത്തിൽ ദളിതരുടെ പ്രത്യേക ഗ്രാമസഭകൾ വിളിച്ചു ചേർക്കും.

400. എല്ലാ ജില്ലകളിലും പട്ടികജാതി-പട്ടികവർഗ അതിക്രമ നിരോധന പ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക കോടതികൾ സ്ഥാപിക്കും.

401. എല്ലാ ജില്ലകളിലും പട്ടികജാതി-പട്ടികവർഗ വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രത്യേക സാമ്പത്തിക പാക്കേജ് നടപ്പിലാക്കും. പട്ടികജാതി-പട്ടികവർഗ സ്റ്റാർട്ട് അപ്പുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കും.

## പട്ടികവർഗ്ഗ ക്ഷേമം

402. ആദിവാസി ഊരുകളുടെ അടിസ്ഥാനസൗകര്യവികസനത്തിന് 3-4 ഊരുകളുടെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ പദ്ധതികൾക്ക് രൂപംനൽകും. ഊരുകളിലേയ്ക്കുള്ള റോഡുകൾ, കുടിവെള്ളം, വൈദ്യുതി സാധ്യതമല്ലാത്തിടത്ത് സോളാർ സംവിധാനം, അംഗൻവാടികൾ, പാർപ്പിടം, പഠനവീട്, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവ

യെല്ലാം ഉറപ്പുവരുത്തും.

403. വാർപ്പ് മാതൃകയിലുള്ള വീടുകൾക്ക് പകരം കുടുംബത്തിന്റെ ആവശ്യങ്ങളും താൽപര്യവും മനസ്സിലാക്കിക്കൊണ്ടായിരിക്കും പാർപ്പിട പദ്ധതി ആവിഷ്കരിക്കുക. അട്ടപ്പാടിയിൽ വിജയകരമായി നടപ്പിലാക്കിയ മാതൃകയായിരിക്കും ഇതിനായി സ്വീകരിക്കുക.

404. ആദിവാസികൾക്ക് അവരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കുന്നതിനും അവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളും. ആദിവാസികളുടെ സമഗ്ര വികസനത്തിന് ഭൂപ്രശ്നം പരിഹരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഒരേക്കർ ഭൂമിയെങ്കിലും പതിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. തരിശുകിടക്കുന്ന ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിന് അതത് പ്രദേശത്തെ ഗ്രാമപഞ്ചായത്തുകൾ ആദിവാസികൾക്ക് അവസരം നൽകും. തോട്ടം മേഖലകളുള്ള ജില്ലകളിൽ പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ ഇതിനായി ഉപയോഗപ്പെടുത്തും. ഇതോടൊപ്പം 2005 ലെ വനാവകാശ നിയമം കേരളത്തിൽ ശാസ്ത്രീയമായി നടപ്പാക്കും.

405. ആദിവാസികളുടെ ഊരുകളിൽ സ്വന്തമായി ഭൂമിയുള്ളവർക്ക് അവിടെ കൃഷി ചെയ്യുന്നതിനും സ്വാശ്രയമായ ഭക്ഷ്യ ഉത്പാദനത്തിനും ഉതകുന്ന പദ്ധികൾ നടപ്പിലാക്കി ഭക്ഷ്യ സുരക്ഷയും, പോഷകാഹാര ലഭ്യതയും ദീർഘകാലത്തേക്ക് ഉറപ്പിക്കും.

406. ആദിവാസി യുവതീ–യുവാക്കളുടെ തൊഴിൽ സേനകൾ രൂപീകരിച്ച് ചെറുകിട കാർഷിക യന്ത്രവത്ക്കരണത്തിൽ അവർക്ക് പരിശീലനം നൽകും. എല്ലാ ക്ഷേമ പെൻഷനുകളും ആദിവാസി വിഭാഗങ്ങൾക്ക് ലഭിക്കുമെന്ന് ഉറപ്പുവരുത്തും. എല്ലാവർക്കും റേഷൻ കാർഡ് ഉറപ്പുവരുത്തും.

407. വിവിധ കാരണങ്ങളാൽ പഠനം നിർത്തുന്ന ആദിവാസികുട്ടികൾക്ക് പ്രത്യേക പരിശീലനത്തിലൂടേയും, താമസ സൗകര്യം നൽകിയും പഠനം പൂർത്തിയാക്കുന്നതിനുള്ള സാമൂഹിക സഹായ കേന്ദ്രങ്ങൾ ഓരോ ജില്ലകളിലും ഉണ്ടാക്കും. 2–3 മാസത്തെ ഫിനിഷിംഗ് സ്കൂൾ പരിപാടികൾ ഈ സാമൂഹ്യ സഹായ കേന്ദ്രങ്ങളെ കേന്ദ്രീകരിച്ച് നടത്തും.

408. പരമ്പരാഗത തൊഴിൽ മേഖല എന്ന നിലയിൽ വനമേഖലയിൽ നിന്ന് ശേഖരിക്കുന്ന വന വിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിനും, വിപണനം ചെയ്യുന്നതിനുള്ള സംസ്കരണ വിപണന കേന്ദ്രങ്ങൾ ആദിവാസി ജനസാന്ദ്രത കൂടിയ വനമേഖലകൾ കേന്ദ്രീകരിച്ച് ആസൂത്രണം ചെയ്യും.

409. റസിഡൻഷ്യൽ സ്കൂളുകളുടെ താമസസൗകര്യം, ഭക്ഷണം, വിനോദസൗകര്യങ്ങൾ, പഠനസൗകര്യങ്ങൾ എന്നിവ ഉന്നതനിലവാരത്തിലുള്ളവയാണെന്ന് ഉറപ്പുവരുത്തും. ഇന്റർനെറ്റ് സൗകര്യങ്ങളും കമ്പ്യൂട്ടർ ലാബും ശാസ്ത്ര ലബോറട്ടറികളും പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങളും ഉറപ്പുവരുത്തും. റസിഡന്റ് സ്കൂളുകളിലെ അധ്യാപകർ, ട്യൂട്ടർമാർ എന്നിവരുടെ എണ്ണം വർദ്ധിപ്പിക്കുകയും വിദ്യാർത്ഥി–അധ്യാപക–ട്യൂട്ടർ അനുപാതം വർദ്ധിപ്പിക്കുകയും ചെയ്യും. ആദിവാസി വിഭാഗങ്ങൾക്കിടയിലുള്ള അധ്യാപകർക്ക് അവരുടെ പ്രദേശത്തെ സ്കൂളുകളിൽ നിയമനത്തിൽ മുൻഗണന നൽകും.

410. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ താമസിച്ചു പഠിക്കുന്ന കുട്ടികളുടെ കാര്യത്തിൽ അവരുടെ പഠനശേഷികൾ ഓരോ ക്ലാസിലും വിലയിരുത്തി ആവശ്യമായ പരിഹാര ബോധന പ്രവർത്തനങ്ങൾ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടപ്പിലാക്കും. ഇതിനായി പ്രത്യേകം അധ്യാപകരെ ചുമതലപ്പെടുത്തും. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി അധ്യാപകരെ ലഭ്യമാക്കും.

411. വീടുകളിൽനിന്ന് വന്ന് പഠിച്ചുപോകുന്ന കുട്ടികൾ കൂടുതലുള്ള ഊരുകൾ കേന്ദ്രീകരിച്ച് ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ പഠനവീടുകൾക്ക് രൂപം നൽകും. ഓരോ ഊരിനും വിദ്യാഭ്യാസത്തിൽ പരിശീലനം നേടിയ ഒരു ഫെസിലിറ്റേറെ മാന്യമായ വേതനം നൽകി നിയമിക്കും. കുട്ടികൾക്ക് രാവിലെയും വൈകീട്ടും ഭക്ഷണം നൽകുകയും പഠന സൗകര്യം ഒരുക്കുകയും ചെയ്യും.

412. ആദിവാസി കുട്ടികൾക്കായുള്ള പ്രീ–മെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്ക് ആധുനിക കെട്ടിട സൗകര്യങ്ങളും പഠന സൗകര്യങ്ങളും പോഷകസമൃദ്ധമായ ഭക്ഷണവും ഇന്റർനെറ്റ് സൗകര്യങ്ങളും ഉറപ്പുവരുത്തും.

413. ആദിവാസി ഊരുകളിൽ മാസംതോറും മെഡിക്കൽ സംഘത്തിന്റെ സന്ദർശനവും ആരോഗ്യ മോണിറ്ററിംഗും ഉറപ്പുവരുത്തും. ആവശ്യമുള്ളവർക്ക് പ്രത്യേക പരിചരണം അംഗൻവാടി വഴി നൽകും. അംഗൻവാടികൾ വഴി കൃത്യമായി അയേൺ ഗുളികകളുടെ വിതരണം ഉറപ്പാക്കും.

414. ആദിവാസി ഊരുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തും. ആദിവാസി മേഖലയിലെ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വിപുലീകരിക്കുകയും കൂടുതൽ ഡോക്ടർമാരെയും ജീവനക്കാരെയും നിയോഗിക്കുകയും ചെയ്യും.

415. നിലവിലുള്ള പൊതുവിതരണ സമ്പ്രദായത്തിൽ അരിക്കൊപ്പം ഭക്ഷ്യ എണ്ണ, പയറുവർഗ്ഗങ്ങൾ, റാഗി, തുവര മുതലായ ഭക്ഷ്യ ഇനങ്ങൾ എന്നിവ ഉൾപ്പെടുത്തിയ കിറ്റുകൾ റേഷൻ കടകളിലൂടെ നൽകും. റേഷനിംഗിന് രേഖപ്പെടുത്താൻ ബയോമെട്രിക് റീഡർ ഉള്ള കാർഡ് സംവിധാനം ഏർപ്പെടുത്തും. ഇതോടൊപ്പം ഓരോ ഊരിലേയും 18 വയസ്സിന് താഴെയുള്ള പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 60 വയസ്സിന് മുകളിൽ പ്രായമുള്ള

വൃദ്ധർ, 6 വയസ്സിന് താഴെയുള്ള കുട്ടികൾ എന്നിവർക്ക് പോഷക ഭക്ഷണം വീടുകളിലെത്തിക്കും.

416. ആദിവാസി ഊരുകൂട്ടങ്ങൾക്ക് കൂടുതൽ അധികാരം നൽകും. ഊരുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അവരുടെ തീരുമാനം ത്രിതല പഞ്ചായത്തുകൾ അംഗീകരിക്കുക എന്നത് ബാധ്യസ്ഥമാക്കും. അതാത് ഊരിൽ നടക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും സാമൂഹ്യ തെളിവെടുപ്പ് നടത്തുന്നതിനും ഊരുകൂട്ടങ്ങൾക്ക് അധികാരം നൽകും. ഊരുകൂട്ടങ്ങൾക്ക് ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുന്ന ഒരു നിർവ്വാഹകസമിതി ഉണ്ടാക്കും. അങ്ങനെ ഗ്രാമപഞ്ചായത്തിലെ എല്ലാ ഊരുകളുടേയും നിർവാഹക സമിതി അംഗങ്ങൾ ചേർന്നതാകും പഞ്ചായത്തുതല ഗ്രാമസഭ.

417. സംസ്ഥാനത്തെ ആദിവാസിസ്ഥിതി സംബന്ധിച്ച് ഒരു സ്ഥിതിവിവര റിപ്പോർട്ട് ഓരോ വർഷവും സംസ്ഥാന സർക്കാർ തയ്യാറാക്കും. പദ്ധതിച്ചെലവുകളും ഭൗതികനേട്ടങ്ങളും ദൗർബല്യങ്ങളും ഈ റിപ്പോർട്ടുകളിൽ വിശകലനം ചെയ്യും. ബ്ലോക്കുകൾ തിരിച്ചുള്ള കണക്കുകളും ഇതിൽ ലഭ്യമാക്കും. ഈ റിപ്പോർട്ട് ആദിവാസി സംഘടനകൾ, സിവിൽ സമൂഹ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, ആദിവാസി ഊരുകളുടെ പ്രതിനിധികൾ എന്നിവരടങ്ങുന്ന ജനസഭ വിളിച്ചുചേർത്ത് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കും.

## ദളിത് ക്രൈസ്തവർ

418. ദളിത് ക്രൈസ്തവർക്ക് സർക്കാരിൽനിന്ന് സഹായം ലഭിക്കുന്നതിനുള്ള പ്രധാനപ്പെട്ട ഒരു സംവിധാനം പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷനാണ്. ഇതിന്റെ പ്രവർത്തനം ഇപ്പോൾ പരിതാപകരമാണ്. ഇവ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

419. ദളിത് ക്രൈസ്തവ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് വകയിരുത്തിയിട്ടുള്ള നോൺ പ്ലാൻ ഫണ്ട് ആവശ്യമായ തരത്തിലുള്ളതല്ല. അതിനാൽ ഈ വിഹിതം ഇരട്ടിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. പട്ടികജാതിക്കാർക്കുള്ള എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ദളിത് ക്രൈസ്തവർക്കും തുല്യ അളവിൽ നൽകും.

420. ദളിത് ക്രൈസ്തവരുടെ കുടിശ്ശികയായ കടങ്ങൾ പട്ടികജാതിക്കാരുടേതുപോലെ എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കും.

## പിന്നോക്ക സമുദായ ക്ഷേമം

421. പിന്നോക്ക സമുദായ വികസന കോർപറേഷന് കൂടുതൽ പണം ലഭ്യമാക്കുന്നതാണ്. കുമാരപിള്ള കമ്മിഷൻ അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസ സഹായം വർദ്ധിപ്പിക്കുന്നതാണ്. കാസർഗോഡ് തുളു ക്രിസ്ത്യാനികളുടെ അവശതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. പിന്നോക്ക ക്ഷേമവകുപ്പ് രൂപീകരിക്കും.

## ന്യൂനപക്ഷ ക്ഷേമം

422. സച്ചാർ കമ്മിറ്റി ശുപാർശയുടെ ഭാഗമായുള്ള പാലൊളി കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കും. ഹജ്ജ് കമ്മിറ്റിയ്ക്ക് സ്ഥിരം ഗ്രാന്റ് അനുവദിക്കും. വഖഫ് ബോർഡിനുള്ള ധനസഹായം വർദ്ധിപ്പിക്കും.

## മുന്നോക്ക വികസന കോർപ്പറേഷൻ

423. ദേവസ്വം ബോർഡുകളുടെ പരിധിയിൽ വരാത്ത ക്ഷേത്രങ്ങൾ നവീകരിക്കുന്നതിനും അവിടത്തെ ശാന്തിക്കാർക്കും മറ്റ് ജീവനക്കാർക്കും മാന്യമായ വേതനം ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കും. മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും. ഇതിനായി തുക വിലയിരുത്തും.

## സ്ത്രീപദവിയും വികസനവും

424. സ്ത്രീകൾക്കുവേണ്ടി ഒരു പ്രത്യേക വകുപ്പ് ആരംഭിക്കും. വകുപ്പിന് കീഴിൽ നേരിട്ട് വരുന്ന സ്കീമുകൾക്ക് പുറമേ ജന്റർ ഓഡിറ്റിനും സ്ത്രീകളെ സംബന്ധിക്കുന്ന മറ്റ് വകുപ്പുകളിലെ സ്കീമുകളെ ഏകോപിപ്പിക്കുന്നതിനുമുള്ള ചുമതല ഈ മന്ത്രാലയത്തിനുണ്ടാകും.

425. കേരളത്തിലെ സ്ത്രീ തൊഴിൽ പങ്കാളിത്തം 2021 ആകുമ്പോൾ നിലവിലുള്ള 15 ശതമാനത്തിൽ നിന്നും 18 ശതമാനമായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കും. ഇതിനാവശ്യമായ പരിശീലനങ്ങളും തൊഴിൽ പ്രോത്സാഹനങ്ങളും തുടർച്ചയായ മോണിറ്ററിഗും ഉറപ്പുവരുത്തും. പരമ്പരാഗതമല്ലാത്ത പുതിയ തൊഴിൽ മേഖലകളിലേയ്ക്ക് സ്ത്രീകൾ കടന്നുചെല്ലുന്നതിന് വനിതാഘടക പദ്ധതിയുടെ ഭാഗമായി പ്രോജക്ടുകൾ ഉറപ്പുവരുത്തും.

426. സർക്കാർ പാർപ്പിട പദ്ധതികളും ഭൂവിതരണവും സ്ത്രീയുടെ പേരിലോ സംയുക്ത പേരിലോ ആയിരിക്കും.

427. നഗരങ്ങളിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ പണിയെടുക്കുന്ന ഗാർഹിക തൊഴിലാളികളുടെ ക്ഷേമനിധി വിപുലീ

കരിക്കും. ഇന്ന് ഹോംനേഴ്സുമാരുടെ കമ്പോളം കൂടുതൽ സംഘടിതമായിട്ടുണ്ട്. ഇതുപോലൊരു സംവിധാനം വീട്ടുജോലിക്കാർക്കും ഉണ്ടാക്കും.

428. വിദേശത്തു ജോലിക്കു പോകുന്ന സ്ത്രീകൾക്ക് പ്രത്യേക രജിസ്ട്രേഷനും നിരന്തര സമ്പർക്കവും സൃഷ്ടിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ടാക്കും.

429. ശൗചാലയങ്ങൾ, വിശ്രമകേന്ദ്രങ്ങൾ, ശിശുപരിചരണസൗകര്യം, യാത്രാക്രമീകരണം, സമയക്രമീകരണം, സുരക്ഷാക്രമീകരണം, ലൈംഗിക പീഢന വിരുദ്ധസമിതികൾ എന്നിവ ഉറപ്പുവരുത്തുവാൻ തൊഴിലുടകമളെ സന്നദ്ധമാക്കും. സർക്കാർ ഓഫീസുകൾ മുഴുവൻ സ്ത്രീ സൗഹൃദമാക്കി മാറ്റുന്നതിനുള്ള പ്രത്യേക ജെൻഡർ ഓഡിറ്റിംഗ് നടത്തുകയും നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കുകയും ചെയ്യും.

430. ആശുപത്രികൾ സ്ത്രീസൗഹാർദ്ദപരമാകുകയും പ്രസവാശുപത്രികൾ ആധുനികവൽക്കരിക്കുകയും ചെയ്യും. പ്രസവ വാർഡുകളിൽ സ്വകാര്യതയും സുരക്ഷിതത്വവും ഉറപ്പാക്കും.

431. സംസ്ഥാന ബജറ്റിൽ ജൻഡർ ഓഡിറ്റും ജൻഡർ ബജറ്റിംഗും പുനഃസ്ഥാപിക്കും. ബജറ്റിൽ പത്തു ശതമാനം തുക സ്ത്രീകൾക്കായുള്ള പ്രത്യേക പ്രോജക്ടുകൾക്കു മാറ്റിവയ്ക്കും. ഇതു സംബന്ധിച്ചൊരു പ്രത്യേക പ്രസ്താവന വാർഷിക ബജറ്റിന്റെ ഭാഗമായി നിയമസഭയിൽ അവതരിപ്പിക്കും.

432. ബാലപീഡന നിരോധനനിയമം (2012), ഗാർഹിക പീഡന നിരോധനനിയമം (2005), തൊഴിൽ സ്ഥലത്തെ ലൈംഗിക പീഡനങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള നിയമം (2013) ഇവയെല്ലാം അവയുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് കർശനമായി നടപ്പിലാക്കും. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ കുറയ്ക്കുന്നതിന് വേണ്ടിയുള്ള സ്ത്രീ സൗഹൃദ ഗ്രാമ/നഗര പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കും.

433. സ്ത്രീ സൗഹാർദ്ദപരമായ പുനരധിവാസ കേന്ദ്രങ്ങൾ ആധുനിക സൗകര്യങ്ങളോടെ ആരംഭിക്കും. ഷോർട്ട് സ്റ്റേ ഹോമുകൾ സന്നദ്ധസംഘടനകളും മറ്റുമായി ചേർന്നുകൊണ്ട് സ്ഥാപിക്കും.

434. വനിതാ കമ്മീഷന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളെ, ഇതുവരെയുള്ള ചെയർപേഴ്സൺമാരുടെ കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾക്കു രൂപം നൽകുകയും ചെയ്യും. ജാഗ്രതാസമിതികളുമായി വനിതാ കമ്മിഷന്റെ ബന്ധം കൂടുതൽ ശക്തിപ്പെടുത്തും.

435. സ്ത്രീകളുടെ സർവതോന്മുഖമായ വികസനം ലക്ഷ്യം വച്ച് ആരംഭിച്ച ജൻഡർ പാർക്ക് ആ ലക്ഷ്യത്തിൽനിന്ന് മാറ്റുന്ന സ്ഥിതിക്ക് മാറ്റം വരുത്തും. സ്ത്രീകളുടെ നൈപുണി വികസനത്തിനും തൊഴിൽ പരിശീലനത്തിനും ഉപജീവനത്തിനുതകുന്ന വിവിധ പരിപാടികൾ ഏകോപിക്കുന്നതിനും ജൻഡർ പാർക്കിനെ പര്യാപ്തമാക്കും.

436. സ്ഥിരം നിയമലിംഗാവബോധ പരിശീലന കേന്ദ്രം സ്ഥാപിക്കും. ന്യായാധിപർ, കൗൺസിലർമാർ, പ്രൊട്ടക്ഷൻ ഓഫീസർമാർ, ലീഗൽ സർവ്വീസ് അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത അഭിഭാഷകർ, പാരാലീഗൽ വോളന്റിയർമാർ എന്നിവർക്ക് പരിശീലനം ലഭ്യമാക്കും. പൊതുയിടങ്ങളിലെ അതിക്രമങ്ങൾക്കെതിരെ നിയമ നിർമ്മാണം നടത്തും. വനിതാ പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കും. വൈവാഹിക സ്വത്തവകാശ നിയമം പാസ്സാക്കും.

437. സ്ത്രീപഠനത്തിനും ബോധവൽക്കരണത്തിനും വേണ്ടി ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കും.

438. നിരാലംബരായ വിധവകളെ സംരക്ഷിക്കുന്നതിന് പ്രത്യേക സ്കീമിന് രൂപം നൽകും.

## കുടുംബശ്രീ

439. കുടുംബശ്രീയെയായിരിക്കും സംസ്ഥാന സർക്കാരിന്റെ പിന്തുണയും ധനസഹായവുമുള്ള സ്ത്രീകളുടെ അയൽക്കൂട്ട സംവിധാനം. ഇപ്പോൾ കുടുംബശ്രീയിൽ 50 ശതമാനത്തോളം കുടുംബങ്ങൾ അംഗങ്ങളാണ്. ഇത് 75 ശതമാനമായി ഉയർത്തും. കേന്ദ്ര–സംസ്ഥാന–പ്രാദേശിക സർക്കാരുകളുടെ വനിതാശാക്തീകരണ–ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളുടെ പൊതുവേദിയായിട്ടായിരിക്കും കുടുംബശ്രീ പ്രവർത്തിക്കുക. കുടുംബശ്രീക്ക് കഴിഞ്ഞ രണ്ട് വർഷം 50 കോടി രൂപ വീതമാണ് ലഭിച്ചത്. ഇത് 150 കോടി രൂപയായി ഉയർത്തും.

440. കുടുംബശ്രീക്ക് ബാങ്കുകളിൽ നിന്നും 4 ശതമാനം പലിശയ്ക്ക് വായ്പ ഉറപ്പാക്കും. പലിശ സബ്സിഡി സർക്കാർ നേരിട്ട് ബാങ്കുകൾക്ക് നൽകും.

441. കുടുംബശ്രീക്ക് കുടിശികയായിട്ടുള്ള റിവോൾവിംഗ് ഫണ്ട്, സംഘകൃഷി സബ്സിഡി, ആശ്രയ ധനസഹായം, സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്കുള്ള സഹായം എന്നിവ ഉടൻതന്നെ കൊടുത്തുതീർക്കും.

442. കുടുംബശ്രീയിലെ അഴിമതിയെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കും. സ്ത്രീ സൗഹൃദമല്ലെന്ന് തെളിഞ്ഞിട്ടുള്ള എല്ലാ മിഷൻ ഉദ്യോഗസ്ഥരെയും നീക്കം ചെയ്യും. സുതാര്യമായ രീതിയിൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബശ്രീയിലെ പ്രവൃത്തി പരിചയവുംകൂടി കണക്കിലെടുത്ത് മിഷ്യനെ പുനഃസംഘടിപ്പിക്കും.

443. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് കടക്കെണിയിലായിട്ടുള്ള തൊഴിൽ സംരംഭകരെ സഹായിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കും. ഇത്തരം പോരായ്മകൾ ആവർത്തിക്കില്ലായെന്ന് ഉറപ്പുവരുത്തുന്നതിന് സ്വയംതൊഴിൽ സ്കീമുകളുടെ നടത്തിപ്പിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തും.

444. കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് സർക്കാർതലത്തിലുള്ള വിപണി ഉറപ്പാക്കും. ഇതിന് എല്ലാ പഞ്ചായത്തുകളിലും നഗരങ്ങളിലും ബ്രാൻഡു ചെയ്ത കടകൾ ആരംഭിക്കും. സിവിൽ സപ്ലൈസ് സ്റ്റോറുകളിൽ കുടുംബശ്രീ ഉൽപന്നങ്ങൾക്കു മുൻഗണന നൽകും.

445. ആശ്രയ പദ്ധതി വിപുലീകരിക്കും. അഗതികളായ മുഴുവൻ കുടുംബങ്ങളെയും ആശ്രയ പദ്ധതിയിലൂടെ സമ്പൂർണ സുരക്ഷിതത്വം ഉറപ്പുവരുത്തും.

## സഹകരണ മേഖല

446. ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ച് സംസ്ഥാനാടിസ്ഥാനത്തിൽ ഒരു സംസ്ഥാന സഹകരണ ബാങ്കിന് രൂപം നൽകും.

447. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് കാർഷിക വികസനത്തിനുള്ള സമഗ്ര പരിപാടികൾ ആവിഷ്കരിക്കുകയും കാർഷിക വായ്പകൾ 70 ശതമാനമായെങ്കിലും ഉയർത്തുകയും ചെയ്യും. കർഷക പ്രൊഡ്യൂസർ കമ്പനികൾക്കും കർഷക സംരംഭകർക്കും ഉദാരമായ വ്യവസ്ഥയിൽ വായ്പ നൽകും. കാർഷിക അനുബന്ധമേഖലകളിൽ വായ്പ നൽകുന്നതിന് ബൈലകൾ ഭേദഗതി ചെയ്യും.

448. സഹകരണ രംഗത്തെ അധിക ഫണ്ട് ജില്ലാതലത്തിലോ സംസ്ഥാനതലത്തിലോ തദ്ദേശസ്വയം ഭരണ സർക്കാരുകൾക്കോ, സംസ്ഥാന സർക്കാരിനോ സാമൂഹ്യ വികസനപ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കും. ഇ.എം.എസ്. ഹൗസിംഗിൽ ഉപയോഗപ്പെടുത്തിയതുപോലെ അടിസ്ഥാന സൗകര്യ വികസനത്തിന് ഉൾപ്പെടെ ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കും.

449. നെൽകൃഷി, പച്ചക്കറികൃഷി തുടങ്ങിയ ഹ്രസ്വകാല കാർഷിക വായ്പ വിതരണവുമായി ബന്ധപ്പെട്ട പോരായ്മകൾ പരിഹരിക്കുവാനും കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുവാനും ഉൽപന്നങ്ങളുടെ വിപണനത്തിനും ഒരു സംവിധാനം പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കും. പ്രാഥമിക കാർഷിക വായ്പ സംഘം പ്രസിഡന്റ്, സെക്രട്ടറി, കൃഷി വകുപ്പുദ്യോഗസ്ഥൻ, പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് തുടങ്ങിയവർ അംഗങ്ങളായുള്ളതായിരിക്കും ഈ സമിതി.

450. സ്വന്തം ഫണ്ടിൽ അധികരിച്ച് സഞ്ചിത നഷ്ടമുള്ള സംസ്ഥാന സഹകരണ ബാങ്കിൽ സംസ്ഥാന സർക്കാരിന്റെ ഓഹരി മൂലധനപങ്കാളിത്തം വർദ്ധിപ്പിക്കുകയും അപ്പെക്സ് സംഘങ്ങൾക്കു നൽകിയിട്ടുള്ളതും നിഷ്ക്രിയ വായ്പ ആയി തീർന്നതുമായ വായ്പകൾ സ്റ്റാൻഡേർഡ് വായ്പകളാക്കുകയും ചെയ്യും.

451. കേരളത്തിലെ സഹകരണ ബാങ്കുകളെ ബന്ധിപ്പിച്ച് കോർ ബാങ്കിംഗ് നെറ്റ്വർക്ക് ഏർപ്പെടുത്തും. എല്ലാ ബാങ്കുകളുടെയും ചെക്ക് ബുക്ക്, ഒപ്പുകൾ എന്നിവ ഓൺലൈനിലൂടെ പരിശോധിച്ച് ഉടൻ പണം ട്രാൻസ്ഫർ ചെയ്യാനുള്ള സംവിധാനം ഈ നെറ്റ്വർക്കിലുണ്ടാകും.

452. ബ്ലേഡുകാരെ ഉന്മൂലനം ചെയ്യാൻ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അവയെ കുടുംബശ്രീയുമായി സഹകരിപ്പിച്ച് ഡിസ്ട്രിബ്യൂഷൻ കളക്ഷൻ നെറ്റ്വർക്ക് ഉണ്ടാക്കും.

## യുവജനക്ഷേമം

453. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കപ്പെട്ട യൂത്ത് കോ–ഓർഡിനേഷൻ കൗൺസിലുകൾ, യൂത്ത് കോ–ഓർഡിനേറ്റർമാർ, യൂത്ത് സെന്ററുകൾ എന്നീ സംവിധാനങ്ങളെ കൂടുതൽ ശക്തമാക്കും. ജില്ലാടിസ്ഥാനത്തിൽ വികസനരംഗത്തെ യുവജനകൂട്ടായ്മ ഉറപ്പുവരുത്തുന്നതിനായി കോ–ഓർഡിനേഷൻ കൗൺസിലുകൾ രൂപീകരിക്കും. യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കും.

454. സ്പോർട്സ് കൗൺസിൽ–യുവജനക്ഷേമബോർഡ് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കും. തൊഴിൽവകുപ്പ്, വിദ്യാഭ്യാസവകുപ്പ്, സാസ്കാരിക വകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ് എന്നിവയുമായും യുവജനക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സംവിധാനം കൊണ്ടുവരും. കേരള യൂത്ത്ഫോറത്തെ, കേരള യുവത്വത്തിന്റെ ഏറ്റവും വലിയ ഒത്തുചേരലായി വിപുലീകരിക്കും.

455. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സചേഞ്ചുകളെ അടിമുടി പുനഃസംഘടിപ്പിക്കും. എല്ലാതരം തൊഴിലവസരങ്ങളെയും (സ്വകാര്യമേഖല ഉൾപ്പെടെ) വിദ്യാഭ്യാസ അവസരങ്ങളെയും ഏകോപിപ്പിക്കുന്ന കരുത്തുറ്റ സംവിധാനമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മാറ്റും.

456. അപ്രഖ്യാപിത നിയമന നിരോധനം പിൻവലിക്കും. തസ്തികകൾ വെട്ടിക്കുറയ്ക്കുന്ന രീതി അവസാനിപ്പിക്കും. അഡ്വൈസ് മെമ്മോ ലഭിച്ച് 90 ദിവസത്തിനകം നിയമന ഉത്തരവ് ലഭിക്കുമെന്ന് ഉറപ്പുവരുത്തും. ഓരോ വകുപ്പുകളിലും ഉണ്ടാകുന്ന ഒഴിവുകൾ 10 ദിവസത്തിനകം പി.എസ്.സിയെ അറിയിക്കുമെന്ന് ഉറപ്പുവരുത്തും.

## ജനാധിപത്യ അധികാര വികേന്ദ്രീകരണം

457. ജനാധിപത്യ അധികാരവികേന്ദ്രീകരണത്തിന്റെ നഷ്ടപ്പെട്ട ജനകീയ പങ്കാളിത്തവും സുതാര്യതയും പുനഃസൃഷ്ടിക്കും. ജനകീയ പങ്കാളിത്ത സംഘടനാസംവിധാനങ്ങൾക്ക് നിയമ പരിരക്ഷ നൽകുന്നതിനായി കേരള

പഞ്ചായത്ത്‌രാജ്/മുനിസിപ്പൽ നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് നടപടികൾ സ്വീകരിക്കും. ഇതിനായി ഗ്രാമസഭകൾ ഫലപ്രദമാക്കും. ഗ്രാമസഭയുടെ ഉപഘടകങ്ങളായി കുടുംബശ്രീ അയൽക്കൂട്ടങ്ങളെയും റസിഡൻസ് അസോസിയേഷനുകളെയും പുരുഷ സ്വയംസഹായ സംഘങ്ങളെയും അംഗീകരിക്കും. ഗ്രാമസഭയ്ക്കു മുമ്പേ അജണ്ടകുറിപ്പ് ഈ സംഘങ്ങൾക്കു ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കും.

458. അധികാരവികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും എല്ലാ തട്ടുകളിലുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒറ്റ വകുപ്പിന് കീഴിൽ കൊണ്ടുവരും. പഞ്ചായത്തുകൾ, നഗരവികസനം, ഗ്രാമവികസനം എന്നീ മൂന്നു വകുപ്പുകളും ചേർത്ത് ഒരു മന്ത്രിയും ഒരു സെക്രട്ടറിയും ഒരു പൊതു കേഡറും ഉള്ള വകുപ്പാക്കി മാറ്റും.

459. നഗരസഭകൾക്ക് സമാന്തരമായി പ്രവർത്തിക്കുന്ന അധികാര കേന്ദ്രങ്ങളായ വികസന അതോറിറ്റികൾ അധികാര വികേന്ദ്രീകരണത്തിന്റെയും പ്രാദേശിക ഭരണ സംവിധാനത്തിന്റെയും സത്തയ്ക്ക് എതിരാണ്. ഇത്തരം സമാന്തര അധികാരസ്ഥാപനങ്ങളെ പരമാവധി കുറയ്ക്കും.

460. അറിയാനുള്ള അവകാശവും സേവനാവകാശ നിയമവും പൗരാവകാശ രേഖയും അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കും. ജന കേന്ദ്രീകൃതമായ ഭരണവ്യവസ്ഥ തദ്ദേശഭരണ തദ്ദേശഭരണ തലത്തിൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

461. വികേന്ദ്രീകൃത പരിശീലന സംവിധാനങ്ങൾ മേഖലാടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും സജ്ജമാക്കുകയും സമയബന്ധിതമായും കാര്യക്ഷമമായും പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കും. വിവിധ വികസന വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന പരിശീലന സ്ഥാപനങ്ങളുടെ പരിശീലനങ്ങളിലെ പാഠ്യപദ്ധതിയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിശീലന പാഠ്യപദ്ധതിയും തമ്മിൽ ഏകോപനം ഉറപ്പാക്കും.

462. എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ഓഫീസുകളും സമയബന്ധിതമായി ഐഎസ്ഒ സർട്ടിഫിക്കേഷൻ ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

463. ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് നിലവിലുള്ള നിയമം റദ്ദാക്കും. അധികാരവികേന്ദ്രീകരണത്തിന്റെ ആദർശങ്ങൾക്കും ഭരണഘടനയ്ക്കും വിരുദ്ധമായുള്ളതാണ് ടൗൺ ആന്റ് കൺട്രി പ്ലാനിംഗിന്റെ കീഴിൽ ജില്ലാ പദ്ധതി രൂപീകരിക്കാനുള്ള നീക്കം. ഈ നടപടി തിരുത്തും.

464. ജില്ലാ ആസൂത്രണ സമിതിയെ ശക്തിപ്പെടുത്തും. പദ്ധതി സംബന്ധിച്ച തർക്കകാര്യങ്ങളുടെ അപ്പീൽ അതോറിറ്റി സ്ഥാനത്തുനിന്നും കളക്ടറെ മാറ്റും. ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന്റെ ചുമതല ഡിപിസിയിൽ നിക്ഷിപ്തമാക്കും. പദ്ധതി രേഖയുടെയും പരിശോധനയുടെയും അംഗീകാരം നൽകുന്നതിന്റെയും പൂർണ ചുമതല ഡിപിസിയ്ക്ക് ആകുന്ന വിധത്തിൽ പുനഃക്രമീകരണം നടത്തും.

465. റോഡ് പശ്ചാത്തലസൗകര്യങ്ങൾക്കും വേണ്ടി മുതൽമുടക്കുന്നതിന് പരമാവധി പരിധിയും ഉൽപാദനമേഖലയിൽ ചെലവഴിക്കുന്നതിന് മിനിമം പരിധിയും നിശ്ചയിക്കും.

466. സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിനുപുറമെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് തനത് വരുമാനം കണ്ടെത്തുന്നതിനും അധികവും വിഭവ സമാഹരണ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ സ്വാതന്ത്ര്യവും നൽകും. ആവശ്യമായ സാഹചര്യങ്ങളിൽ സർക്കാർ ഗ്യാരണ്ടിയോടെ വായ്പയെടുക്കാൻ അനുവാദം നൽകും.

467. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാന്റുകൾ 12 മാസഗഡുക്കളായി മുൻകൂറായി നൽകുന്ന സമ്പ്രദായം പുനഃസ്ഥാപിക്കും.

468. മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയെ സംയോജിപ്പിച്ചുകൊണ്ടുള്ള സംയോജിതവും, സമഗ്രവുമായ സ്ഥല–ജല ആസൂത്രണം പ്രാദേശിക തലത്തിൽ ഏറ്റെടുക്കും.

469. ഓരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിലും ചെറുകിട യന്ത്രവത്കൃത കാർഷിക തൊഴിലുകൾ ചെയ്യാൻ തയ്യാറുള്ള യുവതീ–യുവാക്കളെ ഉൾപ്പെടുത്തിയുള്ള തൊഴിൽസേനകൾ രൂപീകരിക്കും. ഇത്തരം തൊഴിൽസേനാ അംഗങ്ങൾക്ക് സ്ഥിരവരുമാനവും സാമൂഹ്യസുരക്ഷയും ഉറപ്പാക്കും. കൃഷിയുമായി ബന്ധപ്പെട്ട എല്ലാ സാങ്കേതിക വൈദഗ്ധ്യവും ലഭ്യമാക്കി ഇവരെ സേവനകേന്ദ്രമാക്കി മാറ്റും.

470. പദ്ധതി നിർവഹണവുമായി ബന്ധപ്പെടുത്തിയുള്ള വിപുലമായ ജനകീയ കാമ്പയിൻ ആവിഷ്കരിക്കും. എല്ലാ മേഖലകളിലെയും പദ്ധതികളെ ഇതുമായി ബന്ധപ്പെടുത്തും. എന്നാൽ മുഖ്യമായും മാലിന്യ സംസ്കരണം, ജൈവകൃഷി, തൊഴിലുറപ്പ് എന്നിവയെ ആസ്പദമാക്കിയായിരിക്കും ഈ പുതിയ ജനകീയപ്രസ്ഥാനം. ഈ ജനകീയ പ്രസ്ഥാനം സൃഷ്ടിക്കുന്ന പുതു അന്തരീക്ഷവും ഇച്ഛാശക്തിയും ഉപയോഗപ്പെടുത്തി കേരളത്തിലെ അധികാര വികേന്ദ്രീകരണത്തെ ഒരു പുതിയ വിതാനത്തിലേയ്ക്ക് ഉയർത്തും.

## പ്രവാസി ക്ഷേമം

471. വിദേശത്ത് ജോലിക്ക് പോകാൻ ശ്രമിക്കുന്നവർക്ക് സർക്കാർ സഹായം നൽകും. ഉയർന്ന വിമാന നിരക്ക്

ഉൾപെടെയുള്ള കാര്യങ്ങളിൽ പ്രവാസികളോട് കാണിക്കുന്ന വിവേചനം അവസാനിപ്പിക്കാൻ കേന്ദ്രസർക്കാരിനെക്കൊണ്ട് ഇടപെടുവിക്കുന്നതിനുള്ള തീവ്ര ശ്രമം നടത്തും. കേരളത്തിന്റെ തനതായ വിമാനകമ്പനി ആരംഭിക്കും. കുടിയേറ്റക്കാർക്ക് ക്ഷേമവും പ്രോത്സാഹനവും ഉറപ്പുവരുത്തുന്ന ഒരു സമഗ്ര കുടിയേറ്റ നിയമത്തിന് വേണ്ടി പരിശ്രമിക്കും.

472. സംസ്ഥാന സർക്കാറിന് പുതിയ തൊഴിൽ സാധ്യതയെ കുറിച്ചുള്ള വിവരങ്ങൾ തൊഴിൽ അന്വേഷകർക്ക് എത്തിച്ച് കൊടുക്കുക, ഫിനിഷിങ് സ്കൂൾ നടത്തുക, കുടിയേറ്റത്തിനാവശ്യമായ വായ്പ ഉദാരമായി ലഭ്യമാക്കുക എന്നിവ ഏറ്റെടുക്കും.

473. പ്രവാസികളെക്കുറിച്ചുള്ള സമഗ്രമായ ഒരു ഡാറ്റ ബേസ് തയ്യാറാക്കും. സ്ഥിരമായി, വിദേശത്ത് പ്രത്യേകിച്ച് പാശ്ചാത്യരാജ്യങ്ങളിൽ, താമസിക്കുന്ന മലയാളികളുടെ പുതിയ തലമുറകളെ മലയാളത്തേയും മലയാള സംസ്കാരത്തേയും പരിചയപ്പെടുത്തി കൊടുക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കും. മാത്രമല്ല, ഭാഷാപഠന പ്രോത്സഹനത്തിനുള്ള മലയാള മിഷന്റെ പ്രവർത്തനം വിപുലപ്പെടുത്തും.

474. പ്രവാസി സംഘടനകളുടെ മേഖലാതല ആഗോളതല സമ്മേളനങ്ങളും ആശയവിനിമയവും വർഷത്തിലൊരിക്കലെങ്കിലും സംഘടിപ്പിക്കും.

475. കേരളീയ പ്രവാസി സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട്, രോഗബാധിതർക്കും അപകടം സംഭവിക്കുന്നവർക്കും തൊഴിൽ നഷ്ടമാകുന്നവർക്കുമെല്ലാം സംരക്ഷണം നൽകാൻ സ്കീം ഉണ്ടാക്കും. മലയാളികൾ കൂടുതലായുള്ള രാജ്യങ്ങളിൽ കേരളത്തിൽ നിന്നുള്ള ഒരു ഉദ്യോഗസ്ഥനെ ഇതിനായി നിയമിക്കും. മൃതദേഹം നാട്ടിലേക്ക് കൊണ്ടുവരാനുള്ള കാലതാമസം ഒഴിവാക്കും. ജയിലിൽ കിടക്കുന്നവർക്കും കേസിൽ ഉൾപ്പെട്ടവർക്കും നിയമപരമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ടവർക്കും നിയമസഹായം നൽകുന്നതിനുവേണ്ടി അഭിഭാഷകരുടെ ഒരു പാനൽ ഓരോ മേഖലയിലും രൂപീകരിക്കും.

476. വിദേശത്തു നിന്ന് തിരികെ വരുന്നവർക്ക് മുൻകൂറായി തന്നെ പേര് രജിസ്റ്റർ ചെയ്യുന്നതിനും അവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും നോർക്കയുമായി ചർച്ച ചെയ്യുന്നതിനുമുള്ള സൗകര്യം ഉണ്ടാക്കും. കുടിയേറ്റത്തിന്റെ കാലാവധി തീരുമുമ്പ് ജോലി നഷ്ടപ്പെട്ട് വരുന്നവരെ പുനരധിവസിപ്പിക്കാൻ പ്രത്യേക സംവിധാനം ഉണ്ടാക്കും.

477. പ്രവാസികളുടെ കഴിവുകളെയും സമ്പാദ്യത്തെയും വികസന മേഖലകളിലേക്ക് ആകർഷിക്കാനുതകുന്ന കൃത്യമായ സ്കീമുകൾക്ക് രൂപം നൽകും.

478. കേരള വികസന നിധി രൂപീകരിക്കും. നിശ്ചിത തുകയ്ക്കുള്ള ഡിപ്പോസിറ്റ് പ്രഖ്യാപിത പ്രവാസി സംരംഭങ്ങളിൽ ഓഹരിയായി നിക്ഷേപിക്കാൻ തയ്യാറുള്ള പ്രവാസികൾക്ക്, പ്രവാസം മതിയാക്കി മടങ്ങിയെത്തുമ്പോൾ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ നേടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കും. ഗൾഫിൽ നിന്ന് മടങ്ങി വരുമ്പോൾ നാടിലൊരു തൊഴിൽ ഉറപ്പ് വരുത്താനുള്ള നിക്ഷേപം എന്ന നിലയിൽ ഇത്തരം സംരംഭം വളരെയധികം ആകർഷകമായിരിക്കും.

479. നിധിക്ക് പുറമേ, സർക്കാരിന്റെ കൂടെ പങ്കാളിത്തമുള്ള പ്രവാസി മലയാളികളുടെ സംയുക്ത സംരംഭമായ ഇൻകെൽ മാതൃകയിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കും.

480. പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പ്രത്യേക വായ്പാ സൗകര്യങ്ങൾ വർദ്ധിപ്പിക്കും. സംരംഭകരാവാൻ സാധ്യതയുള്ള പ്രവാസികളുമായി പ്രത്യേകിച്ച് പ്രൊഫഷണലുകളുമായി നാട്ടിലേക്കുള്ള മടക്കത്തിന് മുമ്പേ തന്നെ ആശയവിനിമയം നടത്തുവാൻ ഒരു ഏജൻസി സ്ഥാപിക്കും. നിക്ഷേപകർക്ക് ഏകജാലക സംവിധാനത്തിലൂടെ ആവശ്യമായ അനുവാദങ്ങളും നൽകും.

481. പ്രവാസികളുടെ സഹകരണസംഘങ്ങളെ പ്രോത്സാഹിപ്പിക്കും.

482. വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ആരോഗ്യ സ്ഥാപനങ്ങളുടേയും മറ്റും വികസനത്തിനും പ്രവാസി സംഭാവനകൾക്ക് വലിയ പങ്കു വഹിക്കാനാവും. ഇത്തരം സംഭാവനകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി, പ്രവാസികൾ നൽകുന്ന ഓരോ രൂപയ്ക്കും തുല്യമായ തുക അല്ലെങ്കിൽ ആനുപാതികമായ തുക സർക്കാരിൽ നിന്ന് നൽകുന്നതിനുള്ള ഒരു സ്കീമിന് രൂപം നൽകും.

483. വിദേശത്തുള്ള പ്രവാസി വ്യവസായവാണിജ്യ സംരംഭകരുമായി സജീവ ബന്ധം പുലർത്തുന്നതിനുവേണ്ടി കേരള പ്രവാസി വാണിജ്യ ചേംബറുകൾക്ക് രൂപം നൽകും. ഓരോ വിദേശ മേഖലയ്ക്കും പ്രത്യേക ചേംബറുകൾ ഉണ്ടാകും. ഇവരും കേരളത്തിലെ ചേംബറുകളും തമ്മിൽ സൗഹൃദബന്ധം വളർത്തിയെടുക്കും.

484. പ്രവാസി പ്രൊഫഷണൽ സംഘടനകൾ എല്ലാ രാജ്യങ്ങളിലും രൂപീകരിക്കും. ഈ സംഘടനകളെ കേരളത്തിലെ ഗവേഷണ സ്ഥാപനങ്ങളുമായും വ്യവസായ സംരംഭങ്ങളുമായും ബന്ധപ്പെടുത്തും.

485. വിദേശത്ത് ജോലി ചെയ്യുന്നവരും തിരിച്ച് വന്നവരും മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരുമായ മുഴുവൻ മലയാളികൾക്കും വേണ്ടി പ്രത്യേകം വിഭാഗങ്ങൾ നോർക്കയിൽ ഉണ്ടാക്കും. വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസികൾക്ക് വേണ്ടി പ്രത്യേക മേഖലാ ഉപവകുപ്പുകളും ഉണ്ടാവും. ഇതിന്റെ നടത്തിപ്പ് ചുമതല പ്രൊഫഷണലുകളെ ഏൽപ്പിക്കും.

486. ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും. അംശാദായവും റിട്ടയർമെന്റ് പെൻഷനും വർദ്ധിപ്പിക്കും.

487. പ്രവാസി വകുപ്പിനായുള്ള ബജറ്റ് വിഹിതം ഗണ്യമായി ഉയർത്തും. വിദേശത്തു നിന്നുള്ള പ്രവാസി പണവരുമാനത്തിന്റെ ഒരു ചെറു നിശ്ചിത ശതമാനം എല്ലാവർഷവും പ്രവാസിക്ഷേമത്തിനായി വകയിരുത്തും.

488. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ആരംഭിച്ച പലിശരഹിത ധനകാര്യ സ്ഥാപനം ഇന്ന് നിർജ്ജീവമാണ്. ഈ സ്ഥാപനത്തെ പുനരുദ്ധരിക്കും; വിപുലീകരിക്കും.

489. പ്രവാസികൾ വിദേശരാജ്യങ്ങളിലെ നിയമ–ക്രമസമാധാന പ്രശ്നങ്ങളാൽ തിരിച്ചെത്തേണ്ടിവരുമ്പോൾ അവരുടെ തുടർജീവിതത്തിന് പ്രയോജനകരമായ രീതിയിൽ ധനകാര്യസ്ഥാപനങ്ങളുമായി ചേർന്ന് ഇളവേറിയ വ്യവസ്ഥകളോടെ വായ്പാ സ്വയംതൊഴിൽ സംരംഭ സഹായ പദ്ധതി ആവിഷ്കരിക്കും.

## കല, സംസ്കാരം, മാദ്ധ്യമം

490. വൈജ്ഞാനിക ഗ്രന്ഥങ്ങൾ, ബാലസാഹിത്യം തുടങ്ങിയവയിലെ കുറവ് പരിഹരിക്കാനായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, മലയാള സർവകലാശാല, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കും.

491. സമൂഹത്തിൽ വായനയുടെ വ്യാപനം ഉറപ്പുവരുത്തുന്നതിനായി പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് മലയാള വായനാഭിരുചി ഉണ്ടാക്കാനും ക്ലാസ് റൂം ലൈബ്രറികൾ ഉണ്ടാക്കാനുമായി ഒരു കുട്ടിക്കൊരു പുസ്തകം എന്ന പദ്ധതി നടപ്പിലാക്കും.

492. വിവരസാങ്കേതികവിദ്യ, നവമാധ്യമങ്ങൾ എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഗ്രന്ഥശാലാനിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തും. വിവരസാങ്കേതിക വിദ്യയുടെ ശേഷി നേടുന്നതിനും അതിലൂടെ വിവരവിനിമയത്തിൽ നേരിട്ട് ഇടപെടുന്നതിനുമുള്ള ഒരു ഇടമായി വായനശാല മാറ്റാനായി സമ്പൂർണ്ണസാക്ഷരതാപ്രസ്ഥാനം പോലെ സമ്പൂർണ്ണ വായനാപ്രസ്ഥാനത്തിന് തുടക്കം കുറിക്കും. വായനശാലകൾക്കുള്ള ഗ്രാന്റ് ഇന്നത്തേതിന്റെ മൂന്നു മടങ്ങായി ഉയർത്തും. ലൈബ്രേറിയന്മാരുടെ ഓണറേറിയം ന്യായമായ ജീവിതത്തിന് ഉതകുന്ന നിലയിൽ വർദ്ധിപ്പിക്കും. ലൈബ്രറികളിലുള്ള അപൂർവ ഗ്രന്ഥങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് ഒരു പ്രത്യേക സ്കീമിനു രൂപം നൽകും.

493. സ്കൂളുകളിൽ കലാപോഷണത്തിനാവശ്യമായ സാഹചര്യങ്ങൾ പ്രബലപ്പെടുത്തും. സർക്കാർ സ്കൂളുകളിൽ കലാധ്യാപകരെ നിയമിക്കും. സ്കൂൾ കലാമേളകളുടെ മാനുവൽ, നടത്തിപ്പുരീതികൾ എന്നിവ അടിമുടി പരിഷ്കരിക്കും. ചെലവുകുറഞ്ഞതാക്കും, വികേന്ദ്രീകരിക്കും, മത്സരസ്വഭാവം കുറയ്ക്കും. സായാഹ്നങ്ങളിലും ഒഴിവുദിവസങ്ങളിലും സ്കൂളുകളെ കലാപഠന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള സ്കീമുകൾ ആവിഷ്കരിക്കും.

494. സാഹിത്യ അക്കാദമിയെ കേന്ദ്രസാഹിത്യ അക്കാദമിയുടെ രീതിയിൽ പുനഃസംഘടിപ്പിക്കും. പ്രാദേശിക സാഹിത്യസമിതികൾക്ക് ഗ്രാന്റ് നല്കണം. സാഹിത്യകാരന്മാർക്ക് ക്ഷേമപദ്ധതികൾ തുടങ്ങണം. മറ്റു ഭാഷകളിലേയ്ക്കുള്ള വിവർത്തനങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും സാദ്ധ്യമാക്കും. സാമ്പ്രദായരീതികളിൽ നിന്ന് വ്യത്യസ്തമായി ലിറ്ററി ഫെസ്റ്റിവെലുകൾ കേരളത്തിൽ സംഘടിപ്പിക്കും.

495. ഫോക്‌ലോർ അക്കാദമിയെ ഔപചാരികവും അനൗപചാരികവുമായ ഗവേഷണങ്ങൾക്ക് പ്രാപ്തമാക്കും. വിപുലവും സുസജ്ജവുമായ ഒരു ഫോക്‌ലോർ മ്യൂസിയം സ്ഥാപിക്കും. കേരളത്തിലെ പ്രധാന കേന്ദ്രങ്ങളിൽ സംഗീത നാടകോത്സവങ്ങൾ നടത്താനുള്ള പണം ലഭ്യമാക്കും.

496. തിരുവനന്തപുരം ഫിലിം ഫെസ്റ്റിവെലിന് സ്ഥിരം വേദിയുണ്ടാക്കും. ഫിലിം സൊസൈറ്റികൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കും, പ്രാദേശിക ചലച്ചിത്രോത്സവങ്ങൾക്ക് സർക്കാർ ധനസഹായം നൽകും. സംസ്ഥാനത്തെ പ്രധാനപട്ടണങ്ങളിൽ സ്ഥിരം ഗാലറികൾക്ക് രൂപം നൽകും. ചിത്രകാരന്മാർക്ക് പെയിന്റിംഗ് എക്സിബിഷനുള്ള ധനസഹായം ലഭ്യമാക്കും. കൊച്ചി ബിനാലേയ്ക്കുള്ള ധനസഹായം തുടരും.

497. കലാസമിതികൾക്കും ക്ലബുകൾക്കും സർക്കാർ ധനസഹായം നൽകും. കേന്ദ്ര അക്കാദമികളുടെ സഹായവും മറ്റും ഇവർക്കു ലഭിക്കുന്നതിന് അവരെ സഹായിക്കാൻ ഒരു പ്രത്യേക സെൽ കേരള സംഗീത നാടക അക്കാദമിയിൽ രൂപം നൽകും. കലാസമിതികൾക്കു തനതായ നാടകം അവതരിപ്പിക്കുന്നതിന് പ്രത്യേകധനസഹായം ലഭ്യമാക്കും. കേരള സംഗീതനാടക അക്കാദമിയുടെ ഒരു പ്രധാന ചുമതലയായി ഡോക്യുമെന്റേഷനെ മാറ്റും.

498. കേരളത്തിന്റെ തനത് സംസ്കാരത്തേയും ചരിത്രത്തേയും ജീവിതത്തേയും അറിയാനുള്ള അവസരമൊരുക്കും. അതിനായി കല, ശാസ്ത്രം, വിദ്യാഭ്യാസം എന്നിവവഴി പൊതുബോധം ഉണ്ടാക്കാൻ കഴിയുകയും ചെയ്യുന്ന തരം പൊതുയിടങ്ങൾ എന്ന രീതിയിൽ സാംസ്കാരിക ഇടനാഴികൾക്കുള്ള സ്കീമിനു രൂപം നൽകും.

499. കലാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കും, പരിഷ്കരിക്കും.

500. മ്യൂസിയങ്ങൾ സംബന്ധിച്ച് ബഹുതലങ്ങളായ നവീന പരിപ്രേക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ അവയുടെ ശൃംഖല സ്ഥാപിക്കും.

501. പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി ഫലപ്രദമാക്കും.

502. സംസ്ഥാനത്തെ മാധ്യമ പ്രവർത്തന പഠന കോഴ്സുകൾക്ക് പൊതുരൂപം നൽകും. സംസ്ഥാനത്തിന്റെ ചരിത്രവും സംസ്കാരവും പഠന വിഷയങ്ങളിൽ ഉൾപ്പെടുത്തും. മാധ്യമപ്രവർത്തനം സാമൂഹ്യപ്രവർത്തനമാണ് എന്ന കാഴ്ചപ്പാടോടെ പാഠ്യപദ്ധതി പുനഃസംവിധാനം ചെയ്യും.

503. അപ്പർപ്രൈമറി തലം മുതൽ പാഠ്യപദ്ധതിയിൽ മാധ്യമ സാരക്ഷരത ഉൾക്കൊള്ളിക്കും.

504. മാധ്യമ പഠനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യവികസനം ഒരു കടമയായി സംസ്ഥാന സർക്കാർ ഏറ്റെടുക്കും. ഇതിനായി ഇപ്പോൾ വായനശാലകളിലും സ്ഥാപനങ്ങളിലും സംഘടനകളുടെയും വ്യക്തികളുടെയും കൈവശമുള്ള എല്ലാ മാധ്യമ ഉൽപ്പന്നങ്ങളുടെയും പൊതു ആർക്കൈവ്സ് ഉണ്ടാക്കും. ഇവ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും വിജ്ഞാന താൽപ്പര്യമുള്ളവർക്കും റഫറൻസ് നടത്തുന്നതിനുള്ള സംവിധാനമാക്കി മാറ്റും.

505. മാധ്യമപഠനങ്ങൾക്ക് സർവ്വകലാശാലകളിൽ വേറിട്ട വകുപ്പുകൾ ആരംഭിക്കും. ഈ രംഗത്ത് ബിരുദ–ബിരുദാനന്തര കോഴ്സുകൾ നടപ്പിലാക്കും.

506. വൈദ്യുതി ബോർഡിന്റെ തൂണുകൾ ഉപയോഗിച്ച് ഡിജിറ്റൽ കേരള നെറ്റ്‌വർക്ക് സ്ഥാപിക്കും. അഞ്ചുവർഷത്തിനുള്ളിൽ 100 രൂപയ്ക്ക് വീട്ടിലും 300 രൂപയ്ക്ക് ചെറുകിട വ്യാപാര സ്ഥാപനങ്ങൾക്കും 1000 രൂപയ്ക്ക് വ്യവസായ സ്ഥാപനങ്ങൾക്കും ഇന്റർനെറ്റ് കണക്ഷൻ ഇതിലൂടെ ലഭ്യമാക്കും. ചെറുകിട കേബിൾ ഓപ്പറേറ്റർമാർക്ക് പ്രത്യേക പരിഗണന നൽകുകയും വാടക കുറയ്ക്കുകയും ചെയ്യും.

## മലയാളവും ഭാഷാസാങ്കേതികവിദ്യയും

507. ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും. ഇ–ഗവേണൻസ് മലയാളത്തിൽ തന്നെ നടപ്പിലാക്കുന്നതിനുള്ള ഇടപെടൽ നടത്തും. ഭാഷാ ന്യൂനപക്ഷങ്ങളുടെ എല്ലാവിധ അവകാശങ്ങളും സംരക്ഷിക്കും. അവരുടെ ഭാഷാ പഠനത്തിനും ഉപയോഗത്തിനുമുള്ള എല്ലാ സംവിധാനവും ഉറപ്പുവരുത്തും.

508. നരേന്ദ്രൻ കമ്മിറ്റിയുടെ നിർദ്ദേശം മുൻനിർത്തി കോടതി ഭാഷ മലയാളമാക്കാനുള്ള നടപടികൾ സ്വീകരിക്കും. കേരളത്തിലെ തൊഴിൽപരീക്ഷകൾ, മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾ എന്നിവ മലയാളത്തിൽ എഴുതാൻ അവസരമുണ്ടാക്കും. ഗവേഷണ പ്രബന്ധങ്ങൾ അടക്കം മലയാളത്തിൽ സമർപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കും.

509. ബിരുദതലംവരെ മലയാളപഠനം നിർബ്ബന്ധമാക്കും. മലയാള മാധ്യമത്തിലുള്ള പഠനത്തിന് പ്രോത്സാഹനം നൽകും. പ്രൈമറി ക്ലാസ് മുതൽ തന്നെ മലയാളം കമ്പ്യൂട്ടിങ് പഠന ഭാഗമാക്കും.

510. മലയാള സർവ്വകലാശാല വിജ്ഞാന മണ്ഡലത്തിലുണ്ടാകുന്ന മാറ്റങ്ങൾ കണ്ടെത്താനും അത് മലയാളത്തിൽ കൊണ്ടുവരാനുമുള്ള ഇടപെടൽ നടത്തുന്നതിനുള്ള സ്ഥാപനമാക്കി മാറ്റും. ഭാഷയുടെ പ്രയോഗത്തിന്റെയും വികാസത്തിന്റെയും സാധ്യതകൾ സമഗ്രമായി കണ്ടെത്തുന്നതിനും വിനിയോഗിക്കുന്നതിനും പര്യാപ്തമായ വിധത്തിൽക്കൂടി മലയാള സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ പുനഃക്രമീകരിക്കും. ഇതുമായി മറ്റു സർവ്വകലാശാലകളെയും എല്ലാ സാംസ്ക്കാരിക സ്ഥാപനങ്ങളെയും സംഘടനകളെയും കൂട്ടിയിണക്കും. ഇന്ത്യൻ ഭാഷകൾ തമ്മിലുള്ള വിവർത്തനം പരമാവധി പ്രോത്സാഹിപ്പിക്കും.

511 ഭാഷയുടെ വർഗീയവല്ക്കരണം ചെറുക്കുക, ലിംഗസമത്വം, ജാതിനിരാസം, മതനിരപേക്ഷത, ആവിഷ്ക്കാരവൈവിദ്ധ്യം എന്നിവയെ ആധാരമാക്കി ജനാധിപത്യപരമായ തുല്യത ഉറപ്പാക്കുമാറ് ഭാഷാപ്രയോഗങ്ങൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

512. ലോകനിലവാരത്തിൽ രചിക്കപ്പെട്ട ശാസ്ത്രകൃതികൾ, തത്വചിന്താപരമായ കൃതികൾ തുടങ്ങിയവയെല്ലാം മലയാളത്തിൽ ലഭ്യമാക്കാനുള്ള ഇടപെടൽ നടത്തും. മൂന്നാംലോക രാജ്യങ്ങളിലെ ഭാഷകളിൽനിന്നുള്ള കൃതികളുടെ വിവർത്തനത്തിനുൾപ്പെടെ പ്രോത്സാഹനം നൽകിക്കൊണ്ട് ബഹുസ്വരതയ്ക്ക് പ്രോത്സാഹനം നൽകും. ഇതിലേക്കായി ഒരു വിവർത്തനനയം ഉണ്ടാക്കും. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സ്ഥാപനങ്ങളെ ഇത്തരത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കും. പുതിയ ഗവേഷണ പ്രബന്ധങ്ങൾ മലയാളത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കും.

513. കമ്പ്യൂട്ടർ, മൊബൈൽ, ഫോൺ എന്നിവയിലെല്ലാം അടിസ്ഥാന ഭാഷയായി മലയാളത്തെ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കും.

514. കേരളത്തിനകത്തുമാത്രം സംസാരിക്കുന്ന ആദിവാസി ഭാഷകൾക്ക് കേരളത്തിനു പുറത്ത് സംഘടിതമായ സംരക്ഷകരില്ല. ആ ജനതകളുടെ ഭാഷാപരമായ അവകാശങ്ങളുടെ സംരക്ഷണവും വികസനവും ഉറപ്പാക്കും. ആദിവാസികൾ ഉൾപ്പെടെ ഭാഷാന്യൂനപക്ഷങ്ങൾക്ക് അവരുടെ മാതൃഭാഷയിൽ വിദ്യാഭ്യാസവും വ്യവഹാരങ്ങളും നിർവ്വഹിക്കാൻ സൗകര്യമുണ്ടാക്കും. ഈ വിഭാഗത്തിന് രണ്ടാം ഭാഷയെന്ന സ്ഥാനം മലയാളത്തിന് നൽകും.

515. കേരളത്തിലെത്തുന്ന ഇതരസംസ്ഥാന തൊഴിലാളികളെ തുല്യപൗരരാക്കി മാറ്റാനും കേരളത്തിന്റെ സാംസ്കാരികവും രാഷ്ട്രീയവുമായ ചലനാത്മകതയുടെ ഭാഗമാക്കിത്തീർക്കാനും കഴിയുന്ന വിധത്തിൽ അവരെ മലയാളത്തിൽ അറിവുള്ളവരാക്കി മാറ്റാനുള്ള സാക്ഷരതാ പ്രസ്ഥാനത്തിന് ആരംഭം കുറിക്കും.

## കായികരംഗം

516. അന്തർദേശീയ സ്പോർട്സ് മത്സരങ്ങൾ നടത്താൻ ഉതകുന്ന രീതിയിലുള്ള സൗകര്യങ്ങൾ സമയബന്ധിതമായി സൃഷ്ടിക്കും. ഇതിനായി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കും.

517. എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പരിശീലനം ചെയ്യുവാൻ യോഗ്യമായ ഒരു 200/400 മീറ്റർ ട്രാക്കിനും അനുബന്ധമായ മൈതാനവും ഉറപ്പുവരുത്തുന്നതിന് ഇടപെടും.

518. കേരളം സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ കായിക ഇനങ്ങൾക്കായി സ്പോർട്സ് ഹോസ്റ്റലുകൾ സ്കൂളുകളിലും കോളേജുകളിലുമായി നടത്തിവരുന്നുണ്ട്. ഇവയുടെ നടത്തിപ്പിനായി നൽകിവരുന്ന തുക വർദ്ധിപ്പിക്കുകയും സൗകര്യങ്ങൾ സായി സ്പോർട്സ് ഹോസ്റ്റലുകൾക്ക് സമാനമാക്കുകയും ചെയ്യും.

519. പൊതുജനാരോഗ്യ സംരക്ഷണത്തിനായി കായികരംഗം ഉപയോഗിക്കപ്പെടുന്ന ഒരു ബൃഹദ് പദ്ധതിക്ക് രൂപം നൽകും.

520. സ്പോർട്സും അതിനോടു അനുബന്ധപ്പെട്ടു കിടക്കുന്ന ശാസ്ത്രശാഖകളും ദിനംപ്രതി വളർച്ച നേടിക്കൊണ്ടിരിക്കുന്നു. സ്പോർട്സിനോട് ചേർന്നു കിടക്കുന്ന ശാസ്ത്ര ശാഖകളിലെ കണ്ടുപിടിത്തങ്ങൾ നാം ഫലപ്രദമാംവിധം ഉപയോഗിക്കുന്ന സംവിധാനമുണ്ടാക്കും.

521. അന്തർസർവ്വകലാശാല മത്സരങ്ങൾക്കുശേഷം ഒരു സംയുക്ത സർവ്വകലാശാലാടീമിനെ തിരഞ്ഞെടുക്കുകയും അവരെ സംസ്ഥാന ലീഗ് ചാമ്പ്യൻഷിപ്പുകളിൽ ഒരു ടീമായി പങ്കെടുപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ പ്ലാൻ ചെയ്ത് നടപ്പിലാക്കും.

522. ഗ്രാമീണ സ്പോർട്സിൽ നിന്ന് കണ്ടെടുത്ത പ്രതിഭകളെ മിനുക്കു പണി ചെയ്ത് പ്രഫഷണലുകൾ ആക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കും. കേരളോത്സവ മത്സരങ്ങളിൽ വിജയികളാവുന്നവരെ ഉൾക്കൊള്ളിച്ച് പരിശീലന ക്യാമ്പുകൾ ആരംഭിക്കും. കായികതാരങ്ങൾക്ക് ഓരോ വർഷത്തിലും തൊഴിൽ നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും.

523. കേരളത്തിലെ പൊതുമേഖലാ–സർക്കാർ സ്ഥാപനങ്ങളിൽ സ്പോർട്സ് ടീമുകൾ ഉണ്ടാക്കും. കേരളത്തിലെ ഗ്രാമങ്ങളിൽ കായികരംഗത്തെ ഏകോപിപ്പിച്ച് സുഗമമായ മുന്നേറ്റത്തിന് വഴിയൊരുക്കുന്ന സംവിധാനങ്ങൾ സൃഷ്ടിക്കും. ജനകീയാസൂത്രണപദ്ധതിയുടെ നടത്തിപ്പുകാലഘട്ടത്തിൽ ചില പഞ്ചായത്തുകളിൽ പ്രവർത്തനമാരംഭിച്ച ഗ്രാമപഞ്ചായത്ത് സ്പോർട്സ് കൗൺസിലുകളെ മാതൃകയാക്കും.

524. സ്പോർട്സ് കൗൺസിലുകൾ ജനാധിപത്യപരമായി പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും. ജില്ലയ്ക്ക് താഴോട്ടും വേരോട്ടമുള്ള വിധത്തിൽ ഈ സംവിധാനത്തെ മാറ്റിത്തീർക്കും.

525. കേരള കായികരംഗത്ത് ഏറ്റവും സ്തുത്യഹർമായ പ്രവർത്തനം നടത്തിവന്നിരുന്നവരാണ് സ്പോർട്സ് ക്ലബുകൾ. സ്പോർട്സ് ക്ലബ്ബുകൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതി ആരംഭിക്കും.

526. 2024 ഒളിമ്പിക്സ് ലക്ഷ്യം വെച്ച് പ്രത്യേക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കും. ഈ പദ്ധതിയിലേക്ക് കായികതാരങ്ങളുടെ തിരഞ്ഞെടുപ്പ് കേരളോത്സവങ്ങളിൽ നിന്നും, കേരളത്തിലെ സർവ്വകലാശാലകൾക്കായി സംഘടിപ്പിക്കുന്ന അത്‌ലറ്റിക് മീറ്റിൽ നിന്നും സ്കൂൾ അത്‌ലറ്റിക് മീറ്റിൽ നിന്നും അസോസിയേഷൻ സംഘടിപ്പിക്കുന്ന സംസ്ഥാന ജൂനിയർ അത്‌ലറ്റിക് മീറ്റുകളിൽ നിന്നും പ്രത്യേക തിരഞ്ഞെടുപ്പിനായി കായികതാരങ്ങളെ വിളിച്ചുചേർത്തതിൽ നിന്നും കായികതാരങ്ങളെ തെരഞ്ഞെടുക്കും.

527. ഇടതുപക്ഷ സർക്കാർ കൊണ്ടുവന്ന സ്പോർട്സ് ആക്ട് കാലോചിതമായ മാറ്റങ്ങൾ വരുത്തി പുനസ്ഥാപിക്കും. അവയിൽ ജനാധിപത്യ വ്യവസ്ഥകൾ നിലനിർത്തുന്നതായി ഉറപ്പുവരുത്തും.

528. കായികക്ഷമതാ പദ്ധതി, കായിക വിദ്യാഭ്യാസ പാഠ്യപദ്ധതി, സ്പോർട്സ് കമ്മീഷൻ റിപ്പോർട്ട് എന്നിവയുടെ മേലുള്ള നടപടികൾ നിലവിലുള്ള സർക്കാർ മരവിപ്പിച്ചിരിക്കുകയാണ്. സ്പോർട്സ് കമ്മീഷൻ റിപ്പോർട്ടിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

529. കളരിപ്പയറ്റ് പോലുള്ള ആയോധനകലകൾ പ്രോത്സാഹിപ്പിക്കും.

530. സ്പോർട്സ് ഡയറക്ടറേറ്റ്, സ്പോർട് കൗൺസിലുകൾ എന്നിവ രണ്ടായി നിലനിൽക്കുന്നു. ഇവ സ്പോർട്സ് കൗൺസിലിന്റെ ജനാധിപത്യക്രമം പുനരുജ്ജീവിപ്പിച്ച് ഏകശിലാമാതൃകയിലാക്കി ഇന്ത്യയ്ക്കാകെ മാതൃകയാക്കും.

531. നിലവിലുള്ള കായിക വിദ്യാഭ്യാസ പാഠ്യപദ്ധതി (BPEd, MPEd, NIS Coaching Diploma) പുനഃക്രമീകരിക്കും. പഠനനിലവാരം ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

532. ജി.വി രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ, അയ്യൻകാളി സ്പോർട്സ് സ്കൂൾ എന്നിവ സ്പോർട്സ് കൗൺസിലിന്റെ കീഴിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കും. കായിക വിദ്യാർത്ഥികളുടെ പഠന സൗകര്യത്തിനുള്ള പ്രത്യേക ഇടപെടൽ ഉണ്ടാകും. അവർക്ക് തൊഴിൽ ഉറപ്പുവരുത്താനും ഇടപെടും.

533. കേരളത്തിന്റെ വ്യത്യസ്ത തലങ്ങളിലുള്ള കുട്ടികൾക്ക് പ്രാഥമിക പരിശീലനം നൽകി പ്രതിഭകളെ കണ്ടെത്തുന്ന പുതിയ ദീർഘകാല പരിശീലന പദ്ധതി ആവിഷ്ക്കരിക്കും. കേരളത്തിലെ സ്പോർട്സ് മേഖലയെ സംബന്ധിച്ചുള്ള വിവരങ്ങളെല്ലാം ഉൾക്കൊള്ളുന്ന വിപുലമായ ഒരു സ്പോർട്സ് വെബ്സൈറ്റ് ആരംഭിക്കും. കേരളത്തിലെ ടൂർണ്ണമെന്റുകൾ, കോച്ചിംഗ് സംവിധാനങ്ങൾ തുടങ്ങിയവ സംബന്ധിച്ച എല്ലാ വിവരങ്ങളും അതിൽ ലഭ്യമാക്കും.

## അഴിമതി വിമുക്ത കേരളം

534. അഴിമതിക്കും കാര്യക്ഷമതയില്ലായ്മയ്ക്കുമെതിരെ വലിയൊരു ബഹുജന ക്യാമ്പയിൻ ആരംഭിക്കും. സംശുദ്ധമായ സിവിൽ സർവ്വീസും അഴിമതിരഹിത പൊതുപ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് വേണ്ടി അഴിമതി നിരോധന നിയമത്തിലും കേരള ലോകായുക്ത നിയമത്തിലും സമഗ്രമായ മാറ്റങ്ങൾ വരുത്തും. പൊതുപ്രവർത്തകരുടെ സ്വത്തുവിവരങ്ങളെക്കുറിച്ച് ജനങ്ങൾക്ക് സുതാര്യവും വിശ്വാസയോഗ്യവുമായ നിലയിൽ വിവരങ്ങൾ നൽകുവാനും അന്യസംസ്ഥാനങ്ങളിലോ അന്യരാജ്യങ്ങളിലോ അവർക്കുള്ള സ്വത്തുക്കൾ പൊതുജനമധ്യത്തിൽ വെളിച്ചം കാണുവാനും ഇന്നുള്ള സംവിധാനം അപര്യാപ്തമാണ്. ഇവയെക്കുറിച്ചെല്ലാം പരിശോധിച്ച് നിർദ്ദേശങ്ങൾ മൂന്ന് മാസത്തിനുള്ളിൽ സമർപ്പിക്കുന്നതിന് വേണ്ടി ഒരു കമ്മീഷനെ നിയോഗിക്കും. വിജിലൻസിനെ സ്വതന്ത്ര അന്വേഷണ ഏജൻസിയാക്കും. ഇതിനാവശ്യമായ നിർദ്ദേശങ്ങളും മേൽപ്പറഞ്ഞ കമ്മീഷന്റെ പരിഗണനാവിഷയമായിരിക്കും.

535. യു.ഡി.എഫ് സർക്കാർ അവസാനവർഷം 2015 വയൽ നികത്തുന്നതിന് വേണ്ടി നൽകിയിട്ടുള്ള എല്ലാ പെർമിറ്റുകളും നഗരാസൂത്രണ നിബന്ധനകളിൽ നിന്ന് നൽകിയിട്ടുള്ള ഒഴിവുകളും പുനപരിശോധനയ്ക്ക് വിധേയമാക്കും.

536. എല്ലാ നിർമ്മാണ പ്രവൃത്തികൾക്കും ഇ–ടെണ്ടർ നിർബന്ധമാക്കും. ഇ–പ്രിക്വയർമെന്റ് സംവിധാനം നടപ്പിലാക്കും.

537. എല്ലാ നിർമ്മാണ പ്രവൃത്തികൾക്കും പി.എം.ജി.എസ്.വൈ മാതൃകയിൽ മോണിറ്ററിംഗ് സംവിധാനം സൃഷ്ടിക്കും. എല്ലാ നിർമ്മാണ പ്രവൃത്തികളും ജി.ഐ.എസ് പ്ലാറ്റ്ഫോമിൽ കൊണ്ടുവരികയും, പുരോഗതി സംബന്ധിച്ച ഫോട്ടോ പൊതുജനങ്ങൾക്ക് കാണാൻ ലഭ്യമാക്കുകയും ചെയ്യും. സോഷ്യൽ ഓഡിറ്റ് നിർബന്ധമാക്കും.

538. എല്ലാ വകുപ്പുകളിലും പ്രാദേശികാടിസ്ഥാനത്തിൽ പൗരാവകാശരേഖ തയ്യാറാക്കും. എല്ലാ വർഷവും പ്രാദേശികതലത്തിൽ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് സംഘടിപ്പിക്കും.

## ക്രമസമാധാനപാലനവും പോലീസും

539. ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിന് ശക്തമായി ഇടപെടും. വർഗീയ പ്രചരണങ്ങളേയും അത്തരം സംഘർഷങ്ങൾ കുത്തിപ്പൊക്കാനുമുള്ള ശ്രമങ്ങളേയും ശക്തമായി നേരിടും. ഭൂമാഫിയകൾ, ബ്ലേഡ് മാഫിയകൾ, ഗുണ്ടാ സംഘങ്ങൾ, മദ്യ–മയക്കുമരുന്ന് വിപണന സംഘങ്ങൾ, പെൺവാണിഭ സംഘങ്ങൾ മുതലായ സാമൂഹ്യവിരുദ്ധ ശക്തികൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ച് സ്വൈരജീവിതം ഉറപ്പാക്കും.

540. ലോ & ഓർഡറും ക്രൈം ഇൻവെസ്റ്റിഗേഷനും വേർതിരിക്കും. ഇതിനായി എല്ലാ പോലീസ് സ്റ്റേഷനിലും പ്രത്യേക സംവിധാനം ഉണ്ടാക്കും.

541. പോലീസ് സ്റ്റേഷനുകളിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കും.

542. ജനമൈത്രി സുരക്ഷാപദ്ധതി എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും വ്യാപിപ്പിക്കും. കേരള സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വ്യാപകമായി നടപ്പാക്കും. റസിഡന്റ്സ് അസോസിയേഷനുകളുടെ പിന്തുണയോടെ ജനമൈത്രി സംവിധാനം കാര്യക്ഷമമാക്കി നടപ്പിലാക്കും. പോലീസ് ജനങ്ങളോട് മര്യാദയോടെ പെരുമാറുമെന്നും ലോക്കപ്പുകളിൽ മനുഷ്യാവകാശ ധ്വംസനം നടക്കില്ല എന്നും ഉറപ്പുവരുത്തും.

543. സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ സ്ഥാപിക്കും. മൊത്തം പോലീസ് സേനയുടെ 15 ശതമാനം എന്ന നിരക്കിലേക്ക് വനിതാ പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കും.

544. സംസ്ഥാനത്ത് വ്യവസായ സംരക്ഷണ സേന രൂപീകരിക്കും.

545. ട്രാഫിക് അപകട നിവാരണത്തിനും നിയന്ത്രണത്തിനുമായി സംസ്ഥാനാടിസ്ഥാനത്തിൽ പ്രത്യേകം പരിശീലനം നൽകപ്പെട്ട പോലീസ് വിഭാഗം രൂപീകരിക്കും. ട്രാഫിക് ഫൈൻ ഈടാക്കുന്നത് ഇലക്ട്രോണിക് സംവിധാനം വഴിയാക്കി മാറ്റിയും ക്യാമറകൾ സ്ഥാപിച്ചും അഴിമതിക്കുള്ള സാധ്യത ഇല്ലാതാക്കും.

546. പോലീസിന് നൽകിയ പരാതിയിന്മേൽ എടുത്ത നടപടി പൊതുജനങ്ങളെ അറിയിക്കുന്നതിന് ഡിജിറ്റൽ പെറ്റീഷൻ മോണിറ്ററിംഗ് സംവിധാനം പൊതുജനങ്ങൾക്ക് എല്ലാവർക്കും ലഭ്യമാകത്തക്കവിധത്തിൽ നടപ്പിലാക്കും.

547. കമാണ്ടോ വിഭാഗം, ആഭ്യന്തര സുരക്ഷാ ഇന്റലിജൻസ് വിഭാഗം, ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗം എന്നിവ സംയോജിപ്പിച്ച് സംസ്ഥാന ഭീകരവിരുദ്ധ ടാസ്ക് ഫോഴ്സ് രൂപീകരിക്കും. സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി പോലീസ് സേനയിൽ സൃഷ്ടിക്കും.

548. ജയിലുകളിൽ ആധുനികവൽക്കരണം നടപ്പിലാക്കും.

549. ഫയർ & റെസ്ക്യൂ സർവ്വീസിനെ നവീകരിക്കുകയും സേനയുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യും.

550. അർദ്ധ സൈനിക വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഹോം ഗാർഡുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇടപെടും.

551. കോടതികളുടെ അടിസ്ഥാന സൗകര്യങ്ങൾ സമയബന്ധിതമായി വർദ്ധിപ്പിക്കും.

## മദ്യനയം

552. മദ്യം കേരളത്തിൽ ഗുരുതരമായ ഒരു സാമൂഹ്യ വിപത്തായി മാറിയിട്ടുണ്ട്. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകരമായ നയമായിരിക്കും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സ്വീകരിക്കുക. മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഇന്നുള്ളതിനേക്കാൾ കൂടുതൽ ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും. ഇതിനായി സാക്ഷരതാ പ്രസ്ഥാനത്തിന്റെ മാതൃകയിൽ അതിവിപുലമായ ഒരു ജനകീയ ബോധവൽക്കരണ പ്രസ്ഥാനത്തിന് രൂപം നൽകും. ഡീ അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കും. മദ്യവർജ്ജനസമിതിയും സർക്കാരുമായുള്ള സഹകരണം ശക്തിപ്പെടുത്തും.

553. മദ്യം പോലെ സാമൂഹ്യഭീഷണിയായി കഞ്ചാവും മയക്കുമരുന്നും വ്യാപകമാവുകയാണ്. ഇതിനെതിരെ അതികർശനമായ നടപടികൾ സ്വീകരിക്കും.

554. സ്കൂളുകളിൽ മദ്യത്തിനെതിരെയുള്ള ബോധവൽക്കരണം 8 മുതൽ 12 വരെ ക്ലാസ്സുകളിൽ ഉൾപ്പെടുത്തും. മദ്യം ഉപയോഗിക്കുന്നതിനുള്ള പ്രായപരിധി 23 ആയി ഉയർത്തും.

## ധനകാര്യം

555. സംസ്ഥാനസർക്കാർ ബഡ്ജറ്റ് ചെലവ് ഇന്നുള്ളതിൽ നിന്നും ഗണ്യമായി ഉയർത്തി സംസ്ഥാന വരുമാനത്തിന്റെ 17–18 ശതമാനമാക്കും. എന്നാൽ ഇതേ തോതിൽ സംസ്ഥാന നികുതി വരുമാനവും വർദ്ധിപ്പിച്ചുകൊണ്ട് റവന്യൂ കമ്മി ഇല്ലാതാക്കുകയോ പരമാവധി കുറയ്ക്കുകയോ ചെയ്യും. വായ്പയായി എടുക്കുന്ന പണം മൂലധന ചെലവുകൾക്കായിരിക്കും വിനിയോഗിക്കുക. ബഡ്ജറ്റിന് പുറത്ത് പ്രത്യേക വികസന ഏജൻസികൾ വഴി വിപുലമായ തോതിൽ വായ്പയെടുത്ത് പശ്ചാത്തല സൗകര്യവികസനം നടത്തും. ഇത്തരമൊരു പുരോഗമന ധനകാര്യ നയമായിരിക്കും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിക്കുക.

556. നികുതി വർദ്ധിക്കുന്നതിനുള്ള അടിസ്ഥാന ഉപാധി അഴിമതിയില്ലാതാക്കുകയാണ്. ഇതിനു വേണ്ടി അഴിമതിരഹിത വാളയാറിന്റെ ഒരു രണ്ടാംപതിപ്പു നടപ്പാക്കും. നികുതി ഭരണത്തിനുളള അനധികൃത ഇടപെടലുകൾ അവസാനിപ്പിക്കും.

557. വ്യാപാരി സൗഹൃദ നയമായിരിക്കും പിന്തുടരുക. 60 ലക്ഷം രൂപ വിറ്റുവരുമാനം കവിഞ്ഞിട്ടും പൂർണ്ണ രജിസ്ട്രേഷൻ എടുക്കാത്ത വ്യാപാരികൾക്കെതിരെ സ്വീകരിച്ചിരിക്കുന്ന എല്ലാ കേസുകളും പിൻവലിക്കുകയും അവർക്കായി ഒരു അമിനിസ്റ്റി സ്കീം കൊണ്ടുവരികയും ചെയ്യും. ഇതുപോലെതന്നെ സി.എ.ജി റിപ്പോർട്ടുകളിൽ നികുതി ചോർച്ചയുടെയും ക്രമക്കേടുകളുടെയും ആയിരക്കണക്കിന് കുറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇവയാകെ പരിശോധിച്ച് ഒരൊറ്റതവണ തീർപ്പാക്കൽ സമ്പ്രദായം ഇനം തിരിച്ച് നടപ്പാക്കും. വ്യാപാരികളെ പങ്കാളികളാക്കി, നികുതി ഓഫീസുകളിൽ സോഷ്യൽ ഓഡിറ്റു നടത്തും. സുതാര്യത ഉറപ്പുവരുത്തുന്ന ഇ–ഗവേണൻസ് സമ്പ്രദായം ശക്തിപ്പെടുത്തും.

558. ഇന്ന് നിലവിലുള്ള നികുതി സോഫ്റ്റ്വെയർ ഏഴെട്ടു വർഷം മുമ്പ് രൂപം നൽകിയതിൽ നിന്നും ഒരുപടിപോലും മുന്നോട്ടു പോയിട്ടില്ല. ഇതുവരെയുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ പഴുതുകൾ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സോഫ്റ്റ്വെയർ സമഗ്രമായി പുതുക്കും. ഇ–ഗവേണൻസിലൂടെ ലഭ്യമാകുന്ന അതിവിപുലമായ വിവരശേഖരം ഫലപ്രദമായി ഉപയോഗിച്ച് നികുതിവെട്ടിപ്പ് തടയും.

559. റിട്ടേൺ സ്ക്രൂട്ടണി പൂർണമാക്കും. ഇതിന് എത്രപേർ വേണമെന്നു പരിശോധിച്ച് ആവശ്യമെങ്കിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കും. പ്രഥമദൃഷ്ട്യാ തെറ്റു കണ്ടാൽ സ്ക്രൂട്ടിണിക്കാരുതന്നെ ഓഡിറ്റു വിസിറ്റു നടത്തുന്നതാണ് അഭിലഷണീയം.

560. ഇന്റേണൽ ഓഡിറ്റു വിഭാഗം ശക്തിപ്പെടുത്തും. ഇന്റേണൽ ഓഡിറ്റു വിഭാഗം വിപുലീകരിച്ച് കൗണ്ടർ ചെക്കു സാർവത്രികമാക്കി നികുതി വരുമാനം ഗണ്യമായി ഉയർത്തും.

561. ഒരു പ്രത്യേക ഡാറ്റാ മൈനിംഗ് വിഭാഗം ഹെഡ്ക്വാർട്ടേഴ്സിലുണ്ടാക്കി റിട്ടേണുകളുടെ സ്ക്രൂട്ടണിയും പരിശോധനയും കൃത്യമായി അവലോകനം ചെയ്യുകയും കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യും.

562. ജിഎസ്ടി കേരളത്തിനു ഗുണകരമായിരിക്കും എന്നു തീർച്ചയാണ്. എല്ലാ സ്റ്റേക് ഹോൾഡർമാരുമായും ചർച്ചകൾ നടത്തി പുതിയ നികുതി നടപ്പാക്കുന്നതിനുള്ള സംവിധാനം ഒരുക്കും.

563. ഉൽപാദന സംസ്ഥാനങ്ങൾക്ക് അധികമായി ഒരു ശതമാനം നികുതി ഏർപ്പെടുത്തുന്നതിനുള്ള നീക്കവും പരമാവധി ജിഎസ്ടി നികുതി നിരക്കുകൾ ഭരണഘടനാഭേദഗതി വ്യവസ്ഥ ചെയ്യുന്നതിനുമുള്ള നീക്കങ്ങൾ ചെറുക്കും. നികുതി നിരക്കുകൾ നിശ്ചയിക്കുന്നതിന് അന്തർസംസ്ഥാന കൗൺസിലിന് അധികാരം വിട്ടുകൊടുക്കണം. കേന്ദ്രപിന്തുണയില്ലാതെ ഒരു തീരുമാനവും എടുക്കാൻ പറ്റില്ല എന്നുള്ള അവസ്ഥയിലും മാറ്റം വരുത്തണം.

564. ട്രഷറിയുടെ സമൂലമായ ആധുനികവത്കരണം നടപ്പാക്കും. കോർ ബാങ്കിംഗ് മാത്രമല്ല, കെട്ടിലും മട്ടിലും ട്രഷറി ആധുനികവത്കരിക്കും. എടിഎം സംവിധാനം ഏർപ്പെടുത്തും. ശമ്പളവും പെൻഷനും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴിയായിരിക്കും. ഇതുവഴി ശമ്പളത്തിന്റെ ഗണ്യമായൊരു കാഷ്ബാലൻസ് സർക്കാരിന് വെയ്സ് ആൻഡ് മീൻസ് അഡ്ജസ്റ്റ്മെന്റിനു ലഭ്യമാകും. വിവിധ മണ്ഡലങ്ങളിൽ ട്രഷറിയിൽ ഡെപ്പോസിറ്റു സമാഹരിക്കുന്നതിന് ആനുപാതികമായി പുതിയ മൂലധനച്ചെലവു പദ്ധതികൾക്ക് അനുവാദം നൽകുന്ന സ്കീം പുനരാരംഭിക്കും. പ്രത്യേക അനുമതിയില്ലെങ്കിൽ സർക്കാർ വകുപ്പുകളും അർദ്ധസർക്കാർ ഏജൻസികളും അവരുടെ പണം ട്രഷറിയിൽത്തന്നെ സൂക്ഷിക്കണം.

565. ബജറ്റിനു പുറത്തു വായ്പയെടുക്കുന്നതിനുള്ള സ്കീമുകൾ ആവിഷ്കരിക്കും. അതിലേറ്റവും പ്രധാനം സംസ്ഥാന–ജില്ലാ റോഡുകൾ ആധുനികവത്കരിക്കുന്നതിനുള്ള ഏജൻസിയായിരിക്കും. പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിന് വായ്പയെടുക്കാൻ അവരെ പ്രാപ്തരാക്കും. റെയിൽവേ വികസനത്തിനുള്ള സംയുക്ത സംരംഭം വിപുലമാക്കും. തദ്ദേശഭരണസ്ഥാപനങ്ങൾ വായ്പയെടുത്ത് പാർപ്പിട പദ്ധതി പുനരാരംഭിക്കും.

566. സഹകരണ സംഘങ്ങളുടെ കൈയിൽ വളരെ വലിയ മിച്ച ഫണ്ടുണ്ട്. അതിന്റെ ന്യായമായ വിനിയോഗമില്ലാത്തത് അവരുടെ ധനസ്ഥിതിയെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇത് ഉപയോഗപ്പെടുത്തി ആനുവിറ്റി സ്കീമിന്റെ അടിസ്ഥാനത്തിൽ ഗ്രാമീണ പശ്ചാത്തല സൗകര്യ സൃഷ്ടിയ്ക്കായി പ്രത്യേക കമ്പനി രൂപീകരിക്കും. ആനുവിറ്റി സ്കീമായതുകൊണ്ട് സംഘങ്ങളുടെ പണത്തിന് കൃത്യമായി പലിശയും തിരിച്ചടവും ഉറപ്പാണ്.

567. ധനപരമായ നടപടിക്രമങ്ങൾ ലഘൂകരിക്കും. ബജറ്റിനു മുമ്പ് വിശദവും കൃത്യവുമായ സ്കീമുകൾ തയ്യാറാക്കി അംഗീകാരം വാങ്ങിയാൽ അതിന്മേൽ പിന്നെ ധനവകുപ്പിന്റെ ഇടപെടലുണ്ടാകില്ല. ബഡ്ജറ്റ് രേഖകളിൽതന്നെ ഇത്തരത്തിലുള്ള പ്രോജക്ടുകൾ പ്രത്യേക രേഖപ്പെടുത്തിയിരിക്കും. ഏപ്രിൽ 1 മുതൽ അവ നടപ്പിലാക്കുന്നതിന് ഒരു തടസവും ഉണ്ടാകില്ല. സാമ്പത്തിക നടപടിക്രമങ്ങൾ സംബന്ധിച്ച് സമയബന്ധിതമായി പഠനം നടത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തും.

568. സിഎജി റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചു കഴിഞ്ഞാൽ രണ്ടു മാസത്തിനകം പരിഹാര നടപടികൾ എടുത്തതു സംബന്ധിച്ച് റിപ്പോർട്ടു സമർപ്പിക്കും.

569. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി തീരുമാനമെടുത്തു കഴിഞ്ഞാൽ രണ്ടുമാസത്തിനകം ആക്ഷൻ ടേക്കൺ റിപ്പോർട്ട് നൽകണം. അങ്ങനെ പൂർത്തീകരിക്കപ്പെടുന്ന റിപ്പോർട്ടുകൾ നിയമസഭയിൽ ചർച്ച ചെയ്യും. ഈ നടപടിക്രമത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടി സ്വീകരിക്കും. സിഎജി റിപ്പോർട്ടിന്മേലുള്ള നടപടി ക്രമങ്ങൾ വർഷങ്ങൾ നീട്ടിക്കൊണ്ടുപോയി പരിഹാരനടപടി അപ്രസക്തമാക്കുന്ന സ്ഥിരം ശൈലിയാണ് മരാമത്ത്, ജലസേചനം പോലുള്ള വകുപ്പുകൾക്കുള്ളത്. അധിക ചെലവ് തൊട്ടടുത്ത വർഷത്തിനുള്ളിൽ റെഗുലറൈസ് ചെയ്യണം. ഇതിൽ വീഴ്ചവരുത്തുന്ന വകുപ്പുകൾക്കെതിരെ നടപടി സ്വീകരിക്കും.

570. പഞ്ചായത്തിലേയ്ക്കുള്ള ധനവിന്യാസം പന്ത്രണ്ടു മാസഗഡുക്കളായി മുൻകൂറായി നൽകുന്നത് പുനഃസ്ഥാപിക്കും.

571. ഭാവിയിൽ ആവശ്യമായി വരുന്ന ചെലവിനെക്കുറിച്ച് ധാരണയില്ലാതെ വൻകിട പദ്ധതികൾ പ്രഖ്യാപിക്കുന്നത് ഇപ്പോൾ പതിവായിട്ടുണ്ട്. ഒരു വർഷത്തിലേറെക്കാലം ദൈർഘ്യം വരുന്ന ഏതു പദ്ധതിയും അഞ്ചുവർഷക്കാല പ്രവർത്തനച്ചെലവ് പ്ലാൻ തയ്യാറാക്കിയാൽ മാത്രമേ അനുവാദം നൽകാൻ പാടുള്ളൂ. ഈ പദ്ധതി നടപ്പാക്കാൻവേണ്ടി വരുംവർഷങ്ങളിൽ വേണ്ടുന്ന തുക, ഭാവി ബജറ്റുകളിൽ ഉൾപ്പെടുത്തപ്പെടും എന്നുറപ്പുണ്ടാക്കും.

572. ഔട്ട്കം ബജറ്റിംഗ് സമ്പ്രദായത്തിലേയ്ക്കു മാറും. ഓരോ പദ്ധതിയിലും പണം ചെലവഴിച്ചോ ഇല്ലയോ എന്നു മാത്രമല്ല, അതു ചെലവഴിച്ചതിന്റെ ഭാഗമായി ഭൗതികനേട്ടങ്ങളെന്തെന്നും അവയുടെ പ്രത്യാഘാതങ്ങളെന്തെന്നും തുടർച്ചയായി പരിശോധിക്കപ്പെടും. രണ്ടുവർഷത്തെ തയ്യാറെടുപ്പുണ്ടെങ്കിൽ കേരളത്തിന് ഔട്ട്കം ബജറ്റിലേയ്ക്കു പോകാൻ കഴിയും.

573. ജൻഡർ ബജറ്റിംഗ് പുനരാരംഭിക്കും. ഇതു സംബന്ധിച്ച് ഒരു രേഖ ബജറ്റിനോടൊപ്പം നിയമസഭയിൽ അവതരിപ്പിക്കും.

574. മുൻ ബജറ്റിനെക്കുറിച്ചുള്ള ഒരു പരിസ്ഥിതി അവലോകന റിപ്പോർട്ടും നിയമസഭയിൽ സമർപ്പിക്കും. ഇപ്പോൾ പണം ചെലവാക്കിയതിനെക്കുറിച്ചുള്ള റിവ്യൂവും ധനഭാവിയെക്കുറിച്ചുള്ള പദ്ധതിയും മാത്രമേ ബജറ്റിനോടൊപ്പം സമർപ്പിക്കേണ്ടതുള്ളൂ. കേരളത്തിലെ ബജറ്റുകൾ സ്ത്രീ സൗഹൃദവും പരിസ്ഥിതി സൗഹൃദവുമാക്കും.

575. ബാങ്ക് പലിശയ്ക്കു മുകളിൽ പരമാവധി 3 ശതമാനമാക്കി സ്വകാര്യ പണമിടപാടുകാരുടെ പലിശനിരക്ക് നിജപ്പെടുത്തും. സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കാൻ കുറ്റമറ്റതും കർക്കശവുമായ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തും. കൊള്ളപ്പലിശക്കാർക്കെതിരെ ഓരോ ജില്ലയിലും ഒരു ജുഡീഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ പരാതി പരിഹാര ഫോറം സംഘടിപ്പിക്കും. എം.പി, എം.എൽ.എമാർ, ജുഡീഷ്യൽ ഓഫീസർമാർ, പോലീസ് പ്രതിനിധികൾ എന്നിവർ ഉൾക്കൊള്ളുന്ന ഈ കമ്മിറ്റി ഉയർന്നുവരുന്ന പ്രശ്നങ്ങൾ പരിശോധിച്ച് ജുഡീഷ്യൽ ഓഫീസർക്ക് റിപ്പോർട്ട് നൽകും.

## തൊഴിൽ നയം

576. മിനിമം ദിവസ കൂലി 500 രൂപയാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

577. അംഗൻവാടി ജീവനക്കാർ, ആശാ വർക്കേഴ്സ്, പാചകത്തൊഴിലാളികൾ തുടങ്ങിയ സ്കീം വർക്കേഴ്സിന്റെയും പഞ്ചായത്തുകളിലെ പാലിയേറ്റീവ് നേഴ്സുമാരുടെയും ഹോണറേറിയം ഉയർത്തുന്നതിന് നടപടി സ്വീകരിക്കും. യു.ഡി.എഫ് സർക്കാർ അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം വർദ്ധിപ്പിച്ചെങ്കിലും അതിനായി പണമൊന്നും വകയിരുത്തിയിരുന്നില്ല. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെമേൽ ഈ ഭാരം അടിച്ചേൽപ്പിച്ചിരിക്കുകയാണ്.

578. സൂപ്പർ മാർക്കറ്റുകളിലെയും ഷോപ്പിംഗ് മാളുകളിലെയും സമാന സ്ഥാപനങ്ങളിലെയും തൊഴിലാളികളുടെ സേവന–വേതന വ്യവസ്ഥകളും തൊഴിൽ സാഹചര്യവും മിനിമം നിലവാരമുള്ളതാക്കാൻ സംസ്ഥാന സർക്കാർ ഇടപെടും.

## സംവരണനയം

579. സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ കൈപിടിച്ചുയർത്തുന്നതിനുള്ള സംവരണത്തെ അട്ടിമറിക്കുന്നതിനുള്ള പരിശ്രമമാണ് ആർ.എസ്.എസ് നടത്തിക്കൊണ്ടിരിക്കുന്നത്. പട്ടികജാതി/പട്ടികവർഗക്കാർക്കും വിദ്യാഭ്യാസപരമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കും സർക്കാർ ഉദ്യോഗങ്ങളിൽ ഇന്നുള്ള തോതിൽ സംവരണം തുടരണമെന്ന നയത്തിൽ എൽ.ഡി.എഫ്. ഉറച്ചു നിൽക്കുന്നു. ഓരോ സമുദായത്തിനും അർഹതപ്പെട്ട സംവരണാനുകൂല്യം മുഴുവൻ അവർക്കു തന്നെ കിട്ടുമെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അതോടൊപ്പം, മുന്നോക്ക സമുദായങ്ങളിലെ പാവപ്പെട്ടവർക്ക് 10% സംവരണം ഏർപ്പെടുത്തുകയും വേണം. ഈ രണ്ടു കാര്യങ്ങളും നടപ്പിൽ വരാൻ ഉചിതമായ ഭരണഘടനാ ഭേദഗതി ആവശ്യമാണ്. ഇത്തരമൊരു ഭരണഘടനാ ഭേദഗതി നടപ്പിൽ വരുത്താൻ എൽ.ഡി.എഫ് പരിശ്രമിക്കുന്നതായിരിക്കും.

580. എസ്.സി–എസ്.ടി സംവരണം സ്വകാര്യമേഖലയിലേക്കു കൂടി വ്യാപിപ്പിക്കാൻ പരിശ്രമിക്കും.

581. ദളിത് ക്രൈസ്തവർക്ക് പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന ആവശ്യം ന്യായയുക്തമാണെന്ന് എൽ.ഡി.എഫ് കരുതുന്നു. ഇതു പ്രായോഗികമായി നടപ്പിലാക്കുമ്പോൾ നിലവിലുള്ള പട്ടികജാതി വിഭാഗങ്ങൾ അനുഭവിച്ചുവരുന്ന ആനുകൂല്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം അവരുടെ സംഘടനകളുമായി ചർച്ച ചെയ്ത് അഭിപ്രായസമന്വയം ഉണ്ടാക്കാൻ നടപടികൾ സ്വീകരിക്കും.

582. വിവിധ മതവിഭാഗങ്ങളിൽപ്പെട്ട നാടാർ സമുദായത്തിലെ സംവരണം സംബന്ധിച്ച ആക്ഷേപം സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കും.

## ഭരണപരിഷ്കാരം

583. ഇ.കെ. നായനാർ അദ്ധ്യക്ഷനായുള്ള ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കും. ഇതു സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഒരു മേൽനോട്ട കമ്മീഷനെ നിയോഗിക്കും.

584. എല്ലാ ഉദ്യോഗസ്ഥരുടെയും സ്ഥലംമാറ്റത്തിന് കൃത്യമായ മാനദണ്ഡം ആവിഷ്കരിക്കും. ശാസ്ത്രീയമായ പ്രവൃത്തി അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ പുനർവിന്യാസം നടപ്പാക്കും. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കും.

585. ശമ്പളപരിഷ്കരണം പത്തുവർഷത്തിലൊരിക്കലാക്കണം എന്ന ശമ്പള പരിഷ്കരണ കമ്മീഷന്റെ നിർദ്ദേശം തള്ളിക്കളയും.

586. സെക്രട്ടറിയേറ്റടക്കം വരുന്ന സ്റ്റേറ്റ് സിവിൽ സർവ്വീസ് കേഡർ രൂപീകരിക്കും. അതിനായി എല്ലാ സർവ്വീസ് സംഘടനകളുമായും ചർച്ച ചെയ്ത് ഒരു പൊതു ധാരണ ഉണ്ടാക്കുന്നതാണ്.

587. സെക്രട്ടേറിയറ്റ് തലത്തിൽ കേന്ദ്ര സർക്കാരിനെപ്പോലെ ഡയറക്ട്രേറ്റ് രീതിയിൽ വികേന്ദ്രീകൃതവും ഫലപ്രദവുമായ സംവിധാനം കൊണ്ടുവരും. ഇതിന്റെ ഭാഗമായി ജീവനക്കാർക്ക് എന്തെങ്കിലും പ്രയാസമുണ്ടെങ്കിൽ അവ പരിഹരിക്കും.

588. എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിംഗ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അഭേദ്യഭാഗമാക്കും.

589. ഭരണനിർവഹണ മാന്വലുകൾ സമഗ്രമായി പരിഷ്കരിക്കും.

590. ഭരണരംഗം കൂടുതൽ സുതാര്യവും കാര്യക്ഷമമവും ആക്കുന്നതിന് വിവരസാങ്കേതികവിദ്യയെ പരമാവധി പ്രയോജനപ്പെടുത്തും. ഇ.ഗവേർണൻസ്–എം.ഗവേർണൻസ് മുൻനിർത്തിയുള്ള ചട്ട പരിഷ്കരണം കൊണ്ടുവരും.

591. ചോദ്യങ്ങൾ എഴുതി തിരിച്ചയ്ക്കുന്ന സംവിധാനം അവസാനിപ്പിച്ച് സംശയങ്ങളും തടസ്സവാദങ്ങളും സുരക്ഷിത ഇ–മെയിലിലൂടെ നിവൃത്തി വരുത്തുന്നതിന് സംവിധാനമേർപ്പെടുത്തും. ജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾക്ക് സേവനകേന്ദ്രങ്ങൾ ഏർപ്പെടുത്തും. ഈ സേവന കേന്ദ്രങ്ങളിൽ എല്ലാ സർക്കാർ വകുപ്പ് സേവനങ്ങളും ലഭ്യമാ

ക്കും. ഈ കേന്ദ്രത്തെ നിരീക്ഷിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കി അഴിമതി കുറയ്ക്കും.

592. നിശ്ചിത രീതിയിൽ പി.ടി.ഡി (പ്രൊപ്പോസൽ ടു ഡിസ്പോസൽ) സംവിധാനമുണ്ടാക്കും. ഒരു സംരംഭം നിർദ്ദേശിക്കപ്പെട്ടാൽ അംഗീകാരത്തിന് 60 ദിവസവും നടപ്പിൽ വരുത്തുന്നതിന് 90 ദിവസവും എന്ന ടാർജറ്റ് നടപ്പിലാക്കും.

593. ജില്ലാകോടതി വരെയുള്ള വ്യവഹാരങ്ങൾ മലയാളത്തിലാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കും. കേസുകൾ വേഗത്തിൽ തീർക്കാൻ ജുഡീഷ്യറിയിലുള്ള ഒഴിവ് നികത്തും.

594. കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കും. മറ്റുള്ളവ പരിഷ്കരിക്കും. ഇതിനായി മുന്നോട്ടുവയ്ക്കപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങൾ അടിയന്തരമായി പരിശോധിച്ച് നയപരമായി അംഗീകരിക്കാവന്നവയെല്ലാം സമയബന്ധിതമായി നടപ്പിലാക്കും. ഇതിനുള്ള ഒരു അഞ്ചുവർഷ കാര്യപരിപാടി നിയമമന്ത്രാലയം തയ്യാറാക്കും.

595. പൗരാവകാശ സംരക്ഷണനിയമം പാസ്സാക്കും. പാർശ്വവൽകൃത സമൂഹങ്ങൾക്കും സ്ത്രീകൾക്കും പൂർണ്ണ പൗരാവകാശം ഉറപ്പാക്കും.

596. ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിന് നിലവിലുള്ള ചില നിയന്ത്രണങ്ങളെക്കുറിച്ച് പരാതികൾ ഉണ്ടായിട്ടുണ്ട്. അവ പരിശോധിച്ച് പരിഹാരം കണ്ടെത്തും.

597. എല്ലാ പരാതികളിലും പ്രശ്നങ്ങളിലും 30 ദിവസത്തിനുള്ളിൽ സർക്കാർ തലത്തിൽ തീർപ്പുണ്ടാക്കുന്നതിന് സംവിധാനമൊരുക്കും. ഏതെങ്കിലും പരാതികളോ ആവശ്യങ്ങളോ നിരസിക്കപ്പെട്ടാൽ നീതിനിഷ്ഠമായ തീർപ്പ് ഉറപ്പാക്കാനും വ്യക്തത ഉണ്ടാക്കാനും ജനപങ്കാളിത്തത്തോടുകൂടിയ സമിതി ഉണ്ടാക്കും.

598. ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങൾ, തൊഴിൽ സാഹചര്യങ്ങൾ, സാമൂഹ്യ സുരക്ഷിതത്വം, ചൂഷണം തടയൽ തുടങ്ങിയവ ഉൾപ്പെടുത്തി സമഗ്രനിയമം പാസ്സാക്കും.

599. എല്ലാ താലൂക്കുകളിലും കുടുംബ കോടതി സ്ഥാപിക്കും. പരിസ്ഥിതി കോടതി/ട്രിബ്യൂണൽ ആരംഭിക്കും.

600. ആരോഗ്യപരമായ തൊഴിൽ ബന്ധങ്ങൾ വളർത്തിയെടുക്കും. നോക്കുകൂലി തുടങ്ങിയ അനാരോഗ്യ പ്രവണതകൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കും. കേന്ദ്രസർക്കാരിന്റെ നിർദ്ദിഷ്ട തൊഴിൽ നിയമ ഭേദഗതികൾക്കെതിരായുള്ള സമീപനമായിരിക്കും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കൈക്കൊള്ളുക. തൊഴിൽ നിയമങ്ങൾ പരിഷ്കരിച്ച് തൊഴിലാളികൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തും.

## ഉപസംഹാരം

കേരളത്തിന്റെ നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്തുകൊണ്ടും രാജ്യത്തിന്റെ ഫെഡറൽ ഘടന വിഭാവനം ചെയ്യുന്ന പരിമിതികൾക്കകത്തുനിന്നുകൊണ്ടും ഒരു സംസ്ഥാന സർക്കാരിന് ജനപക്ഷത്തുനിന്നുകൊണ്ട് നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികളാണ് ഈ പ്രകടനപത്രികയിൽ വിഭാവനം ചെയ്തിട്ടുള്ളത്. അധികാരമേറ്റ ഉടനെ തന്നെ ഈ പദ്ധതികൾ പ്രായോഗികമാക്കുന്നതിനുള്ള ഒരു കലണ്ടർ തയ്യാറാക്കിക്കൊണ്ടായിരിക്കും പ്രവർത്തനമാരംഭിക്കുക. ഓരോ വർഷവും നടത്തിയ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ഇതു സംബന്ധിച്ച് പൊതുജനങ്ങളുമായി ചർച്ച ചെയ്തുകൊണ്ട് അവരുടെ അഭിപ്രായങ്ങൾ കൂടി സ്വീകരിച്ചുകൊണ്ട് ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്യും. “വേണം നമുക്കൊരു പുതു കേരളം; മതനിരപേക്ഷ, അഴിമതിരഹിത, വികസിത കേരളം” എന്ന ലക്ഷ്യം ഇതിലൂടെ പൂർത്തീകരിക്കാനാണ് എൽ.ഡി.എഫ് ലക്ഷ്യം വയ്ക്കുന്നത്. ആ ലക്ഷ്യം പ്രാവർത്തികമാക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സ്ഥാനാർത്ഥികളെ വിജയിപ്പിക്കണമെന്ന് നാടിനെ സ്നേഹിക്കുന്ന എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

**വൈക്കം വിശ്വൻ**
*കൺവീനർ*
*എൽ.ഡി.എഫ് സംസ്ഥാന കമ്മിറ്റി*